# മലക്കുകൾ

പ്രസാധകർ
നസാറത്ത് നശ്റോ ഇശാഅത്ത്
ഖാദിയാൻ

# മലക്കുകൾ

ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)

*വിവർത്തനം:*

***ആരിഫ് മുഹമ്മദ് ശാഹിദ്***

**പ്രസാധകർ**

**നസാറത്ത് നശ്റോ ഇശാഅത്ത് ഖാദിയാൻ**

**Malakkuka**l

(Malayalam Translation of *Malaikathulla*)

By: Hazrat Mirza Bashir-ud-Din Mahmud Ahmad(R)

Malayalam Translation from Urdu: Arif Mohammed Shahid

Copies:1000, Year: 2024

Published By: Majlis Ansarullah Malappuram Zila

Printed at: Fazle-E-Umar Printing Press Qadian

Our Official Website: www.alislam.org

# മലക്കുകൾ

ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)

*വിവർത്തനം:*

***ആരിഫ് മുഹമ്മദ് ശാഹിദ്***

# ഉള്ളടക്കം


പേജ്

കാര്യങ്ങൾ ഓർത്തുവയ്ക്കാനുള്ള വഴി — 5

വിഷയത്തിന്റെ പ്രാധാന്യം. — 8

മലക്കുകളെ സംബന്ധിച്ച പൊതുജനവിശ്വാസം — 9

മലക്കുകളിൽ വിശ്വസിക്കുന്നതിന്റെ ആവശ്യകത — 10

ഇക്കാലത്തെ മുസ്‌ലിംകളുടെ കാല്പനിക മാലാഖമാർ — 12

മലക്കുകൾ വിവിധ മതങ്ങളിൽ — 13

മലക്കുകൾ സൗരാഷ്ട്ര മതത്തിൽ — 14

മലക്കുകൾ ജൂതമതത്തിൽ — 18

മലക്കുകൾ ഹിന്ദുമതത്തിൽ — 19

മലക്കുകളുടെ യാഥാർഥ്യം — 21

മലക്കുകളുടെ ധർമ്മം — 35

മനുഷ്യന് മലക്കുകൾക്ക് ഗുണംചെയ്യാൻ സാധിക്കുമോ? — 50

മലക്കുകളുടെഅസ്തിത്വത്തിനുള്ള തെളിവുകൾ — 50

മലക്കുകളുടെ ആവശ്യകത — 54

മലക്കുകളിൽ വിശ്വസിക്കാൻ കല്പിക്കപ്പെട്ടത് എന്ത് കൊണ്ട്? — 65

മലക്കുകളുടെ ബന്ധം എത്ര വിധം — 71

മലക്കാണോ ശ്രേഷ്ഠൻ അതോ മനുഷ്യനോ? — 77

മലക്കുകളുടെ പ്രേരണയിൽ അഭിവൃദ്ധി — 85

എന്താണ് പിശാച്? — 91

മലക്കിന്റെയും ശയ്ത്വാനിന്റെയും പ്രേരണകൾ മനുഷ്യമനസ്സിന്റെ അവസ്ഥയുടെ ഫലമാണ് — 92

മലക്കിന്റെയും ശയ്ത്വാന്റെയും പ്രേരണകളെ വേർതിരിച്ചറിയാനുള്ള മാർഗം — 95

اَشْهَدُ اَنْ لَّآ اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَ اَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ اَمَّا بَعْدُ
فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ

بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ۔ الرَّحْمٰنِ الرَّحِيْمِ۔ مٰلِكِ يَوْمِ الدِّيْنِ۔ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ۔
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ۔ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ۬ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ

## കാര്യങ്ങൾ ഓർത്തുവയ്ക്കാനുള്ള വഴി

ഒരു സംഗതി പ്രത്യേകമായി ഓർത്തുവയ്ക്കുന്നതിന് അതെഴുതി സൂക്ഷിക്കുകയാണ് ഒന്നാംതരം വഴിയെന്ന് ഞാൻ കഴിഞ്ഞ ജൽസ കളിലും മറ്റും നിങ്ങൾക്കു നിരന്തരം ഉപദേശവും അഭിപ്രായവും നല്കിയിരുന്നു. ഒരു കാര്യം ഗ്രഹിക്കുന്നതിന് എത്രയധികം ഇന്ദ്രി യങ്ങളെ ഉപയോഗപ്പെടുത്തുന്നുവോ അത്രത്തോളം അതു നിലനില് ക്കുന്ന രീതിയിലാണ് അല്ലാഹു മനുഷ്യമസ്തിഷ്ക്കത്തെ രൂപകല്പന ചെയ്തിരിക്കുന്നത്. ഒരു ഇന്ദ്രിയത്തെ ഉപയോഗപ്പെടുത്തി ഒരാൾ കണ്ടെത്തുന്ന സംഗതിയെക്കാൾ രണ്ട് ഇന്ദ്രിയങ്ങൾ ഉപയോഗപ്പെടുത്തി കണ്ടെത്തുന്ന സംഗതി മസ്തിഷ്ക്കത്തെ സ്വാധീനിക്കുന്നു. ഒരാൾ ഒരു കാര്യം കേൾക്കുന്നതോടൊപ്പം എഴുതിയെടുക്കുകയും ചെയ്യു കയാണെങ്കിൽ അയാളുടെ രണ്ടു കഴിവുകളായിരിക്കും ഉപയോ ഗിക്കപ്പെടുക. അയാളുടെ നോട്ടം അതിൽ പതിയുന്നതോടൊപ്പം ഇച്ഛാശക്തിയും ഉത്തേജിക്കപ്പെടുന്നതിനാൽ അയാളുടെ മസ് തിഷ്ക്കത്തിൽ അതു കൂടുതലായി സ്വാധീനം ചെലുത്തുന്നതാ യിരിക്കും. മാധ്യമപ്രവർത്തകരുടെ എഴുത്തല്ല ഞാൻ ഉദ്ദേശിച്ചത്. എഴുത്തിന്റെ വലിയൊരു ഭാരംതന്നെ അവരുടെ മേലുള്ളതിനാൽ അവർക്കത് ഓർമിച്ചുവയ്ക്കാൻ സാധ്യമല്ല. അവർ മറ്റുള്ളവർക്കു വേണ്ടിയാണല്ലോ എഴുതുന്നത്. അതുകൊണ്ടുതന്നെ ഓരോ പദവും വിട്ടുപോകാതെ എഴുതിയെടുക്കാനാണ് അവർ ശ്രമിക്കാറ്. മറ്റുള്ള വരാകട്ടെ, സംക്ഷിപ്തമാണ് എഴുതുന്നത്. അതുകൊണ്ടുതന്നെ അവർക്കതിൽ ചിന്തിക്കാൻ കഴിയും. ചിന്തിച്ചതിനുശേഷം അവർ

എഴുതുമ്പോൾ ഓർമയിൽനിന്നു വിട്ടുപോവുക സാധ്യമല്ല. എഴുതുന്തോറും അവരുടെ ദൃഷ്ടി അതിൽ പതിഞ്ഞു കൊണ്ടേ പോവും. അങ്ങനെ ആ കാര്യം അവരുടെ ഓർമയിൽ കൂടുതൽ രൂഢമൂലമായി നില്ക്കും. നമ്മുടെ പൂർവികരായ ജ്ഞാനികൾ ദർസുകൊടുക്കുമ്പോൾ പേനയും പുസ്തകവുമില്ലാതെ ശ്രോതാക്കളെ ഇരിക്കാൻ അനുവദിക്കാതിരിക്കാനുള്ള കാരണവും ഇതായിരുന്നു. ഇമാം മാലിക്ക് (റഹ്) ദർസ് കൊടുത്തുകൊണ്ടിരിക്കുമ്പോൾ അവിടേക്ക് ഇമാം ശാഫി (റഹ്) വരികയുണ്ടായി. മദീനയിൽ താമസിച്ചിരുന്ന ഇമാം മാലിക്കിന്റെ അടുക്കലേക്ക് മക്കയിൽനിന്നാണ് അദ്ദേഹം വന്നിരുന്നത്. അദ്ദേഹത്തിനു പ്രായവും കുറവായിരുന്നു. പതിമൂന്നു വയസ്സ്. രണ്ടു മൂന്നു ദിവസം അദ്ദേഹം ദർസിൽ ഇരുന്നപ്പോഴേക്കും അദ്ദേഹത്തിന്റെ പക്കൽ ബുക്കും പേനയുമില്ലെന്നറിഞ്ഞ ഇമാം മാലിക്ക്, ഇവിടെ എന്തിനാണ് ഇരിക്കുന്നതെന്ന് അദ്ദേഹത്തോടു ചോദിച്ചു. ദർസിൽ വന്നാൽ പിന്നെ എഴുതാതിരിക്കുന്നത് അദ്ദേഹം ഇഷ്ടപ്പെട്ടില്ല. കേട്ടതെല്ലാം ഹൃദിസ്ഥമാക്കാനുള്ള ഓർമശക്തി അല്ലാഹു ഇമാം ശാഫിക്കു നല്കിയിരുന്നു. പഠിക്കാനാണു താൻ വന്നതെന്ന് ഇമാം ശാഫി അറിയിച്ചപ്പോൾ പിന്നെന്തുകൊണ്ട് എഴുതുന്നില്ല എന്ന് ഇമാം മാലിക്ക് ചോദിച്ചു. കേട്ടപാടെ തനിക്കു ഹൃദിസ്ഥമാകുമെന്ന് ഇമാം ശാഫി മറുപടി പറഞ്ഞു. അങ്ങനെയെങ്കിൽ പഠിപ്പിച്ചതൊക്കെ കേൾപ്പിക്കാൻ ഇമാം മാലിക്ക് ആവശ്യപ്പെട്ടു. അദ്ദേഹം അതു കേൾപ്പിച്ചു കൊടുത്തു. തങ്ങളുടെ നോട്ടുപുസ്തകങ്ങളിൽ തെറ്റുകൾ വന്നുവെങ്കിലും അദ്ദേഹം ശരിയായി കേൾപ്പിച്ചിരുന്നുവെന്നാണ് ഇമാം മാലിക്കിന്റെ മറ്റു ശിഷ്യന്മാർ പറയുന്നത്. ഈ കഴിവ്, പക്ഷേ, എല്ലാവർക്കും ഉണ്ടാവുക സാധ്യമല്ല. അതുകൊണ്ട് ഓർമശക്തിയിലെ പിഴവുകൾ നികത്തുന്ന മാർഗങ്ങളെ ഉപയോഗിക്കുകയാണു വേണ്ടത്. കേൾക്കുന്നതൊക്കെ സ്വന്തമായ നിലയിൽ നോട്ടു ചെയ്യുക എന്നതാണത്. നിരന്തരം കാണുന്നതിലൂടെ മനുഷ്യന് ഓർമവരുമെന്ന ഗുണവും അതിനുണ്ട്.

ഇനി ഞാൻ നിങ്ങൾക്ക് മറ്റൊരു ഉപദേശം കൂടി നല്കുകയാണ്. കേൾക്കുമ്പോൾ ശ്രദ്ധ മുഴുവനായും വിഷയത്തിലേക്കു പതിപ്പിക്കുകയാണു വേണ്ടത്. എന്തെന്നാൽ, വൈജ്ഞാനിക വിഷയങ്ങൾ ഗ്രഹിക്കുകയും ഓർമവെയ്ക്കുകയും ചെയ്യുക എന്നത് എളുപ്പമല്ല. ഇതിനായി പൂർണശ്രദ്ധ നല്കാത്തപക്ഷം മനുഷ്യൻ കേട്ടു കഴിഞ്ഞാലും ഒന്നും നേടാനാവാതെ, വന്നതുപോലെ എഴുന്നേറ്റു പോകേണ്ട അവസ്ഥ

യാകും. അത്തരം ആളുകളെ സംബന്ധിച്ച് വിശുദ്ധ ഖുർആൻ കഠിന പദങ്ങളാണ് ഉപയോഗിച്ചിരിക്കുന്നത്. ഉദാഹരണമെന്നോണം ഞാൻ അതു വിവരിക്കുകയാണ്.

നബി(സ)തിരുമേനിയുടെ സദസ്സിൽ കപടവിശ്വാസികൾ വന്ന് പുറത്തു പോകുമ്പോൾ അവർ പരസ്പരം مَاذَاقَالَ اٰنِفًا എന്നു ചോദിക്കുമായിരുന്നു. അതായത്, അദ്ദേഹം ഇപ്പോൾ പറഞ്ഞതെന്താണ്?(47:17) അവർ സദസ്സിൽ വരാറുണ്ടായിരുന്നെങ്കിലും പറയുന്ന കാര്യങ്ങൾ കേൾക്കാറുണ്ടായിരുന്നില്ല. അതുകൊണ്ട് അവർ പരസ്പരം ചോദിക്കാറുണ്ടായിരുന്നു. വാസ്തവത്തിൽ, മതകാര്യങ്ങൾ വിവരിക്കുന്ന സദസ്സിൽ മനുഷ്യൻ ഇരിക്കുമ്പോൾ അവന് അതു ഗുണം ചെയ്യാതിരിക്കാനും ഇടർച്ച സംഭവിക്കുന്നതിനും വേണ്ടി സാത്താൻ അവന്റെ ശ്രദ്ധയെ വഴിതിരിച്ചു വിടുകയാണ് ചെയ്യുന്നത്.

സദസ്സിൽ വന്നിരുന്നാൽപോലും പറയുന്ന കാര്യങ്ങളിലേക്കു ശ്രദ്ധ കൊടുക്കാത്ത നിരവധിയാളുകളുണ്ട്. എന്താണു പറഞ്ഞതെന്ന് അവരോടു ചിലപ്പോൾ ചോദിച്ചാൽ 'വളരെ ഇഷ്ടപ്പെട്ടു, പക്ഷേ എന്താണു പറഞ്ഞതെന്ന് ഓർമയില്ല' എന്നാണ് പറയുക. അങ്ങനെയുള്ളവർക്ക് ബഹുരസം തോന്നിയത് അവർ ശ്രദ്ധിച്ചു കേട്ടതുകൊണ്ടായിരുന്നില്ല. മറിച്ച്, മറ്റുള്ളവർ പ്രശംസിക്കുകയും ആനന്ദം നുകരുകയും ചെയ്തിരുന്നതു കൊണ്ടാണ്.

ആകയാൽ, പറയുന്ന കാര്യങ്ങൾ ശ്രദ്ധയോടെ സഗൗരവം കേൾക്കുക. എഴുതാനുള്ള സൗകര്യവും ശീലവുമുള്ളവർ കൂടെ എഴുതിക്കൊണ്ടേ പോവുക. ഇനി ശീലമില്ലാത്തവർ എഴുതേണ്ടതില്ല. അങ്ങനെയുള്ളവർ എഴുതാൻ തുടങ്ങിയാൽ മറവി സംഭവിച്ചു പോകരുതല്ലോ. എഴുതി തെളിഞ്ഞവർ എഴുതട്ടെ. ചില സമയത്ത് രോഗം മറ്റോ കാരണത്താൽ പ്രഭാഷണങ്ങൾ ഉടനെ പ്രസിദ്ധീകരിക്കാൻ കഴിയാറില്ല. അതു കൊണ്ടാണ് ഞാൻ ഇതു പറയുന്നത്. ഇവിടെനിന്നു മനസ്സിൽ പതിയുന്ന കാര്യങ്ങൾ മറന്നു പോവുകയും ചെയ്യും. എന്നാൽ സ്വയം എഴുതിവെച്ചവർക്ക് തങ്ങളെഴുതിയ കാര്യങ്ങൾ നോക്കി ഓർമ പുതുക്കാവുന്നതാണ്.

കഴിഞ്ഞ വർഷം വിശ്വാസകാര്യങ്ങളിൽ ഉൾപ്പെട്ട ഒരു സുപ്രധാന വിഷയത്തെ സംബന്ധിച്ചായിരുന്നു പ്രസംഗിച്ചത്. ചില കാരണങ്ങളാൽ ആ പ്രസംഗം ഉടനെ പ്രസിദ്ധീകരിക്കാനായില്ല. ഇപ്പോഴാണ് അതു പ്രസിദ്ധീകരിച്ചു വന്നത്. ഇപ്പോഴതു വായിക്കുന്നവർക്ക് പുതിയ വിഷയമായിട്ടായിരിക്കും അനുഭവപ്പെടുക. അതേസമയം, അതു നോട്ട്

ചെയ്തു വെച്ചവർക്ക് ഒരുപാടു ഗുണം ചെയ്തിട്ടുണ്ടാകും.

## വിഷയത്തിന്റെ പ്രാധാന്യം

ഇന്നത്തെ വിഷയവും വളരെ പ്രാധാന്യമർഹിക്കുന്നതാണ്. ഇസ്ലാമിന്റെ അടിസ്ഥാന വിശ്വാസാദർശങ്ങളിൽപ്പെട്ടതും അങ്ങേയറ്റം ഗഹനവുമായ വിഷയമാകുന്നു. ദൈവ വിധിയെക്കുറിച്ചുള്ള വിഷയം പ്രയാസകരമായിരുന്നുവെങ്കിലും എല്ലാ ജനങ്ങളുടെയും ശ്രദ്ധ അതിലേക്കു പതിഞ്ഞിരുന്നതിനാൽ ആ ശ്രദ്ധയും താത്പര്യവും കാരണം അതു ഗ്രഹിക്കാൻ എളുപ്പമായിരുന്നു. ഈ വിഷയമാകട്ടെ, വിശ്വാസകാര്യങ്ങളിൽപെട്ടതായിട്ടും ഇതിലേക്കു ജനങ്ങൾക്കു ശ്രദ്ധയില്ല. ആർക്കെങ്കിലും നേട്ടമോ കോട്ടമോ ഉണ്ടായാൽ അതു ദൈവവിധിയാണെന്ന് അവൻ പറയുന്നു. അത്രത്തോളം പ്രസിദ്ധിയാർജിച്ച പദമാണ് ദൈവവിധി. ആ പ്രഭാഷണത്തിൽ 'ദൈവവിധി' എന്ന പദം ആവർത്തിക്കുന്നതിനാൽ അതിലേക്കു താത്പര്യവും കാണിച്ചിരുന്നു. ദൈവവിധി എന്താണെന്ന് ജനങ്ങൾ പൊതുവേ ചോദിക്കാറുള്ളതിനാലും അതിനെക്കുറിച്ച് ശ്രദ്ധാപൂർവം കേൾക്കാൻ ജനങ്ങൾക്ക് ആഗ്രഹമുണ്ടാവുക സ്വാഭാവികം. തന്നെയുമല്ല, ദൈവവിധിയെ മനുഷ്യൻ നിത്യേന അഭിമുഖീകരിക്കുന്നു എന്നതു കൊണ്ടും അതിലേക്ക് ശ്രദ്ധയുണ്ടാകാറുണ്ട്. പക്ഷേ, ഇന്നു വിവരിക്കാൻ പോകുന്ന വിഷയം വിശ്വാസകാര്യങ്ങളിൽ ഉൾപ്പെട്ടതാണെങ്കിലും മനുഷ്യനെ നിരന്തരം അഭിമുഖീകരിക്കാറില്ല. വിശ്വാസകാര്യങ്ങളിൽ ഇതിനെ ഉൾപ്പെടുത്തിയത് എന്തിനാണെന്നു ജനങ്ങൾ അറിയുകയും മനസ്സിലാക്കുകപോലും ചെയ്യുന്നില്ല. അതുകൊണ്ട് ഈ വിഷയത്തിലേക്ക് പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതുണ്ട്. ഈ വിഷയം മലക്കുകളുടെ അല്ലെങ്കിൽ മാലാഖമാരുടെ അസ്തിത്വത്തെ സംബന്ധിച്ചുള്ളതാണ്.

## മലക്കുകൾ വിശ്വാസകാര്യങ്ങളിൽപെട്ടതാകുന്നു

അല്ലാഹു മലക്കുകളെ വിശ്വാസകാര്യങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്നു. മലക്കുകളിൽ വിശ്വാസമില്ലാത്തവൻ ഗ്രന്ഥങ്ങളിലോ പ്രവാചകന്മാരിലോ അന്ത്യദിനത്തിലോ വിശ്വസിച്ചാൽ പോലും അവൻ ഇസ്ലാമിക വീക്ഷണപ്രകാരം മുസ്ലീം ആകാവതല്ല; അവൻ അവിശ്വാസി തന്നെയായിരിക്കും. നബി(സ)തിരുമേനിയെ നിഷേധിക്കുന്നവൻ അവിശ്വാസിയാകുന്നതുപോലെ, ജിബ്രീലി(അ)നെ നിഷേധിക്കുന്നവനും അവിശ്വാസിയായിത്തീരുന്നതാണ്. അല്ലാഹുവിന്റെ ഗ്രന്ഥങ്ങളെ നിഷേധിക്കുന്നവൻ അവിശ്വാസിയാകുന്നതുപോലെ മലക്കുകളെ

നിഷേധിക്കുന്നവനും അവിശ്വാസിയായിത്തീരും. പരലോകനിഷേധി അവിശ്വാസിയാകുന്നതുപോലെ മാലാഖമാരെ നിഷേധിക്കുന്നവനും അവിശ്വാസിയായിരിക്കും. പക്ഷേ, വ്യസനകരമെന്നു പറയട്ടെ, മലക്കുകളുടെ വിഷയത്തിലേക്ക് മുസ്‌ലീംകൾ വളരെ കുറച്ചേ ശ്രദ്ധ പതിപ്പിച്ചിട്ടുള്ളൂ. എന്താണ് മലക്കുകൾ? അവരുടെ അസ്തിത്വത്തിൽ വിശ്വസിക്കാൻ നാം കല്പിക്കപ്പെട്ടിരിക്കുന്നത് എന്തുകൊണ്ട്? അവയിൽ വിശ്വസിക്കുന്നതുകൊണ്ടുള്ള പ്രയോജനമെന്ത്? ഈവക കാര്യങ്ങളെക്കുറിച്ച് അവർ അജ്ഞരാണ്. നബി(സ)യിലും വിശുദ്ധ ഖുർആനിലും വിശ്വസിക്കുന്നതുകൊണ്ട് നല്ല കാര്യങ്ങളെ സംബന്ധിച്ച് മാർഗദർശനം ലഭിക്കുകയും അവയെ പ്രാവർത്തികമാക്കുകവഴി ആത്മീയോന്നതി കരഗതമാവുകയും ചെയ്യുന്നു. അന്ത്യദിനത്തിൽ വിശ്വസുക്കുന്നതുകൊണ്ടാകട്ടെ, മനുഷ്യൻ ദൈവഭയത്താൽ പാപം ഉപേക്ഷിക്കുകയും സത്കർമങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്നു എന്ന ഗുണവമുണ്ട്. എന്തെന്നാൽ, പരലോകത്ത് ദുഷ്കർമങ്ങൾക്ക് ശിക്ഷയും സത്കർമങ്ങൾക്ക് പ്രതിഫലവും ലഭിക്കുമെന്ന് അവനറിയാം. ദൈവത്തിൽ വിശ്വസിക്കുന്നതുകൊണ്ടുള്ള പ്രയോജനവും പ്രകടമാണ്. ദൈവം അന്നദാതാവും സ്രഷ്ടാവും കരുണാമയനും ഔദാര്യവാനും ആയതിനാൽ അവനിൽ വിശ്വസിച്ചുകൊണ്ട് അവന്റെ ഈ ഗുണങ്ങളിൽനിന്നൊക്കെ പ്രയോജനമുൾക്കൊള്ളാവുന്നതാണ്. എന്നാൽ, മലക്കുകളിൽ വിശ്വസിക്കണമെന്നു പറയുന്നത് എന്തുകൊണ്ടാണ്? അവയിൽ വിശ്വസിക്കുന്നതു കൊണ്ടുള്ള പ്രയോജനമെന്താണ്?

## മലക്കുകളെ സംബന്ധിച്ച പൊതുജനവിശ്വാസം

മലക്കുകളെ സംബന്ധിച്ച് ജനങ്ങൾക്കു പൊതുവെയുള്ള വിശ്വാസം ഇല്ലാതായിപ്പോയാൽ ഈമാന് എന്തു കുറവുണ്ടാകാനാണ് എന്ന് ചിന്തിക്കുക. നബി(സ) പ്രവാചകനല്ലെന്ന് ആരെങ്കിലും പറഞ്ഞാൽ ആ വ്യക്തി തിരുമേനിയുടെ അധ്യാപനങ്ങളിൽനിന്ന് അകന്നു പോകും. വിശുദ്ധ ഖുർആനെ സംബന്ധിച്ച് അതു ദൈവവചനമല്ല എന്ന് പറയുന്നവനും അതിലെ അധ്യാപനങ്ങളെ വിട്ടൊഴിയേണ്ടിവരും. എന്നാൽ, മലക്കുകൾ ഇല്ല എന്നു പറഞ്ഞാൽ എന്തു നഷ്ടം സംഭവിക്കാനാണ്? മലക്കുകളിൽ വിശ്വസിക്കുന്ന കാര്യത്തിൽ തൊണ്ണൂറ്റിയൊമ്പതു ശതമാനം ആളുകളുടെയും സമീപനം നിഷേധാത്മകമാണ്. എത്രത്തോളമെന്നാൽ, അതിൽ വിശ്വാസമില്ലെങ്കിൽ തന്നെയും ഇപ്പോഴുള്ള അവരുടെ വിശ്വാസത്തിൽ വല്ല കുറവോ ഇനി അതിൽ വിശ്വസിക്കുന്നതുകൊണ്ട് അവരുടെ

വിശ്വാസത്തിൽ വർദ്ധനവോ ഉണ്ടാവുകയില്ല. എന്നാൽ വിശ്വാസ കാര്യങ്ങൾ എന്നു പറയുമ്പോൾ അവയോരോന്നും വളരെ പ്രാധാന്യമർഹിക്കുന്ന വിഷയമാണെന്നാണ് അർഥമാക്കുന്നത്. അതിന്റെ നേട്ടങ്ങൾ വളരെ വലുതും അതുപേക്ഷിച്ചാലുണ്ടാകുന്ന നഷ്ടം ഭീമവുമാണ്. ഇന്ന കാര്യം ഞങ്ങൾ വിശ്വസിക്കുന്നു എന്ന് വായകൊണ്ട് മാത്രം പറഞ്ഞാൽ പോരാ. അതു മതിയായിരുന്നെങ്കിൽ അതിൽ വിശ്വസിക്കുകയോ അവിശ്വസിക്കുകയോ ചെയ്യുന്നതുകൊണ്ട് നേട്ടമോ കോട്ടമോ ഉണ്ടാകുമായിരുന്നില്ല. ഇങ്ങനെ നോക്കുമ്പോൾ നാം ഹിമാലയ പർവതത്തിലും വിശ്വസിക്കുന്നവരാണ്. പക്ഷേ, ഹിമാലയത്തിൽ വിശ്വസിക്കുന്നതുകൊണ്ട് നമുക്ക് വല്ല ഗുണമോ നിഷേധിക്കുന്നതുകൊണ്ട് വല്ല ദോഷമോ വരുന്നില്ല. അതിനാൽതന്നെ അതിനെ വിശ്വാസകാര്യങ്ങളിൽ ഉൾപ്പെടുത്തിയിട്ടുമില്ല. എന്നാൽ മലക്കുകളിലുള്ള വിശ്വാസം ഈമാൻ കാര്യങ്ങളിൽപെട്ടതായതിനാൽ അതിൽ വിശ്വസിക്കുന്നതുകൊണ്ട് നേട്ടവും നിഷേധിക്കുന്നതുകൊണ്ട് നഷ്ടവും ഉണ്ടായിരിക്കേണ്ടതാണ്.

## മലക്കുകളിൽ വിശ്വസിക്കുന്നതിന്റെ ആവശ്യകത

ചുരുക്കത്തിൽ, മലക്കുകളിൽ എന്തുകൊണ്ട് വിശ്വസിക്കണം? അവരുമായി നമുക്കെന്താണ് ബന്ധം? അവരിൽനിന്ന് നമുക്ക് എന്തു നേട്ടമാണു ലഭിക്കുന്നത്? നമുക്ക് അവരെക്കൊണ്ട് ഒരു പ്രയോജനവുമില്ലെങ്കിൽപിന്നെ അവരിൽ വിശ്വസിക്കുന്നതിന്റെ ആവശ്യകതയെന്ത്? തുടങ്ങിയ ചോദ്യങ്ങൾ വളരെ പ്രാധാന്യമർഹിക്കുന്നവയാണ്. നബി(സ) തിരുമേനിക്ക് അധ്യാപനങ്ങൾ കൊണ്ടുവന്നത് മലക്കുകളായതുകൊണ്ട് അവരിൽ വിശ്വസിക്കേണ്ടത് അനിവാര്യമാണെന്ന് ആരെങ്കിലും പറയുകയാണെങ്കിൽ അവരുമായി നമുക്കെന്ത് ബന്ധം? വഹ്‌യ് ഇറങ്ങുന്നത് അവർ മുഖേനയാണെന്ന കാര്യം നമുക്ക് അറിവില്ലെങ്കിൽതന്നെ നമ്മുടെ വിശ്വാസത്തിലും കർമത്തിലും എന്തു കുറവുണ്ടാകാനാണ്? അല്ലാഹു തന്റെ വചനങ്ങൾ റസൂൽതിരുമേനി(സ)യുടെ ഹൃദയത്തിൽ നേരിട്ടിറക്കി എന്നു സങ്കല്പിച്ചാൽ തന്നെ വല്ല കുഴപ്പവുമുണ്ടോ? അങ്ങനെ വിശ്വസിക്കുന്നതുകൊണ്ട് ഖുർആനിൽ കുറവൊന്നും വരാനില്ലല്ലോ. പിന്നെന്തിനാണ് മലക്കുകളിൽ വിശ്വസിക്കാൻ നാം കൽപിക്കപ്പെട്ടിരിക്കുന്നതും അവരിൽ വിശ്വസിക്കുന്നവൻ മുസ്‌ലിമും നിഷേധിക്കുന്നവൻ അവിശ്വാസിയുമാകത്തക്കവിധം ഊന്നൽ നല്കിയിരിക്കുന്നതും? ഇത്യാദി ചോദ്യങ്ങൾ ഉയരാവുന്നതാണ്.

ഇത്തരത്തിലുള്ള ചിന്തകൾകാരണം ഈ വിഷയം പ്രയാസമുള്ളതാവാം; ഒരുപാടു പേർക്ക് ചിലപ്പോൾ അപ്രസക്തവും. അവർ ഇതിലേക്കു ശ്രദ്ധിച്ചില്ലെന്നും വരാം. കാരണം, മലക്കുകൾ ബാഹ്യദൃഷ്ടികളാൽ ദർശനയോഗ്യമോ പ്രത്യക്ഷത്തിൽ ബന്ധമുള്ളതായി തോന്നുന്നതോ അല്ല. വിധിവിശ്വാസത്തെ സംബന്ധിച്ച വിഷയവും പ്രയാസമുള്ള തായിരുന്നു. എങ്കിലും, ദൈവം ആർക്കുവേണ്ടിയും തഖ്ദീർ(വിധി) മുഖേന ശിക്ഷ നിശ്ചയിച്ചുറപ്പിച്ചിട്ടില്ലെന്നും മനുഷ്യനു ശിക്ഷയിൽ നിന്നു രക്ഷപ്പെടാമെന്നും പറഞ്ഞപ്പോൾ തഖ്ദീറിനെ സംബന്ധിച്ച് പൊതുവേ പ്രചരിച്ചിരുന്ന ചിന്തകളാൽ അനുഭവപ്പെട്ട ഭാരം ഒഴിഞ്ഞു പോയി. അങ്ങനെ ആ വിഷയത്തിലേക്കു ശ്രദ്ധ പതിയുകയും ജനങ്ങൾ സഗൗരവം അതു കേൾക്കുകയും ചെയ്തു. എന്നാൽ, മലക്കുകൾ അപ്രസക്തവും അനാവശ്യവുമാണെന്നു ഗണിക്കപ്പെട്ടിരുന്നതിനാൽ ജനങ്ങളുടെ ശ്രദ്ധ ഒരുപക്ഷേ ഇതിലേക്കു തിരിഞ്ഞില്ലെന്നു വരാം. മലക്കുകളെ സംബന്ധിച്ച് സാധാരണ ഗ്രന്ഥകാരന്മാരും ഒന്നും എഴു തിയിട്ടില്ല. അവർ മലക്കുകളുടെ സ്വഭാവത്തെക്കുറിച്ചു മനസ്സിലാക്കി യിട്ടേയില്ല. മലക്കുകളെക്കൊണ്ടു മനുഷ്യന് ഒരുപാടു നേട്ടങ്ങളുണ്ട്. ആ നേട്ടങ്ങൾ എന്തൊക്കെയാണെന്ന് ജനങ്ങൾ അറിഞ്ഞിരുന്നെങ്കിൽ മലക്കുകളെക്കുറിച്ചു വിവരിക്കുന്ന ഗ്രന്ഥങ്ങൾ ആവേശപൂർവം അവർ വായിച്ചേനെ. സൂഫികൾ അവരെക്കുറിച്ചു പറയുകയും തങ്ങളുടെ ഗ്രന്ഥങ്ങളിൽ പ്രതിപാദിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും അല്പം മാത്രമേ പരാമർശിച്ചിട്ടുള്ളൂ. നബി (സ)ക്കുശേഷം ഹദ്റത്ത് വാഗ്ദത്ത മസീഹ്(അ) മാത്രമാണ് ഈ വിഷയം ഏറ്റവും കൂടുതൽ കൈകാര്യം ചെയ്തിട്ടുള്ളത്. അദ്ദേഹത്തിന്റെ ആഗമനത്തോടെയാണ് ഇതിന്റെ തത്ത്വരഹസ്യം വെളിവായത്. നബി(സ)തിരുമേനിക്കും വാഗ്ദത്ത മസീഹിനുമിടയിൽ മറ്റാരും തന്നെ ഈ വിഷയത്തിൽ വെളിച്ചം വീശി യിട്ടില്ല. വിശുദ്ധ ഖുർആനിലും തിരുവചനങ്ങളിലും മലക്കുകളെ സംബ ന്ധിച്ച പരാമർശം കാണാം. സൂഫികൾ കുറച്ചൊക്കെ പറയുന്നുണ്ടെ ങ്കിലും മറ്റുമുസ്ലിം ഗ്രന്ഥകാരന്മാർ ഈ വിഷയ ത്തെക്കുറിച്ചു പറയു ന്നേയില്ല. നിസ്സാരമായ കാര്യങ്ങളെക്കുറിച്ചു നൂറുകണക്കിനു കെട്ടു കഥകൾ മെനയുമ്പോഴും മലക്കുകളെക്കുറിച്ചു പ്രതിപാദിക്കേണ്ടി വരുമ്പോൾ അതൊരു വിഷയമേയല്ല എന്ന മട്ടിൽ അവർ നിശ്ശബ്ദം കടന്നു പോകുന്നതായി കാണാം. അതിനുകാരണം, അവയുടെ യാഥാർ ഥ്യങ്ങളെ വിവരിക്കുക വളരെ ബുദ്ധിമുട്ടുള്ള ജോലിയാണ്. ആ വിഷ

യത്തിന്റെ യാഥാർഥ്യം വിവരിക്കാൻ അവർക്കാകുമായിരുന്നില്ല. എന്നാൽ എല്ലാ കാര്യങ്ങളുടെയും യാഥാർഥ്യം വെളിപ്പെട്ടു കൊണ്ടിരിക്കുന്ന ഇക്കാലഘട്ടത്തിൽ ഒരുത്തനും ഇസ്‌ലാമിക വിശ്വാസങ്ങളെ ആക്രമിക്കാൻ ധൈര്യപ്പെടാതിരിക്കാൻ അല്ലാഹു മലക്കുകളുടെ യാഥാർഥ്യം ലോകത്തിന് ബോധ്യപ്പെടുത്തിക്കൊടുക്കാനുള്ള ഏർപ്പാടു ചെയ്തിരിക്കുന്നു.

## ഇക്കാലത്തെ മുസ്‌ലിംകളുടെ കാല്പനിക മാലാഖമാർ

ഏതാനും ദിവസം മുൻപാണ് ഒരു ആര്യസമാജക്കാരൻ മുസ്‌ലിംകൾക്ക് ഇസ്‌ലാമിൽ വിശ്വാസം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു എന്നു പറഞ്ഞത്. ഇതിനു തെളിവായി അദ്ദേഹം പറഞ്ഞത് മുസ്‌ലിമായ സയ്യിദ് അമീർഅലി സാഹിബ് മലക്കുകൾ വെറും സങ്കല്പമാണെന്നും യാഥാർഥ്യവുമായി അതിനു യാതൊരു ബന്ധവുമില്ലെന്നും എഴുതിയിരിക്കുന്നു എന്നാണ്. ഇക്കാലത്ത് മുസ്‌ലിംകളെന്നു വിളിക്കപ്പെടുന്നവരുടെ മനസ്സിലുള്ള മലക്കുകൾ സാങ്കല്പികം മാത്രമാണെന്നതിൽ സംശയമില്ല. എന്തെന്നാൽ, മലക്കുകൾ എന്താണെന്നോ അവരിൽ വിശ്വസിക്കേണ്ട ആവശ്യമെന്താണെന്നോ അവരുടെ പ്രയോജനങ്ങൾ എന്തൊക്കെയാണെന്നോ അവർക്കറിയില്ല. എന്നാൽ,ഞാൻ പറഞ്ഞതുപോലെ, വിശ്വാസകാര്യങ്ങളിൽപ്പെട്ട ഒരു കാര്യവും വ്യർഥമല്ല; അത് ഒരുപാട് പ്രയോജനങ്ങൾ ഉൾക്കൊള്ളുന്നതാണ്.

ഈ വിഷയം സാധാരണ ജനങ്ങൾക്കു താത്പര്യമില്ലാത്ത ഒന്നായതിനാൽ ഇതിലേക്കു പ്രത്യേകശ്രദ്ധ ചെലുത്തേണ്ടതുണ്ട്. ആധുനികവിദ്യഭ്യാസത്തിന്റെ സ്വാധീനത്താൽ മലക്കുകളെ സംബന്ധിച്ചും ആക്ഷേപങ്ങൾ ഉന്നയിക്കപ്പെടുന്നുവെങ്കിലും അല്ലാഹുവിന്റെ അനുഗ്രഹത്താൽ, ദൃഷ്ടിയിൽ നിന്നും മറഞ്ഞിരിക്കുന്ന മറ്റു വസ്തുക്കളുടെ അസ്തിത്വം തെളിയിക്കുന്നതുപോലെതന്നെ മലക്കുകളുടെ അസ്തിത്വവും തെളിയിച്ചു കാണിക്കാൻ സാധിക്കുന്നതാണ്. മറ്റുള്ളവർക്ക് ഗ്രഹിക്കാൻ കഴിയുംവിധം തെളിവു നിരത്താൻ എനിക്കു സാധിക്കും. പക്ഷേ, മുൻവിധിയാൽ കണ്ണടച്ചുപിടിക്കരുതെന്നു മാത്രം.

ഇക്കാലത്ത് ആധുനികവിദ്യാഭ്യാസത്തിന്റെ സ്വാധീനഫലമായി മലക്കുകളില്ലെന്ന ചിന്ത പൊതുവേ മുസ്‌ലിംകളിൽ ജന്മംകൊണ്ടിരിക്കുകയാണ്. നബി(സ)തിരുമേനിയുടെ ഹൃദയത്തിൽ ഉദ്ഭൂതമായ ശക്തിയെയാണ് അവർ മലക്കുകളെന്നു നാമകരണം ചെയ്തിരിക്കുന്നത്. ജിബ്‌രീൽ, മീക്കായീൽ എന്നൊക്കെ പേരിട്ടിരിക്കുന്നത് നേരത്തെ ആ

വിശ്വാസം പ്രചരിച്ചിരുന്നതുകൊണ്ടും  കാര്യങ്ങളെ കൂടുതൽ ജന പ്രിയമാക്കാൻ വേണ്ടിയുമാണെന്ന് അവർ പറയുന്നു. അതേസമയം, മലക്കുകളുടെ അസ്തിത്വത്തിൽ ശക്തമായ ഊന്നൽ നല്കിയിരിക്കു ന്നതായിട്ടാണു നാം കാണുന്നത്. എത്രത്തോളമെന്നാൽ, ദൈവത്തിനു ശേഷം ഇത്രയധികം പരാമർശിക്കപ്പെട്ട ഒരു വിഷയമുണ്ടെങ്കിൽ അതു മലക്കുകളുടെ അസ്തിത്വം സംബന്ധിച്ചായിരിക്കും. പ്രാകൃതരിൽ പ്രാകൃതരായ സമുദായങ്ങൾപോലും അവയിൽ വിശ്വസിച്ചിരുന്നുവെന്ന് അവരുടെ അവസ്ഥകളിൽ നിന്നു മനസ്സിലാകുന്നു. ലോകത്തുനിന്നും തിരോഭവിച്ച നിരവധി മതങ്ങളുടെ പുരാതനാവശിഷ്ടങ്ങളിൽനിന്ന് മലക്കുകളിലുള്ള വിശ്വാസം അറിയാൻ കഴിയുന്നുണ്ട്. ഇന്നു നില വിലിരിക്കുന്ന മതങ്ങളിലാകട്ടെ,  അവരെക്കുറിച്ച് വളരെ വ്യക്തമായ പരാമർശങ്ങൾ കാണാം.

## മലക്കുകൾ വിവിധ മതങ്ങളിൽ

പൗരാണികമതങ്ങളിൽ സൗരാഷ്ട്രമതമാണ് മലക്കുകളെ സംബ ന്ധിച്ച് വളരെയധികം പ്രതിപാദിച്ചിട്ടുള്ളത്. ഈ മതത്തിന്റെ അനുയാ യികൾ മലക്കുകളെക്കുറിച്ച് വിവരിച്ചിട്ടുള്ളത്ര വ്യക്തമായി(അവരുടെ വിവരണത്തിൽ ചില അപാകതകൾ ഉണ്ടെങ്കിലും) മുസ്‌ലിംകൾ വിവ രിച്ചിട്ടില്ലായെന്ന് വ്യസനത്തോടെയാണെങ്കിലും അംഗീകരിക്കാതെ എനിക്കു നിർവാഹമില്ല. മലക്കുകളെപ്പറ്റി വളരെ വിശദമായിത്തന്നെ അവർ പ്രതിപാദിച്ചിട്ടുണ്ട്.

അവർക്കുശേഷം രണ്ടാമതായി പ്രതിപാദിക്കപ്പെട്ടിരിക്കുന്നത് ജൂത മത്തിലാണ്. പുതിയ മതമാണിത്. ഈ മതം ആവിർഭവിച്ചിട്ട് വളരെ കാലമൊന്നും ആയിട്ടില്ലെങ്കിലും ഒരു പരിധിവരെ അതു സംരംക്ഷിക്ക പ്പെട്ടിട്ടുണ്ട്. ഇതിലും മലക്കുകളെ സംബന്ധിച്ച് ഒരുപാട് അധ്യാപന ങ്ങൾ കാണാം. അതുകഴിഞ്ഞ് ഹിന്ദു മതത്തിലാണ് ഇതു സംബന്ധിച്ച വിവരണം നമുക്കു കാണാൻ സാധിക്കുന്നത്. വളരെ പുരാതനമായ മതമാണ് അവരുടേത്. എങ്കിലും, മലക്കുകളെ അവർ അംഗീകരിക്കുന്നു. പക്ഷേ, ഇക്കാലത്ത് അവരതിന് വേറെ വ്യാഖ്യാനങ്ങളാണു നല്കു ന്നത്. അതുപോലെ ചൈനക്കാരുടെ പൗരാണികഗ്രന്ഥങ്ങളിലും മല ക്കുകളെക്കുറിച്ചുള്ള പരാമർശം കാണാം. ഈജിപ്തിലെയും ഗ്രീക്കി ലെയും പുരാതനാവശിഷ്ടങ്ങളിൽനിന്നും അവരെക്കുറിച്ചുള്ള തെ ളിവുകൾ ലഭ്യമാണ്. പേരെന്തെന്നു പോലും അറിയാത്ത പ്രാകൃത സമൂഹങ്ങളിലെ പുരാതനാവശിഷ്ടങ്ങളിൽനിന്നും അവരുടെ ഭാഷാ

പ്രയോഗങ്ങളിൽ നിന്നും മലക്കുകളെക്കു റിച്ചുള്ള വിവരം നമുക്ക് ലഭിക്കുന്നുണ്ട്. ചിറകുള്ള ഒരു സൃഷ്ടി മനുഷ്യനെ ശിക്ഷിക്കുന്നുവെന്ന് ഒരു സ്ഥലത്ത് പറയുന്നു. മറ്റൊരു സ്ഥലത്ത്, ആയിരക്കണക്കിനു വർഷം പഴക്കമുള്ള ചിത്രങ്ങളാണുള്ളത്. അവയിലും ചിറകുള്ള ചില സൃഷ്ടികൾ മുകളിൽനിന്ന് താഴോട്ടു വരുന്നതായാണ് കാണിക്കുന്നത്. ഇതിൽനിന്നെല്ലാം നമുക്ക് ഒരു കാര്യം മനസ്സിലാക്കാം. ആ സമുദായങ്ങൾ മലക്കുകളിൽ വിശ്വസിച്ചിരുന്നവരത്രേ.

ആയതിനാൽ, എല്ലാ സമുദായങ്ങളും മലക്കുകളിൽ വിശ്വസിച്ചിരുന്നതായി നമുക്ക് വിവരം ലഭിക്കുന്നു. സൗരാഷ്ട്രമതക്കാരിലാണ് ഈ വിശ്വാസം എറ്റവുമധികം കാണപ്പെടുന്നത്. അതുകഴിഞ്ഞ് ജൂതന്മാരിലും പിന്നീട് ഹിന്ദുക്കളിലും മറ്റു പൗരാണിക സമൂഹങ്ങളിലുമാണ്. ക്രിസ്ത്യാനികളിലും ഈ വിശ്വാസമുണ്ട്. എത്രത്തോളമെന്നാൽ, മലക്കുകളെ ആരാധിക്കുന്നത് അനുവദനീയമാണോ എന്ന വിഷയം പൗലോസ് അപ്പോലസ്തൻ ചർച്ച ചെയ്തിരിക്കുന്നു. എല്ലാ ഹൃദയങ്ങളെയും സ്വാധീനിച്ചിരുന്ന വിഷയമാണ് ഇതെന്നാണ് ഇതിൽനിന്നു മനസ്സിലാകുന്നത്. പണ്ടുമുതൽക്കേ ജനങ്ങൾ ദൈവത്തിൽ വിശ്വസിച്ചു വന്നിട്ടുണ്ടെന്നും ആയതിനാൽ അതു ദൈവാസ്തിക്യത്തിനുള്ള തെളിവാണെന്നും എല്ലാ സമുദായങ്ങളിലെയും ദൈവവിശ്വാസത്തെ നോക്കിക്കൊണ്ട് മനഷ്യനു പറയാവുന്നതുപോലെ നാഗരികതകൾ തമ്മിൽ ബന്ധപ്പെടുകയോ സമ്പർക്കം പുലർത്തുകയോ ചെയ്തതായി സ്ഥാപിക്കപ്പെടാത്ത സമുദായങ്ങളെല്ലാം മലക്കുകളിൽ വിശ്വസിക്കുന്നവരായതുകൊണ്ട് അതു മലക്കുകളുടെ അസ്തിത്വത്തിനുള്ള ഒന്നാംതരം തെളിവാണെന്നു പറയാം.

## മലക്കുകൾ സൗരാഷ്ട്രമതത്തിൽ

മുസ്ലിംകളും സൗരാഷ്ട്രമതക്കാരും മലക്കുകൾക്കു നല്കിയിരിക്കുന്ന പേരുകളിലും പ്രവൃത്തികളിലും പരസ്പരമുള്ള സാമ്യത എത്രയും അദ്ഭുതാവഹമാണ്. രണ്ടു ദൈവങ്ങളുണ്ടെന്ന് അവർ വിശ്വസിക്കുന്നു; ഒന്ന് ഇരുട്ടിന്റെയും മറ്റൊന്ന് പ്രകാശത്തിന്റെയും. പ്രകാശത്തിന്റെ ദൈവം ഇച്ഛിക്കുന്നത് ഇരുട്ടിന്റെ ദൈവത്തെ ബലഹീനനാക്കണമെന്നാണ്. ഇരുട്ടിന്റെ ദൈവത്തിന്റെ ശക്തി ക്ഷയിച്ചുപോകുന്ന ഒരു കാലം വരുമെന്ന് അവർ പറയുന്നു. നന്മയുടെ ദൈവത്തെ 'യെസ്ദാൻ' എന്നാണ് അവർ വിളിക്കുന്നത്. തിന്മയുടെ ദൈവത്തെ 'അഹറമാന' അല്ലെങ്കിൽ 'അഹുറമൻ' എന്നാണ് പൊതുവെ വിളിക്കാറ്. അതായത്,

ഇരുട്ടിന്റെ മനുഷ്യൻ. ഇതുകൊണ്ട്  പിശാച് ആണ്, ദൈവമല്ല ഉദ്ദേശിക്കപ്പെടുന്നത് എന്ന് ഈ പേരിൽ നിന്നുതന്നെ സ്പഷ്ടമാണ്. എങ്കിലും, ദൈവത്തിനെതിരിൽ തിന്മകളുടെ ദൈവമാണിതെന്ന് അവർ പറയുന്നു. ഈ ദൈവംതന്നെയാണ് തിന്മകൾ ചെയ്യിപ്പിക്കുന്നതും. സൗരാഷ്ട്രമതക്കാരുടെ മതഭാഷയായ 'അവസ്താ'യിൽ വലിയ മലക്കുകളെ 'ഉമേഷിയാ' എന്നാണ് വിളിച്ചിരിക്കുന്നത്. 'ഉമേഷിയാ' എന്ന പദം 'ഉമേഷ്' എന്ന പദത്തിൽ നിന്നാണുണ്ടായത്. 'നാശമില്ലാത്തത്' എന്നാണതിനർഥം. മലക്കുകൾ അനശ്വരമാണെന്നാണ് അവർ വിശ്വസിക്കുന്നതെന്ന് ഇതിൽ നിന്നും മനസ്സിലാക്കാം. മനുഷ്യാത്മാവ് ഫനാ(നാശം) യിൽനിന്ന് സംരക്ഷിക്കപ്പെട്ടിരിക്കുന്നതുപോലെ അവയ്ക്കും അനശ്വരമായ ജീവിതം പ്രദാനം ചെയ്യപ്പെട്ടിരിക്കുന്നു.

മലക്കുകൾ മതത്തിന്റെയും എല്ലാ നന്മകളുടെയും ഉറവിടവും സൈദ്ധാന്തികമായി അവർ ദൈവത്തിന്റെ പ്രതീകങ്ങളുമാണെന്ന് സൗരാഷ്ട്രമതക്കാർ വിശ്വസിക്കുന്നു. പരിണാമത്തിന്റെ ആയിരക്കണക്കിനു വർഷങ്ങൾ താണ്ടിയാണ് അവർ ഇന്നത്തെ അവസ്ഥയിലെത്തിയിരിക്കുന്നത് എന്നാണവരുടെ സങ്കല്പം. നമ്മുടെ കാഴ്ചയിൽനിന്നു മറഞ്ഞിരിക്കുന്ന അമൂല്യമുത്തുകളാണെങ്കിലും തങ്ങൾക്കു ഗുണം ചെയ്യുന്നവരാണ് അവരെന്ന് മലക്കുകളെ സംബന്ധിച്ച് അവർ വിശ്വസിക്കുന്നു. മാണിക്യക്കല്ലെന്ന് അവരെക്കുറിച്ച് പറയാവതല്ല; അത് അവരെ നിന്ദിക്കലാവും. അവർ മരത്തിൽ തൂങ്ങിക്കിടക്കുന്ന ഇലകളുമല്ല. മറിച്ച്, സൂര്യനെ വലയം ചെയ്തുകൊണ്ടിരിക്കുന്ന നക്ഷത്രങ്ങളത്രേ. അവർ ദൈവത്തിന് അലങ്കാരമല്ല; അവന്റെ സത്തയുടെ പ്രതീകങ്ങളത്രേ.

സൗരാഷ്ട്രമതഗ്രന്ഥങ്ങളിൽവലിയമലക്കിനെ'വദ്ഹുമനാഹ്'എന്നാണ് പറയുന്നത്. അതിനെ വഹിശ്തമനാഹ് എന്നും വിളിക്കും. ഏറ്റവും നല്ല മലക്ക് എന്നാണ് അതിനർഥം. വദ്ഹുമനാഹ് എന്നതിനർഥം 'സന്മനസ്സുള്ളവൻ, പരിഷ്ക്കരിക്കുന്നവൻ' എന്നൊക്കെയാണ്. ഹീബ്രുവിലും അറബിയിലും ജബർ എന്ന പദത്തിന് ഇസ്‌ലാഹ്(പരിഷ്ക്കരണം) എന്നർഥം കൂടിയുണ്ട്. ആയതിനാൽ ഈ രണ്ടു പദങ്ങളുടെയും സമാനർഥങ്ങളിൽനിന്നും 'വദ്ഹുമനാഹ്' യഥാർഥത്തിൽ ജിബ്രീലിന്റെ തന്നെ പേരാണ് എന്നാണ് മനസ്സിലാകുന്നത്.

മനുഷ്യമസ്തിഷ്ക്കത്തിന് വെളിച്ചം ലഭിക്കുന്നത് ഈ മലക്ക്മുഖേനയാണെന്നാണ് ഇവരുടെ ഗ്രന്ഥങ്ങളിൽനിന്നും മനസ്സിലാകുന്നത്.

മാത്രമല്ല, വെളിച്ചവും  വെളിപാടും മുഖേന വദ്ഹുമനാഹിനെ കാണ ണമേ എന്ന് സൗരാഷ്ട്രർ പ്രാർഥിക്കുകയും ഒടുവിൽ ആ മലക്കിനെ കണ്ടുമുട്ടുകയും ചെയ്തിട്ടുണ്ട്. സത്പ്രവൃത്തികൾ ചെയ്യാനുള്ള പ്രേര ണകൾ വരുന്നത് ഈ മലക്കിൽ നിന്നാണ്. ഈ മലക്കിന്റെ പ്രേരണ കളെ സ്വീകരിക്കാത്തവരെ അത് ഉപേക്ഷിക്കുന്നു.

സൗരാഷ്ട്രമതക്കാരുടെ അടുക്കൽ മറ്റൊരു മലക്ക് 'ആശാ' എന്നാ ണറിയപ്പെടു ന്നത്. അതായത്, തഖ്‌വ(ഭയഭക്തി)യുടെ മലക്ക്. ബാഹ്യ വസ്തുക്കളിൽ അഗ്നിയുടെ ചുമതല ഈ മലക്കിനാണ്. വെളിച്ചം അഗ്നിയിൽ നിന്നാണല്ലോ വരുന്നത്. തഖ്‌വയുണ്ടാകുന്നത് വെളിച്ച ത്തിൽനിന്നും. ഈ മലക്ക് മീക്കായീൽ ആണെന്നാണ് മനസ്സിലാകു ന്നത്. എന്തെന്നാൽ, ഭൗതികപുരോഗതിയുടെ മലക്ക് മീക്കായീലും അതിന്റെ അടയാളം അഗ്നിയുമാണ്.

ഈ വലിയ രണ്ടു മലക്കുകളെ കൂടാതെ വേറെ അഞ്ചു വലിയ മല ക്കുകളിലും അവർ വിശ്വസിക്കുന്നുണ്ട്. ചെറിയ മലക്കുകളാണെങ്കിൽ അസംഖ്യമാണ്. എല്ലാ കാര്യങ്ങളും വലിയ മലക്കുകളുടെ ചുമതലയി ലാണ്. പിശാച് കടന്നു കൂടാതിരിക്കാൻ  മലക്കുകൾ മനുഷ്യഹൃദയങ്ങ ളിൽ സദാ സത്പ്രേരണകൾ  ചെലുത്തുന്നു എന്നവർ വിശ്വസി ക്കുന്നു. ജനിപ്പിക്കുന്നത് ദൈവവും മരിപ്പിക്കുന്നത് പിശാചുമാണെന്നാണ് അവർ പറയുന്നത്. അതുകൊണ്ടുതന്നെ ജനനം അല്ലാഹുവിന്റെ ഭാഗത്തു നിന്നായതിനാൽ മനുഷ്യന്റെ ജനനം സത്പ്രകൃതത്തോടുകൂടിയതാ ണെന്നും മലക്കുകൾ അവനെ സംരക്ഷിക്കുന്നുവെന്നുമുള്ള വിശ്വാസം അവർ വെച്ചു പുലർത്തുന്നു. പക്ഷേ, പിശാചാണ് അവനെ തിന്മകൾ പഠിപ്പിക്കുന്നത്. മനുഷ്യൻ പിശാചിന്റെ വാക്കുകൾ അംഗീകരിക്കു മ്പോൾ മലക്കുകൾ അവനെ ഉപേക്ഷിച്ചുക്കുകയും അവൻ അങ്ങനെ പിശാചിന്റെ ദാസനായിത്തീരുകയും ചെയ്യുന്നു.

ദൈവവും പിശാചുമായി യുദ്ധം നടന്നുകൊണ്ടേയിരിക്കും എന്ന താണ് അവരുടെ മറ്റൊരു വിശ്വാസം. ഏതുവരെയെന്നാൽ, പേർഷ്യൻ വംശത്തിൽനിന്ന് ഒരു നബി ജനിക്കും. അദ്ദേഹത്തിന്റെ പേർ മൊസ്യൂ സർബഹ്മി എന്നായിരിക്കും. അതായത്, അനുഗൃഹീതനായ മസീഹ് എന്ന പേരിലായിരിക്കും ആ നബി വരിക. അദ്ദേഹം സൗരാഷ്ട്രരുടെ സന്താനങ്ങളിൽപെട്ടവനായിരിക്കുമെങ്കിലും ബാഹ്യമായ നിലയി ലായിരിക്കില്ല. എന്തെന്നാൽ, ഒരു സന്താനവും ഉണ്ടായിട്ടില്ലാത്ത ഭാര്യയിൽനിന്നായിരിക്കും അദ്ദേഹം ജന്മമെടുക്കുക എന്നും എഴുത

പ്പെട്ടിരിക്കുന്നു. അദ്ദേഹത്തിന്റെ കാലഘട്ടത്തിൽ സാത്താനുമായി അവസാന യുദ്ധമുണ്ടാകും. യുദ്ധം വളരെ ഭയാനകമാണെന്നും മലക്കുകളെ ഇറക്കണമെന്നും അദ്ദേഹം ദൈവത്തോടു കേണപേക്ഷിക്കും. അപ്പോൾ ദൈവം തന്റെ മാലാഖമാരെ ഇറക്കുന്നതാണ്. യുദ്ധം ചെയ്തു തളർന്ന പിശാചിനുമേൽ ഒടുവിൽ ആ നബി മലക്കുകളുടെ സഹായത്താൽ അവസാന ആക്രമണം നടത്തുകയും അങ്ങനെ ഭയാനകമായ ആ യുദ്ധത്തിൽ പിശാചിന്റെ പരാജയത്തിനുശേഷം അവൻ പിടിക്കപ്പെടുകയും കൊല്ലപ്പെടുകയും ചെയ്യുന്നതാണ്. അതോടെ എങ്ങും സമാധാനമായിരിക്കും. ഈ ലോകം ഒരുപാടു വ്യാപിക്കും. കാരണം, മരിപ്പിക്കുന്ന പിശാചിന്റെതന്നെ കഥകഴിഞ്ഞതിനാൽ ആരും മരിക്കുകയില്ല.

ഈ കാര്യങ്ങളെല്ലാംതന്നെ സത്യമായി പുലരുകയും പുലർന്നുകൊണ്ടിരിക്കുകയും ചെയ്യുന്നതിനാൽ ഒരു നബി പറഞ്ഞ വാക്കുകളായാണ് തോന്നുന്നത്. മൊസ്യൂസർബഹ്മി(അനുഗൃഹീത മസീഹ്) വിവരിക്കപ്പെട്ട എല്ലാ അടയാളങ്ങളോടുംകൂടി വന്നു കഴിഞ്ഞു. മാത്രമല്ല, പിശാചുമായി അവസാന യുദ്ധം ഉണ്ടായിരിക്കുമെന്ന് മറ്റു പ്രവാചകന്മാരും പറഞ്ഞിട്ടുണ്ട്. അതിപ്പോൾ നടന്നുകൊണ്ടിരിക്കയാണ്. ജനങ്ങളെ സത്യമതത്തിൽനിന്നു പിന്തിരിപ്പിക്കാനും ദൈവത്തെ ഉപേക്ഷിക്കാനുമുള്ള ശ്രമങ്ങൾ പലവിധേന നടന്നുകൊണ്ടിരിക്കുന്നു. അതിനെതിരിൽ ജനങ്ങളെ ദൈവവുമായി ബന്ധിപ്പിക്കാനുള്ള ശ്രമങ്ങളും നടന്നുകൊണ്ടിരിക്കുകയാണ്. അങ്ങേയറ്റം അപകടകരമായ യുദ്ധമാണിത്.

ആകാശത്തുനിന്നും മലക്കുകളെ ആവശ്യപ്പെടുമെന്ന കാര്യവും പൂർത്തിയായി. വാഗ്ദത്ത മസീഹ്(അ) ദൈവത്തോട് ഒരു ലക്ഷം മലക്കുകളെ[1] ആവശ്യപ്പെട്ടതായും അയ്യായിരം മതി, ഒരുലക്ഷം അധികമാണ് എന്ന് അല്ലാഹു പറഞ്ഞതായുമുള്ള ഒരു കശ്ഫ്(ജാഗ്രതാ ദർശനം) വാഗ്ദത്ത മസീഹിന് ഉണ്ടായിട്ടുണ്ട്(തദ്കിറ). ഖുർആനിൽ ഏറ്റവും കൂടുതൽ അയ്യായിരം മലക്കുകളെക്കുറിച്ച് പരാമർശമുള്ളതുകൊണ്ടാണ് അത്രയും നല്കപ്പെട്ടത്. ഈ പ്രവചനം പൂർത്തിയായിരിക്കുന്നുവെന്ന് സാരം.

---

1.തദ്കിറയിൽ 'മലക്കുകൾ'ക്കുപകരം 'സൈന്യം' എന്ന പദമാണ് വന്നിട്ടുള്ളത്.

**മലക്കുകൾ**

സൗരാഷ്ട്രരിൽ മലക്കുകളുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച് വലിയ വിശദാംശങ്ങൾ കാണാം. അവർക്കു പല വീഴ്ചകളും സംഭവിച്ചിട്ടുണ്ടെങ്കിലും ഇസ്ലാം കഴിഞ്ഞാൽ ഏതെങ്കിലും മതം മലക്കുകളെക്കുറിച്ച് പ്രതിപാദിച്ചിട്ടുണ്ടെങ്കിൽ അതു സൗരാഷ്ട്രമതം തന്നെയാണെന്നു പറയാം. ഇതുപോലുള്ള വിഷയങ്ങൾ അവരുടെ ഗ്രന്ഥങ്ങളിലാണ് കാണപ്പെടുന്നത്.

## മലക്കുകൾ ജൂതമതത്തിൽ

മലക്കുകളെ സംബന്ധിച്ച അധ്യാപനങ്ങൾ യഹൂദികളിലും കാണപ്പെടുന്നു. ജിബ്രീലിനെ അഗ്നിയുടെ മലക്കാണെന്നു പറയുന്നത് അവർക്കു സംഭവിച്ച പിഴവാണ്. കാരണം, സൗരാഷ്ട്രരിലും കാണപ്പെടുന്നത് ഈ പേരുതന്നെയാണ്. എന്നാൽ, അവരതിനെ വചനങ്ങൾ കൊണ്ടുവരുന്ന മലക്കാണെന്നു പറയുന്നു. ഈ പേര് അവരിൽ മുൻപേ നിലവിലുണ്ടായിരുന്നു. ഇറാനിൽനിന്ന് നാടുകടത്തപ്പെട്ടതിനുശേഷം യഹൂദികൾക്കിടയിൽ അത് പില്ക്കാലത്താണ് രൂപപ്പെട്ടത്. ആയതിനാൽ, ഏതു യഹൂദികളിൽനിന്നാണോ ഈ പേര് എടുത്തിട്ടുള്ളത് അവർ അതിനെ കാരുണ്യത്തിന്റെയും വചനം കൊണ്ടുവരുന്നതിന്റെയും മലക്ക് ആയിട്ടാണ് വിശ്വസിക്കുന്നത്. അതുകൊണ്ട് അഗ്നിയുടെ മലക്കാണെന്നു പറയുന്നത് ശരിയല്ല. മാത്രമല്ല, ഇതിനെ കാരുണ്യത്തിന്റെ മലക്കായി ബൈബിൾതന്നെ വിശേഷിപ്പിക്കുന്നതായി കാണാം. ദാനിയേൽ പ്രവാചകന്റെ കാലത്ത് ജനങ്ങളെ തീയിലിട്ടപ്പോൾ അവരെ രക്ഷിച്ചത് ജിബ്രീൽ ആയിരുന്നുവെന്നു താൽമൂദിലുണ്ട്. അതിൽ ഇപ്രകാരം എഴുതിയിരിക്കുന്നു: "ജനങ്ങൾ ഹദ്റത്ത് ഇബ്രാഹിമി(അ)നെ തീയിലിടാൻ തുനിഞ്ഞപ്പോൾ ജിബ്രീൽ(അ) അല്ലാഹുവിനോടു പറഞ്ഞു: 'അദ്ദേഹത്തെ രക്ഷിക്കാൻ എന്നെ അനുവദിച്ചാലും' അല്ലാഹു പറഞ്ഞു: ഇല്ല. നിനക്ക് അതിനുള്ള അനുവാദമില്ല. ഭൂമിയിൽ ഇബ്രാഹിം ഒരാളെയുള്ളു. ഞാനും ഏകനാണ്. അതുകൊണ്ട് ഞാൻതന്നെ അവനെ രക്ഷിക്കുന്നതാണ്.'' ഈ സംഗതി തന്നെയാണു നമ്മൾ മുസ്ലിംകളിലും പ്രചരിച്ചിരിക്കുന്നത്. അതായത്, ഹദ്റത്ത് ഇബ്രാഹിമി(അ)നെ തീയിലിടാൻ തുടങ്ങിയപ്പോൾ ജിബ്രീൽ അദ്ദേഹത്തിന്റെ അടുത്തു വന്നു പറഞ്ഞു: 'എന്നോടെന്തെങ്കിലും ചോദിക്കുക.' അദ്ദേഹം പറഞ്ഞു: 'എനിക്കു നിന്നോട് ഒന്നും ചോദിക്കാനില്ല.' അപ്പോൾ ജിബ്രീൽ പറഞ്ഞു: 'എങ്കിൽ അല്ലാഹുവിനോടു ചോദിക്കുക.' അദ്ദേഹം പറഞ്ഞു: 'അല്ലാഹുവിനോടു ചോദിക്കുന്നതിന്റെ ആവശ്യമെന്ത്? എന്റെ അവസ്ഥ

എന്താണെന്ന് അവൻ സ്വയം കാണുന്നില്ലേ?'

താൽമൂദിൽ വന്നിരിക്കുന്നു: ജിബ്‌രീലിനോട് അല്ലാഹു പറഞ്ഞു: 'നീയല്ല, ഞാൻ പോകും; ഇബ്രാഹിമിനെ രക്ഷിക്കാൻ. എന്നാൽ നിന്റെ ഈ നന്മയെ ഞാൻ പാഴാക്കില്ല. ഭാവിയിൽ ഇബ്രാഹിമിന്റെ സന്താനങ്ങളിൽനിന്ന് ഒരാളെ രക്ഷിക്കാൻ ഞാൻ നിന്നെ അനുവദിക്കുന്നതാണ്'. അങ്ങനെ ദാനിയേലിന്റെ കാലത്ത് ജനങ്ങൾ തീയിലെറിയപ്പെട്ടപ്പോൾ അവരെ രക്ഷിക്കാൻ ജിബ്‌രീലിന് അല്ലാഹു അനുവാദം നല്കുകയും ജിബ്‌രീൽ അവരെ രക്ഷപ്പെടുത്തുകയും ചെയ്തു.

ചുരുക്കത്തിൽ, യഹൂദികളിലും ആദ്യാവസാനം വരെ മലക്കുകളെക്കുറിച്ചുള്ള പരാമർശം കാണാം. ദൈവമക്കൾ എന്നാണ് അവരെക്കുറിച്ച് പറയപ്പെട്ടിരിക്കുന്നത്.

## മലക്കുകൾ ഹിന്ദുമതത്തിൽ

ഇതുപോലെ ഹിന്ദുമതത്തിലും മലക്കുകളെക്കുറിച്ചുള്ള പരാമർശമുണ്ട്. വരുണൻ തുടങ്ങിയ പേരുകളാണ് പറയപ്പെടുന്നത്. സാധാരണക്കാർ കരുതുന്നത് ഇവർ പൂജിക്കപ്പെടേണ്ട ആത്മാക്കളാണെന്നാണ്. വാസ്തവത്തിൽ ഇവർ ദൈവവചനം കൊണ്ടുവരുന്ന മലക്കുകളയിരുന്നു. കാരണം, വഹുമാനയുടെയും വരുണന്റെയും പ്രവൃത്തി ഒന്നുതന്നെയാണെന്നാണു മനസ്സിലാകുന്നത്. വരുണനെപ്പോലെത്തന്നെ വഹുമാനനും സൂര്യനുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്നാണ് പറയപ്പെടുന്നത്. സൂര്യനുമായി ഇവർക്ക് ബന്ധമുള്ളതിനാൽ സൂര്യനാണ് ദൈവം എന്ന് അബദ്ധവശാൽ അവർ ധരിച്ചു. അങ്ങനെയാണ് സൂര്യനെ ദൈവമായി വിശ്വസിക്കാൻ തുടങ്ങിയത്.

സൂര്യനുമായി അവർക്കു ബന്ധമുണ്ടെന്ന കാര്യത്തിൽ സംശയമില്ല. ഇസ്‌ലാമിൽ ജിബ്‌രീലിനെ സൂര്യനുമായി ബന്ധപ്പെടുത്തി പറഞ്ഞിട്ടുണ്ട്. സൂര്യനുമായി അതിനു ബന്ധമുണ്ടെന്ന് വാഗ്ദത്ത മസീഹും(അ) എഴുതിയിട്ടുണ്ട്. നബി(സ)തിരുമേനിയുമായിട്ടാണ് ജിബ്‌രീലിന്റെ ബന്ധം. നബി(സ)തിരുമേനിയെക്കുറിച്ച് ഖുർആനിൽ സൂര്യൻ എന്ന് പറയപ്പെട്ടിരിക്കുന്നു.

ഹദ്റത്ത് മസീഹ് മൗഊദി(അ)നുമേൽ കുഫ്‌റ് ഫത്‌വ നല്കപ്പെട്ടപ്പോൾ അദ്ദേഹം മലക്കുകളെ നിഷേധിക്കുന്നു എന്നും അതിൽ എഴുതിയിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) 'തൗസീഹെ മറാം', 'ആയിനെ കമാലാത്തെ ഇസ്‌ലാം' എന്നീ ഗ്രന്ഥങ്ങളിൽ മലക്കുകളെക്കുറിച്ച് ചർച്ച ചെയ്യുകയും മലക്കുകൾ വാനഗോളങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു

വെന്നും അവമുഖേനയാണ് അവർ ലോകത്ത് തങ്ങളുടെ സ്വാധീനം ചെലുത്തുന്നതെന്നും വിശുദ്ധ ഖുർആനിൽനിന്നു തെളിയിക്കുകയും ചെയ്തു. അപ്പോൾ അദ്ദേഹം മലക്കുകളെ നിഷേധിച്ചുകൊണ്ട് നക്ഷത്രങ്ങളുടെ സ്വാധീനത്തെ അംഗീകരിക്കുന്നു എന്ന് സംശയിച്ച് അദ്ദേഹത്തിനുമേൽ കുഫ്റ് ഫത്‌വ പുറപ്പെടുവിച്ചു.

നക്ഷത്രങ്ങളെ സംബന്ധിച്ച ഈ ചർച്ച വേറെ വിഷയമാണ്. ഇപ്പോൾ ഞാനതിനെക്കുറിച്ച് പറയാൻ ആഗ്രഹിക്കുന്നില്ല. എന്തെന്നാൽ, ഈ രീതിയിൽ ചർച്ച ചെന്നെത്തുന്നത് മറ്റെവിടേക്കോ ആയിരിക്കും. എല്ലാ മതങ്ങളും മലക്കുകളെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട് എന്നു മാത്രം ഇപ്പോൾ പറയുകയാണ്. ഇസ്‌ലാമിൽ നൂറുകണക്കിന് ശിർക്കൻ സംഗതികൾ റദ്ദു ചെയ്യപ്പെട്ടിടത്ത് മലക്കുകളിലുള്ള വിശ്വാസം നിലനിർത്തുകയാണുണ്ടായത്. വിശ്വസിച്ചില്ലെങ്കിൽ കാഫിറായി പോകുംവിധം ശക്തമായ നിലയിലാണ് അതിന് ഊന്നൽ നല്കപ്പെട്ടിരിക്കുന്നത്. പ്രവാചകന്മാരുടെമേൽ ഉന്നയിക്കപ്പെട്ടിട്ടുള്ള എല്ലാ ആക്ഷേപങ്ങളെയും ഇസ്‌ലാം വിപാടനം ചെയ്തതു പോലെ മലക്കുകളെപ്പറ്റി ഉന്നയിക്കപ്പെട്ടിട്ടുള്ള എല്ലാ ആക്ഷേപങ്ങളെയും വിപാടനം ചെയ്തിരിക്കുന്നു എന്നത് ഇസ്‌ലാം മറ്റു മതങ്ങളോടു ചെയ്തിട്ടുള്ള ഒരു ഔദാര്യമാണ്. മലക്കുകളും പിശാചിന്റെ കെണിയിലകപ്പെടുമെന്നാണ് സൗരാഷ്ട്രരുടെയും യഹൂദികളുടെയും ധാരണ. അവരെ അനുകരിച്ചുകൊണ്ട് മുസ്‌ലിംകളും ഹാറൂത്ത് മാറൂത്ത് എന്ന രണ്ടു മലക്കുകളെ സംബന്ധിച്ച് വിശ്വസിക്കുന്നത്, പിശാചിന്റെ കെണിയിലകപ്പെട്ടതിനാൽ അവരെ ബാബിലോണിയയിലെ ഏതോ കിണറിൽ തലകീഴായി തൂക്കിയിട്ടിരിക്കുന്നു എന്നാണ്. എന്നാൽ അല്ലാഹുവിന്റെ കല്പനയാൽ മാത്രം പ്രവർത്തിക്കുന്ന സൃഷ്ടികളാണ് മലക്കുകൾ എന്നാണ് ഖുർആനിൽ നിന്നു മനസ്സിലാകുന്നത്. അതു പറയുന്നു:

لَا يَعْصُوْنَ اللّٰهَ مَا اَمَرَهُمْ وَيَفْعَلُوْنَ مَا يُؤْمَرُوْنَ

(66:7) മലക്കുകളിലുള്ളവിശ്വാസം എല്ലാ സമൂഹങ്ങളിലും പക്ഷാന്തരമില്ലാത്ത സംഗതിയാണെന്ന് മനസ്സിലായ സ്ഥിതിക്ക് ഓരോരുത്തരും സഗൗരവം ചിന്തിക്കേണ്ടതാണ്. എല്ലാ മതങ്ങളിലും അതിന്റെ പരാമർശമുള്ളത് അത് ഉന്നതവും സുപ്രധാനവുമായ കാര്യമായത് കൊണ്ടായിരിക്കുമല്ലോ. ഹദ്റത്ത് നൂഹ് നബി(അ)യുടെ കാലത്തോളം പ്രാചീന

മായ വിശ്വാസമാണിത് എന്നാണ് ഖുർആനിൽനിന്ന് മനസ്സിലാകുന്നത്. അല്ലാഹു ഹദ്റത്ത് നൂഹ് നബി(അ)യുടെ എതിരാളികളുടെ വാക്കുകളുദ്ധരിച്ച് പറയുന്നു:

فَقَالَ الْمَلَؤُا الَّذِيْنَ كَفَرُوْا مِنْ قَوْمِهٖ مَا هٰذَآ اِلَّا بَشَرٌ مِّثْلُكُمْ ۙ يُرِيْدُ اَنْ يَّتَفَضَّلَ عَلَيْكُمْ ۭ وَلَوْ شَآءَ اللّٰهُ لَاَنْزَلَ مَلٰٓئِكَةً ۚۖ مَّا سَمِعْنَا بِهٰذَا فِيْٓ اٰبَآئِنَا الْاَوَّلِيْنَ

നൂഹിനെ നിഷേധിച്ചവരുടെ നേതാക്കൾ പറഞ്ഞു: നിങ്ങളെപോലെയുള്ള ഒരു മനുഷ്യനാണ് ഇയാൾ. നിങ്ങളുടെ മേൽ ഔന്നത്യം നേടാൻ ഇയാൾ ആഗ്രഹിക്കുന്നു. ദൈവം ഇച്ഛിച്ചിരുന്നെങ്കിൽ അവൻ മലക്കുകളെ ഇറക്കിയേനെ. ഇത്തരം കാര്യം നാം നമ്മുടെ പൂർവപിതാക്കളിൽ നിന്നു കേട്ടിട്ടില്ല.(23:25)

നബി(സ)തിരുമേനിയെ സംബന്ധിച്ചും ഈ ആക്ഷേപം ഉന്നയിക്കപ്പെട്ടിരുന്നു:

لَوْ مَا تَأْتِيْنَا بِالْمَلٰٓئِكَةِ اِنْ كُنْتَ مِنَ الصّٰدِقِيْنَ

നീ സത്യവാനെങ്കിൽ എന്തുകൊണ്ട് ഞങ്ങളുടെ അടുക്കൽ നീ മലക്കുകളെ കൊണ്ടു വരുന്നില്ല.(15:8)

അറേബ്യൻ ജനതയിലും മലക്കുകളെക്കുറിച്ചുള്ള വിശ്വാസം ഉണ്ടായിരുന്നുവെന്ന് ഇതിൽനിന്ന് മനസ്സിലാക്കാം.

ഈ സംക്ഷിപ്തവിവരണത്തിനുശേഷം ഇസ്‌ലാമികധ്യാപനങ്ങളിലേക്കു ഞാൻ വരിക യാണ്. ഇസ്‌ലാം മലക്കുകളെ സംബന്ധിച്ച് നല്കുന്ന അധ്യാപനമെന്തെന്നു നോക്കാം.

## മലക്കുകളുടെ യാഥാർഥ്യം

ഒന്നാമത്തെ കാര്യം, മലക്കുകൾ സൃഷ്ടിയാണോ അല്ലയോ എന്നുള്ളതാണ്. കാരണം, അവർക്കു നല്കപ്പെട്ടിരിക്കുന്ന സ്ഥാനം പരിഗണിക്കുമ്പോൾ മലക്കുകൾ സൃഷ്ടികളല്ലെന്ന ചിന്ത ഉടലെടുക്കാറുണ്ട്. ഇക്കാരണത്താലാണ് ക്രിസ്ത്യാനികൾ വഞ്ചിക്കപ്പെട്ടിരിക്കുന്നത്. പരിശുദ്ധാത്മാവു സൃഷ്ടിയല്ല, മറിച്ച് ദൈവത്തിന്റെതന്നെ അംശമാണെന്ന് അവർ ധരിച്ചു. അങ്ങനെ അതിനെയും അവർ ദൈവമാക്കി. ഇസ്‌ലാമാകട്ടെ, മലക്കുകൾ അസൃഷ്ടങ്ങളാണെന്നത് വ്യാജമണെന്ന്

പറയുന്നു. അവർ സൃഷ്ടികളാണ്. മലക്കുകൾ സൃഷ്ടികളാണെന്ന തിന് ഖുർആനിൽ തെളിവു ലഭിക്കുന്നുണ്ട്. അല്ലാഹു പറയുന്നു:

اَمْ خَلَقْنَا الْمَلٰٓئِكَةَ اِنَاثًا وَّهُمْ شٰهِدُوْنَ

മലക്കുകൾ സ്ത്രീകളാണെന്ന് പറയാൻ അവരെ സൃഷ്ടിച്ചപ്പോൾ ഇവർ അവിടെ ഉണ്ടായിരുന്നോ?(37:151)

ദൈവം മലക്കുകളെ സൃഷ്ടിച്ചതാണെന്ന് ഇതിൽനിന്ന് മനസ്സിലാകുന്നു. അവർ നശിക്കുമോ ഇല്ലയോ എന്നത് വേറെ കാര്യം. മനുഷ്യാത്മാക്കളെപ്പോലെ മലക്കുകളും നശിപ്പിക്കപ്പെടുകയില്ല. ഒന്നുകിൽ എല്ലാം നശിക്കും അല്ലെങ്കിൽ ചിലതു നശിച്ച് ചിലത് അവശേഷിക്കും. വെളിപാട് ഉണ്ടാകുമ്പോൾ ആയിരക്കണക്കിന് മലക്കുകൾ വെളിപാടു വചനത്തിന്റെ ശബ്ദത്തോടൊപ്പം ഉണ്ടായിവരികയും അതോടൊപ്പം തന്നെ നശിക്കുകയും ചെയ്യുന്നുവെന്ന് യഹൂദികൾ വിശ്വസിക്കുന്നു. അതേസമയം, മലക്കുകളെ നശിക്കാത്ത അസ്തിത്വങ്ങളായാണ് സൗരാഷ്ട്രർ വിശ്വസിക്കുന്നത്.

രണ്ടാമതായി മലക്കുകളെ സംബന്ധിച്ച് ഓർത്തിരിക്കേണ്ട കാര്യം, മനുഷ്യനേത്രങ്ങൾക്ക് അവയെ അവയുടെ തനത് രൂപത്തിൽ ദൃശ്യമാകാത്തവിധം ആത്മീയ സൃഷ്ടികളാണവ എന്നതാണ്. ഇനി നേത്രങ്ങൾക്ക് ദൃശ്യമായാലും തനതു രൂപത്തിലല്ലാത്ത മറ്റേതെങ്കിലും രൂപത്തിലായിരിക്കും അവ ദൃശ്യമാവുക. ബാഹ്യനേത്രങ്ങൾകൊണ്ട് മലക്കുകളെ കാണാനാവില്ല. അതിന് ആത്മീയ നേത്രങ്ങളാണ് ആവശ്യം. ബാഹ്യനേത്രങ്ങൾക്കു ഗോചരീഭവിച്ചാൽതന്നെ മലക്കുകൾ അവയുടെ തനതു രൂപത്തിൽ കാണപ്പെടില്ല. അല്ലാഹു പറയുന്നു:

وَلَوْ جَعَلْنٰهُ مَلَكًا لَّجَعَلْنٰهُ رَجُلًا وَّلَلَبَسْنَا عَلَيْهِمْ مَّا يَلْبِسُوْنَ

(6:10) മലക്ക് എന്തുകൊണ്ട് ഇറങ്ങുന്നില്ല എന്ന് ഇവർ ചോദിക്കുന്നു. ഇനി മലക്ക് വന്നാൽ തന്നെ മനുഷ്യരൂപത്തിലായിരിക്കും വരിക. അപ്പോഴേ അവർക്ക് കാണാൻ കഴിയൂ. മനുഷ്യരൂപത്തിൽ വന്നാൽ ഇത് മലക്കാണോ മനുഷ്യനാണോ എന്ന സംശയമുണ്ടാകും. ഇത് ദൈവവചനമല്ല, മനുഷ്യകൃതമാണെന്ന് ഇപ്പോൾ അവർ പ്രകടിപ്പിക്കുന്ന സംശയം

പിന്നെയും നിലനിൽക്കുന്നതാണ്. ആയതിനാൽ, വല്ല പ്രയോജനവും ഉണ്ടെങ്കിലേ മലക്കുകളെ നാം അയക്കാറുള്ളു. ജനങ്ങൾക്ക് ഭൗതിക നേത്രങ്ങൾ കൊണ്ട് മലക്കുകളെ ദർശിക്കാൻ കഴിയില്ല. ഇനി കാണാനായാൽതന്നെ അത് മനുഷ്യരൂപത്തിലേ കഴിയൂ. അപ്പോൾ അവർ അതിനെയും ആക്ഷേപിക്കുന്നതായിരിക്കും. അതുകൊണ്ടാണ് മലക്കുകളെ ഇറക്കാത്തത്.

ആകയാൽ, സൂക്ഷ്മമായ അസ്തിത്വമാണ് മലക്കുകളുടെത്. അവർ ഭൗതിക നേത്രങ്ങൾക്ക് അഗോചരമാണ്.

മൂന്നാമതായി അവരെക്കുറിച്ച് മനസ്സിലാക്കേണ്ടത്, സൃഷ്ടികളിൽ അവർ ആണോ പെണ്ണോ അല്ല എന്നതാണ്. ആദ്യം ഓതിയ ഈ ആയത്തിൽ നിന്ന് ഇക്കാര്യം ഗ്രഹിക്കാവുന്നതാണ്:

أَمْ خَلَقْنَا الْمَلَٰٓئِكَةَ إِنَاثًا وَّهُمْ شٰهِدُوْنَ

(37:151) ഇവിടെ അവർ പുരുഷനാണെന്നല്ല അല്ലാഹു പറഞ്ഞിരിക്കുന്നത്. മറിച്ച്, മലക്കുകൾ സ്ത്രീകളാണെന്ന് ഇവർ പറയുന്നു, എന്താണെന്ന് ഇവർക്കെന്തറിയാം? അല്ലാഹു മലക്കുകളെ സൃഷ്ടിച്ചപ്പോൾ അവർ അവിടെ ഉണ്ടായിരുന്നോ? എന്നാണ് ചോദിച്ചിരിക്കുന്നത്. മലക്കുകൾ സ്ത്രീകളാണെന്നതിനെ അല്ലാഹു നിഷേധിച്ചെങ്കിലും അവർ പുരുഷന്മാരാണെന്ന് അല്ലാഹു പറഞ്ഞിട്ടില്ല. ആയതിനാൽ, അവയെ ആണെന്നോ പെണ്ണെന്നോ പറയുന്നത് ശരിയല്ല. അതൊക്കെ ഭൗതിക പദാർഥങ്ങളിലാണ്. ആത്മീയ വസ്തുക്കളിൽ ആണും പെണ്ണും ഇല്ല. പുരുഷന്റെ ആത്മാവ് പു:ലിംഗമോ സ്ത്രീയുടെ ആത്മാവ് സ്ത്രീലിംഗമോ അല്ല. പു:ലിംഗം എന്നതും സ്ത്രീലിംഗം എന്നതും സ്ഥലകാലബന്ധിതമാണ്. അവരണ്ടിലും ഉള്ളത് ഒരേ സംഗതിയാണ്.

നാലാമതായി മലക്കുകളെ സംബന്ധിച്ച് മനസ്സിലാകുന്ന കാര്യം അവക്ക് മൂന്നു സ്ഥാനങ്ങളുണ്ട് എന്നാണ്. അവയെല്ലാം ഒരേവിധത്തിലുള്ളവയല്ല. അല്ലാഹു പറയുന്നു:

اَلَّذِيْنَ يَحْمِلُوْنَ الْعَرْشَ وَمَنْ حَوْلَهٗ يُسَبِّحُوْنَ بِحَمْدِ رَبِّهِمْ وَيُؤْمِنُوْنَ بِهٖ وَيَسْتَغْفِرُوْنَ لِلَّذِيْنَ اٰمَنُوْا رَبَّنَا وَسِعْتَ كُلَّ شَيْءٍ رَّحْمَةً وَّعِلْمًا فَاغْفِرْ لِلَّذِيْنَ تَابُوْا وَاتَّبَعُوْا سَبِيْلَكَ وَقِهِمْ عَذَابَ الْجَحِيْمِ

(40:8) മൂന്നു തരം മലക്കുകളുണ്ടെന്നാണ് ഈ ആയത്തിൽനിന്ന് മനസ്സിലാകുന്നത്. രണ്ടുതരം മലക്കുകളെക്കുറിച്ച് ഖണ്ഡിതമായും മൂന്നാമത്തെ വിധത്തിലുള്ള മലക്കിനെക്കുറിച്ച് സൂചനയായും പ്രതിപാദിച്ചിരിക്കുന്നു. എന്തെന്നാൽ, ഒരു വിഭാഗം മലക്കുകൾ അർശിനെ വഹിക്കുന്നവരും മറ്റൊന്ന് അർശിന് ചുറ്റുമുള്ളവരുമാണ് എന്ന് ഇതിൽ പറഞ്ഞിരിക്കുന്നു. അതായത്, ഒരു വിഭാഗം മലക്കുകൾമുഖേന ദൈവിക കല്പനകൾ പുറപ്പെടുന്നു. മറ്റൊരു വിഭാഗം മലക്കുകൾ അവരുടെ സഹായികളും അവരുടെ കൽപനകളെ താഴെക്കിടയിലേക്ക് എത്തിക്കുന്നവരുമാണ്. ഈ അർശിനു ചുറ്റുമുള്ള മലക്കുകൾക്കും താഴെയായി വേറൊരു വിഭാഗം മലക്കുകളും ഉണ്ടെന്നാണ് ഈ വിവരണത്തിൽനിന്നു മനസ്സിലാകുന്നത്. ഹദീസിൽ ഇതിനുള്ള സാക്ഷ്യം കാണാം. എന്തെന്നാൽ, ചില മലക്കുകൾ വിവിധ വസ്തുക്കളിൽ നിശ്ചയിക്കപ്പെട്ടിരിക്കുന്നതായിട്ടാണ് ഹദീസുകളിൽനിന്ന് വ്യക്തമാകുന്നത്. അവർ 'ഹമലതു അർശി' നെയും 'വ മൻ ഹൗലഹു' നെയും കൂടാതെയുള്ള മൂന്നാം വിഭാഗത്തിൽപ്പെട്ട മലക്കുകളാണ്. ഈ വിഷയത്തെക്കുറിച്ച് സൗരാഷ്ട്രരിൽനിന്ന് ഏതാണ്ട് ചില വിവരങ്ങൾ ലഭിക്കുന്നുണ്ട്. ലോകകാര്യങ്ങൾ നടപ്പാക്കുന്ന മലക്കുകൾ ഏഴാണെന്ന് അവർ പറയുന്നു. ഖിയാമത്ത് നാളിൽ എട്ടു മലക്കുകൾ അല്ലാഹുവിന്റെ സിംഹാസനത്തെ വഹിക്കുന്നവരായിരിക്കുമെന്ന് വിശുദ്ധ ഖുർആനിൽ വന്നിരിക്കുന്നു. സിംഹാസനം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് സ്വർണ്ണവും വെള്ളിയും കൊണ്ടുള്ള സിംഹാസനമല്ല. മറിച്ച്, അല്ലാഹുവിന്റെ ദൈവികതയെ പ്രോജ്ജ്വലിപ്പിക്കുന്ന ഉന്നതഗുണങ്ങളാണ്. പരലോകത്ത് ആ എട്ടു മലക്കുകൾ മുഖേനയായിരിക്കും അതു വെളിപ്പെടുക. എന്നാൽ, ഈ ലോകത്ത്, ഞാൻ സ്ഥാപിച്ചു കാണിച്ചതുപോലെ, ഏഴു മലക്കുകൾ മുഖേനയാണ് വെളിപ്പെടുന്നത്. ഒരു വിഭാഗം മലക്കുകൾ അല്ലാഹുവിന്റെ അർശിനെ വഹിക്കുന്നവരാണ്. രണ്ടാമത്തെ വിഭാഗം അതിനും താഴെയുള്ളവരാണെങ്കിലും അവർ അല്ലാഹുവിന്റെ സമീപസ്ഥരായ സഹായികളാണ്. അവർ പ്രധാനപ്പെട്ട പ്രവൃത്തികൾ ചെയ്യാൻ ചുമതലപ്പെട്ടവരല്ല; അവർ ഇവരുടെ സഹായികളാണ്. അതിനും താഴെക്കിടയിലുള്ളവരാണ് മൂന്നാമത്തെ വിഭാഗം. അതായത്, മലക്കുകൾ മൂന്നു വിധത്തിലുണ്ട്.

1) ദൈവിക ഗുണങ്ങളെ വെളിപ്പെടുത്തുന്നവർ.

2) അവരുടെ സഹായികളും അല്ലാഹുവിന്റെ സമീപസ്ഥരുമായവർ.
3) പലവിധങ്ങളായ ചെറിയ കാര്യങ്ങൾ ചെയ്യാൻ നിശ്ചയിക്കപ്പെട്ടവർ.
അവരുടെ എണ്ണം തിട്ടപ്പെടുത്താൻ സാധ്യമല്ല, കാരണം, അല്ലാഹു പറയുന്നു:

وَمَا يَعْلَمُ جُنُودَ رَبِّكَ إِلَّا هُوَ

(74:32)അവരെ എണ്ണിതിട്ടപ്പെടുത്താൻ മനുഷ്യനാവില്ല. കാരണം, ഓരോ പ്രവൃത്തിക്കും പ്രത്യേകം മലക്കുണ്ടെന്നാണ് പ്രവാചകന്മാരുടെ വചനങ്ങളിൽനിന്ന് തെളിയുന്നത്.

അഞ്ചാമത്തെ കാര്യം, മലക്കുകൾ തിന്മ ചെയ്യാൻ കഴിയാത്ത സൃഷ്ടികളാണ് എന്നതാണ്. പ്രവാചകന്മാരെ, എന്തിനേറെ ദൈവത്തെപ്പോലും നിഷേധിക്കുന്ന വിധത്തിലുള്ള പ്രകൃതമാണല്ലോ മനുഷ്യനുള്ളത്. അവൻ ദൈവത്തെ ചീത്ത പറയുന്നു. എന്നാൽ, തിന്മ ചെയ്യാനുള്ള കഴിവു തീരെയില്ലാത്ത സൃഷ്ടികളാണ് മലക്കുകൾ എന്ന് ഖുർആനിൽ നിന്നു മനസ്സിലാകുന്നു. മനുഷ്യനെ അപേക്ഷിച്ച് അവരുടെ കർമ മണ്ഡലം പരിമിതമാണ്. മനുഷ്യൻ പരിധികൾ ലംഘിക്കും. എന്നാൽ, നിശ്ചിത പരിധിലംഘിക്കാൻ മലക്കുകൾക്കാവില്ല. അല്ലാഹു പറയുന്നു:

لَّا يَعْصُونَ اللَّهَ مَا أَمَرَهُمْ وَيَفْعَلُونَ مَا يُؤْمَرُونَ

> അല്ലാഹുവിന്റെ കല്പനകളെ മലക്കുകൾ ധിക്കരിക്കില്ല. അവരോടു കല്പിക്കപ്പെടുന്നതു മാത്രമാണ് അവർ ചെയ്യുന്നത്.(66:7)

ആറാമത്തെ കാര്യം, മലക്കുകൾ ദൈവകല്പനയെ ധിക്കരിക്കില്ലെന്നു മാത്രമല്ല, ദൈവകല്പനകളെ പൂർണമായി നിർവഹിക്കുന്നതരത്തിലുള്ള പ്രകൃതമാണ് അവരുടേത്. ഒരാളുടെ കല്പന ധിക്കരിക്കുക എന്നതും അതു പൂർണമായി നിർവഹിക്കാൻ കഴിയാതിരിക്കുക എന്നതും വെവ്വേറെ സംഗതികളാണ്. ഉദാഹരണമായി, ദുർബലനായ ഒരു വ്യക്തിയോട് ഒരു സാധനം എടുക്കാൻ പറയുമ്പോൾ തന്റെ ദൗർബല്യം കാരണം അയാൾക്ക് അതെടുക്കാൻ കഴിഞ്ഞില്ലെങ്കിൽ അയാൾ കല്പന ധിക്കരിച്ചു എന്നു പറയുകയില്ല. നേരെമറിച്ച്, അയാൾക്ക് എടുക്കാൻ കഴിവുണ്ടായിരിക്കെ എടുക്കാൻ കൂട്ടാക്കുന്നില്ലെങ്കിൽ അതു ധിക്കാരമാണ്. മലക്കുകളെ സംബന്ധിച്ച് അല്ലാഹു പറയുന്നത് അവരോടു കല്പിക്ക

പ്പെടുന്ന ജോലി ചെയ്യാൻ പൂർണമായും അവർ പ്രാപ്തരായിരിക്കും എന്നാണ്. അതായത്, അതു ചെയ്യാനുള്ള കഴിവ് എല്ലാവരിലും ഉണ്ടായിരിക്കും. മനുഷ്യരെപ്പോലെ ചിലർക്കു കല്പന നിർവഹിക്കാനുള്ള കഴിവുണ്ടായിരിക്കുകയും ചിലർക്കു കഴിവില്ലാതിരിക്കുകയും ചെയ്യുന്ന അവസ്ഥ അവർക്കില്ല. അതുകൊണ്ടാണ് അല്ലാഹു പറയുന്നത്:

وَيَفۡعَلُونَ مَا يُؤۡمَرُونَ

അവർക്കു നല്കപ്പെടുന്ന കല്പനകൾ അവർ നിർവഹിക്കുന്നു. (16:51)

മനുഷ്യന്റെ അവസ്ഥ ഇതല്ല. ഒരു കാര്യം ചെയ്യാൻ ചിലപ്പോൾ അവൻ ആഗ്രഹിക്കുന്നു. പക്ഷേ, ചെയ്യാൻ സാധിക്കില്ല. ഉദാഹരണത്തിന്, നിന്നുകൊണ്ട് നമസ്കരിക്കാൻ അവൻ ആഗ്രഹിച്ചാലും രോഗിയാണെങ്കിൽ അവനതിനുകഴിയില്ല.

ഏഴാമത്തെ കാര്യം, ചുറ്റുമുള്ള കാര്യങ്ങളാൽ സ്വാധീനിക്കപ്പെടുകയില്ല എന്നതാണ്. മറ്റു സൃഷ്ടികൾ എത്രതന്നെ പ്രബലരാണെങ്കിലും അവർ മറ്റു പ്രഭാവങ്ങളെ സ്വാംശീകരിക്കുന്നു. ചില പ്രഭാവങ്ങളെ കൊള്ളുകയും ചിലതിനെ തള്ളുകയും ചെയ്യുന്നു എന്ന് പറയുന്നതാവും ശരി. ഉദാഹരണമായി പ്രവാചകന്മാർ നന്മയുടെ പ്രഭാവം സ്വീകരിക്കുന്നു. ഇനി അവർ യുദ്ധത്തിൽ പങ്കെടുക്കുന്നപക്ഷം മനുഷ്യരെന്ന നിലയിൽ അവരുടെമേലും അതിന്റെ സ്വാധീനമുണ്ടാകുന്നതാണ്. എങ്കിലും പ്രവാചകന്മാർ ദുഃസ്വാധീനങ്ങളിൽനിന്ന് സംരക്ഷിക്കപ്പെടുന്നു. മലക്കുകളാകട്ടെ, എല്ലാ നിലയിലും സുരക്ഷിതരായിരിക്കും. അല്ലാഹു പറയുന്നു:

عَلَيۡهَا مَلَٰٓئِكَةٌ غِلَاظٞ شِدَادٞ

(66:7)ഗിലാളുൻ ശിദാദുൻ എന്നത് മലക്കുകളുടെ ഗുണങ്ങളാണ്. മറ്റു വസ്തുക്കൾക്കൊന്നും അവരുടെമേൽ സ്വാധീനം ചെലുത്താൻ സാധിക്കില്ല. അവരോട് ഏതൊരു വസ്തുവിൽ സ്വാധീനം ചെലുത്താനാണോ പറയപ്പെടുന്നത് അതിൽ തീർച്ചയായും അവർ സ്വാധീനം ചെലുത്തുന്നു. ഈ കഴിവു മനുഷ്യനില്ല. ചില സംഗതികളിലാണ് മനുഷ്യന് കഴിവുള്ളത്. ചില സംഗതികളിൽ ഇല്ലതാനും. അതായത്,

ചില ഗുണങ്ങളിൽ മനുഷ്യനും അങ്ങനെയാണെങ്കിലും എല്ലാ നില യിലും അങ്ങനെയല്ല. അല്ലാഹു പറയുന്നു:

مُحَمَّدٌ رَّسُوْلُ اللّٰهِ ۗ وَالَّذِيْنَ مَعَهٗٓ اَشِدَّآءُ عَلَى الْكُفَّارِ رُحَمَآءُ بَيْنَهُمْ

(48:30)വിശ്വാസികളും കാഠിന്യം കാണിക്കുന്നവരാണ്; പക്ഷേ അവിശ്വാ സികളുടെമേൽ. അവർ പരസ്പരം സ്വാധീനം സ്വീകരിക്കുന്നവരാണ്. വീണ്ടും പറയുന്നു:

يٰٓاَيُّهَا النَّبِيُّ جَاهِدِ الْكُفَّارَ وَالْمُنٰفِقِيْنَ وَاغْلُظْ عَلَيْهِمْ

“അല്ലയോ നബിയേ അവിശ്വാസികളെയും മുനാഫിഖുകളെയും നേരിടുക. എന്നാൽ, അവരാൽ സ്വാധീനിക്കപ്പെടരുത്”(9:73).

അപ്പോൾ മറ്റുള്ളവരുടെമേൽ പ്രഭാവം ചെലുത്താനുള്ള ഗുണം വിശ്വാസി കളിൽ നമുക്ക് കാണാം. എന്നാൽ ചില കാര്യങ്ങളല്ലാതെ അവരെ സ്വാധീനിക്കാറില്ല. അതേസമയം സമ്പൂർണമായ നിലയിൽ സ്വാധീ നിക്കപ്പെടാത്തവരാണ് മലക്കുകൾ.

എട്ടാമത്തെ കാര്യം, മനുഷ്യനെ സംബന്ധിച്ചിടത്തോളം അവരുടെ എണ്ണം അപരിമിതമാണെന്നുള്ളതാണ്. അല്ലാഹു പറയുന്നു:

وَمَا يَعْلَمُ جُنُوْدَ رَبِّكَ اِلَّا هُوَ

(74:32) മലക്കുകളുടെ എണ്ണം അല്ലാഹുവിനുമാത്രമാണ് അറിയുക. മറ്റാർക്കും അതറിയാൻ സാധ്യമല്ല.

ഒമ്പതാമത്തെ കാര്യം, അവരിൽ ഓഫീസറും കീഴുദ്യോഗസ്ഥരും ഉണ്ടാകും എന്നതാണ്. ഒന്ന് വലുതും മറ്റേത് ചെറുതും ആയ നില യിൽ അല്ല. തങ്ങളുടെതായ ധർമങ്ങളിലും സ്ഥാനത്തും സ്ഥിരപ്പെട്ട വരാണ്. എന്നല്ല, അവർ ഓഫീസറുടെയും കീഴുദ്യോഗസ്ഥരുടെയും സ്ഥാനം അലങ്കരിക്കുന്നു. ഒരിടത്ത് അല്ലാഹു പറയുന്നു:

قُلْ يَتَوَفّٰىكُمْ مَّلَكُ الْمَوْتِ الَّذِيْ وُكِّلَ بِكُمْ ثُمَّ اِلٰى رَبِّكُمْ تُرْجَعُوْنَ

അർഥം: “നീ പറയുക, നിങ്ങളുടെ ജീവൻ പിടിച്ചെടുക്കാൻ ഭരമേ

ല്പിക്കപ്പെട്ട മരണത്തിന്റെ മലക്ക് നിങ്ങളുടെ ജീവനെ പിടിച്ചെടുക്കും. പിന്നീട് നിങ്ങൾ നിങ്ങളുടെ നാഥനിലേക്ക് മടക്കപ്പെടുന്നതാണ്."(32:12)

മറ്റൊരിടത്ത് പറയുന്നു:

وَلَوْ تَرَىٰٓ إِذِ ٱلظَّٰلِمُونَ فِى غَمَرَٰتِ ٱلْمَوْتِ وَٱلْمَلَٰٓئِكَةُ بَاسِطُوٓا۟ أَيْدِيهِمْ أَخْرِجُوٓا۟ أَنفُسَكُمُ ٱلْيَوْمَ تُجْزَوْنَ عَذَابَ ٱلْهُونِ بِمَا كُنتُمْ تَقُولُونَ عَلَى ٱللَّهِ غَيْرَ ٱلْحَقِّ وَكُنتُمْ عَنْ ءَايَٰتِهِۦ تَسْتَكْبِرُونَ

അർഥം: "ആ അധർമകാരികൾ മരണവേദനകളിൽപ്പെട്ടിരിക്കുകയും മലക്കുകൾ തങ്ങളുടെ കൈകൾ നീട്ടിക്കൊണ്ട്, നിങ്ങളുടെ ജീവനെ പുറത്തുകൊണ്ടു വരൂ എന്നും നിങ്ങൾ അല്ലാഹുവിന്റെ പേരിൽ അസത്യം ആരോപിക്കുകയും അഹംഭാവം നടിച്ചുകൊണ്ട് അവന്റെ ദൃഷ്ടാന്തങ്ങളിൽ നിന്ന് വിമുഖരാവുകയും ചെയ്ത കാരണത്താൽ ഇന്ന് അപമാനത്തിന്റെ ശിക്ഷ നിങ്ങൾക്ക് നല്കപ്പെടുന്നതാണ് എന്നും പറയുകയും ചെയ്യുന്ന സന്ദർഭം നീ കാണുന്നതായാൽ(അതു ഭയാനകമായ കാഴ്ച തന്നെയായിരിക്കും.!)"(6:94).

വീണ്ടും പറയുന്നു:

إِنَّ ٱلَّذِينَ تَوَفَّىٰهُمُ ٱلْمَلَٰٓئِكَةُ ظَالِمِىٓ أَنفُسِهِمْ قَالُوا۟ فِيمَ كُنتُمْ

അർഥം: തീർച്ചയായും സ്വന്തം ആത്മാക്കളോട് ദ്രോഹം ചെയ്തവരായിരിക്കെ മലക്കുകൾ ഏതൊരു കൂട്ടരുടെ ജീവൻ പിടിച്ചെടുക്കുന്നുവോ ആ മലക്കുകൾ (അവരോടു) പറയും: നിങ്ങൾ ഏതു സ്ഥിതിയിലായിരുന്നു?(4:98)

ഇനി ഈ മൂന്നു വചനങ്ങളും ഒന്നു ചേർത്തുനോക്കുക. ആദ്യം സൂചിപ്പിച്ച ആയത്തിൽ പറഞ്ഞിരിക്കുന്നത് എല്ലാ മനുഷ്യരുടെയും ജീവനെടുക്കുന്ന ധർമം നിർവഹിക്കുന്നത് ഒരു മലക്ക് മാത്രമാണെന്നാണ്. എന്നാൽ മറ്റു രണ്ടു ആയത്തുകളിലും പറഞ്ഞിരിക്കുന്നത് ഒരുപാടു മലക്കുകൾ ജീവനെ പിടിക്കുന്നു എന്നാണ്. ഒരു മലക്കിനാണു ചുമതലയെങ്കിലും അതിനെ സഹായിക്കാനായി അനേകം മലക്കുകൾ അനുസരണത്തോടെ ധർമം നിർവഹിക്കുന്നവരുണ്ടെന്ന്

ഇതിൽ നിന്നു മനസ്സിലാകുന്നു. മരണത്തിന്റെ വകുപ്പിൽ മേലുദ്യോഗസ്ഥനെന്നും കീഴുദ്യോഗസ്ഥനെന്നുമുള്ള സംവിധാനത്തെ പരിഗണിക്കുമ്പോൾ മലക്കുകൾ മുഖേന നടക്കുന്ന മറ്റു സർവകാര്യങ്ങളും ഇതുപോലെ ചില ഉയർന്ന മലക്കുകളുടെ ചുമതലയിലാണെന്നും പിന്നീട് അവരുടെ കീഴിലുള്ള എണ്ണമറ്റ മലക്കുകളാണ് ധർമം നിർവഹിക്കുന്നതെന്നുമുള്ള നിഗമനത്തിൽ എത്താൻ കഴിയും.

പത്താമത്തെ കാര്യം. മനുഷ്യന്റെ കഴിവുകളെ അപേക്ഷിച്ച് മലക്കുകളുടെ കഴിവുകൾ പരമിതങ്ങളാണ്. മലക്കുകൾ ഒരേ അവസ്ഥയിൽ ഉള്ളവരാണ്. എന്നാൽ മനുഷ്യന് ഒരുപാട് അഭിവൃദ്ധി പ്രാപിക്കാനാകും. അല്ലാഹു പറയുന്നു:

وَعَلَّمَ اٰدَمَ الۡاَسۡمَآءَ كُلَّهَا ثُمَّ عَرَضَهُمۡ عَلَى الۡمَلٰٓـئِكَةِ ۙ فَقَالَ اَنۡۢبِـُٔوۡنِىۡ بِاَسۡمَآءِ هٰٓؤُلَآءِ اِنۡ كُنۡتُمۡ صٰدِقِيۡنَ ـ قَالُوۡا سُبۡحٰنَكَ لَا عِلۡمَ لَنَآ اِلَّا مَا عَلَّمۡتَنَا ؕ اِنَّكَ اَنۡتَ الۡعَلِيۡمُ الۡحَكِيۡمُ ـ

അല്ലാഹു ആദമിന് എല്ലാ നാമങ്ങളും പഠിപ്പിക്കുകയും ആ പഠിപ്പിച്ച നാമങ്ങൾ മലക്കുകളുടെ മുൻപാകെ വെച്ചുകൊണ്ട് നിങ്ങൾ സത്യവാന്മാരെങ്കിൽ ഇവയുടെ നാമങ്ങൾ പറഞ്ഞുതരാൻ ആവശ്യപ്പെടുകയും ചെയ്തു. അവർ പറഞ്ഞു: “നീ പരിശുദ്ധനാണ്. നീ പഠിപ്പിച്ച അറിവല്ലാതെ ഞങ്ങൾക്ക് ഒരറിവുമില്ല. നീ എല്ലാം അറിയുന്നവനും യുക്തിജ്ഞനുമാകുന്നു.'' (2: 32,33)

ശേഷം അല്ലാഹു ആദമിനോട് നാമങ്ങൾ പറഞ്ഞുകൊടുക്കാൻ പറഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞുകൊടുത്തു.

ഇവിടെ സാന്ദർഭികമായി ഒരു ചോദ്യത്തിനു ഞാൻ മറുപടി പറയുകയാണ്. അല്ലാഹു എന്തുകൊണ്ട് പേരുകൾ സ്വയം പറഞ്ഞു കൊടുത്തില്ല? ആദമിനെക്കൊണ്ട് എന്തിനാണ് പറയിച്ചത്? ഇതിലടങ്ങിയിരിക്കുന്ന തത്ത്വം ഇതാണ്: അല്ലാഹു പറഞ്ഞുകൊടുത്താൽ അതിൽ എല്ലാ ഗുണങ്ങളും വരുമായിരുന്നു. നീ പറഞ്ഞുകൊടുക്ക് എന്നാണ് ആദമിനോട് പറയപ്പെട്ടത്. അതായത്, അവർ നിന്നിലേക്ക് നോക്കട്ടെ. ചുരുക്കത്തിൽ മലക്കുകളുടെ കഴിവുകൾ മനുഷ്യനേക്കാൾ പരിമിതമാണ്. എങ്കിലും അല്ലാഹുവിന്റെ കല്പനയ്ക്കും ഇച്ഛയ്ക്കും അനുസരിച്ചേ മലക്കുകൾ എന്തും ചെയ്യുകയുള്ളു. അവർക്ക് ഒരു വിധത്തിലുള്ള അനുസരണക്കേടും കാണിക്കാനാവില്ല.

**മലക്കുകൾ**

പതിനൊന്നാമത്തെ കാര്യം, മലക്കുകളിലും ആഗ്രഹങ്ങളുണ്ട്. പക്ഷേ, വളരെ പരമിതമാണെന്നു മാത്രം. കുതിര കുറച്ചൊക്കെ അനങ്ങാനും എന്നാൽ പരിധി വിട്ടു പോകാതിരിക്കാനുമായി നീളമുള്ള ഒരു കയറ് കുതിരയുടെ കഴുത്തിലിട്ട് ഒരു ആണികൊണ്ടു ബന്ധിക്കുന്നതിനോട് അതിനെ ഉപമിക്കാം. മലക്കുകളും ഒരു കേന്ദ്രത്തിനു ചുറ്റുമായിട്ടാണു ചലിച്ചു കൊണ്ടിരിക്കുന്നത്. ആ പരിധിക്കപ്പുറം പോകാനാവില്ല. ആ പരിധി ഇതാണ്:

لَّا يَعْصُونَ اللَّهَ مَآ أَمَرَهُمْ وَيَفْعَلُونَ مَا يُؤْمَرُونَ

അർഥം: "അല്ലാഹു അവരോടു കല്പിക്കുന്ന ഒരു കല്പനയും അവർ ലംഘിക്കുകയില്ല. അവരോട് ആജ്ഞാപിക്കുന്നതെന്തും അവർ പ്രവർത്തിക്കുന്നു."(66:7)

ഈ പരിധിക്കപ്പുറം പോകാൻ കഴിയില്ല. ഭൂമിയെ സംബന്ധിച്ചും മലക്കുകൾ താത്പര്യപ്പെടാറുണ്ട്. ആദമിനെ സംബന്ധിച്ച് അവർ പറയുന്നു:

أَتَجْعَلُ فِيهَا مَن يُّفْسِدُ فِيهَا وَيَسْفِكُ الدِّمَآءَ

(2:31)ആദം ലോകത്ത് കുഴപ്പങ്ങളുണ്ടാക്കുകയും രക്തം ചിന്തുകയും ചെയ്യുമ്പോൾ അതിന് എന്ത് ഏർപ്പാടുചെയ്യുമെന്നു ഞങ്ങൾക്കു പറഞ്ഞു തരിക എന്ന് അവർ അല്ലാഹുവിനോടു ചോദിച്ചിരിക്കുന്നു. തിന്മയോളം എത്താതെ, നന്മയ്ക്കപ്പുറത്ത് കടക്കാതിരിക്കുമാറ് ഒരു പരിധിവരെ അവരിൽ ആഗ്രഹമുണ്ടെന്നാണ് ഇതു വിളിച്ചോതുന്നത്. എന്നിരുന്നാലും, അവർ ചോദിച്ചുവെന്നു മാത്രമേ ഈ ആയത്തിൽ നിന്നു മനസ്സിലാകുന്നുള്ളു. ചോദിക്കൂ എന്ന് ദൈവം വെളിപാടിറക്കിയ തുകൊണ്ടു ചോദിച്ചതാകാം എന്ന് ഇവിടെ ആരെങ്കിലും പറഞ്ഞേക്കാം. ഒന്നാമതായി, അവർ അല്ലാഹു പറഞ്ഞതുകൊണ്ട് ചോദിച്ചുവെന്ന് പറയുന്നത് തന്നെ തെറ്റാണ്. എന്തെന്നാൽ, തുടർന്ന് അല്ലാഹു പറയുന്നത് '*ഇൻ കുൻതും സാദിഖീൻ*' എന്നാണ്. അതായത്, നിങ്ങൾ സത്യവാന്മാരാണെങ്കിൽ നാമങ്ങൾ പറഞ്ഞുതരുവിൻ. ദൈവകല്പനയാലല്ല അവർ ചോദിച്ചതെന്ന് ഇതിൽനിന്നു മനസ്സിലാക്കാം. മാത്രമല്ല, മലക്കുകളുടെ ആഗ്രഹങ്ങൾ വെളിപ്പെടുന്ന രീതിയിലുള്ള കാര്യങ്ങളും

നാം ഹദീസുകളിൽ വായിക്കുന്നുണ്ട്.

ഒരാൾ ഒരു ജ്ഞാനിയുടെ അടുക്കൽചെന്നു ചോദിച്ചു: 'ഞാൻ ഒരു പാടു പാപം ചെയ്തിട്ടുണ്ട്. എനിക്ക് തൗബ ചെയ്യാൻ സാധിക്കുമോ?' അദ്ദേഹം പറഞ്ഞു: 'നിന്റെ തൗബ സ്വീകരിക്കില്ല'. അയാൾ അദ്ദേ ഹത്തെ കൊന്നു. അങ്ങനെ തൗബ ചെയ്യാൻ വേണ്ടി വേറൊരാളുടെ അടുത്തേക്കു പോകാൻ പുറപ്പെട്ടു. എന്നാൽ, വഴിമദ്ധ്യേ അയാൾ മരണപ്പെടുകയുണ്ടായി. ഇയാൾ തൗബയുടെ വഴിയിൽ മരണപ്പെട്ടതി നാൽ തങ്ങൾ ഇയാളെ സ്വർഗത്തിലേക്കു കൊണ്ടുപോകുന്നതാണെന്ന് സ്വർഗത്തിന്റെ മലക്കുകൾ പറഞ്ഞു. എന്നാൽ, ഇയാൾ തൗബ ചെയ്യുന്ന തിനുമുൻപ് മരണമടഞ്ഞതിനാൽ ഇയാളെ നരകത്തിലേക്കു കൊണ്ടു പോകുമെന്നായിരുന്നു നരകത്തിന്റെ മലക്കുകളുടെ വാദം. ഇതിൽ നിന്ന് മലക്കുകൾക്ക് ഇച്ഛയുണ്ടെന്ന് തെളിയുന്നു. മാത്രമല്ല ഈ ആയത്തിൽനിന്നു നമുക്കതു മനസ്സിലാക്കാം: അല്ലാഹു പറയുന്നു:

مَا كَانَ لِيَ مِنْ عِلْمٍ بِالْمَلَإِ الْأَعْلَىٰ إِذْ يَخْتَصِمُونَ

"മലക്കുകൾ പരസ്പരം തർക്കിച്ചു കൊണ്ടിരിക്കുമ്പോൾ ആ തർ ക്കത്തിന്റെ അവസ്ഥയെന്താണെന്ന് എനിക്കെന്തറിയാം."(38:70)

അവർ പരസ്പരം തർക്കിക്കാറുണ്ടെന്നും ഇതിൽനിന്നു ഗ്രഹിക്കാം. അവരിൽ ആഗ്രഹമുണ്ട്; പക്ഷേ വളരെ പരമിതമാണത്.

മലക്കുകളെ സംബന്ധിച്ച് പന്ത്രണ്ടാമത്തെ കാര്യം അവർക്ക് അദൃ ശ്യകാര്യങ്ങളറിയില്ല എന്നതാണ്. കാരണം, അല്ലാഹു വിശുദ്ധ ഖുർ ആനിൽ പറയുന്നു:

وَيَوْمَ يَحْشُرُهُمْ جَمِيعًا ثُمَّ يَقُولُ لِلْمَلَائِكَةِ أَهَٰؤُلَاءِ إِيَّاكُمْ كَانُوا يَعْبُدُونَ ۔
قَالُوا سُبْحَانَكَ أَنْتَ وَلِيُّنَا مِنْ دُونِهِمْ ۖ بَلْ كَانُوا يَعْبُدُونَ الْجِنَّ ۖ أَكْثَرُهُمْ بِهِمْ مُؤْمِنُونَ

അർഥം: "അവരെല്ലാവരെയും അവൻ ഒരുമിച്ചു കൂട്ടുന്ന നാളിനെ ഓർക്കുക. പിന്നെ അവൻ മലക്കുകളോടു പറയും: ഇവരാണോ നിന്നെ ആരാധിച്ചു കൊണ്ടിരുന്നത്? അവർ(മലക്കുകൾ) പറയും: ഞങ്ങൾ നിന്റെ പരിശുദ്ധിയെ വാഴ്ത്തുന്നു. നീയാണ് അവർക്കെതി രിൽ ഞങ്ങളുടെ രക്ഷാധികാരി. പക്ഷേ, അവർ ജിന്നുകളെയാണ്

> ആരാധിച്ചുകൊണ്ടിരുന്നത്. അക്കൂട്ടരിൽ അധികമാളുകളും അവരിൽ(ജിന്നുകളിൽ വിശ്വസിക്കുന്നവരാണ്."(34:41,42)

മലക്കുകൾ അദൃശ്യജ്ഞാനങ്ങളറിയില്ലെന്നാണ് ഈ ആയത്തിൽ നിന്നു മനസ്സിലാകുന്നത്. എന്തെന്നാൽ, അദൃശ്യകാര്യങ്ങൾ അവർ അറിഞ്ഞിരുന്നെങ്കിൽ ആരാധനയെ സംബന്ധിച്ച അറിവില്ലായ്മ അവർ പ്രകടിപ്പിക്കുമായിരുന്നില്ല. അല്ലാഹു വെറുതേ ചോദിച്ചതാണെന്നു പറയാനാവില്ലല്ലോ. കാരണം, ചില ഘട്ടങ്ങളിൽ അകാരണമായ ചോദ്യം പോലും കളവായിത്തീരുന്നതാണ്. അല്ലാഹുവിന്റെ സത്തയാകട്ടെ, പരിശുദ്ധമാണ്. രണ്ടാമതായി, ചിലയാളുകൾ മലക്കുകളെ ആരാധിക്കാം എന്ന വിശ്വാസക്കാരായിരുന്നു എന്നാണ് മുൻഗ്രന്ഥങ്ങളിൽനിന്നു മനസ്സിലാകുന്നത്. ആയതിനാൽ, അജ്ഞതകാരണത്താൽ തങ്ങളെ ചില ആളുകൾ ആരാധിച്ചിരുന്നതിനെ ചില മലക്കുകൾ നിഷേധിക്കുമെന്നാണ് അറിയാൻ സാധിക്കുന്നത്. മലക്കുകൾ അദൃശ്യകാര്യങ്ങൾ അറിയുകയില്ലെന്നു വ്യക്തമായിതന്നെ ചില ഹദീസുകളിൽനിന്നു തെളിയുന്നുണ്ട്. നബി(സ) അരുൾ ചെയ്യുന്നു: "ഒരാൾ വിശ്വാസിയെന്നു പറയപ്പെടുന്നു, വിശ്വാസികളുടെ കർമം ചെയ്യുന്നു. അയാളുടെ കർമങ്ങൾ എഴുതുന്ന മലക്ക് അയാളുടെ കർമങ്ങളെ ദൈവസമക്ഷം സമർപ്പിക്കുന്നു. ഉദാഹരണമായി, അയാൾ നമസ്കരിക്കുന്ന ആളാണ്. ആ കർമം അവന്റെ സമക്ഷം സമർപ്പിക്കുമ്പോൾ 'ഇതു കൊണ്ടുപോയി അയാളുടെ മുഖത്ത് വലിച്ചെറിയൂ, ഇയാളുടെ ഈ നമസ്കാരം എനിക്കുവേണ്ടിയായിരുന്നില്ല' എന്ന് ആകാശത്തുനിന്നു വിളിച്ചു പറയുന്നതാണ്.'' മലക്കുകൾ അദൃശ്യകാര്യങ്ങൾ അറിയില്ലെന്നാണ് ഇതിൽ നിന്നു വ്യക്തമാകുന്നത്. അറിഞ്ഞിരുന്നെങ്കിൽ അസ്വീകാര്യമായ നമസ്കാരം അവർ എന്തിനു ദൈവസമക്ഷം കൊണ്ടുപോകണം?

പതിമൂന്നാമത്തെ കാര്യം, ഓരോ കാര്യത്തിനും വെവ്വേറെ മലക്കുകളാണ്. ഹ: ആയിശ(റ) നബി(സ) തിരിമേനിയോടു ചോദിച്ചതായി ഹദീസിൽ വന്നിരിക്കുന്നു: 'അല്ലാഹുവിന്റെ റസൂലേ, ഉഹ്ദ് ദിവസം ഉണ്ടായ പ്രയാസത്തേക്കാൾ കഠിനതരമായത് അങ്ങേയ്ക്ക് ഉണ്ടായിട്ടുണ്ടോ?' തിരുമേനി പറഞ്ഞു: 'ഉണ്ട്, അഖ്ബാ ദിവസം. മക്കക്കാരുടെ നിഷേധംകാരണം ഞാൻ അബ്ദ്യാലീലിന്റെ[1] സമുദായത്തിലേക്കു

1.ഇദ്ദേഹത്തിന്റെ പൂർണനാമം അബ്ദ്യാലീൽ ബ്നു അംറ് ബ്നു ഉമൈർ എന്നാണ്. ത്വായിഫിലെ പ്രമാണിയായിരുന്ന ഇദ്ദേഹം ബനൂസഖീഫ് ഗോത്രക്കാരനായിരുന്നു. (സീറത്ത് ഇബ്നു ഹിശാം വാള്യം.2 പേ.60)

ശ്രദ്ധതിരിച്ചു. എന്നാൽ, അവരതിനെ ഗൗരവത്തിലെടുക്കാതെ എന്റെ സന്ദേശത്തെ നിരസിക്കുകയായിരുന്നു. അപ്പോൾ ഞാൻ അങ്ങേയറ്റം ദു:ഖിതനായികൊണ്ട് പ്രത്യേകമായ ഒരു സ്ഥലവും മനസ്സിലുറപ്പിക്കാതെ വെറുതെ എങ്ങോട്ടോ പുറപ്പെടാൻ ഒരുങ്ങി. വഴിയിൽ ഞാൻ ഒരു മേഘം കണ്ടു. അതിൽ ജിബ്‌രീലിനെ കാണാൻ സാധിച്ചു. ജിബ്രീൽ പറഞ്ഞു: 'നിന്റെ സമൂഹം പറഞ്ഞതു കേൾക്കുകയും അവരുടെ നിഷേധം കാണുകയും ചെയ്ത അല്ലാഹു, താങ്കൾ എന്തു കല്പനയാണോ നല്കുന്നത് അതു ചെയ്യാൻ പർവതങ്ങളുടെ മലക്കിന് ആജ്ഞ നല്കിയിരിക്കുകയാണ്.' അപ്പോൾ പർവതങ്ങളുടെ മലക്ക് എനിക്കു സലാം ചെയ്തു കൊണ്ട് പറഞ്ഞു: 'അഖ്ഷബീൻ കുന്നിനെ(മക്കയ്ക്ക് ചുറ്റുമുള്ള രണ്ടു കുന്നുകൾ) അവരുടെമേൽ കൊണ്ടിട്ട് നിരത്താൻ അങ്ങ് ആഗ്രഹിക്കുന്നുണ്ടോ?'അതായത് ഭൂകമ്പമുണ്ടാക്കി അവരെ നശിപ്പിക്കട്ടെ എന്ന്. ഞാൻ പറഞ്ഞു: വേണ്ട. അവരുടെ സന്തതികളിൽനിന്ന് ഏകദൈവത്തെ ആരാധിക്കുന്നവർ ജനിക്കുമെന്നാണെന്റെ പ്രതീക്ഷ.

( البداية والنهاية جلد ٣ ص ١٣٥ تا ص ١٣٧ مطبوعه بيروت ١٩٦٦)

ഈ ഹദീസിൽനിന്നു മനസ്സിലാകുന്നത് ദൈവം നബി(സ)തിരുമേനിയെ സഹായിക്കാൻ പർവതത്തിന്റെ മലക്കിന് കല്പന നല്കിയിരിക്കുന്നു വെന്നകാര്യം ജിബ്‌രീൽ നബി(സ)യോടു പറഞ്ഞുവെന്നാണ്. താൻ സഹായത്തിനു വന്നതാണെന്നു പറഞ്ഞില്ല. പർവതത്തിന്റെ മലക്ക് വേറെയാണെന്നാണ് ഇതു വ്യക്തമാക്കുന്നത്. വ്യത്യസ്ത സംഗതികൾക്കു വേവ്വേറെ മലക്കുകളെയാണു നിശ്ചയിച്ചിരിക്കുന്നത്.

പതിനാലാമത്തെ കാര്യം, വിവിധ ദൈവികഗുണങ്ങളുടെ പ്രതീകങ്ങളാണ് മലക്കുകൾ. ചിലർ ഏതെങ്കിലുമൊരു ശക്തിയുടെ അല്ലെങ്കിൽ ഒന്നിൽകൂടുതൽ ശക്തിയുടെ പ്രതീകങ്ങളായിരിക്കും. അല്ലാഹു പറയുന്നു:

اَلْحَمْدُ لِلّٰهِ فَاطِرِ السَّمٰوٰتِ وَالْاَرْضِ جَاعِلِ الْمَلٰٓئِكَةِ رُسُلًا اُولِيْٓ اَجْنِحَةٍ مَّثْنٰى وَثُلٰثَ وَرُبٰعَ ۭ يَزِيْدُ فِي الْخَلْقِ مَا يَشَاۗءُ ۭ اِنَّ اللّٰهَ عَلٰي كُلِّ شَيْءٍ قَدِيْرٌ ۝۲

അർഥം: "സർവസ്തുതിയും ആകാശങ്ങളെയും ഭൂമിയെയും ഇല്ലായ്മയിൽനിന്നു സൃഷ്ടിച്ചവനും മലക്കുകളെ ദൂതന്മാരായി

അയക്കുകയും ചെയ്തവനത്രേ. അവരിൽ ചിലർ രണ്ടും മൂന്നും നാലും ഗുണങ്ങളുടെ പ്രതീകങ്ങളാണ്. അല്ലാഹു അവരിൽ താനിഷ്ടപ്പെടുന്നത്ര വർദ്ധിപ്പിക്കുകയും ചെയ്യുന്നു. അല്ലാഹു എല്ലാ കാര്യങ്ങൾക്കും കഴിവുള്ളവനാകുന്നു."(35:2)

ഈ ആയത്തിൽനിന്നു മനസ്സിലാകുന്നത് വിവിധ മലക്കുകൾ വിവിധ ദൈവികഗുണങ്ങളുടെ പ്രതീകങ്ങളാണെന്നാണ്. ചിലതു കുറച്ചു ദൈവിക ഗുണങ്ങളുടെയും മറ്റു ചിലതു കൂടുതൽ ദൈവികഗുണങ്ങളുടെയും പ്രതീകങ്ങളായിരിക്കും. കാലാനുസൃതമായ കഴിവുകളോടുകൂടിയ മലക്കുകളെയാണ് അയക്കുക എന്നും ഇതിൽനിന്നു തെളിയുന്നുണ്ട്. ജനങ്ങളുടെ കഴിവും പ്രാപ്തിയുമനുസരിച്ച് അതേ കഴിവും പ്രാപ്തിയുമുള്ള മലക്കുകളെയാണ് അയക്കുക. ലോകം അതിന്റെ പൂർണതയിൽ എത്തിയപ്പോൾ അല്ലാഹു ജിബ്രീലിനെ പൂർണരൂപത്തിൽ അയച്ചു. ഇതു സംബന്ധമായി നബി(സ)പറഞ്ഞത്, പരിപൂർണ ഗ്രന്ഥം കൊണ്ടുവന്ന ജിബ്രീലിന് അറുന്നൂറു ചിറകുകളുണ്ടായിരുന്നുവെന്നാണ്.

(بخاری کتاب التفسیر۔سورۃ النجم باب قولہ فاوحٰی الٰی عبدہ ما اوحٰی)

ഇതിൽനിന്നും ജിബ്രീൽ 600 ദൈവികഗുണങ്ങളുടെ പ്രതീകമാണെന്നു മനസ്സിലാക്കാം. അല്ലാഹുവിന് അത്രയൊന്നും ഗുണങ്ങളില്ലല്ലോ, പിന്നെങ്ങനെയാണു 600 ഗുണങ്ങളുടെ പ്രതീകമാവുക എന്ന ചോദ്യം ശരിയല്ല. എണ്ണമറ്റ ഗുണങ്ങളുണ്ട് അല്ലാഹുവിന്. 600 എന്നതു മനുഷ്യനുമായിമാത്രം ബന്ധപ്പെട്ടു കിടക്കുന്ന ഗുണങ്ങളാണ്. ഹദ്റത്ത് മസീഹ്മൗഊദ്(അ) ഗഹനമായ ഒരു സംഗതി എഴുതിയിട്ടുണ്ട്. ജിബ്രീലിനെക്കാൾ കൂടുതൽ ഖുർആനികജ്ഞാനം നബി(സ)തിരുമേനിക്ക് ഉണ്ടായിരുന്നു എന്നതാണത്. ഈ സംഗതി തീർത്തും ശരിയാണ്. കാരണമെന്തെന്നാൽ, നബി(സ)തിരുമേനിയുടെ മറ്റു ഗുണങ്ങളെ പിന്തുണയ്ക്കുന്ന വേറെയും മലക്കുകൾ ഉണ്ടായിരുന്നു. അപ്പോൾ മലക്കുകൾ വിവിധ ഗുണങ്ങളുടെ പ്രതീകങ്ങളാണെന്നു തെളിഞ്ഞു. 'അജ്നിഹ' എന്നതുകൊണ്ടർഥമാക്കുന്നതു ചിറകുകളല്ല, അവരിൽ കാണപ്പെടുന്ന ഗുണങ്ങളാണ്.

മലക്കുകളെപ്പറ്റി അവർ എങ്ങനെയുള്ള സൃഷ്ടികളാണെന്നു നമുക്കു നിഗമനം ചെയ്യാൻ സാധിക്കുന്ന സംഗതികളാണിവ. ഈ വിവരണത്തിൽനിന്നും ചിലർക്ക് ''മലക്ക്''എന്ന പദത്തിനൊപ്പം അവരുടെ ചില ഗുണങ്ങളും അറിയാൻ സാധിച്ചിരിക്കുമല്ലോ. ഇനി ഞാൻ

അവരുടെ ധർമങ്ങൾ പറഞ്ഞു തരാം.

## മലക്കുകളുടെ ധർമം

മലക്കുകളുടെ ഒരു മഹത്തായ പ്രവൃത്തി ദൈവവചനങ്ങൾ കൊണ്ടു വരലാണ്. അല്ലാഹു പറയുന്നു:

اَللّٰهُ يَصْطَفِىْ مِنَ الْمَلٰٓئِكَةِ رُسُلًا وَّمِنَ النَّاسِ ۗ اِنَّ اللّٰهَ سَمِيْعٌۢ بَصِيْرٌ

"അല്ലാഹു മലക്കുകളിൽനിന്നും മനുഷ്യരിൽനിന്നും ദൂതന്മാരെ തിരഞ്ഞെടുക്കുന്നു."(22:76)

മലക്കുകളുടെ ഒരു ധർമം ദൈവവചനങ്ങൾ എത്തിക്കുക എന്നതാണെന്ന് ഇതിൽനിന്നു മനസ്സിലാക്കാമല്ലോ.

മലക്കുകളുടെ രണ്ടാമത്തെ ധർമം, ജീവനെ പിടിക്കലാണ്. അല്ലാഹു പറയുന്നു:

قُلْ يَتَوَفّٰىكُمْ مَّلَكُ الْمَوْتِ الَّذِىْ وُكِّلَ بِكُمْ ثُمَّ اِلٰى رَبِّكُمْ تُرْجَعُوْنَ

"മരിപ്പിക്കാൻ ചുമതലപ്പെടുത്തിയ മരണത്തിന്റെ മലക്ക് നിങ്ങളുടെ ആത്മാവിനെ പിടിക്കുന്നു. പിന്നീട് നിങ്ങൾ നിങ്ങളുടെ നാഥനിലേക്കു മടക്കപ്പെടുന്നതാണ്."(32:12)

മലക്കുകളുടെ മൂന്നാമത്തെ ധർമം പ്രവാചകന്മാരെ എതിർക്കുന്ന ദുർജനങ്ങൾക്കു ശിക്ഷ നല്കുക എന്നതാണ്. ആ മലക്കുകൾ ദുർജനങ്ങളെ കാണുമ്പോൾ ദുർജനങ്ങൾ കരിഞ്ഞുപോകുമാറ് ഒരു കാന്തിക ശക്തി അവരിൽ സംജാതമാക്കുന്നു. പ്രെട്രോളിനടുത്ത് തീ കത്തിച്ചാൽ അതിനും തീ പിടിക്കുന്നതുപോലെ. ദുർജനങ്ങൾ പെട്രോൾ പോലെയും മലക്കുകൾ തീപോലെയുമാണ്. അവരോടു ചേർന്നാൽ ദുർജനങ്ങൾ കത്തിയെരിയും. അവർ ഇവരുടെ അടുത്തുവന്നാൽ അവരെ നശിപ്പിച്ചുകളയുകയും ചെയ്യുന്നു. അല്ലാഹു പറയുന്നു:

هَلْ يَنْظُرُوْنَ اِلَّآ اَنْ تَاْتِيَهُمُ الْمَلٰٓئِكَةُ اَوْ يَاْتِىَ رَبُّكَ اَوْ يَاْتِىَ بَعْضُ اٰيٰتِ رَبِّكَ ۗ يَوْمَ يَاْتِىْ بَعْضُ اٰيٰتِ رَبِّكَ لَا يَنْفَعُ نَفْسًا اِيْمَانُهَا لَمْ تَكُنْ اٰمَنَتْ مِنْ قَبْلُ اَوْ كَسَبَتْ فِىْٓ اِيْمَانِهَا خَيْرًا ۗ قُلِ انْتَظِرُوْٓا اِنَّا مُنْتَظِرُوْنَ

(6:159)'മലക്കുകൾ വരുന്നത് ഇവർ കാത്തിരിക്കുകയാണോ? മലക്കുകൾ വന്നാൽ ആ വരവോടുകൂടി ഇവർ നശിപ്പിക്കപ്പെടും. അവർ ഇവർക്കായി തീപ്പൊരിയും ഇവർ അവരുടെ മുൻപാകെ വെടിമരുന്നുമാണ്.'

മലക്കുകളുടെ നാലാമത്തെ ധർമം വിശ്വാസികളെ സഹായിക്കുക എന്നതാണ്. അവിശ്വാസികൾക്ക് അവർ തീപ്പൊരികളാണ്. അവർ അടുത്തുവന്നാൽ കത്തിയെരിയും. പക്ഷേ, വിശ്വാസികൾക്ക് അവരിൽ നിന്ന് സഹായം ലഭിക്കുന്നു. അവർ സഹായിക്കുകയും ചെയ്യുന്നു. അല്ലാഹു പറയുന്നു:

اِنَّ الَّذِيْنَ قَالُوْا رَبُّنَا اللّٰهُ ثُمَّ اسْتَقَامُوْا تَتَنَزَّلُ عَلَيْهِمُ الْمَلٰٓئِكَةُ اَلَّا تَخَافُوْا وَلَا تَحْزَنُوْا وَاَبْشِرُوْا بِالْجَنَّةِ الَّتِيْ كُنْتُمْ تُوْعَدُوْنَ ـ نَحْنُ اَوْلِيٰٓؤُكُمْ فِى الْحَيٰوةِ الدُّنْيَا وَفِى الْاٰخِرَةِ ۚ وَلَكُمْ فِيْهَا مَا تَشْتَهِيْٓ اَنْفُسُكُمْ وَلَكُمْ فِيْهَا مَا تَدَّعُوْنَ

"നമ്മുടെ നാഥൻ അല്ലാഹുവാണെന്നു പറയുകയും അതിൽ സ്ഥിരചിത്തത കാണിക്കുകയും ചെയ്യുന്നവരെ ഒന്നിനും പിന്തിരിപ്പിക്കാനാവില്ല. അവരിൽ മലക്കുകൾ ഇറങ്ങിക്കൊണ്ടു പറയും: നിങ്ങൾക്കു സ്വർഗത്തിന്റെ സുവാർത്ത അറിയിക്കുന്നു. നിങ്ങൾ ഭയപ്പെടേണ്ടതില്ല. ഞങ്ങൾ ഇഹലോകത്തും പരലോകത്തും നിങ്ങളുടെ സഹായികളാണ്. സ്വർഗത്തിൽ നിങ്ങളാഗ്രഹിക്കുന്നതെന്തും നിങ്ങൾക്കു ലഭിക്കും." (41:31,32)

ചില മലക്കുകളുടെ ധർമം വിശ്വാസികളെ സഹായിക്കലാണെന്ന് ഇതിൽനിന്നു വ്യക്തമാകുന്നു.

മലക്കുകളുടെ അഞ്ചാമത്തെ ധർമം, മലക്കുകൾ ദൃശ്യമായാൽ അവർ നിഷേധികളെയും ബഹുദൈവാരധകരെയും നശിപ്പിക്കുന്നു എന്നതാണ്. മനുഷ്യനോടൊപ്പമുള്ള ഓരോ മലക്കും അയാളുടെ ഹൃദയത്തിൽ പ്രവാചകനോടും അദ്ദേഹത്തിന്റെ പ്രസ്ഥാന ത്തോടുമുള്ള പ്രഭാവം ഇട്ടു കൊണ്ടിരിക്കുകയെന്ന ഒരു ധർമവും അവർക്കുണ്ട്. അല്ലാഹു പറയുന്നു:

اِذْ تَقُوْلُ لِلْمُؤْمِنِيْنَ اَلَنْ يَّكْفِيَكُمْ اَنْ يُّمِدَّكُمْ رَبُّكُمْ بِثَلٰثَةِ اٰلٰفٍ مِّنَ الْمَلٰٓئِكَةِ مُنْزَلِيْنَ

"മൂവായിരം മലക്കുകൾ നിങ്ങളുടെ സാഹായത്തിനായി വരുന്നത് നിങ്ങൾക്കു മതിയായതല്ലേ?"(3:125)

ഇവിടെ മൂവായിരം എന്നു പറഞ്ഞത് എന്തുകൊണ്ടാണെന്ന് അറിയുമോ? അന്നു ശത്രുസൈന്യത്തിന്റെ എണ്ണം മൂവായിരമായിരുന്നു. ഇതിൽനിന്നും ഇവർ ഉയർന്ന നിലവാരത്തിലുള്ള മലക്കുകളായിരുന്നില്ല, മറിച്ച്, ഓരോ മനുഷ്യനോടൊപ്പം നിശ്ചയിക്കപ്പെട്ട മലക്കാണ് അവരെന്ന് മനസ്സിലാകുന്നു. കാരണം, മൂവായിരം മലക്കുകളുടെ സഹായം നിങ്ങൾക്കു മതിയായതല്ലേ എന്നാണ് ഇവിടെ ചോദിച്ചിരിക്കുന്നത്. അതായത്, നിങ്ങൾ ശത്രുവിനെ നേരിടാൻ പോകുമ്പോൾ അവൻ നിങ്ങളുടെ പ്രഭാവം ഓരോരുത്തരുടെ മനസ്സിലും ഇടാൻ തുടങ്ങുന്നു. അതിനു ശേഷം പറയുന്നു:

سَنُلْقِيْ فِيْ قُلُوْبِ الَّذِيْنَ كَفَرُوا الرُّعْبَ

"നിഷേധികളുടെ മനസ്സിൽ ഭയം ഇട്ടു."(3:152).

ആയതിനാൽ, ഓരോ മനുഷ്യനോടൊപ്പവും നിശ്ചയിക്കപ്പെട്ടിട്ടുള്ള മലക്ക് പ്രവാചകന്റെയും അദ്ദേഹത്തിന്റെ പ്രസ്ഥാനത്തിന്റെയും പ്രഭാവം ഇട്ടുകൊണ്ടിരിക്കുന്നു. പ്രഭാവത്തിനുള്ള ഉദാഹരണങ്ങൾ ഇക്കാലഘട്ടത്തിലും ലഭ്യമാണ്. വാഗ്ദത്ത മസീഹ് (അ) തന്റെ എതിരാളികളെ മുബാഹലയ്ക്കുവേണ്ടി ക്ഷണിച്ചിരുന്നു. പക്ഷേ, ആർക്കും മുന്നോട്ടു വരാൻ ധൈര്യമുണ്ടായില്ല. അതിനുകാരണം, അവർ മുന്നോട്ടുവരാൻ വിചാരിക്കുമ്പോൾ മരണപ്പെടുമെന്ന ഭയം മലക്ക് അവരുടെ ഹൃദയങ്ങളിലിട്ടിരുന്നു എന്നതാണ്. അങ്ങനെ അവർ പിന്മാറുകയായിരുന്നു.

ഒരിക്കൽ ഞാൻ ശിംലയിൽ ചെന്നപ്പോൾ ഒരു ആര്യസമാജക്കാരൻ എന്നെ കാണാൻ വന്നു. വേദങ്ങളെക്കുറിച്ചു സംസാരിച്ചു. ഞാൻ പറഞ്ഞു: വേദങ്ങൾ സത്യമാണെന്ന ദൃഢവിശ്വാസം താങ്കൾക്കുണ്ടെങ്കിൽ താങ്കൾ സത്യം ചെയ്യൂ. അദ്ദേഹം പറഞ്ഞു:'ഞാൻ സത്യം ചെയ്യാൻ തയ്യാറാണ്. ഞാൻ പറഞ്ഞു:'ഞാൻ സത്യവാനല്ലെങ്കിൽ എന്റെ ഭാര്യയുടെയും കുട്ടിയുടെയുംമേൽ ശിക്ഷയിറങ്ങട്ടെ എന്ന് സത്യം ചെയ്യണം.' അദ്ദേഹം

പറഞ്ഞു:'അത് പറ്റില്ല. അങ്ങനെ പറയാൻ മനസ്സു ഭയപ്പെടുന്നു.' ഞാൻ പറഞ്ഞു: 'ഖുർആനെ സംബന്ധിച്ച് ഈ രീതിയിൽ സത്യം ചെയ്യാൻ ഞാൻ ഒരുക്കമാണ്.' അദ്ദേഹം പറഞ്ഞു: 'അപാര ധൈര്യമാണ് താങ്കളുടേത്.' ഞാൻ പറഞ്ഞു: 'വിശുദ്ധഖുർആൻ സത്യമാണെന്നും ദൈവവചനമാണെന്നും ദൃഢവിശ്വാസമുള്ളപ്പോൾ ധൈര്യം എങ്ങനെ ഇല്ലാതിരിക്കും?' വാസ്തവത്തിൽ അത്തരം ആളുകളുടെ ഹൃദ യങ്ങളിൽ മലക്കുകൾ ഭയമുളവാക്കുകയാണ് ചെയ്യുന്നത്. ഇക്കാ ലഘട്ടത്തിലും അതിനുള്ള ഉദാഹരണങ്ങൾ കാണാം. മുബാഹല നടത്താൻ പലവട്ടം വെല്ലുവിളിച്ചു. പക്ഷേ, ആർക്കും മുൻപോട്ടുവ രാൻ കഴിഞ്ഞില്ല. ഈയിടെ ഹസൻ നിസാമി എന്നു പേരുള്ള സൂഫി സവാദി ഇറങ്ങിയിരിക്കുകയാണ്. ഒരു മണിക്കുറുകൊണ്ടു താൻ മരിപ്പിച്ചുതരാം എന്നയാൾ എഴുതിയിരിക്കുന്നു. ഒടുവിൽ അയാൾ എത്രമാത്രം നിന്ദ്യനായെന്നാൽ ഇപ്പോൾ പൂർണമൗനത്തിലാണ്. ഇനി ദേവ്ബന്തികളെ നോക്കൂ, എത്രമാത്രം വിജ്ഞാപനങ്ങളാണ് അവർ എഴുതി പ്രസിദ്ധീകരിച്ചത്. പല മാസങ്ങളായി നാം പ്രസി ദ്ധീകരിച്ചിട്ടുള്ള വിജ്ഞാപനങ്ങൾക്ക് അവർ മറുപടി തരുന്നേയില്ല. മുബാഹലയെക്കുറിച്ചു ചിന്തിക്കുമ്പോൾ അവരുടെ മാനസ്സിലാകെ ഭീതി പടരുന്നു.

ഹദീസിൽ വന്നിരിക്കുന്നു. ഒരിക്കൽ ഒരു വ്യക്തി നബി തിരുമേ നി(സ)യുടെ അടുക്കൽ വന്നു പറഞ്ഞു: "അബൂജഹൽ എന്നോട് അക്രമം ചെയ്തിരിക്കുന്നു. എനിക്കു നീതി ലഭിക്കാൻ എന്നെ സഹാ യിച്ചാലും. അയാൾ എനിക്കു കുറച്ചു രൂപ തരാനുണ്ട്. ഇതുവരെ തന്നിട്ടില്ല.'' നബി(സ) അയാളെയും കൂട്ടി അബൂജഹലിന്റെ അടുത്തു ചെന്നു ചോദിച്ചു: "നിങ്ങൾ ഇയാൾക്കു പണം കൊടുക്കാനുണ്ടോ?'' അബൂജഹൽ പറഞ്ഞു: "അതേ, കൊടുക്കാനുണ്ട്''.

"എന്നാൽ അത് ഇയാൾക്കു കൊടുക്കുക''.തിരുമേനി(സ) പറഞ്ഞു. ഉടനെത്തന്നെ അബൂജഹൽ അതെടുത്തു കൊടുത്തു. നിങ്ങൾ എന്താണു ചെയ്തതെന്നു പറഞ്ഞ് ജനങ്ങൾ അബൂജഹലിനെ ഒരു പാടു പരിഹസിച്ചു. "മുസലീംകളുടെ സമ്പത്ത് കൊള്ളയടിക്കുന്നത് അനുവദനീയമാണെന്നല്ലേ നിങ്ങൾ പറയാറുണ്ടായിരുന്നത്? പിന്നെ എന്തുകൊണ്ടാണ് നിങ്ങൾ ആ പണം അയാൾക്ക് കൊടുത്തത്?''

അബൂജഹൽ പറഞ്ഞു: "നിങ്ങൾക്കെന്തറിയാം. ആ സമയത്ത് എന്റെ മുൻപാകെ ഭ്രാന്തുപിടിച്ച രണ്ടു ഒട്ടകങ്ങൾ നില്ക്കുന്നതായാണ് ഞാൻ

കണ്ടത്. ഞാൻ പണം നല്കാൻ കുറച്ചെങ്കിലും വിസമ്മതിച്ചിരുന്നുവെങ്കിൽ അവയെന്നെ പിച്ചിച്ചീന്തിയേനെ.'' വാസ്തവത്തിൽ മലക്കുകൾ ഹൃദയത്തിലിട്ട ഭയമായിരുന്നു അത്.

(السيرة النبوية لابن هشام جلد١ صفحه ٢٥٨،٢٥٩ ناشر مكتبة توفيقية الازهر)

ചുരുക്കത്തിൽ, ഹൃദയത്തിൽ ഭയമുളവാക്കുക എന്നതും മലക്കുകളുടെ ജോലിയാണ്.

മലക്കുകളുടെ ആറാമത്തെ ധർമം ദൈവത്തിന്റെ ഏകത്വത്തെ സ്ഥാപിക്കുക എന്നതാണ്. എല്ലാ പ്രവൃത്തികളും മലക്കുകൾ തന്നെയാണു ചെയ്യുന്നതെങ്കിലും ഓരോ മലക്കിന്റെയും സവിശേഷമായ പ്രവൃത്തിയാണിത്. അല്ലാഹു പറയുന്നു:

شَهِدَ اللّٰهُ اَنَّهٗ لَآ اِلٰهَ اِلَّا هُوَ ۙ وَالْمَلٰٓئِكَةُ وَاُولُوا الْعِلْمِ قَآئِمًا بِالْقِسْطِ

അതായത് അല്ലാഹു തന്റെ ഏകത്വത്തിന് സാക്ഷ്യം വഹിക്കുന്നു. മലക്കുകളും സാക്ഷ്യം വഹിക്കുന്നു. (3:19)

മലക്കുകൾ തൗഹീദ് സ്ഥാപിക്കുന്നതിനുള്ള ഏർപ്പാടു ചെയ്തുകൊടുക്കുന്നു.

ഏഴാമത്തെ ധർമം പ്രവാചകന്മാരുടെ സത്യത വെളിപ്പെടുത്തുക എന്നതാണ്. ജനങ്ങൾ നബിമാരെ കള്ളവാദികളെന്ന് പറയുന്നു. എന്നാൽ മലക്കുകൾ അവരുടെ ഹൃദയങ്ങളിൽ അവർ കള്ളപ്രവാചകന്മാരല്ലെന്ന ചിന്ത ഇട്ടുകൊടുക്കുന്നു.അല്ലാഹു പറയുന്നു:

لٰكِنِ اللّٰهُ يَشْهَدُ بِمَآ اَنْزَلَ اِلَيْكَ اَنْزَلَهٗ بِعِلْمِهٖ ۚ وَالْمَلٰٓئِكَةُ يَشْهَدُوْنَ ۗ وَكَفٰى بِاللّٰهِ شَهِيْدًا

അതായത്, നിന്നിൽ ഇറക്കപ്പെട്ടതെല്ലാം നമ്മുടെ ഭാഗത്തു നിന്നാണെന്നതിന് അല്ലാഹു സാക്ഷിയാണ്. മലക്കുകളും സാക്ഷികളാണ്. (4:167)

മലക്കുകൾ പലവിധത്തിലാണ് സാക്ഷ്യം പറയുന്നത്. ഉദാഹരണത്തിന്, സ്വപ്നത്തിൽ നബിമാരുടെ സത്യത വെളിപ്പെടുത്തിക്കൊടുക്കുന്നു.

പ്രവാചകന്റെ ശത്രുവായ ഒരു വ്യക്തി അദ്ദേഹത്തെ കള്ളനാണെന്നു കരുതുന്നു. എന്നാൽ മലക്കുകൾ സ്വപ്നത്തിലൂടെ അയാളുടെ ഹൃദയത്തിൽ പലകാര്യങ്ങളും ഇട്ടുകൊടുക്കുന്നതിന്റെ ഫലമായി അയാൾ വിശ്വസിക്കുന്നു. വാസ്തവത്തിൽ ഇന്ന വ്യക്തിയുടെ ഹൃദയത്തിൽ നന്മവരുന്നതെന്നാണെന്നു തക്കം നോക്കി നില്ക്കുകയാണ് മലക്ക്. ഓരോ മനുഷ്യനും അത്തരം സമയം വരാറുണ്ട്. അതു അബൂജഹലോ ഫിർഔനോ ആയാലും ശരി. നന്മ വരാനുള്ള സമയമാകുമ്പോൾ മലക്ക് അതിനെ ഉപയോഗപ്പെടുത്തുകയും നബിയുടെ സത്യത ഹൃദയത്തിലിടുകയും ചെയ്യുന്നു. അതിനെ പ്രയോജനപ്പെടുത്തുകയെന്നത് പിന്നെയങ്ങോട്ട് മനുഷ്യന്റെ ജോലിയാണ്. ചുരുക്കത്തിൽ, ജനഹൃദയങ്ങളിൽ പ്രവാചകന്മാരുടെ സത്യത സൃഷ്ടിച്ചുകൊണ്ടിരിക്കുക എന്നതാണ് മലക്കുകളുടെ ഒരു പ്രവൃത്തി.

മലക്കുകളുടെ എട്ടാമത്തെ ധർമം ദൈവത്തെ സ്തോത്രം ചെയ്തുകൊണ്ടിരിക്കുക എന്നതാണ്.അല്ലാഹു പറയുന്നു:

وَتَرَى الْمَلَٰٓئِكَةَ حَآفِّيْنَ مِنْ حَوْلِ الْعَرْشِ يُسَبِّحُوْنَ بِحَمْدِ رَبِّهِمْ

(39:76)മലക്കുകൾ ദൈവത്തെ പ്രകീർത്തിക്കുകയും അവന്റെ പരിശുദ്ധിയെ വാഴ്ത്തുകയും ചെയ്യുന്നു എന്ന് ഇതിൽനിന്ന് മനസ്സിലാക്കാം.

മലക്കുകളുടെ ഒമ്പതാമത്തെ ധർമം, അവർ വിശ്വാസികൾക്കുവേണ്ടി പാപമോചനം തേടുന്നു എന്നതാണ്. ഇതിനായി പ്രത്യേകമായിട്ടുള്ള മലക്കുകളാണിവർ. വിശ്വാസികൾക്കുവേണ്ടി പ്രാർഥിക്കുകയും അവരിൽനിന്ന് വല്ല ന്യൂനതയുമുണ്ടായാൽ 'അല്ലാഹുവേ നീയതു മറച്ചു വെയ്ക്കേണമേ' എന്ന് അവർക്കായി പാപമോചനം തേടുകയും ചെയ്യാൻ അല്ലാഹു അവരെ ചുമതലപ്പെടുത്തിയിരിക്കുന്നു. അല്ലാഹു പറയുന്നു:

اَلَّذِيْنَ يَحْمِلُوْنَ الْعَرْشَ وَمَنْ حَوْلَهٗ يُسَبِّحُوْنَ بِحَمْدِ رَبِّهِمْ وَيُؤْمِنُوْنَ بِهٖ وَيَسْتَغْفِرُوْنَ لِلَّذِيْنَ اٰمَنُوْا ۚ رَبَّنَا وَسِعْتَ كُلَّ شَيْءٍ رَّحْمَةً وَّعِلْمًا فَاغْفِرْ لِلَّذِيْنَ تَابُوْا وَاتَّبَعُوْا سَبِيْلَكَ وَقِهِمْ عَذَابَ الْجَحِيْمِ

(40:8)ഇതിൽനിന്ന്, ചില പ്രത്യേക മലക്കുകൾ ചില പ്രത്യേക വിശ്വാ

സികൾക്കായി അല്ലാഹു അവരുടെ ന്യൂനതകൾ പൊറുത്തു കൊടുക്കുന്നതിനായി പ്രാർഥിച്ചു കൊണ്ടിരിക്കുന്നു എന്ന് ഗ്രഹിക്കാം. സാധാരണ മലക്കുകളുടെ ജോലി എല്ലാവർക്കുംവേണ്ടി പ്രാർഥിച്ചു കൊണ്ടിരിക്കലാണ്. പൊതുവിശ്വാസികൾക്കും നിഷേധികൾക്കുവേണ്ടിപോലും അവർ പ്രാർഥിക്കുന്നു. അങ്ങനെ വിശ്വാസികൾക്ക് ഇരട്ടി പ്രയോജനം ലഭിക്കുന്നു. ഒന്നാമത്തേത് പ്രത്യേക മലക്കുകളുടെ പ്രാർഥനയാണ്. രണ്ടാമത്തേതാകട്ടെ, സാധാരണമലക്കുകൾ എല്ലാവർക്കുംവേണ്ടി പ്രാർഥിക്കുമ്പോൾ അതിൽ വിശ്വാസികളും ഉൾപ്പെടുന്നു. എല്ലാവർക്കുംവേണ്ടി പ്രാർഥിക്കുന്നതിനെപ്പറ്റി അല്ലാഹു പറയുന്നു:

وَالْمَلَٰٓئِكَةُ يُسَبِّحُونَ بِحَمْدِ رَبِّهِمْ وَيَسْتَغْفِرُونَ لِمَنْ فِى الْأَرْضِ

(42:6) ദൈവകാരുണ്യത്തിന്റെ മലക്കുകൾ 'എല്ലാവർക്കും മാപ്പു കൊടുക്കണമേ' എന്ന് പ്രാർഥിച്ചു കൊണ്ടിരിക്കുന്നു. നരകത്തിൽനിന്നും ആളുകളെ ഒഴിപ്പിക്കുന്നതിനാണ് അല്ലാഹു ഈ മാർഗം വെച്ചിരിക്കുന്നതെന്നാണു ഞാൻ മനസ്സിലാക്കുന്നത്. മലക്കുകളുടെ പ്രാർഥനാ ഫലമായി അല്ലാഹു അവസാനം പറയും: 'പോകുവിൻ , നിങ്ങളെ ഞാൻ സ്വതന്ത്രരാക്കുകയാണ്.'

പത്താമത്തെ ധർമം: അവർ പ്രകൃതിനിയമങ്ങളുടെ അന്ത്യകാരണമായതിനാൽ ലോകത്തു നടക്കുന്നതെല്ലാം അവരുടെ സ്വാധീനം മുഖേനയാണ്. ഉദാഹരണമായി, മഴ പെയ്യുക, കാറ്റു വീശുക, സൂര്യകിരണങ്ങളെത്തുക, വിഷത്തിന്റെയും ഔഷധങ്ങളുടെയും പ്രഭാവം തുടങ്ങിയവ. ഇവയെല്ലാം മലക്കുകളുടെ സ്വാധീനംകൊണ്ടാണ് സംഭവിക്കുന്നത്. അവരുടെ സ്വാധീനത്തിന് വിധേയരാവാതെ പ്രവർത്തിക്കുന്ന ഒരു വസ്തുവും ഇല്ലതന്നെ. എന്നാൽ വിഷം സ്വയം വിഷമല്ലെന്നോ ഔഷധങ്ങൾ സ്വയം ഔഷധങ്ങളല്ലെന്നോ ഇതിനർഥമില്ല. വിഷം ഏതൊരു മലക്കിന്റെ കീഴിലാണോ ആ മലക്ക് അനുവാദം നല്കുന്നതുവരെ ആ വിഷത്തിനു പ്രഭാവം ചെലുത്താനാവില്ല. ഏതൊരു മലക്കിന്റെ കീഴിലാണോ ഔഷധമുള്ളത് അതിന്റെ കല്പനയില്ലാതെ ആ ഔഷധത്തിന് സ്വാധീനം ചെലുത്താനാവില്ല. ഇതുതന്നെയാണ് എല്ലാ വസ്തുക്കളുടെയും അവസ്ഥ. മഴ പെയ്യിക്കുന്നതും കൊടുങ്കാറ്റടിപ്പിക്കുന്നതും മറ്റും മലക്കുകളുടെ ചുമതലയാണെന്നാണു വിശുദ്ധ ഖുർആൻ വിവിധ സ്ഥലങ്ങളിൽ പരാമർശിച്ചിട്ടുള്ളത്. ഇതൊരു വലിയ

ശൃംഖലയാണ്. ഒരുപാട് ഉദാഹരണങ്ങൾ ഇത്തരത്തിൽ ലഭിക്കുന്നതാണ്. വളരെ വ്യക്തമായിതന്നെ ഒരുപാട് ഉദാഹരണങ്ങൾ ലഭിക്കുന്നതാണ്. അവയിൽ നിന്നും മനസ്സിലാക്കാം, പ്രകൃതി നിയമങ്ങളുടെ വിവിധ വിഭാഗങ്ങളെ പൂർത്തിയാക്കുന്നത് മലക്കുകളാണെന്ന്. വളരെ സ്പഷ്ടമായ ഉദാഹരണങ്ങളിൽനിന്നും ഇക്കാര്യം പ്രകടമാണെങ്കിലും, ഇവയിൽനിന്ന് എല്ലാ കാര്യങ്ങളും ഇതുപോലെത്തന്നെയാണെന്ന് എങ്ങനെ അനുമാനിക്കാമെന്ന് ആരെങ്കിലും ചോദിച്ചാൽ അതിനുള്ള ഉത്തരം ആ അനുമാനം *യഹ്മിലൂനൽ അർശ* എന്ന ഖുർആനിക വചനംകൊണ്ട് സാധ്യമാണ് എന്നാണ്. അതായത്, മലക്കുകളാണ് ദൈവികഗുണങ്ങളെ പ്രകടമാക്കുന്നത്.

പതിനൊന്നാമത്തെ ധർമം: അവർ ജനങ്ങളുടെ പാപമോചനത്തിനായി അർഥിച്ചു കൊണ്ടിരിക്കുക മാത്രമല്ല, മറിച്ച് ദൈവമേ നീ നിന്റെ ദാസരുടെമേൽ അനുഗ്രഹങ്ങൾ ചൊരിയേണമേ എന്നും അവർ പ്രാർഥിച്ചുകൊണ്ടിരിക്കുന്നു. പാപമോചനത്തിനായുള്ള അർഥനകൊണ്ടുദ്ദേശിക്കുന്നത് മനുഷ്യരുടെ തെറ്റുകൾ മറച്ചുവെക്കാൻ പ്രാർഥിക്കുന്നു എന്നാണ്. 'ദൈവമേ നിന്റെ കാരുണ്യവും ഇറക്കേണമേ' എന്നും അവർ പ്രാർഥിക്കുന്നുണ്ട്. അല്ലാഹു പറയുന്നു:

اِنَّ اللّٰهَ وَمَلٰٓئِكَتَهٗ يُصَلُّوْنَ عَلَى النَّبِيِّ ؕ يٰٓاَيُّهَا الَّذِيْنَ اٰمَنُوْا صَلُّوْا عَلَيْهِ وَسَلِّمُوْا تَسْلِيْمًا

(33:57)ഈ മലക്കുകൾ അല്ലാഹുവിന്റെ കാരുണ്യത്തിനു കീഴിലാണ്. ഒരുവൻ ദൈവമാർഗത്തിൽ പ്രവർത്തിക്കുമ്പോൾ അവനുമേൽ ദൈവാനുഗ്രഹം ഇറങ്ങുന്നതിനുവേണ്ടി മലക്കുകൾ പ്രാർഥിക്കുന്നു. അവർക്കു സ്വന്തമായി അനുഗ്രഹം നല്കാൻ കഴിയില്ല. അതുകൊണ്ട്, 'ഇന്ന വ്യക്തിക്ക് അനുഗ്രഹം നല്കേണമേ' എന്നവർ അല്ലാഹുവിനോടു പ്രാർഥിക്കുന്നു. നബിതിരുമേനി(സ)യുടെമേൽ അനുഗ്രഹം ചൊരിയേണമേയെന്ന് നാം അങ്ങയെപ്പറ്റി പ്രാർഥിക്കുന്നതുപോലെയാണ് അവരുടെ പ്രാർഥനയും.

പന്ത്രണ്ടാമത്തെ ധർമം: മലക്കുകളിൽ ചിലർ ആരാധനയല്ലാതെ മറ്റൊന്നും ചെയ്യുന്നില്ല. അവർ ആരാധനമാത്രം നടത്തുകയും ലോകവസാനംവരെ അങ്ങനെ ചെയ്തുകൊണ്ടേയിരിക്കുകയും ചെയ്യുന്നു. ഒരു ഹദീസിൽ വന്നിരിക്കുന്നു: 'ഏഴ് ആകാശങ്ങളിലുമായി ഒരു ചുവട് അല്ലെങ്കിൽ ഒരു മുഴം അല്ലെങ്കിൽ ഒരടി സ്ഥലം പോലും മലക്കുകൾ

നിന്നുകൊണ്ട് സുജൂദിലും റുകൂഇലുമായി ആരാധന നടത്താത്ത തായി ഉണ്ടാവില്ല. ലോകാവസാനം വരുമ്പോൾ അവർ എല്ലാവരും പറയും :'നീ പരിശുദ്ധനാണ്. അർഹമായ നിലയിൽ ഞങ്ങൾ നിന്നെ ആരാധിച്ചിട്ടില്ല. നിന്നിൽ ഞങ്ങൾ പങ്കുകാരെ കല്പിച്ചില്ലെന്നേ ഞങ്ങൾക്കു പറയാനാവൂ.'

മലക്കുകളുടെ ഈ വാക്കുകളിൽനിന്നു വിശ്വാസികൾ പാഠം ഉൾ ക്കൊള്ളേണ്ടതാണ്. ഇത്രമാത്രം ആരാധനകൾ നടത്തിയിട്ടും ഞങ്ങൾ ഒന്നും ചെയ്തില്ലെന്നാണു മലക്കുകൾ പറയുക. എന്നാൽ ചിലരുണ്ട് അല്പം മാത്രം ആരാധനകൾ നടത്തി 'ഞങ്ങൾ ഇത്രമാത്രം ആരാ ധനകൾ നടത്തിയിരിക്കുന്നുവല്ലോ' എന്നു പറയുന്നു.

പതിമൂന്നാമത്തെ ധർമം,ജനങ്ങളുടെ കർമങ്ങൾ സുരക്ഷിതമായി വെയ്ക്കുക എന്നതാണ്. അല്ലാഹു പറയുന്നു:

وَاِنَّ عَلَيْكُمْ لَحٰفِظِيْنَ - كِرَامًا كَاتِبِيْنَ - يَعْلَمُوْنَ مَا تَفْعَلُوْنَ

പറയുന്നു: നിങ്ങളുടെ മേൽ മലക്കുകളെ നിശ്ചയിച്ചിരിക്കുന്നു. നിങ്ങൾ വെളിപ്പെടുത്തുന്ന കർമങ്ങളെ എഴുതിക്കൊണ്ടിരിക്കുക എന്നതാണ് അവരുടെ ജോലി. (82:11,12013)

ഇനി കർമങ്ങളുടെ ഉദ്ദേശ്യങ്ങളെ സംബന്ധിച്ചിടത്തോളം മനഃപരി ശോധനയുടെ ജോലി ഏല്പിക്കപ്പെട്ടവർക്കേ അതറിയൂ.

പതിനാലാമത്തെ ധർമം, ദൈവത്തിന്റെ ഇഷ്ടദാസരോടുള്ള സ്നേഹം ലോകംമുഴുവൻ വ്യാപിപ്പിക്കുക എന്നതാണ്. അവരെ സ്നേഹിക്കാൻ ജനങ്ങളെ പ്രേരിപ്പിക്കുന്നു. ഒരു ഹദീസിൽ വന്നിരിക്കുന്നു:

اِذَا اَحَبَّ اللّٰهُ الْعَبْدَ نَادٰى جِبْرِيْلَ اِنَّ اللّٰهَ يُحِبُّ فُلَانًا فَاَحْبِبْهُ جِبْرِيْلُ فَيُنَادِىْ جِبْرِيْلُ فِىْ اَهْلِ السَّمَآءِ اِنَّ اللّٰهَ يُحِبُّ فُلَانًا فَاَحِبُّوْهُ فَيُحِبُّهٗ اَهْلُ السَّمَآءِ ثُمَّ يُوْضَعُ لَهُ الْقَبُوْلُ فِى الْاَرْضِ

(بخاری کتاب بدء الخلق باب ذکر الملٰئکۃ)

അതായത്, അല്ലാഹുവിന് ഏതെങ്കിലും ദാസനെ ഇഷ്ടപ്പെട്ടാൽ താൻ ഇന്ന ആളെ സ്നേ ഹിക്കുന്നുവെന്നു ജിബ്രീലിനോടു വിളിച്ചു പറയു ന്നു. അപ്പോൾ ജിബ്രീൽ അയാളെ സ്നേഹിക്കാൻ തുടങ്ങുന്നു. തുട ർന്ന് ജിബ്രീൽ ആകാശത്തിലെ എല്ലാവരോടും വിളിച്ചു പറയും:

'അല്ലാഹു ഇന്നയാളെ സ്നേഹിക്കുന്നതിനാൽ നിങ്ങളും അയാളെ സ്നേഹിക്കുക.' അങ്ങനെ ആകാശത്തുള്ള എല്ലാവരും അയാളെ സ്നേഹിക്കാൻ തുടങ്ങുന്നു. അതിനുശേഷം അയളുടെ സ്വീകാര്യത ഭൂമിയിലാകമാനം വ്യാപിപ്പിക്കുന്നു.

ഇക്കാലഘട്ടത്തിൽ ഈ ദൃശ്യം നിങ്ങൾക്കു കാണാം. ഞങ്ങളെന്തിനു നിങ്ങളെ അനുസരിക്കണമെന്നു ജനങ്ങൾ ഭരണകൂടങ്ങളോടു പറയുന്ന കാലഘട്ടമാണല്ലോ ഇത്. എന്നാൽ ഇതേ കാലഘട്ടത്തിൽ തന്നെയാണു ജനങ്ങൾ വാഗ്ദത്ത മസീഹി(അ)ന്റെ ദാസത്വത്തിൽ വന്നുചേരുന്നതും. പില്ക്കാലത്ത് വന്നുചേരുന്നവരാണെങ്കിൽ തങ്ങൾ എന്തുകൊണ്ട് ആദ്യമേ അംഗീകരിച്ചില്ല എന്ന് സങ്കടപ്പെടുന്നവരാണ്. മലക്കുകൾ തന്നെയാണ് ഈ സ്നേഹം പ്രചരിപ്പിക്കുന്നത്.

അല്ലാഹുവിന്റെ പ്രിയപ്പെട്ടവരുടെ സത്യതയ്ക്കുള്ള ഒരു സൂക്ഷ്മമായ തെളിവാണിത്. വ്യാജവാദികൾ എഴുന്നേറ്റ് വലിയ ബഹളമുണ്ടാക്കാറുണ്ട്. പക്ഷേ, അവരെക്കുറിച്ച് ആരും അന്വേഷിക്കാറില്ല. ഇക്കാലഘട്ടത്തിൽ സഹീറുദ്ദീൻ അരൂപി എന്നൊരാളുണ്ട്. അബ്ദുല്ലാഹ് തീമാപൂരിയാണ് മറ്റൊരാൾ. അവർ പലവട്ടം തങ്ങളെ സംബന്ധിച്ച് വിജ്ഞാപനങ്ങളടിച്ചു പ്രസിദ്ധീകരിക്കുകയും ചെയ്തു. പക്ഷേ, ആരും അവരിലേക്കു ശ്രദ്ധിക്കുക പോലുമുണ്ടായില്ല. അതേസമയം, നിങ്ങൾ നോക്കൂ, ഹദ്റത്ത് മസീഹ് മൗഊദി(അ)നെ സംബന്ധിച്ച് എങ്ങനെയാണ് അദ്ദേഹത്തോടുള്ള സ്നേഹം ലോകത്തു വ്യാപിക്കുകയും വ്യാപിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നത്.

പതിഞ്ചാമത്തെ ധർമം: ചിലപ്പോൾ മലക്കുകൾ അല്ലാഹുവിന്റെ ഇഷ്ടദാസരുടെ സേവനത്തിനായി നിശ്ചയിക്കപ്പെടുകയും ദൈവനിയോഗിതരുടെ സേവകരും ദാസരുമായി നിയമിക്കപ്പെടുകയും ചെയ്യുന്നു.
അല്ലാഹു പറയുന്നു:

وَإِذْ قَالَ رَبُّكَ لِلْمَلَٰٓئِكَةِ إِنِّى خَٰلِقٌۢ بَشَرًا مِّن صَلْصَٰلٍ مِّنْ حَمَإٍ مَّسْنُونٍ۔ فَإِذَا سَوَّيْتُهُۥ وَنَفَخْتُ فِيهِ مِن رُّوحِى فَقَعُوا۟ لَهُۥ سَٰجِدِينَ

അല്ലാഹു മലക്കുകളോടു പറഞ്ഞു: ഞാൻ മണ്ണിൽനിന്നു മനുഷ്യനെ സൃഷ്ടിക്കാൻ പോകുന്നു. ഞാൻ അവനെ സൃഷ്ടിച്ചു

കഴിഞ്ഞാൽ, എന്റെ വചനം അവനിൽ ഇറക്കിയാൽ. അതായത്, ഞാൻ അവനെ നബിയാക്കിയാൽ അപ്പോൾ അവനോടുള്ള സേവനത്തിൽ പ്രണമിക്കുക.(15:29,30)

എന്നു വെച്ചാൽ, നബിയുടെ സേവനത്തിനായി മലക്കുകളെ നല്കപ്പെടുന്നു. നബിമാരുടെ പദവിയിൽ താഴെയാണ് അവർ വരുന്നത്.

പതിനാറാമത്തെ ധർമം, ജനങ്ങൾക്ക് അറിവു പഠിപ്പിക്കുകയും ജ്ഞാനം പകർന്നുകൊടുക്കുകയും ചെയ്യുക എന്നതാണ്. അതായത്, വിജ്ഞാന കാര്യങ്ങളിലേക്കു ശ്രദ്ധ പതിപ്പിക്കുന്നവരുടെ മനസ്സിൽ അറിവിന്റെ വെളിച്ചം പകരാൻ അവർ നിശ്ചയിക്കപ്പെടുന്നു. ഒരു ഹദീസിൽ വന്നിരിക്കുന്നു, നബി(സ) തിരുമേനിയുടെ അടുക്കൽ ജിബ്രീൽ(അ) മനുഷ്യരൂപത്തിൽ വന്നുകൊണ്ടു ചോദിച്ചു: "അല്ലാഹുവിന്റെ റസൂലേ, ഈമാൻ എന്താണ്? ദീൻ എന്താണ്?''നബി(സ) അതിനു മറുപടി പറഞ്ഞുകൊണ്ടിരുന്നു. ജിബ്രീൽ(അ) പോയപ്പോൾ നബി(സ) സഹാബാക്കളോടു ചോദിച്ചു: "അതാരായിരുന്നുവെന്നു നിങ്ങൾക്കറിയുമോ?'' അവർ പറഞ്ഞു: "അല്ലാഹുവിന്റെ റസൂലേ, ഞങ്ങൾക്കറിയില്ല. അങ്ങുതന്നെ പറഞ്ഞാലും''. അവിടുന്നു പറഞ്ഞു: "അതു നിങ്ങൾക്കു ദീൻ പഠിപ്പിക്കാൻ വന്ന ജിബ്രീൽ ആയിരുന്നു.''

(بخاری کتاب الایمان باب سؤال جبریل النبی عن الایمان والسلام)

അപ്പോൾ അറിവു പഠിപ്പിക്കുക എന്നതും മലക്കിന്റെ പ്രവൃത്തിയാണ്. മതപരമായ അറിവുമാത്രമല്ല, ഭൗതികവ്യവഹാരങ്ങളെ സംബന്ധിച്ച ജ്ഞാനവും അവർ പഠിപ്പിക്കുന്നു.ഏതുവരെയെന്നാൽ, അവിശ്വാസികളെപോലും അവർ പഠിപ്പിക്കുന്നു. എഡിസന്റെ ഒരു ഗ്രന്ഥം ഞാൻ വായിച്ചിട്ടുണ്ട്. അതിൽ അദ്ദേഹം എഴുതുന്നു: "ഒരു സംഗതിയും ഞാൻ കണ്ടു പിടിക്കുകയല്ല ചെയ്യുന്നത്. പൊടുന്നനെ ഒരു സംഗതി എന്റെ മനസ്സിൽ വന്നുപതിയുകയും ഞാൻ അതനുസരിച്ചു പ്രവർത്തിക്കുകയുമാണ് ചെയ്യുന്നത്.''

അദ്ദേഹം ഇത്തരം വിജ്ഞാനങ്ങളിൽ തത്പരനായതുകൊണ്ട് ഈ വിധത്തിലുള്ള കാര്യങ്ങൾ പഠിപ്പിക്കപ്പെട്ടു, നബിമാരും വലിമാരും മതപരമായ വിജ്ഞാനങ്ങളിൽ തത്പരരായതുകൊണ്ട് അവരെ മതവിജ്ഞാനങ്ങൾ പഠിപ്പിക്കുന്നു.

മലക്കുകൾ ജ്ഞാനം പഠിപ്പിക്കുന്ന രീതിയും അദ്ഭുതകരമാണ്. അവർ

പഠിപ്പിക്കുന്ന കാര്യങ്ങൾ ബാഹ്യമനസ്സിലല്ല, ഉപബോധമനസ്സിലാണു പതിയുന്നത്. അതായത്, മനുഷ്യൻ ആലോചിച്ച് എടുക്കുന്നതിനുവേണ്ടി മസ്തിഷ്കത്തിന്റെ പിൻഭാഗത്തായി അതു സ്ഥാപിക്കപ്പെടുന്നു. അവിടെ ബാഹ്യമസ്തിഷ്കത്തെക്കാൾ ശക്തമായ സുരക്ഷിതത്വമുണ്ട്. ഒരു ശേഖരം പോലെയാണത്. മലക്കുകൾ പഠിപ്പിക്കുന്നതെല്ലാം മസ്തിഷ്കത്തിന്റെ ഈ ഭാഗത്തായിട്ടാണ് നിറയ്ക്കപ്പെടുന്നത് ഇല്ലാ മാശാഅല്ലാഹ്. മസ്തിഷ്കത്തിന് മൂന്ന് ഭാഗങ്ങളുണ്ട്. ഒരു ഭാഗംകൊണ്ടു നാം വസ്തുക്കളെ കാണുകയും ഗ്രഹിക്കുകയും ചെയ്യുന്നു. ഒരു ശേഖരം പോലെ സംഗതികൾ സൂക്ഷിക്കുകയും ഓർമിക്കുമ്പോൾ ഓർമ വരികയും ചെയ്യുന്ന ഭാഗമാണ് രണ്ടാമത്തേത്. മൂന്നാമത്തെ ഭാഗം അതൊരു ശേഖരം തന്നെയാണെങ്കിലും ഓർമിക്കാൻ ശ്രമിച്ചാലും അത് ഓർമയിൽ വരില്ല. ഒരുപാടു ചികഞ്ഞതിനുശേഷമായിരിക്കും അതു മുന്നിൽ തെളിഞ്ഞുവരിക. മലക്കുകൾ ചിലപ്പോൾ ഈ മൂന്നാമത്തെ ഭാഗത്താണ് ജ്ഞാനം നിക്ഷേപിക്കുന്നത്. വേണ്ടസമയത്ത് ആ അറിവുകൾ വെളിപ്പെടുംവിധമുള്ള സംഭവങ്ങളുണ്ടാകുന്നു. ഓർത്തെടുക്കാൻ സാധിക്കുന്ന കാര്യങ്ങളല്ല അവ. ഞാൻ വ്യക്തിപരമായി ഇതിന് അനുഭവസ്ഥനാണ്. അന്നെനിക്ക് പതിനേഴോ പതിനെട്ടോ വയസ്സുണ്ടാകും. ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ കാലഘട്ടമായിരുന്നു. ഞാൻ തശ്ഹീദുൽ അദ്ഹാൻ എന്ന മാസിക തുടങ്ങിയ കാലം. ഒരു മലക്ക് വന്നിരിക്കുന്നതായി ഞാൻ സ്വപ്നത്തിൽ കണ്ടു. അതെന്നോടു പറഞ്ഞു: 'ഞാനെന്തെങ്കിലും നിനക്കു പഠിപ്പിച്ചു തരട്ടെ.?' ഞാൻ പറഞ്ഞു: പഠിപ്പിച്ചാലും. സൂറ: ഫാത്തിഹ പഠിപ്പിക്കട്ടെ എന്ന് മലക്ക് ചോദിച്ചപ്പോൾ ഞാൻ പറഞ്ഞു: "ശരി, പഠിപ്പിച്ചാലും''ആ സ്വപ്നം അദ്ഭുതകരമായ കാഴ്ചയായിരുന്നു. അത് ആരംഭിക്കുന്നത് ഇപ്രകാരമാണ്: 'ടിൻ' എന്ന ശബ്ദ്ദമായിരുന്നു ആദ്യമായി എനിക്കുണ്ടായത്. പിന്നീടത് വ്യാപിക്കാൻ തുടങ്ങി. വ്യാപിച്ച് വ്യാപിച്ച് അതൊരു മൈതാനത്തിന്റെ രൂപം പ്രാപിച്ചു. അതിൽ ഞാൻ ഒരു രൂപം കണ്ടു. അതെനിക്ക് കൂടുതൽ വ്യക്തമായി തോന്നി. അത് ഒരു മലക്കാണെന്ന് ഞാൻ കണ്ടു. നിനക്ക് അറിവ് പഠിപ്പിച്ച് തരട്ടെ എന്ന് അതെന്നോടു ചോദിച്ചു. ഞാൻ പറഞ്ഞു: പഠിപ്പിച്ചാലും. സൂറ: ഫാത്തിഹയുടെ വ്യാഖ്യാനം പഠിപ്പിക്കാം എന്നു പറഞ്ഞു കൊണ്ട് സുറ: ഫാത്തിഹ പഠിപ്പിക്കാൻ തുടങ്ങി. 'ഇയ്യാക്ക നഅ്ബുദു' എന്ന ഭാഗത്തെത്തിയപ്പോൾ മലക്ക് പറഞ്ഞു: "എല്ലാവരും ഇവിടെ വരെയാണ് വ്യാഖ്യാനം

എഴുതിയിരിക്കുന്നത്. ഇനിയങ്ങോട്ടുള്ള ഭാഗത്തിനു തഫ്സീർ എഴുതിയിട്ടില്ല'' ഞാനും അങ്ങനെത്തന്നെയാണു മനസ്സിലാക്കുന്നത്. മലക്ക് പറഞ്ഞു: "എന്നാൽ ഞാൻ നിനക്ക് ഇനിയങ്ങോട്ടുള്ള ഭാഗം പഠിപ്പിച്ചു തരാം.'' അങ്ങനെ ആ മലക്ക് മുഴുവൻ വ്യാഖ്യാനവും പഠിപ്പിച്ചു തന്നു. അപ്പോഴേക്കും ഞാൻ കണ്ണു തുറന്നു. അന്നേരം എനിക്ക് ഒന്നു രണ്ട് കാര്യങ്ങളേ ഓർമയുണ്ടായിരുന്നുള്ളു. അതും വളരെ ഗഹനമായിരുന്നുവെന്നാണ് എന്റെ ഓർമ. എന്നാൽ വീണ്ടും ഉറങ്ങി എണീറ്റപ്പോൾ അതും മറന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിനെ ഞാൻ ഈ സ്വപ്നം കേൾപ്പിച്ചപ്പോൾ അന്നേരംതന്നെ അതെഴുതി വെക്കാത്തതിന് അദ്ദേഹം ദേഷ്യപ്പെട്ടു. പഠിപ്പിച്ച കാര്യങ്ങൾ അപ്പോൾ തന്നെ എഴുതി വെക്കണമായിരുന്നു. ആ ദിവസത്തിനുശേഷം ഇന്നു വരെക്കും എനിക്കു പുതിയകാര്യങ്ങൾ പഠിപ്പിക്കാതെ ഞാൻ സുറ: ഫാത്തിഹയെ സംബന്ധിച്ച് സംസാരിച്ചിട്ടില്ല. എനിക്കു പഠിപ്പിക്കപ്പെട്ട ജ്ഞാനംകാരണത്താലാണിതെന്നു ഞാൻ മനസ്സിലാക്കുന്നു.

ഒരിക്കൽ ഈ പ്രത്യേകജ്ഞാനം സവിശേഷമായ നിലയിൽതന്നെ എനിക്ക് അനുഭവപ്പെടുകയുണ്ടായി. ഞങ്ങളുടെ സ്കൂൾ ടീം അമൃത്സറിൽ കളിക്കാൻ പോയതായിരുന്നു. അന്നു ഞാൻ സ്കൂളിൽനിന്നു പഠിച്ചിറങ്ങിയിരുന്നുവെങ്കിലും സ്കൂളുമായി ബന്ധമുണ്ടായിരുന്നു. പുതുതായി പഠിച്ചിറങ്ങിയ കാരണത്താൽ ഞാനും കൂടെ പോയി. അവിടെ ഞങ്ങളുടെ കുട്ടികൾ ജയിച്ചു. അതിനുശേഷം മുസ്ലിംകൾ അവിടെ ഒരു സമ്മേളനം സംഘടിപ്പിക്കുകയും പ്രസംഗിക്കണമെന്ന് എന്നോടാവശ്യപ്പെടുകയും ചെയ്തു. സമ്മേളനത്തിലേക്കു പോകും വഴി ഞാൻ സുഹൃത്തുക്കളോടു പറഞ്ഞുകൊണ്ടിരുന്നത് ഞാൻ സൂറ: ഫാത്തിഹയെ കുറിച്ച് പ്രസംഗിക്കുമ്പോഴെല്ലാം പുതിയ ജ്ഞാനങ്ങൾ അല്ലാഹു പറഞ്ഞുതരാറുണ്ടെന്നാണ്. അത്തരത്തിലുള്ള ബന്ധമാണ് ഞാനും അല്ലാഹുവും തമ്മിലുള്ളത് എന്നു ഞാൻ പറഞ്ഞു. സമ്മേളനത്തിനെത്തി പ്രസംഗിക്കാനായി ഞാൻ എഴുന്നേറ്റപ്പോൾ സൂറ: ഫാത്തിഹയല്ലാതെ മറ്റൊരു സൂറത്തും എന്റെ നാവിൽ വരുന്നേയില്ല. ഒടുവിൽ ഇതൊരു പരീക്ഷണമായിരിക്കുമെന്നു കരുതി സൂറ: ഫാത്തിഹതന്നെ ഓതാൻ ഞാൻ നിർബന്ധിതനായി. ആ സൂറത്തിനെക്കുറിച്ച് ഒരു കാര്യവും എന്റെ മനസ്സിലുണ്ടായിരുന്നില്ല. ഞാൻ വെറുതെയങ്ങു സൂറത്ത് ഓതിയതായിരുന്നുവെങ്കിലും ഓതിക്കഴിഞ്ഞയുടൻ എന്റെ മനസ്സിൽ പുതിയ ജ്ഞാനങ്ങൾ ഇട്ടുതന്നു. അതായത്, നബി(സ)

തിരുമേനിക്കു സൂറ: ഫാത്തിഹ അവതരിച്ചപ്പോൾ അവിശ്വാസികളായിരുന്നു തിരുമേനിയുടെ സംബോധിതജനത; യഹൂദികളോ ക്രിസ്ത്യാനികളോ ആയിരുന്നില്ല. എന്നാൽ യഹൂദികളും ക്രിസ്ത്യാനികളും ആയിത്തീരുന്നതിൽനിന്ന് രക്ഷതേടികൊണ്ടുള്ള പ്രാർഥനയാണ് പഠിപ്പിക്കപ്പെട്ടിരിക്കുന്നത്. മുൻപിലുള്ള സംബോധിതജനതയെപോലെ ആയിത്തീരരുതേ എന്ന പ്രാർഥനയായിരുന്നല്ലോ പഠിപ്പിക്കേണ്ടിയിരുന്നത്. ഇതിലടങ്ങിയിരിക്കുന്ന കാര്യം, അവിശ്വാസികൾ നശിക്കുകയും ഇല്ലാതാവുകയും ചെയ്യപ്പെടേണ്ടവരായിരുന്നതിനാൽ അവരെ സംബന്ധിച്ച് പ്രാർഥിക്കേണ്ട ആവശ്യമില്ല എന്നതാണ്. എന്നാൽ യഹൂദികളും ക്രിസ്ത്യാനികളും ലോകാവസാനം വരെ നിലനിൽക്കേണ്ടവരായിരുന്നതിനാലാണ് അവരെക്കുറിച്ച് ദുആ പഠിപ്പിക്കപ്പെട്ടത്. ഈ സംഗതി ഉടനെതന്നെ അല്ലാഹു മനസ്സിലാക്കിത്തന്നു. ആ സന്ദർഭത്തിൽ എന്റെ മാനം കാത്ത അല്ലാഹുവിനു ഞാൻ നന്ദി പറഞ്ഞു. ദൈവത്തിൽനിന്നു പഠിപ്പിക്കപ്പെടുന്ന ഈ ജ്ഞാനം എപ്പോഴും വേണ്ട സമയത്ത് ഉപകരിക്കാറുണ്ട്. ഇത് ഓർമ്മയിൽ നില്ക്കാതിരിക്കുന്നതിലും ഒരു യുക്തിയുണ്ട്. ഓർമയിലിരുന്നാൽ ഒരു പ്രാവശ്യത്തേക്കു മാത്രമായിരിക്കും അത്. എന്നാൽ ഈ രൂപത്തിലാണെങ്കിൽ ജ്ഞാനം എന്നും ഉപകരിക്കുന്നതാണ്. ഇനി ആരെങ്കിലും ആക്ഷേപമുന്നയിക്കുമ്പോൾ ഖുർആനിൽനിന്ന് മറ്റെന്തെങ്കിലും ആയത്ത് ചോദിക്കാൻ ഹാഫിളുമാരില്ലാത്ത പക്ഷം അല്ലാഹു സൂറ ഫാത്തിഹയിൽനിന്നു തന്നെ അതിനുള്ള ഉത്തരം പഠിപ്പിച്ചു തരുന്നു. അതുകൊണ്ടു ദൈവിക ജ്ഞാനങ്ങളിൽ ആവശ്യം വരുമ്പോൾ അവയെ ഉപയോഗപ്പെടുത്താം എന്ന അനുഗ്രഹം ഇതിലടങ്ങിയിരിക്കുന്നു. ആകയാൽ, മലക്കുകൾ മുഖാന്തരം ജ്ഞാനം പഠിപ്പിക്കപ്പെടുന്നു.

മലക്കുകൾ തനിക്ക് ഒരുപാട് അറിവ് പഠിപ്പിച്ചു തന്നിട്ടുണ്ടെന്ന് മുഹ്‌യുദ്ദീനു ബ്നു അറബി(റഹ്) 'ഫുതൂഹാത്തെ മക്കിയ്യ' എന്ന ഗ്രന്ഥത്തിൽ എഴുതുന്നുണ്ട്. മലക്കുകളെ സംബന്ധിച്ച് സൂഫികളും ചർച്ച ചെയ്തിട്ടുണ്ട്. എന്നാൽ അവരുടെ ചർച്ച വാഗ്ദത്ത മസീഹു(അ) മായി തട്ടിച്ചു നോക്കുമ്പോൾ പത്തിലൊന്നുപോലും വരില്ല. ആയിരക്കണക്കിനു ധാതുപദങ്ങൾ തനിക്കു പഠിപ്പിക്കപ്പെട്ടുവെന്ന് ഹദ്റത്ത് മസീഹ് മൗഊദ് (അ) പലവട്ടം പറഞ്ഞിട്ടുണ്ട്. മലക്കുകൾ മുഖേന ഞാനും ഒരുപാടു കാര്യങ്ങൾ പഠിച്ചിട്ടുണ്ട്. ഒരിക്കൽ പാപം എന്ന വിഷയത്തെക്കുറിച്ച് എത്രമാത്രം വിശാലമായ രീതിയിൽ എനിക്കു

ജ്ഞാനം നല്കപ്പെട്ടുവെന്നാൽ എത്ര വിചിത്രകരമായാണു തിന്മകളുടെയും ദൂഷ്യങ്ങളുടെയും ചിത്രം കോറിയിട്ടിരിക്കുന്നതെന്നോർത്ത് വിസ്മയിച്ചു പോകുന്നു.

പതിനേഴാമത്തെ ധർമം, എല്ലാവരുടെയും മനസ്സിൽ സത്പ്രേരണകളും സദ്വിചാരങ്ങളും ഇടുക എന്നതാണ്. ഓരോ മനുഷ്യനുവേണ്ടി പ്രത്യേകം നിശ്ചയിക്കപ്പെടുന്ന മലക്കിന്റെ ജോലിയാണിത്. മനുഷ്യമനസ്സിൽ നടന്നു കൊണ്ടിരിക്കുന്ന മലക്കുകളുടെ ഈ സത്പ്രേരണകൾ വാസ്തവത്തിൽ ജിബ്‌രീലിന്റെ അധീനതയിലാണ് സംഭവിക്കുന്നത്. നബി(സ)തിരുമേനി പറയുന്നു:

فِى الْقَلْبِ لَمّتانِ لَمَّةٌ مِنَ الْمَلَكِ اِيْعادٌ بِالْخَيْرِ وَ تَصْدِيْقٌ بِالْحَقِّ فَمَنْ وَجَدَ ذٰلِكَ فَلْيَعْلَمْ اَنَّهٗ مِنَ اللهِ سُبْحَانَهٗ فَلْيَحْمَدِ اللهَ وَلَمَّةٌ مِنَ العَدُوِّ اِيْعادٍ بِالشَّرِّ وَ تَكْذِيب بِالْحَقِّ ونَهْىٌ عَنِ الْخَيرِ فَمَنْ وَجَدَ ذٰلِكَ فَلْيَسْتعِذْ بِاللهِ مِنَ الشَّيْطَانِ الرَّجِيْمِ۔

(الغنية لطالبى طريق الحق، عبد القادر جيلانى، جلد١ ص٢٤٠)

അതായത്, മനുഷ്യമനസ്സിൽ രണ്ടുവിധത്തിലുള്ള പ്രേരണകളാണ് നടക്കുന്നത്. മലക്കുകളുടെ ഭാഗത്തുനിന്ന് നല്ല കാര്യങ്ങൾക്കുവേണ്ടിയുള്ള പ്രേരണകളും സത്യത്തെ സാക്ഷ്യപ്പെടുത്തലുമാണ് ഒന്ന്. ആയതിനാൽ, അത്തരം പ്രേരണകൾ ഒരുവനി ലുണ്ടായാൽ അത് അല്ലാഹുവിൽനിന്നാണെന്നു മനസ്സിലാക്കിക്കൊണ്ട് അവൻ നന്ദി പ്രകാശിപ്പിക്കട്ടെ. ശത്രുവിൽനിന്നാണു മറ്റൊന്ന്. അത് അവനെ ചീത്ത കാര്യങ്ങളിലേക്കു പ്രേരിപ്പിക്കുകയും സത്യത്തെ നിഷേധിക്കുകയും നല്ലകാര്യങ്ങളിൽനിന്ന് തടയുകയും ചെയ്യുന്നു. ആയതിനാൽ, ഇത്തരം ചിന്തകൾ ആരുടെ മനസ്സിലാണോ ഉടലെടുക്കുന്നത് അവൻ അല്ലാഹുവിനോട് സാത്താനിൽനിന്ന് അഭയം ചോദിക്കട്ടെ.

മലക്കുകളുടെ യാഥാർഥ്യവും അവരുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങളാണു ഞാൻ പറഞ്ഞത്. ഇതിൽ നിന്നും മലക്കുകൾ വെറുതെയല്ല, മനുഷ്യനുമായി വലിയ ബന്ധം അവർക്കുണ്ടെന്നു മനസ്സിലായിട്ടുണ്ടാകുമല്ലോ. ആ നിലയ്ക്ക് സാധാരണക്കാർ വിചാരിക്കുന്നതുപോലെ ഇതൊരു നിസ്സാര സംഗതിയല്ല. മറിച്ച് മലക്കുകളുടെ അസ്തിത്വവും അങ്ങേയറ്റം പ്രയോജനം നല്കുന്നതാണെന്നു മനസ്സിലാക്കാം.

## മനുഷ്യന് ഗുണംചെയ്യാൻ മലക്കുകൾക്ക് സാധിക്കുമോ?

ഇനി മനുഷ്യർ മലക്കുകൾക്കു വല്ല ഗുണവും എത്തിക്കുന്നുണ്ടോ എന്നു നമുക്കു നോക്കാം. ഇതുസംബന്ധമായി എന്റെ ഗവേഷണത്തിന്റെയും, ഖുർആനിലെയും ഹദീസിലെയും അധ്യാപനത്തിന്റെയും വെളിച്ചത്തിൽ മനസ്സിലാകുന്നത് പദവിയിൽ ഉയർച്ച ലഭിക്കുന്നതിനു വേണ്ടി പ്രാർഥിക്കാം എന്നതൊഴിച്ചാൽ മറ്റൊരു വിധത്തിലും മനുഷ്യന് മലക്കുകൾക്കു ഗുണം ചെയ്യാനാവില്ല എന്നാണ്. ഹദ്റത്ത് ഇബ്രാഹീം നബി(അ)യുടെ അടുക്കൽ മലക്കുകൾ വന്നു സലാം പറഞ്ഞപ്പോൾ അദ്ദേഹം അതിനു മറുപടി നല്കിയെന്നാണ് വിശുദ്ധ ഖുർആനിൽനിന്ന് അറിയാൻ സാധിക്കുന്നത്. മലക്കുകൾക്ക് അതു ഗുണം ചെയ്യുമായിരുന്നില്ലെങ്കിൽ അദ്ദേഹം മറുപടി പറയുമായിരുന്നില്ല. എന്തെന്നാൽ, സലാം എന്നത് സമാധാനത്തിനുവേണ്ടിയുള്ള പ്രാർഥനയാണ്. പദവികളിൽ ഉയർച്ച സാധ്യമല്ലെങ്കിൽ പിന്നെ അതിനുവേണ്ടിയുള്ള പ്രാർഥന നിഷ്പ്രയോജനകരമാണ്. അതുപോലെ ഒരു ഹദീസിൽ വന്നിരിക്കുന്നു, നബി(സ) തിരുമേനി ഹദ്റത്ത് ആയിശ(റ)യോടു പറഞ്ഞു: 'ജിബ്രീൽ നിന്നോട് അസ്സലാമു അലൈക്കും എന്നു പറഞ്ഞിരിക്കുന്നു.' അപ്പോൾ ഹദ്റത്ത് ആയിശ(റ) പറഞ്ഞു: 'വ അലൈക്കുമുസ്സലാം.' നബി(സ) അവരെ അതിൽനിന്നു വിലക്കിയില്ല.

(ابن ماجه کتاب الادب باب رد السلام)

അതുപോലെതന്നെ തശഹ്ഹുദ് ഇറങ്ങുന്നത് വരെ സഹാബാക്കൾ അല്ലാഹുവിന്റെമേൽ സലാം, ജിബ്രീലിനുമേൽ സലാം, ഇന്നയാളുടെമേൽ സലാം എന്നായിരുന്നു പറയാറുണ്ടായിരുന്നത്. അപ്പോൾ നബി(സ) അല്ലാഹുവിനു സലാം പറയുന്നത് വിലക്കി.

(سنن نسائی کتاب الافتتاح باب کیف تشهد الاول)

എന്നാൽ,ജിബ്രീലിന് സലാം പറയുന്നത് വിലക്കിയില്ല. ജിബ്രീലിന് അതുകൊണ്ടു ഗുണം ചെയ്യുമായിരുന്നില്ലെങ്കിൽ നബി(സ) അതു വിലക്കിയേനെ. അതിൽകവിഞ്ഞ് മലക്കൾക്ക് ഗുണം ചെയ്യുന്നതായ കാര്യം അറിവില്ല.

### മലക്കുകളുടെഅസ്തിത്വത്തിനുള്ള തെളിവുകൾ

ഇനി ഞാൻ മലക്കുകൾ ഉണ്ടെന്നുള്ളതിനു തെളിവു ഹാജറാക്കാം. വിശുദ്ധ ഖുർആന്റെ അടിസ്ഥാനത്തിൽ മലക്കുകൾ ഉണ്ടെന്നു ഞാൻ ആദ്യം പറഞ്ഞിട്ടുണ്ട്. ഇനി മലക്കുകൾ ഉണ്ടെന്നുള്ള കാര്യം എങ്ങനെ

അറിയാമെന്നു തെളിവോടുകൂടി ഞാൻ സ്ഥാപിക്കാം.

1) പ്രപഞ്ചം മുഴുവനും ഒരു നിയമം ഉള്ളതായി നാം കാണുന്നു. അനിഷേധ്യമാംവിധം ശക്തിമത്തായ നിയമമാണത്. ആ നിയമം ഒരു ഉദ്ദേശ്യത്തിനു കീഴിലാണുള്ളത്. ഉദാഹരണമായി, ആകാശത്തു നക്ഷത്രങ്ങൾ ചലിക്കുന്നതു നാം കാണുന്നു. അവയിലെ യുക്തി ദ്യോതിപ്പിക്കുന്നത് ഈ വ്യവസ്ഥ അകാരണമോ ഉദ്ദേശ്യമില്ലാത്തതോ ആയിരിക്കാനടയില്ല എന്നാണ്. നാം വസിക്കുന്ന ഈ ഭൂമി ഒരു നിസ്സാരഗോളമാണെന്നു സ്ഥാപിക്കാൻ അസ്ട്രോണമേർസ് കിണഞ്ഞു ശ്രമിച്ചിട്ടുണ്ട്. ഇതൊരു ചെറിയ ഗോളമാണെന്നു വരുത്താൻ വളരെയധികം പ്രയത്നിച്ചു. ഇത് ഒത്ത നടുവിലാണെന്നാണ് അവർ പറയുന്നത്. ഞങ്ങൾ ചോദിക്കുന്നു: അതെങ്ങനെ ഒത്ത നടുവിൽ തന്നെ വന്നു? സംഗതിയെന്താണെന്നാൽ, മനുഷ്യർ ഇതിൽ നിവസിക്കുന്നതിനാൽ എല്ലാ നക്ഷത്ര ങ്ങളും ഇതിൽ സ്വാധീനം ചെലുത്തേണ്ടതുണ്ടായിരുന്നു. മധ്യത്തിലായെങ്കിൽ മാത്രമേ ഇതുസാധ്യമാകൂ. ഒരുദ്ദേശ്യത്തിനു കീഴിലാണ് ഇതു സൃഷ്ടിക്കപ്പെട്ടിരിക്കുന്നതെന്ന് ഇതിൽനിന്നു മനസ്സിലാക്കാം. അല്ലാതെ, അലക്ഷ്യമായി സൃഷ്ടിക്കപ്പെട്ടതല്ല. മറ്റ് എല്ലാ ഭൗതികസംവിധാനവും ഇതുപോലെയാണ്. കുറച്ചു വർഷങ്ങൾക്കു മുമ്പ് ഒരു നക്ഷത്രം പ്രത്യക്ഷപ്പെട്ടിരുന്നു. അതു ഭൂമിയുമായി കൂട്ടിമുട്ടി ലോകംമുഴുവൻ നശിച്ചൊടുങ്ങും എന്നാണു കരുതപ്പെട്ടിരുന്നത്. എന്നാൽ കുറച്ചുകാലം കഴിഞ്ഞപ്പോൾ അതിന്റെ ദിശമാറി. ഒന്നും സംഭവിച്ചില്ല. ഇങ്ങനെ പലവട്ടം ഉണ്ടായിട്ടുണ്ട്. ഭൂമിയുമായി നക്ഷത്രം കൂട്ടിയിടിച്ചാൽ ഭൂമി നശിച്ചുപോകുമെന്നാണു കരുതപ്പെട്ടിരുന്നത്. ഭൂമിയുമായി കൂട്ടിയിടിച്ചാൽ അതിനെ നശിപ്പിക്കുംവിധം ഘനഗംഭീരമായ ആ നക്ഷത്രം ഭൂമിയോട് അടുക്കാറായപ്പോൾ അത് വഴിമാറിപ്പോവുകയായിരുന്നു. എന്നാൽ, വാൽനക്ഷത്രം ഭൂമിയെ തട്ടുമ്പോൾ ഒരു കോട്ടവും സംഭവിക്കില്ല എന്നത് വിചിത്രം തന്നെ. അതു ഭൂമിയോടടുക്കുമ്പോൾ അതിന്റെ വാൽ ഭൂമിയിൽ തട്ടുന്നു. എന്നാൽ, സൂക്ഷ്മ വസ്തുക്കളാൽ നിർമ്മിക്കപ്പെട്ടതിനാൽ ഭൂമിക്ക് ഒരു കോട്ടവും തട്ടുന്നതല്ല.

ഒരിക്കൽ യൂറോപ്പിലെ ഒരു ശാസ്ത്രജ്ഞൻ ഒരു വിളംബരം ചെയ്തു: 'ഇതാ ഒരു നക്ഷത്രം ഇപ്പോൾ ഭൂമിയുടെ അടുത്തു കൂടെ പോകുന്നതാണ്. അങ്ങനെ ലോകത്തിനു നാശം സംഭവിക്കുന്നതാണ്.' അന്നേരം വളരെയേറെ ദുരിതവും ക്ലേശവും അനുഭവിക്കേണ്ടിവരുമെന്നോർത്ത് പലരും ആത്മഹത്യ ചെയ്തു. പക്ഷേ, ആ നക്ഷത്രം വന്നു, കടന്നു

പോയി. ഒരു കോട്ടവും സംഭവിച്ചില്ല. അപ്പോൾ വാനശാസ്ത്രജ്ഞർ പറഞ്ഞത്, അതിന്റെ പദാർഥങ്ങൾ എത്രമാത്രം സൂക്ഷ്മമായിരുന്നു വെന്നാൽ അതു സൂര്യനു മുമ്പിലെത്തിയപ്പോൾ സൂര്യകിരണങ്ങളുടെ സമ്മർദ്ദത്താൽ അതിന്റെ വാല് വലത്തു നിന്ന് ഇടത്തേക്കു മാറിപ്പോയി എന്നാണ്.

ഒരു നിശ്ചിത നിയമത്തിനു കീഴിലാണ് എല്ലാ കാര്യങ്ങളും നടക്കു ന്നതെന്നാണ് ഇത്തരം കാര്യങ്ങളിൽനിന്നു മനസ്സിലാകുന്നത്. ബോധ പൂർവമായ ഒരു അസ്തിത്വം ഇതിനു പിന്നിലില്ലെങ്കിൽ പിന്നെ ഇതൊക്കെ എങ്ങനെയാണു നടക്കുന്നത്? ആ ബോധപൂർവമായ അസ്തിത്വം ഏതാണ് എന്നതാണ് ഇനിയുള്ള പ്രശ്നം. ഇതു തീർപ്പാ ക്കാൻ അല്ലാഹുവിനേ കഴിയൂ. മലക്കുകളാണെന്ന് അവൻ പറയുന്നു. അപ്പോൾ ഓരോ വസ്തുവിൻമേലും മലക്കുകളുടെ ആധിപത്യമുണ്ട്. അവരിലൂടെയാണ് ഈ വ്യവസ്ഥിതി നടന്നുകൊണ്ടിരിക്കുന്നത്. എല്ലാ സംഗതികളിലും മലക്കുകളുടെ ആധിപത്യമുണ്ടെന്നതിനും അവരുടെ ഇച്ഛയ്ക്കനുസരിച്ചാണ് ആ സംഗതി പ്രവർത്തിക്കുന്നത് എന്നതിനും എനിക്കു വ്യക്തിപരമായ അനുഭവമുണ്ട്.

ഒരിക്കൽ എനിക്കു പനി ബാധിച്ചു. ഡോക്ടർമാർ മരുന്നു തന്നെ ങ്കിലും ഫലമുണ്ടായില്ല. ആയിടയ്ക്ക് ചൗധരി സഫറുല്ലാഹ് ഖാൻ സാഹിബ് വന്നു. അദ്ദേഹത്തിന്റെകൂടെ ഒരു അനഹ്മദിയുമുണ്ടായി രുന്നു. അവരെ ഞാൻ എന്റെടുത്തേക്കു വിളിച്ചു. അവർ വരുന്നതിനു മുമ്പേ ഞാൻ അബോധാവസ്ഥയിലാവുകയും ഒരു കൊതുക് എന്റെ മുമ്പിൽ വന്നുകൊണ്ട് ഇന്ന് പനി ഭേദമാകുമെന്ന് സ്വപ്നത്തിൽ പറയു കയും ചെയ്തു. ഡോക്ടർ സാഹിബും ചൗധരി സാഹിബും അദ്ദേ ഹത്തിന്റെ അനഹ്മദി സുഹൃത്തും മറ്റു ചില സഹോദരന്മാരും വന്ന പ്പോൾ ആ സ്വപ്നം ഞാൻ അവരോടു പറഞ്ഞു. അങ്ങനെ കുറച്ചു കഴിഞ്ഞ് ഡോക്ടർ സാഹിബ് തെർമോമീറ്റർ വെച്ചു നോക്കിയപ്പോൾ പനിയില്ലായിരുന്നു.

വാസ്തവത്തിൽ അതു പറഞ്ഞത് കൊതുകായിരുന്നില്ല. കൊതുകി ന്റെമേൽ ആധിപത്യമുള്ള മലക്കിന്റെ ഭാഗത്തു നിന്നായിരുന്നു അത്. അതുകൊണ്ട് വ്യവസ്ഥിതിക്കും ഉദ്ദേശ്യത്തിനും കീഴിൽ പ്രവർത്തി ക്കുന്ന ഓരോ സംഗതിയും മലക്കുകളുടെ അസ്തിത്വത്തിനുള്ള തെളി വാണ്.

2)ഭൗതികഘടനയിൽനിന്നും മലക്കുകൾ ഉണ്ടെന്ന് സ്ഥാപിതമാകുന്നുണ്ട്.

കാരണം, നാം ഇന്നു ലോകത്ത് കാണുന്ന വസ്തുക്കൾ വാസ്തവത്തിൽ അതേപോലെ ഉണ്ടായതല്ല എന്നാണ് ആധുനികഗവേഷണങ്ങളിൽനിന്നു തെളിഞ്ഞിരിക്കുന്നത്. ഉദാഹരണത്തിന് നാം കാണുന്ന മനുഷ്യൻ ഒരേ വസ്തുവിൽ നിന്നുണ്ടായതല്ല. മറിച്ച്, ഒരുപാടു പദാർഥങ്ങൾ ചേർന്നുണ്ടായതാണ്. ആ പദാർഥങ്ങളും കോടിക്കണക്കിനു കണങ്ങൾ ചേർന്നാണ് ഉണ്ടായത്. ഇനി ആ കണങ്ങളും സൂക്ഷ്മാൽ സൂക്ഷ്മങ്ങളായ കണങ്ങളുടെ സങ്കലനമാണ്. എത്രത്തോളമെന്നാൽ, മനുഷ്യശരീരത്തിലൂടെ കടന്നു പോകുന്ന ഒരു കണം അമേരിക്കയിലെ ഒരു ശാസ്ത്രജ്ഞൻ കണ്ടു പിടിച്ചിരിക്കുകയാണ്. കാറ്റിന് ശരീരത്തിലൂടെ കടന്നു പോകാൻ കഴിയില്ലെങ്കിലും ഈ കണം ശരീരത്തിനേറ്റാൽ മറുഭാഗത്തുകൂടെ അതു കടന്നുപോകുമത്രേ.

നാം കാണുന്ന വസ്തുക്കൾ അതിസൂക്ഷ്മങ്ങളാണെന്നും സൂക്ഷ്മാൽ സൂക്ഷ്മങ്ങളായ കണങ്ങളുടെ സങ്കലനമാണെന്നുമാണ് ഈ ഭൗതിക ഗവേഷണങ്ങളിൽനിന്ന് സ്ഥാപിതമാകുന്നത്. ഓരോ വസ്തുവും ഇങ്ങനെ അഗോചരമായ നിലയിൽ സൂക്ഷ്മമായ ഉറവിടങ്ങളിൽനിന്ന് തന്റെ ശക്തി ആർജ്ജിക്കുമ്പോൾ ഈ സൂക്ഷ്മതയിൽകൊണ്ടെത്തിക്കുന്നതിൽ എന്തോ യുക്തിയുണ്ടെന്ന് അംഗീകരിക്കേണ്ടിവരുന്നു. വസ്തുക്കളുടെമേൽ അതിസൂക്ഷ്മരായ മലക്കുകളുടെ നിയന്ത്രണമുണ്ട് എന്നതാണ് ആ യുക്തി.

ചുരുക്കത്തിൽ, അതിസൂക്ഷ്മങ്ങളായ കണങ്ങളിലേക്കുള്ള വസ്തുക്കളുടെ പോക്ക് വിളിച്ചോതുന്നത് അവരുടെ വ്യവസ്ഥാപകരും സൂക്ഷ്മങ്ങൾതന്നെയെന്നാണ്. വസ്തുക്കൾ സൂക്ഷ്മങ്ങളാണെന്നത് അവയുടെമേൽ പ്രവർത്തിക്കുന്നത് സൂക്ഷ്മാത്മാക്കൾ തന്നെയാണെന്നതിനെ ദൃഢീകരിക്കുന്നു. അവരാണ് മലക്കുകൾ.

3) വിശ്വാസയോഗ്യങ്ങളായ സാക്ഷ്യങ്ങളിലൂടെയും ഒരു വസ്തു ഉണ്ടെന്നുള്ളതിനു തെളിവു ലഭിക്കുന്നു. ഉദാഹരണമായി ലണ്ടനിൽനിന്ന് വന്നുകൊണ്ട് ലണ്ടൻ ഒരു പട്ടണമാണെന്നു പറയുമ്പോൾ ജനങ്ങൾ ആ പറയുന്നതിനെ വിശ്വാസത്തിലെടുക്കുന്നു. ഇതേപോലെ മലക്കുകളുണ്ടെന്ന് ഇത്രയും വിശ്വസ്തരായ ആളുകൾ പറഞ്ഞു വന്നിരിക്കെ അതെന്തുകൊണ്ടു വിശ്വസിച്ചു കൂടാ? സാക്ഷ്യങ്ങൾ വിശ്വാസയോഗ്യമല്ലെങ്കിൽ ലണ്ടൻ  കണ്ടവർക്കേ അതു ബാധകമാകുന്നുള്ളൂ. അതു കാണാത്തവരെ സംബന്ധിച്ചിടത്തോളം ലണ്ടന് ഒരു യാഥാർഥ്യവും ഇല്ലാതിരിക്കേണ്ടതാണ്. ഇനി ലണ്ടൻ ആർക്കും പോയികാണാമല്ലോ,

മലക്കുകളെ എല്ലാവർക്കും കാണാൻ കഴിയില്ലല്ലോ എന്നാരെങ്കിലും പറയുകയാണെങ്കിൽ എല്ലാവർക്കും ലണ്ടൻ കാണാൻ കഴിയും എന്നത് തെറ്റാണെന്നേ ഞങ്ങൾ പറയൂ. പണമുള്ളവനേ ലണ്ടൻ കാണാൻ സാധിക്കൂ. ഇതേപോലെ ഞങ്ങൾ പറയുന്നു, ആരിലാണോ മലക്കുകളെ കാണാനുള്ള കഴിവുള്ളത് അവനു മലക്കുകളെയും കാണാവുന്നതാണ്. പണം സ്വരുക്കൂട്ടി ഒരുവന് ലണ്ടൻ കാണാമെങ്കിൽ മലക്കുകകളെ കാണാനുള്ള കഴിവ് ഉണ്ടാക്കിയാൽ അവരെയും കാണാവുന്നതാണ്. ആയതിനാൽ, മലക്കുകളെ സംബ്ന്ധിച്ച ആയിരക്കണക്കിന് ആളുകളുടെ സാക്ഷ്യങ്ങൾ അവരുടെ അസ്തിത്വത്തിനുള്ള തെളിവാണ്. 4)നാലാമത്തെ തെളിവ് നിത്യേന നാം ദർശിക്കാറുള്ളതാണ്. ഇനി നിത്യേനയല്ലെങ്കിലും ഒരു കാലത്തിനുശേഷം ഓരോ വ്യക്തിക്കും ഗോചരമാകുന്നതാണ്. അതായത്, അവന്റെ ചിന്തയുമായി തികച്ചും ബന്ധമില്ലാത്ത കാര്യങ്ങൾ അവന്റെ മനസ്സിനെ പലപ്പോഴും സ്വാധീനിക്കുന്നുണ്ട്. എന്നല്ല, ചില സമയത്ത് അവന്റെ ചിന്തകൾക്കു വിരുദ്ധമായ പ്രേരണകളായിരിക്കും ഉണ്ടാകുന്നത്. അത് ഉപേക്ഷിക്കാനാവാതെ മനുഷ്യൻ ചെയ്യാൻ നിർബന്ധിതനാകുന്നു. ഓരോ വ്യക്തിക്കും എപ്പോഴെങ്കിലും അത്തരം സന്ദർഭങ്ങൾ വരാറുണ്ട്. അവിശ്വാസികൾപോലും ഇതിൽനിന്നു മുക്തരല്ല. നിരീശ്വരവാദികൾക്കും ഉണ്ടാകാറുണ്ട്. നിരീശ്വരവാദികൾ അത്തരം സംഭവങ്ങൾ എഴുതിയിട്ടുണ്ട്. ഉദാഹരണത്തിന് അവർ പറയുന്നു: 'ഞങ്ങളുടെ മനസ്സിലുണ്ടായ പ്രേരണ ഞങ്ങളെ ഒരു സ്ഥലത്തുകൊണ്ടുചെന്നെത്തിച്ചപ്പോൾ ഞങ്ങൾ അവിടെ ഒരു ശവം കിടക്കുന്നതു കാണുകയുണ്ടായി'. ഇത്തരം പ്രേരണകളെ പ്രചോദിപ്പിക്കുന്നത് ആരാണ്? മലക്കുകൾ.

ചുരുക്കത്തിൽ, ഇത്തരം സാക്ഷ്യങ്ങൾ ഭൗതികരായ ജനങ്ങളിലും കാണപ്പെടുന്നു. ആത്മീയ ജനങ്ങളുടെതാണെങ്കിൽ ഇതുമായി ബന്ധപ്പെട്ട അനേകം സാക്ഷ്യങ്ങൾ ലഭിക്കുന്നുണ്ട്. ചിന്തകളുമായി ഒരു ബന്ധവുമില്ലാത്ത പ്രേരണ മനസ്സിൽ പെട്ടെന്ന് ഉടലെടുക്കുകയും അതനുസരിച്ചു പ്രവർത്തിക്കേണ്ടി വരികയും ചെയ്യുന്നു. ഈ പ്രേരണ മലക്കുകളിൽനിന്നാണ് വരുന്നത്. ഇതുതന്നെയാണ് അവരുടെ അസ്തിത്വത്തിനുള്ള തെളിവും.

## മലക്കുകളുടെ ആവശ്യകത

മലക്കുകളുടെ അസ്തിത്വത്തിനുള്ള ബുദ്ധിപരമായ തെളിവുകളാണ് ഞാൻ ഇപ്പോൾ പറഞ്ഞത്. ഇനി മലക്കുകളുടെ ആവശ്യകത എന്താ

ണെന്നു പറയാം. ഒരു വസ്തുവിന്റെ ആവശ്യകതയും അതുണ്ടെന്നു ള്ളതിനു തെളിവാണ്. കാരണം, ഒരു വസ്തുവിന്റെ ആവശ്യകത സ്ഥാപിതമായാൽ അതു തീർച്ചയായും ഉണ്ടാകുമെന്നാണ് പ്രകൃതി നിയമങ്ങളുടെ ആഴത്തിലുള്ള പഠനങ്ങളിൽനിന്നു മനസ്സിലാകുന്നത്. അപ്പോൾ ഒരു വസ്തുവിന്റെ ആവശ്യകത അത് ഉണ്ടെന്നു തെളിയി ക്കുന്നു. എന്നാൽ, ഇതു നേരിട്ടുള്ള തെളിവല്ലാത്തതിനാൽ മലക്കു കളുടെ ആവശ്യകതയെന്താണെന്നു ഞാൻ പറയാം.

ആത്മീയവും ഭൗതികവുമായ സംവിധാനത്തിന്റെ സാദൃശ്യമാണ് ഒന്നാമത്തേത്. ആ സാദൃശ്യം അനിവാര്യവുമാണ്. ആത്മീയകാര്യങ്ങളെ ഭൗതിക കാര്യങ്ങളുടെ അടിസ്ഥാനത്തിലാണ് അനുമാനിക്കുന്നത്. കാരണം, ഈ രണ്ടു ശൃംഖലകളും സമാനമായി നടക്കുന്നു; ഒരേ പോലെ പോകുന്നത് അനിവാര്യമല്ലാത്തതൊഴികെ. ഭൗതികകാര്യങ്ങ ളിൽ കാര്യകാരണബന്ധങ്ങളുടെ പ്രവിശാലമായ ശൃംഖലയുള്ളതായി നാം കാണുന്നുവല്ലോ. സൂക്ഷ്മാൽ സൂക്ഷ്മമായ കാര്യകാരണബ ന്ധങ്ങളാണുള്ളത്. ഏതുവരെയെന്നാൽ, അതിസൂക്ഷ്മമായ വാത കങ്ങളിലേക്കാണ് അത് എത്തിച്ചേരുന്നത്. സർവോപരി, പരമാണു ഊർജ്ജമായി പരിണമിക്കുന്നു എന്നാണ് പറയുന്നത്. ഈ ഊർജ്ജ ത്തിന്റെ ഉറവിടങ്ങളുടെ പേരാണ് നാം മലക്കുകളെന്നു വെയ്ക്കുന്നത്. ചുരുക്കത്തിൽ, സൂക്ഷ്മാൽ സൂക്ഷ്മമായിത്തീർന്നു പൂർണമായും അപ്രത്യക്ഷ്യമാകുകയും ഒരു മാർഗേണയും കാണാൻ സാധിക്കാ ത്തതുമായ രീതിയിലാണു ഭൗതികവ്യവ സ്ഥയുള്ളത്. ഇതുപോലെ, ആത്മീയവ്യവസ്ഥയ്ക്കും ഉണ്ടാകേണ്ടത് അനിവാര്യമാണ്. അതുണ്ട് താനും. ഈ വ്യവസ്ഥയുടെ അവസാന കണ്ണിയാണ് മലക്കുകൾ. ഭൗതികകാര്യങ്ങളിൽമാത്രമാണ് കാര്യകാരണങ്ങളുള്ളത്, ആത്മീയ കാര്യങ്ങളിൽ അവയില്ല എന്നു പറയുന്നത് ശരിയല്ല. ഒരു കാര്യവും വെറുതെയങ്ങനെ ഉണ്ടായതല്ലെന്നും ഓരോന്നിനും വിദൂരമായ നില യിൽ തുടർന്നുവരുന്ന കാര്യകാരണങ്ങൾ ഉണ്ടെന്നുമാണ് ഭൗതികവ്യവ സ്ഥയെക്കുറിച്ച് ഒരു ഫിലോസഫർ എഴുതിയിരിക്കുന്നത്. അപ്പോൾ ഭൗതികവ്യവസ്ഥയിൽ ഒരു സംഗതിയും കാര്യകാരണങ്ങൾകൂടാതെ ഉണ്ടാവുകയില്ലെങ്കിൽ ആത്മീയകാര്യങ്ങളിൽ മാത്രമാണോ കാര്യകാ രണബന്ധങ്ങളെ അംഗീകരിക്കാൻ പറ്റാത്തതായിട്ടുള്ളത്? ഭൗതികവ്യ വസ്ഥയോടൊപ്പം സാദൃശ്യത്തിനായി ആത്മീയവ്യവസ്ഥയും തുടരുക അനിവാര്യമാണ്. ആത്മീയശൃംഖലയുടെ അവസാനകണ്ണിയാണ് മല

ക്കുകൾ. അതുകൊണ്ട് ആത്മീയതയ്ക്ക് മലക്കുകൾ അനിവാര്യമാണ്. 2)എല്ലാവസ്തുവും പരിവർത്തനവിധേയമായിട്ടാണ് നമുക്കു കാണാൻ സാധിക്കുന്നത്. ഈ പരിണാമവിഷയത്തിന്റെ പൊതുസ്വഭാവം കണ്ട് ഇപ്പോഴത്തെ മനുഷ്യൻ മുമ്പ് ഇങ്ങനെയായിരുന്നില്ല എന്ന നിഗമനത്തിലാണ് ശാസ്ത്രജ്ഞർ എത്തിയിരിക്കുന്നത്. ആദ്യം അതൊരു കീടത്തിന്റെ രൂപത്തിലായിരുന്നുവത്രേ. പിന്നീടതു വളർന്നു വളർന്ന് ഇന്നത്തെ അവസ്ഥയിൽ എത്തുകയാണുണ്ടായത്. പരിണാമവിഷയത്തെ ഈ രീതിയിൽ ഉപയോഗിക്കുന്നത് ശരിയല്ല. പലവിധേനയും അതിനെ ഖണ്ഡിക്കാവുന്നതാണ്. എങ്കിലും, ഈ വിഷയത്തിൽ ചിന്തിക്കുമ്പോൾ വ്യത്യസ്ത അവസ്ഥകൾ തമ്മിലുള്ള മാറ്റം വ്യത്യസ്ത ഘട്ടങ്ങളെ ആവശ്യപ്പെടുകയോ അല്ലെങ്കിൽ മാധ്യമങ്ങൾക്കു വിധേയമായിരിക്കുകയോ ചെയ്യുന്നുണ്ടെന്ന കാര്യത്തിൽ സംശയമില്ല. ഭിന്നാവസ്ഥയിലേക്കുള്ള ആകസ്മികമായ ഗതിമാറ്റം തികച്ചും അസംഭവ്യമാണ്. അതിനാൽ, ഒരു ഭാഗത്ത് അത്യുന്നതമായ അഭിവൃദ്ധി കൈവരിക്കാനും ദൈവവുമായി ബന്ധംസ്ഥാപിക്കാനുമുള്ള മനുഷ്യന്റെ ഉത്കടമായ ആഗ്രഹവും മറുഭാഗത്ത് ദൈവവുമായി ബന്ധപ്പെടുന്നതിനു തടസ്സം നില്ക്കുന്ന ഇന്നത്തെ അവന്റെ സ്ഥൂലാവസ്ഥയും എത്തിച്ചേർന്നിരിക്കുന്നത് മനുഷ്യനും ദൈവത്തിനുമിടയിൽ മറ്റൊരു മാധ്യമം ഉണ്ടായിരിക്കണം എന്ന നിഗമനത്തിലാണ്. അത് ഒരു ഭാഗത്ത് സൃഷ്ടിയായിരിക്കുന്നതോടൊപ്പം മറുഭാഗത്ത് പരിശുദ്ധവും ആത്മീയവും ആയിരിക്കേണ്ടതാണ്. ഈ മാധ്യമത്തെയാണ് മലക്കുകൾ എന്ന് പറയുന്നത്.

ഉയർന്ന മിനാരത്തിൽ കയറി ഇറങ്ങാനാവതെപോയ ഒരാളുടെ സംഭവമുണ്ട്. ആരോ അമ്പിനുമേൽ നേർത്ത ചരടു കെട്ടി അയാൾക്കു നേരെ എറിഞ്ഞു. അയാൾ അതു പിടിച്ചു. എന്നിട്ട് ആ നേർത്ത ചരടുകളെ തഴെ തൂക്കിയിട്ടു. താഴെയുള്ള വ്യക്തി അതിനോട് തടിച്ച ചരടു കെട്ടുകയും മുകളിലുള്ള ആൾ അതിനെ മുകളിലേക്കു വലിക്കുകയും ചെയ്തു. പിന്നീട് അതിനോടൊപ്പം തടിച്ച നൂലുകൾ വീണ്ടും കെട്ടി. ഏതുവരെയെന്നാൽ, അത് ഒരു ചങ്ങല പോലെ ആയിത്തീർന്നു. അയാൾ അതിലൂടെ താഴേക്കിറങ്ങി. ഇതുപോലെ, മലക്കുകൾ മുഖേന ദാസൻ ദൈവവുമായി ബന്ധം സ്ഥാപിക്കുന്നു. ദാസൻ ദൈവവുമായി ബന്ധപ്പെടുന്നതിന് ഇടയിൽ വർത്തിക്കുന്ന കണ്ണികളാണവർ. അതിന്റെ അനുഗ്രഹങ്ങളെ അവൻ തന്നിൽ സ്വാംശീകരിക്കുന്നു. അതുകൊണ്ട്

ദൈവവുമായി ബന്ധംസ്ഥാപിക്കുന്നതിന് മലക്കുകളുടെ അസ്തിത്വം അനിവാര്യമാണ്.
മലക്കുകളുടെ മൂന്നാമത്തെ ആവശ്യകത, നാം ബാഹ്യലോകത്ത് ഭൗതികവ്യവസ്ഥിതിയുടെ രണ്ട് വകുപ്പുകൾ ദർശിക്കുന്നു. ഒന്ന്, മനുഷ്യന്റെ അറിവോ ഇടപെടലോ കൂടാതെയാണ് വർത്തിക്കുന്നത്. അല്ലാഹു പറയുന്നു:

وَسَخَّرَ لَكُمُ اللَّيْلَ وَالنَّهَارَ ۖ وَالشَّمْسَ وَالْقَمَرَ ۖ وَالنُّجُومُ مُسَخَّرَاتٌ بِأَمْرِهِ

> അതായത് ദൈവകല്പനയാൽ രാവും പകലും സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളും നിങ്ങളുടെ അധ്വാനം കൂടാതെ നിങ്ങൾക്കായി പ്രവർത്തിക്കുന്നു.(16:13)

ചെലവു നല്കാതെ ജോലി ചെയ്തുതരുന്നവനെയാണ് അറബി ഭാഷയിൽ 'മുസഖർ' എന്നു പറയുന്നത്. അല്ലാഹു പറയുന്നു: നാം നിങ്ങൾക്കായി രാവിനെയും പകലിനെയും സൂര്യനെയും ചന്ദ്രനെയും നക്ഷത്രങ്ങളെയും പ്രവർത്തനസജ്ജരാക്കിയിരിക്കുന്നു. അവർക്കുവേണ്ടി നിങ്ങൾ അധ്വാനിക്കേണ്ടതായി വരുന്നില്ല. രാത്രിയാകുന്നു, പകൽ ഉദിക്കുന്നു. പക്ഷേ, നിങ്ങൾ ഇതിനായി വല്ലതും അധ്വാനിക്കുകയോ നിങ്ങൾക്കു ചെലവു വരികയോ ചെയ്യുന്നില്ല. ഇതുപോലെ സൂര്യൻ വെളിച്ചം ഇറക്കുന്നു, ചന്ദ്രൻ നിലാവ് ഉതിർക്കുന്നു, താരങ്ങൾ വിവിധ തരം സ്വാധീനങ്ങൾ ചെലുത്തുന്നു. പക്ഷേ, നിങ്ങൾക്ക് ഇതിനുവേണ്ടി ഒന്നും ചെയ്യേണ്ടി വരുന്നില്ല. അല്ലാഹു നമ്മുടെ ഗുണത്തിനു വേണ്ടി സ്വയം തന്നെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഒരു വ്യവസ്ഥ വെച്ചിരിക്കുന്നു എന്ന് ഈ പരാമർശം തെളിയിക്കുന്നു. ഇതിൽ നമുക്ക് പങ്കില്ല. ഉദാഹരണമായി, വിവിധ നിറത്തിലുള്ള കുപ്പിഗ്ലാസ്സുകളിൽ വെള്ളം നിറച്ച് സൂര്യപ്രകാശത്തിനുമുൻപാകെ വെച്ചാൽ പല രോഗങ്ങളും ചികിത്സിച്ചു മാറ്റാൻ അതുമുഖേന സാധിക്കും. ആ രീതിയിലുള്ള ഗുണം സൂര്യകിരണങ്ങൾക്കുണ്ട്. അതുപോലെ, ചന്ദ്രന്റെ നിലാവുകൊണ്ട് ചില ചെടികൾ പൂക്കുകയും കായ്ക്കുകയും ചെയ്യുന്നു. നിലാവുള്ള രാത്രിയിൽ വെള്ളരിക്ക കായ്ക്കുന്നത് ഞാൻ സ്വയം കണ്ടിട്ടുണ്ട്. അതു വളരുമ്പോൾ 'ഗ്സ് ഗ്സ്' എന്ന ഒച്ച കേൾക്കാം. ചന്ദ്രപ്രകാശം വളരെയധികം സ്വാധീനിക്കുന്ന മറ്റു പച്ചക്കറികളുമുണ്ട്. ഒന്നു രണ്ട്

ഉദാഹരണങ്ങൾ നല്കിയെന്നേയുള്ളൂ. ഈ സംഗതികളുടെ നമുക്കറിയാവുന്ന ആയിരക്കണക്കിനു പ്രതീതികളുണ്ട്. നമുക്കറിയാത്തത് എത്രയുണ്ടാകുമെന്നറിയില്ല.

ആകയാൽ, ഈ സൂര്യചന്ദ്രാദി നക്ഷത്രങ്ങളെല്ലാം സ്വാധീനം ചെലുത്തുന്നുണ്ട്. ക്ഷയരോഗാണുക്കളെ വെയിലിനു നശിപ്പിക്കാനാകുമെന്ന് ഇപ്പോൾ കണ്ടെത്തിയിരിക്കുന്നു. അതുകൊണ്ട് വെയിലിനെ ഒരു ചികിത്സയെന്നോണം ഉപയോഗിക്കുന്നുമുണ്ട്. ഈ കാര്യം മുന്നിൽ വെച്ചുകൊണ്ടുതന്നെ സൂര്യൻ എങ്ങനെയാണു സേവനം ചെയ്യുന്നതെന്ന് നോക്കുക. ഒരാൾ ക്ഷയരോഗിയുടെ അടുക്കൽ പോകുന്നു. അയാളിൽ ക്ഷയരോഗാണു പ്രവേശിച്ച് അയാളുടെ മരണത്തിനു ഹേതുവായേക്കാം. പക്ഷേ, സൂര്യന്റെ തീവ്രചൂടേൽക്കുമ്പോൾ ആ അണുക്കൾ സ്വയംതന്നെ നശിക്കുകയും. അങ്ങനെ അവൻ അതറിയാതെ തന്നെ രക്ഷപ്പെടുകയും ചെയ്യുന്നു.

ആയതിനാൽ, അധ്വാനവും പ്രയത്നവും കൂടാതെ മനുഷ്യന്റെ പ്രയോജനത്തിനായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഒരേർപ്പാടാണിത്. ഇനി രണ്ടാമത്തെ ഏർപ്പാട് മനുഷ്യൻ അധ്വാനവും പ്രയത്നവും കൊണ്ട് ഒരു വസ്തുവിനെ പ്രയോജനപ്പെടുത്തുകയും അതിനെ ഗുണപ്രദമാക്കുകയും ചെയ്യുന്നു എന്നതാണ്. ഉദാഹരണത്തിന് ധാന്യങ്ങൾ കൊണ്ട് അപ്പം ഉണ്ടാക്കുക. മണ്ണുകൊണ്ട് വീടുണ്ടാക്കുക, ഇരുമ്പും മരവും കൊണ്ട് വാഹനങ്ങളും കുതിരവണ്ടികളും തീവണ്ടികളും ഉണ്ടാക്കുക, ജ്ഞാനം നേടുക തുടങ്ങിയവ. അപ്പോൾ മനുഷ്യന്റെ ഭൗതികോത്ക്കർഷത്തിനും സൗകര്യത്തിനുംവേണ്ടി ഈ രണ്ട് ഏർപ്പാടുകളും ഉണ്ടായിരിക്കുകയും അതേസമയം അവന്റെ ആത്മീയതയ്ക്കു വേണ്ടി ദൈവം ഒന്നും ചെയ്യാതിരിക്കുകയും ചെയ്യുക എന്നത് സാധ്യമാണോ എന്നത് ചിന്തനീയമാണ്. മനുഷ്യന്റെ ഭൗതികവ്യവസ്ഥയിൽ സ്വയം തന്നെ സൂര്യചന്ദ്രാദി നക്ഷത്രങ്ങൾ സ്വാധീനം ചെലുത്തുകയും പ്രയോജനം നല്കുകയും ചെയ്യുന്നതു പോലെ മനുഷ്യന്റെ ആത്മീയതയ്ക്കു ഗുണംചെയ്യുന്ന ആത്മീയവ്യവസ്ഥിതിയും ഉണ്ടായിരിക്കേണ്ടതാണ് എന്നാണ് ആത്മീയവും ഭൗതികയുമായ ശൃംഖലകളുടെ സാദൃശ്യം വിളിച്ചോതുന്നത്. ഇതിനുവേണ്ടിയാണ് അല്ലാഹു മലക്കുകളെ വെച്ചിട്ടുള്ളത്. അവർ മനുഷ്യനിൽ ആത്മീയത സംജാതമാക്കുകയും അവനെ സംരക്ഷിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. എന്നാൽ രോഗം വർദ്ധിച്ച് സൂര്യപ്രകാശത്തിനു ക്ഷയരോഗാണുക്കളെ

നശിപ്പിക്കാനാവാതെ വരുമ്പോൾ മരുന്നിന്റെ ആവശ്യം വരുന്നതു പോലെ ആത്മീയരോഗം വർദ്ധിപ്പിക്കുമ്പോഴും അതിനു മറ്റ് ഏർപ്പാടുകളാണ് ആവശ്യമായി വരിക. മലക്കുകൾ ഉണ്ടെന്നുള്ളതിന്റെ അനിവാര്യതകളാണിത്.

## മലക്കുകളുടെ അസ്തിത്വത്തെ സംബന്ധിച്ച ആക്ഷേപങ്ങളും അതിനുള്ള മറുപടിയും

ഇനി ഞാൻ മലക്കുകളെ സംബന്ധിച്ചുള്ള ആക്ഷേപങ്ങൾക്കു മറുപടി നല്കാം.

മലക്കുകളുണ്ടെങ്കിൽ അവരെ നമുക്ക് എന്തുകൊണ്ടു കാണാൻ സാധിക്കുന്നില്ല എന്നതാണ് ആദ്യത്തെ ആക്ഷേപം. കേട്ടാൽ ചിരിവരുന്ന ആക്ഷേപമാണിത്. കാരണം, നമുക്കു കാണാൻ സാധിക്കാത്ത നൂറുകണക്കിനു വസ്തുക്കൾ ലോകത്തുണ്ട്. എന്നിട്ടും ജനങ്ങൾ അവയിൽ വിശ്വസിക്കുന്നു. മധുരം ആർക്കെങ്കിലും കാണാനാവുമോ എന്നു ഞാൻ ചോദിച്ചാൽ നാവുമായി ബന്ധപ്പെട്ട ആ സംഗതി കാണാനാവില്ലെന്നേ അതിനെക്കുറിച്ച് പറയാനാകൂ. ഇനി ശബ്ദം ആർക്കെങ്കിലും കാണാൻ കഴിയുമോ എന്നു ചോദിച്ചാൽ അതു കാതുമായി ബന്ധപ്പെട്ടതാണെന്നേ പറയുകയുള്ളു. കാഠിന്യവും മൃദുലതയും കാണാൻ കഴിയുമോ എന്നു ചോദിച്ചാൽ അതു സ്പർശനവുമായി ബന്ധപ്പെട്ടതാണെന്നാണു പറയുക. ഇനി സുഗന്ധവും ദുർഗന്ധവും കാണാൻ കഴിയുമോ എന്നു ചോദിച്ചാൽ അതു മൂക്കുമായി ബന്ധപ്പെട്ടതാണെന്നേ പറയൂ. അപ്പോൾ ഒരു വസ്തുവിനെ കാണുന്നതിലൂടെ മാത്രമല്ല അതിന്റെ സാന്നിധ്യം മനസ്സിലാകുന്നതെന്ന് ഈ ഉത്തരങ്ങളിൽനിന്നു ഗ്രഹിക്കാം. മറ്റ് ഇന്ദ്രിയങ്ങളിലൂടെയും നാം അവയുടെ സാന്നിധ്യം മനസ്സിലാക്കുന്നുണ്ട്. ഇനി ഞാൻ ചോദിക്കട്ടെ, കാറ്റിനെ ആരാണ് കണ്ടിട്ടുള്ളത്? കാറ്റടിക്കുമ്പോൾ അറിയുന്നുവെന്നല്ലാതെ അതു ദൃശ്യമല്ല. മറ്റു കഴിവുകളും ഇതു പോലെയാണ്. ഉദാഹരണമായി ഓർമ്മശക്തി. ആരാണ് ഇതിനെ രുചിച്ചുകൊണ്ടോ മണത്തുകൊണ്ടോ കണ്ടുകൊണ്ടോ വിശ്വസിക്കുന്നത്? അതു ചെലുത്തുന്ന പ്രഭാവങ്ങളിലൂടെയാണ് അതിനെക്കുറിച്ച് അറിയാൻ സാധിക്കുന്നത്. അപ്പോൾ ചില വസ്തുക്കളെ കാണാതെ മറ്റു മാർഗങ്ങളിലൂടെയും അവയുടെ സാന്നിധ്യം വിശ്വസിക്കപ്പെടുന്നുണ്ട് എന്നു മനസ്സിലാകുന്നു. അവ ചെലുത്തുന്ന സ്വാധീനങ്ങളെ കണ്ടുകൊണ്ടാണ് വിശ്വസിക്കപ്പെടുന്നത്.

ഇതുപോലെ, മലക്കുകളും അവയുടെ സ്വാധീനം മുഖേനയാണ് വിശ്വസിക്കപ്പെടുന്നത്. അവരെ കണ്ടേ മതിയാവൂ എന്നില്ല. അവർ ചെലുത്തുന്ന പ്രഭാവങ്ങളിലൂടെയാണ് അവർ അറിയപ്പെടുന്നത്.

രണ്ടാമത്തെ ആക്ഷേപത്തെക്കുറിച്ച് അതു പണ്ഡിതന്മാരുടെ പ്രബലമായ ആക്ഷേപമാണെന്നാണു പറയപ്പെടുന്നത്. ഇതിനെക്കാൾ വലിയ മറ്റൊരു അജ്ഞതയില്ലെന്നാണ് എനിക്കു പറയാനുള്ളത്. ആക്ഷേപം ഇതാണ്: ദൈവത്തിന് മലക്കുകളുടെ ആവശ്യം ഉള്ളതു കൊണ്ടാണോ അവൻ അവരെ സൃഷ്ടിച്ചത്? ദൈവം മലക്കുകളുടെ സ്രഷ്ടാവാണെന്നു ഞങ്ങൾ പറയുന്നു. ഒരു വസ്തുവിന്റെ സ്രഷ്ടാവ് അതിന്റെ ആശ്രിതനാകാവതല്ല. ദൈവം മലക്കുകളെ മറ്റെവിടെനിന്നെങ്കിലും കൊണ്ടു വരുമ്പോഴെ അവൻ ആശ്രിതനെന്ന് പറയപ്പെടുകയുള്ളു. എന്നാൽ, ദൈവം അവരെ സ്വയം സൃഷ്ടിക്കുകയാണ് ചെയ്യുന്നത്. പിന്നെങ്ങനെ അവരുടെ ആശ്രിതനാകും? അന്യവസ്തുക്കളാണെങ്കിൽ ആശ്രയിക്കുന്നുവെന്നു പറയാം. സ്വന്തം അധീനതയിൽ ഉള്ളതിനെ ആശ്രയിക്കുക എന്നു പറയില്ല. ദൈവം മലക്കുകളെ സ്വയം സൃഷ്ടിച്ചതിനാൽ അവൻ അവരുടെ ആശ്രിതനാകുന്നില്ല. അതുകൊണ്ടുതന്നെ ഈ ആക്ഷേപം തികഞ്ഞ അജ്ഞതയാണ്.

രണ്ടാമതായി, ഈ ആക്ഷേപത്തെ ഇങ്ങനെയും ഖണ്ഡിക്കാവുന്നതാണ്: ഭൗതിക ലോകത്ത് എല്ലാ വസ്തുവിനും മാധ്യമങ്ങൾ നിശ്ചയിക്കപ്പെട്ടിരിക്കുന്നതായി നാം കാണുന്നു. മലക്കുകളിൽ വിശ്വസിക്കുമ്പോൾ ദൈവത്തെ ആശ്രിതനെന്നു വിശ്വസിക്കേണ്ടി വരുമെന്നു പറയുന്നവർ ഭക്ഷണം കഴിക്കുമ്പോൾ വയറു നിറയുമെന്നത് ദൈവിക നിയമമാണെന്നു വിശ്വസിക്കുന്നവരാണ്. ഭക്ഷണം കഴിച്ചാൽ വയറു നിറയുമെന്ന നിയമം വെയ്ക്കുന്നതിലൂടെ മനുഷ്യന്റെ വയറു നിറയുന്നതിനെ ദൈവം ആശ്രയിക്കുകയാണോ എന്നാണ് ഞങ്ങൾ ചോദിക്കുന്നത്. അതുപോലെ തന്നെയാണ് രോഗങ്ങളും. മരുന്നിലൂടെ ദൈവം രോഗം ഭേദമാക്കുന്നു. ദൈവം മരുന്നിനെ ആശ്രയിച്ചുവെന്നു വരുമോ? അതുപോലെ വെളിച്ചം നല്കാൻ ദൈവം സൂര്യനെ സൃഷ്ടിച്ചു. ദൈവം സൂര്യനെ ആശ്രയിച്ചതാണോ? ഭൗതികവ്യവസ്ഥയിൽ മാധ്യമങ്ങളെ നിശ്ചയിച്ചാൽ ആശ്രിതനാകാത്ത ദൈവം ആത്മീയ വ്യവസ്ഥയിൽ മലക്കുകളെ മാധ്യമമായി നിശ്ചയിക്കുന്നതുകൊണ്ട് ആശ്രിതനാകുന്നതെങ്ങനെ?

ഈ ആക്ഷേപത്തിനുള്ള മൂന്നാമത്തെ ഖണ്ഡനം ഇതാണ്: ഏതു

മാധ്യമം കൂടാതെയാണോ ഒരു പ്രവൃത്തിയും ചെയ്യാനാവാത്ത സ്ഥിതി വരുന്നത് ആ മാധ്യമം ലോകത്ത് ന്യൂനത പ്രകടിപ്പിക്കുന്നു. സ്വന്തം അധീനതയിലും നിയന്ത്രണത്തിലുമുള്ള മാധ്യമങ്ങൾ ന്യൂനതയില്ലാത്തതായിരിക്കും. ഉദാഹരണമായി ഒരാൾ മറ്റൊരാളോട് ദേഷ്യം കാരണത്താൽ മിണ്ടാതിരിക്കുന്നു. എന്നാൽ ആ വ്യക്തിയെക്കുറിച്ച് വേറൊരാളോട് ഇന്നയാൾ തന്റെ വീട്ടിൽ വരരുതെന്ന് അയാൾ പറയുന്നു. അപ്പോൾ തന്നോടു മിണ്ടാത്തതുകൊണ്ട് ഇയാൾ ഊമയാണെന്ന് ആദ്യത്തെ വ്യക്തി പറയുമോ? ഇല്ല. അതു തെറ്റായ ആക്ഷേപമായിരിക്കും. കാരണം, അയാൾ മറ്റുള്ളവരോടു സംസാരിക്കുന്നുണ്ട്. ഇനി അല്ലാഹു മലക്കുകളെ സൃഷ്ടിച്ചിരിക്കുന്നത് മാർഗോപാധികൾകൂടാതെയാണോ എന്നു നോക്കാം. അവരെ അങ്ങനെയാണ് സൃഷ്ടിച്ചതെങ്കിൽ അല്ലാഹു മാധ്യമങ്ങൾകൂടാതെയും സൃഷ്ടിക്കുമെന്ന് മനസ്സിലാക്കാം. എന്നാൽ മലക്കുകൾക്ക് അവൻ തന്റെ ഏതോ യുക്തിജ്ഞാനത്തിനു കീഴിലാണ് മാധ്യമം നിശ്ചയിച്ചിരിക്കുന്നത്. മലക്കുകളെ ഭൗതികമാർഗോപാധികളില്ലാതെയാണ് സൃഷ്ടിച്ചതെങ്കിൽ അവരെ നിശ്ചയിച്ചിരിക്കുന്നതും ഒരു യുക്തിജ്ഞാനത്തിന്റെ അടിസ്ഥാനത്തിലാണെന്ന് മനസ്സിലാക്കാം. അല്ലാതെ, ദൈവം ആശ്രിതനാണെന്നോ അവരെകൂടാതെ അവന് ഒന്നും ചെയ്യാൻ സാധിക്കില്ലെന്നോ അല്ല.

നാലാമത്തെ മറുപടി ഇതാണ്: മലക്കുകളെ നിശ്ചയിക്കുന്നതിനെ നിങ്ങൾ ആശ്രയമെന്നു വിളിക്കുന്നു. എന്നാൽ ഞങ്ങൾ അതിനെ യുക്തി എന്നാണ് വിളിക്കുന്നത്. ജ്ഞാനവൈപുല്യവും അവയുടെ അദൃശ്യ കാരണങ്ങളും ആ കാരണങ്ങളുടെ ആധിക്യവുമാണ് മലക്കുകളെ നിശ്ചയിക്കുന്നതിലടങ്ങിയിരിക്കുന്ന തത്ത്വരഹസ്യം. ഉദാഹരണമായി, ജ്വരഹരിയിൽ അടങ്ങിയിരിക്കുന്ന ഗുണം ഗോപ്യമായിരുന്നില്ലെങ്കിൽ അതിനെപ്പറ്റി ഉണ്ടായിട്ടുള്ള വൈജ്ഞാനികാഭിവൃദ്ധി ഉണ്ടാകുമായിരുന്നില്ല. ആയതിനാൽ അറിവിന്റെ വളർച്ചയ്ക്ക് ഗോപ്യമായ വശങ്ങൾ ഉണ്ടായിരിക്കേണ്ടതും അനിവാര്യമാണ്. അദൃശ്യഘടകങ്ങളില്ലാതെ പുരോഗതിയുണ്ടാകില്ല. കാരണം, പൂർണ്ണമായി ജ്ഞാനം വെളിപ്പെട്ട സംഗതിക്ക് പുരോഗതി എങ്ങനെയുണ്ടാകാനാണ്? അതുകൊണ്ടാണ് ജ്ഞാനാഭിവൃദ്ധിക്കുവേണ്ടി അദൃശ്യമായ ഏർപ്പാടുകളും ദൈവം വെച്ചിരിക്കുന്നത്. ആ അദൃശ്യസംഗതികൾ കണ്ടുപിടിക്കുംതോറും അറിവ് അഭിവൃദ്ധിപ്പെട്ടുകൊണ്ടേ പോകുന്നു. അതു കണ്ടെത്താൻ ചെയ്യുന്ന

അധ്വാനവും പ്രയത്നവും അനുസരിച്ച് പ്രയോജനവും പ്രശസ്തിയും കൈവരുന്നു. പനി വെറുതെ ഭേദമാകുമായിരുന്നെങ്കിൽ അതിന്റെ കാര്യകാരണങ്ങളിൽ ഗാഢമായി ചിന്തിച്ച് അതിനുള്ള ചികിത്സയായി ജ്വരഹരി കണ്ടെത്തിയ ഡോക്ടറും മറ്റുള്ളവരും തമ്മിൽ എന്തു വ്യത്യാസമാണുണ്ടാവുക? അറിവിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന ഈ പുരോഗതി എങ്ങനെയുണ്ടാകും? ഗോപ്യമായ കാര്യകാരണങ്ങൾ ലോകത്ത് അഭിവൃദ്ധിയും അന്തസ്സും ലഭിക്കാനുള്ള മഹത്തായ മാർഗങ്ങളാണ്. ഇവയില്ലെങ്കിൽ പുരോഗതി നേടാനോ ഉന്നതസ്ഥാനം കൈവരിക്കാനോ സാധിക്കില്ല.

ആത്മീയതയുടെ അവസ്ഥയും ഇതു തന്നെയാണ്. മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് ആത്മീയാഭിവൃദ്ധി കരസ്ഥമാക്കാനാണല്ലോ. ഇതിനായി ആത്മീയമാർഗോപാധികൾ ഗോപ്യമാക്കിവെച്ചിട്ടുണ്ട്. അവയെ ഉപയോഗപ്പെടുത്തുന്നവന് അനുഗ്രഹവും പദവിയും ലഭിക്കുന്നു. ആ ഗോപ്യമാക്കൽ പുരോഗതിക്ക് വളരെ അനിവാര്യമാണ്. ഇക്കാരണം കൊണ്ട് ഗോപ്യമായ മാർഗോപാധികളെ അംഗീകരിക്കുന്നപക്ഷം ദൈവം അവയുടെ ആശ്രിതനാണെന്ന് അംഗീകരിക്കേണ്ടിവരുമെന്നു പറയുന്നത് ശരിയല്ല. ഗുപ്തമായ മാർഗോപാധികളുണ്ട് എന്നത് ദൈവം ആശ്രിതനാണെന്നല്ല തെളിയിക്കുന്നത്. മറിച്ച്, മനുഷ്യപുരോഗതി ഈ ഗുപ്തമായ മാർഗോപാധികളെയാണ് ആശ്രയിച്ചിരിക്കുന്നത് എന്നാണ്. ഭൂമിയിൽ നിശ്ചിത പരിധിവരെ കുഴിച്ചാൽ ജലം ലഭിക്കുമെന്ന നിയമം വെച്ചിരിക്കുന്നത് അല്ലാഹു അതിനെ ആശ്രയിച്ചിരിക്കുന്നത് കൊണ്ടല്ല. മറിച്ച്, നല്ല കർഷകനാകാനും നല്ല വിളവ് ഉണ്ടാക്കാനും ആഗ്രഹിക്കുന്നവൻ ഇക്കാര്യങ്ങളെ ആശ്രയിച്ചിരിക്കുന്നു എന്നതുകൊണ്ടാണ്. കൃഷിഭൂമിയിലെ നല്ല വിളവെടുപ്പ് അധ്വാനത്തെയും അറിവിനെയും അടിസ്ഥാനപ്പെടുത്തിയായിരുന്നില്ലെങ്കിൽ ഒരു കർഷകനും മറ്റുള്ളവരുടെമേൽ മേന്മയുണ്ടാകുമായിരുന്നില്ല. തന്മൂലം സംജാതമാകുന്ന മുന്നേറാനുള്ള ആത്മാവു തന്നെ അപ്രത്യക്ഷ്യമായി പോവുന്നു.

രണ്ടാമതായി, ഗുപ്തമായ മാർഗോപാധികൾ ഇല്ലായിരുന്നെങ്കിൽ ദൈവത്തിന്റെ പ്രഭാവം ജനങ്ങൾക്കു വെളിപ്പെടുകയോ അവന്റെ ശക്തിപ്രഭാവത്തെ അവർ വിലമതിക്കുകയോ ചെയ്യുമായിരുന്നില്ല. എല്ലാ സംഗതികളും മുമ്പേതന്നെ അറിഞ്ഞാൽ ദൈവികപ്രഭാവം ജനങ്ങളിൽ വെളിപ്പെടുന്നതെങ്ങനെ? മനുഷ്യൻ ഒരു സംഗതിയെക്കുറിച്ച്

അന്വേഷിക്കു ന്നതിനനുസരിച്ച് നവംനവങ്ങളായ കാര്യങ്ങൾ അവൻ കണ്ടെത്തുന്നതിലൂടെയാണ് അതു പ്രകടമാകുന്നത്. ഇങ്ങനെ വരുമ്പോൾ അവനു ദൈവത്തിന്റെ ശക്തിപ്രഭാവം അംഗീകരിക്കേണ്ടി വരുന്നു. ആയതിനാൽ ഗുപ്തമായ മാർഗോപാധികളുടെ സൃഷ്ടിപ്പ് ദൈവത്തിന്റെ ആശ്രയത്വത്തെയല്ല പ്രകടമാക്കുന്നത്. മറിച്ച് അവ മനുഷ്യന്റെ സംസ്കരണത്തിനും ഉന്നമനത്തിനും ഗുണത്തിനും വേണ്ടിയുള്ളതാണ്.

ഈ ഗുപ്തമായ മാർഗോപാധികൾ കണ്ടെത്തുന്നതുമൂലം ലഭ്യമാകുന്ന പുരോഗതിയുടെയും ആദരവിന്റെയും അവസാന കണ്ണികളാണ് മലക്കുകൾ. നബി(സ)തിരുമേനിക്ക് വളരെ വിപുലമായ നിലയിലാണ് ഈ മാർഗോപാധികൾ പ്രകടമായത്. തിരുമേനിക്കു ലഭിച്ചത്ര പുരോഗതി മറ്റാർക്കും ലഭിച്ചിട്ടില്ല. വാഗ്ദത്ത മസീഹി(അ)നും ഇതുപോലെ മാർഗോപാധികൾ വെളിപ്പെടുകയുണ്ടായിട്ടുണ്ട്. അദ്ദേഹത്തിനും ഉന്നതമായ ആദരവും പദവിയും ലഭിക്കുകയുണ്ടായി. പിന്നീട് എനിക്കും അവർ മുഖാന്തരം ഈ മാർഗങ്ങൾ വെളിപ്പെടുകയും ആദരവും സ്ഥാനവും അല്ലാഹു തന്നരുളുകയും ചെയ്തു. പദവികളിലുള്ള ഈ വ്യതിരിക്തത ഇല്ലായിരുന്നെങ്കിൽ എല്ലാവരും ഒരുപോലെ ആകുമായിരുന്നു. ചുരുക്കത്തിൽ, ഗുപ്തമായ മാർഗോപാധികൾ വെളിപ്പെടുന്നതനുസരിച്ചാണ് പദവികൾ ലഭിക്കുന്നത്.

കാര്യം പൊതുവെ പ്രകടമാവുകയും കാരണം മറഞ്ഞിരിക്കുകയുമാണ് ചെയ്യുന്നത് എന്നതിൽ സംശയമില്ല. ആ മറഞ്ഞിരിക്കുന്നതിനെ കണ്ടെത്താൻ മനുഷ്യന് കഠിനാധ്വാനം ചെയ്യേണ്ടി വരുന്നു. അതുമുഖേന അവനു പുണ്യവും ജ്ഞാനവർദ്ധനവും ലഭിക്കുകയും അവന്റെ താത്പര്യം വർദ്ധിക്കുകയും ചെയ്യുന്നു. മറഞ്ഞ കാര്യങ്ങളോടുള്ള മനുഷ്യന്റെ താത്പര്യംഅവന്റെനൈസർഗികസ്വഭാവമാണ്.മരുന്നുകളുടെപ്രഭാവവും അവയുടെ കണ്ടെത്തലുകളും ഈ ഗണത്തിൽ പെടുന്നു. ഈ മാർഗങ്ങൾ കണ്ടെത്തുന്നതിലാണ് മനുഷ്യന്റെ സ്ഥാനമാനങ്ങൾ നിലകൊള്ളുന്നത്. ആയതിനാൽ, മനുഷ്യന്റെ ആന്തരികജ്ഞാനം വർദ്ധിക്കുന്നതിനും, പ്രയത്നത്തിലും കഠിനധ്വാനത്തിലും വ്യത്യാസം ഉണ്ടാകുന്നതിനും, ആത്മീയമനുഷ്യൻ പരസ്പരം മൽസരിച്ച് ശ്രേഷ്ഠത കൈവരിക്കുന്നതിനും, പരസ്പരം മുന്നേറാനുള്ള അവസരം ലഭിക്കുന്നതിനും, അതിസൂക്ഷ്മമായ ജ്ഞാനങ്ങൾ കൈവരിച്ച് ദൃഢജ്ഞാനത്തിൽ പുരോഗതിയും താത്പര്യവും വർദ്ധിപ്പിക്കുന്നതിനും, അല്ലാ

ഹുവിന്റെ അപരിമിതമായ ശക്തിപ്രഭാവങ്ങൾ വെളിപ്പെടുന്നതിനും ഗുപ്തമായ ആത്മീയമാർഗോപാധികൾ അനിവാര്യമാണ്. അല്ലാഹു തന്റെ അസ്തിത്വത്തെ മറച്ചു വെയ്ക്കുന്ന സംവിധാനത്തെ ഉദാത്ത മായി സൃഷ്ടിക്കുകയും അവന്റെ അസ്തിത്വത്തെ പ്രകടമാക്കുന്ന സംവിധാനത്തെ പരിമിതപ്പെടുത്തുകയും ചെയ്യുക എന്നത് സംഭവ്യ മാകുന്നതെങ്ങനെ? അതുകൊണ്ട് മാർഗോപാധികളെ ആശ്രയിക്കുന്ന ചോദ്യം തന്നെ ഉയരുന്നില്ല.

മൂന്നാമത്തെ ആക്ഷേപം ഇപ്രകാരമാണ്: ഭൂമിയിൽ ഓരോ കാര്യത്തിനും കാരണം കാണപ്പെടുന്നു. എന്നിരിക്കെ, അവ മലക്കുകൾ മുഖേന യാണുണ്ടാവുന്നതെന്ന് എങ്ങനെ വിശ്വസിക്കും? ഉദാഹരണമായി, കൊടുങ്കാറ്റുണ്ടാവുന്നു. അന്തരീക്ഷത്തിൽ പ്രത്യേക പരിവർത്തനങ്ങ ളുണ്ടാകുമ്പോഴാണ് അതുണ്ടാകുന്നതെന്ന് നമുക്കറിയാം. അല്ലെങ്കിൽ മേഘത്തിന്റെ കാര്യമെടുക്കാം. സൂര്യൻ മുഖേന ജലത്തിന്റെ നീരാവി ഉയർന്നു പൊങ്ങിയാണ് മഴയായി പെയ്യുന്നതെന്ന് നമുക്കറിയാം. മല ക്കുകൾ മുഖേനയാണ് അങ്ങനെ സംഭവിക്കുന്നതെന്ന് എങ്ങനെ വിശ്വ സിക്കും? തികഞ്ഞ അജ്ഞതയാണിത്. മലക്കുകൾ സമുദ്രത്തിലെ വെള്ളം കുടിച്ചുവന്ന് മഴപെയ്യിക്കുന്നു എന്നു പറയപ്പെട്ടിരുന്ന കാലത്തെ സംഗതികളാണിത്. അറിവിന്റെയും അന്വേഷണത്തിന്റെയും ഇക്കാ ലത്ത് ഇത്തരം കാര്യങ്ങൾ ആരു വിശ്വസിക്കാനാണ്?

ഈ ആക്ഷേപങ്ങൾ ഉന്നയിക്കുന്നവരാകട്ടെ, മലക്കുകളെ സംബന്ധിച്ച ശരിയായ വിശ്വാസം മനസ്സിലാക്കിയിട്ടില്ല. മഴ വർഷിക്കുന്നതിന്റെ സമീപകാരണം മലക്കുകളാണെന്നോ മലക്കുകൾ സമുദ്രത്തിൽനിന്ന് വെള്ളം കുടിച്ച് മഴ വർഷിപ്പിക്കുകയാണെന്നോ ഞങ്ങൾ പറയുന്നില്ല. മറിച്ച്, മഴ വർഷിക്കാൻ കാരണമായ നീരാവിയെ നിലനിർത്തുന്നത് മലക്കാണെന്നാണ് ഞങ്ങൾ പറയുന്നത്. ഞങ്ങൾ അവസാന കാരണ ത്തെയാണു മലക്കെന്നു വിളിക്കുന്നത്. അല്ലാതെ, ഒരു കാരണവും ഇല്ലെന്നല്ല. എല്ലാത്തിനും കാരണങ്ങളുണ്ട്. പക്ഷേ, എല്ലാ കാരണ ങ്ങൾക്കും ഒടുവിൽ പ്രവർത്തിക്കുന്നത് മലക്കുകളാണ്. പല മാറ്റങ്ങളും കാര്യകാരണങ്ങൾക്കുകീഴിൽ നടക്കുന്നു വെന്നത് ശരിതന്നെ. ഒന്നിനു പിറകെ മറ്റൊന്നായി, ഏതുവരെയെന്നാൽ ലോകത്തിനു പോലും അറി യാത്ത നൂറുകണക്കിനു കാരണങ്ങളുണ്ടാകും. പക്ഷേ, എല്ലാത്തിനും പിറകിൽ മലക്കുണ്ട്. അതിനിടയിൽ കോടിക്കണക്കിനു കാര്യകാര ണങ്ങളുണ്ടെങ്കിലും നാം അവയെ നിഷേധിക്കുന്നില്ല. നാം വിശ്വസി

ക്കുന്നത് എല്ലാറ്റിനും ഒടുവിൽ മലക്ക് ഉണ്ടെന്നാണ്.

നാലാമത്തെ ആക്ഷേപം ഇപ്രകാരമാണ്: മാറ്റങ്ങളുണ്ടാകുന്നത് നിശ്ചിത നിയമങ്ങളുടെ അടിസ്ഥാനത്തിലാണല്ലോ. ഉദാഹരണത്തിന് പനി ബാധിക്കുന്നത്. പനിയുണ്ടാക്കുന്നത് മലക്കാണെങ്കിൽ ജ്വരഹരി കൊടുക്കുമ്പോൾ അതു ഭേദമാകുന്നതെന്തുകൊണ്ട്? ചികിത്സിക്കുന്നതോടെ രോഗം ഭേദപ്പെടുമ്പോൾ പനി ഉണ്ടാക്കിയത് മലക്കാണെന്ന് എങ്ങനെ പറയാനാകും? ഇതുപോലെ, ചുമയുണ്ടാക്കുന്നത് മലക്കാണെങ്കിൽ മരുന്നു കഴിക്കുമ്പോൾ അതു സുഖപ്പെടുന്നതെന്തുകൊണ്ട്? അപ്പോൾ മലക്ക് ഓടിപ്പോകുമോ?

വിവരക്കേടിന്റെ ആക്ഷേപങ്ങളാണിവ. കാരണം, സർവ്വശക്തരായ അസ്തിത്വങ്ങളാണ് മലക്കുകൾ എന്ന് ഞങ്ങൾ പറയുന്നില്ല. വസ്തുക്കളുടെ ഗുണം പ്രകടിപ്പിക്കുന്നവരാണ് മലക്കുകൾ എന്നാണ് ഞങ്ങൾ പറയുന്നത്. പനി വരാൻ കാരണമാകുന്ന വസ്തുക്കൾ ഒരുവൻ ഉപയോഗിക്കുമ്പോൾ ആ വസ്തുക്കളുടെ ഗുണം വെളിപ്പെടുന്നതിന്റെ ആദ്യകാരണങ്ങളുടെ മേൽനോട്ടക്കാരനായ മലക്കാണ് അതിന്റെ അനന്തരഫലമായ പനി ഉണ്ടാക്കുന്നത്. അതേസമയം, കാര്യകാരണബന്ധങ്ങളുടെ സൂക്ഷ്മാൽ സൂക്ഷ്മങ്ങളായ പ്രവർത്തനങ്ങളുടെ ഫലമായി പനി ഭേദമാകുന്ന വസ്തുക്കൾ മനുഷ്യൻ ഉപയോഗിക്കുമ്പോൾ ആ വസ്തുക്കളുടെ അവസാന മേൽനോട്ടക്കാരനായ മലക്ക് തന്റെ പ്രഭാവം ചെലുത്താൻ തുടങ്ങുന്നു. അങ്ങനെ ആദ്യമലക്ക് നിശ്ചിത നിയമമനുസരിച്ച് തന്റെ പ്രഭാവം അകറ്റാൻ തുടങ്ങുന്നു.അതുകൊണ്ട് രോഗം പ്രകടമാക്കുന്ന മലക്ക് മരുന്നുമുഖേന ഓടിപ്പോകുന്നു എന്നു പറയുന്നത് ശരിയല്ല. വാസ്തവമെന്താണെന്നുവെച്ചാൽ, മരുന്നിന്റെ സ്വാധീനം മലക്ക് പ്രകടിപ്പിക്കാൻ തുടങ്ങുമ്പോൾ രോഗലക്ഷണങ്ങൾ പ്രകടമാക്കുന്ന മലക്ക് തന്റെ പ്രഭാവം അകറ്റിക്കളയുകയാണ് ചെയ്യുന്നത്.

## മലക്കുകളിൽ വിശ്വസിക്കാൻ കല്പിക്കപ്പെട്ടത് എന്തുകൊണ്ട്?

മലക്കുകളിൽ വിശ്വസിക്കാൻ കല്പിക്കപ്പെട്ടിരിക്കുന്നത് എന്തുകൊണ്ടാണെന്ന് ഇനി ഞാൻ വിവരിക്കാം. മലക്കുകൾ നല്ലതാണെന്നും അവർ മുഖാന്തരം വസ്തുക്കളുടെ പ്രഭാവം പ്രകടമാകുന്നു എന്നതും ശരിതന്നെ. പക്ഷേ, ജ്വരഹരിയും ഗുണപ്രദമായ സംഗതിയാണല്ലോ. അതുമുഖേന പനി ഭേദമാകുന്നു. അതിൽ വിശ്വസിക്കാൻ എന്തുകൊണ്ട്

കല്പന നല്കപ്പെട്ടില്ല? അതുപോലെത്തന്നെ മലക്കുകൾ മഴ പെയ്യിക്കുന്നുവെന്നു നിങ്ങൾ പറയുന്നു. പക്ഷേ, മഴ പെയ്യുന്നതിൽ സൂര്യനും പങ്കുണ്ടല്ലൊ. അതിൽ വിശ്വസിക്കാൻ കല്പിക്കാതെ മലക്കുകളിൽ വിശ്വസിക്കാൻ കല്പിക്കപ്പെട്ടത് എന്തുകൊണ്ട്?

ഇതു മനസ്സിലാക്കാൻ നമുക്കു ദൂതന്മാരിലും വേദഗ്രന്ഥങ്ങളിലും വിശ്വസിക്കാൻ എന്തുകൊണ്ടു കല്പിക്കപ്പെട്ടിരിക്കുന്നു എന്ന കാര്യം അറിയണം. അതു മനസ്സിലായാൽ ഒരു സംഗതിയിൽ വിശ്വസിക്കാൻ കല്പിക്കപ്പെട്ടിരിക്കുന്നതിന്റെ തത്ത്വവും മനസ്സിലാകുന്നതാണ്. ആ തത്ത്വം മലക്കുകളെ സംബന്ധിച്ചും ചേർത്തുവെയ്ക്കാം. വാസ്തവത്തിൽ, അല്ലാഹുമാത്രമാണ് ആത്യന്തികമായി വിശ്വാസത്തിനർഹനായ അസ്തിത്വം. ദൂതന്മാരും ഗ്രന്ഥങ്ങളും അല്ലാഹുവിൽ വിശ്വസിക്കാനുള്ള മാർഗങ്ങളാണ്. യഥാർഥത്തിൽ അവരല്ല ആത്യന്തിക ലക്ഷ്യം. ദൈവികഗ്രന്ഥങ്ങളിൽ വിശ്വസിക്കാൻ കല്പിക്കപ്പെട്ടിരിക്കുന്നത്, അവ മുഖേന ദൈവത്തെ തിരിച്ചറിയാനും അവനുമായി കൂടിക്കാഴ്ച നടത്താനും സാധിക്കുന്നതുകൊണ്ടാണ്. ദൈവവചനങ്ങളായതിനാൽ അവ മുഖേന മനുഷ്യൻ ദൈവത്തിലേക്കു ശ്രദ്ധ തിരിക്കുന്നു. അതുപോലെ ദൂതന്മാരിൽ വിശ്വസിക്കാനുള്ള കാരണം ദൂതൻ അടയാളങ്ങൾമുഖേന ദൈവാസ്തിക്യം സ്ഥാപിക്കുന്നു എന്നതാണ്. ദൂതന്മാരിലുള്ള വിശ്വാസം സ്വന്തമായ നിലയിലല്ല. മറിച്ച് ദൂതൻ ദൈവത്തിൽ വിശ്വസിക്കാനുള്ള മാർഗമായിത്തീരുന്നതുകൊണ്ടാണ്. ആയതിനാൽ, ദൂതന്മാരിലും ഗ്രന്ഥങ്ങളിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നത് അവ ദൈവവിശ്വാസത്തിനുള്ള മാർഗമായിത്തീരുന്നതുകൊണ്ടാണ്. അല്ലാഹുവിനെകൂടാതെ മറ്റ് അഞ്ചു കാര്യങ്ങളിലും വിശ്വസിക്കൽ നിർബന്ധമാണ്.

1) മലക്കുകൾ 2) ഗ്രന്ഥങ്ങൾ 3) ദൂതന്മാർ 4) വിധി 5) അന്ത്യദിനം

ഇവരിൽ വിശ്വസിക്കുന്നത് ദൈവത്തിന്റെ അസ്തിത്വത്തിൽ വിശ്വസിക്കുന്നതിനു വേണ്ടിയാണ്. കാരണം, ഇവയാണ് ദൈവവിശ്വാസം കൈവരിക്കാനുള്ള മാർഗങ്ങൾ. ഇപ്പോഴത്തെ ചർച്ചതന്നെ മലക്കുകളെ സംബന്ധിച്ചാണല്ലോ. ഇനി മറ്റു സംഗതികൾ എടുത്താലും അവയിൽ വിശ്വസിക്കേണ്ടതിന്റെ ലക്ഷ്യവും ഇതുതന്നെ. ദൈവത്തിലേക്കു ശ്രദ്ധ പതിപ്പിക്കാനുള്ള പ്രേരകങ്ങളാണവ. മലക്കുകൾ മുഖേനയും ദൈവത്തിലേക്കു ശ്രദ്ധ തിരിയുന്നുവെങ്കിൽ അവയിൽ വിശ്വസിക്കേണ്ടത്

അനിവാര്യമാണെന്നാണ് ഈ തത്ത്വമനുസരിച്ച് ഞങ്ങൾ പറയുന്നത്. ലോകത്ത് ദൈവത്തെ ഉപേക്ഷിക്കുന്നവരുടെ ദൃഷ്ടി പൊതുവിൽ ബാഹ്യകാരണങ്ങളിൽ പതിയുന്നതുകൊണ്ടാണ് അവരതിൽ വഞ്ചിത രായി ദൈവത്തെ ഉപേക്ഷിക്കുന്നത്. ഉദാഹരണമായി, ജ്വരഹരി മുഖേന പനി ഭേദപ്പെടുന്നുവെന്നു കാണുമ്പോൾ അവർ പറയുന്നു, പനിമാറ്റി യത് ഇതല്ലേ, ഇവിടെ ദൈവത്തിനെന്തു കാര്യം? മറ്റു സംഗതികളെ സംബന്ധിച്ച് അവർ ഇതുപോലെ പറയുകയും ബാഹ്യകാരണങ്ങളെ കണ്ട് ദൈവത്തെ നിഷേധിക്കുകയും ചെയ്യുന്നു. എന്നാൽ മലക്കുക ളിൽ വിശ്വസിക്കാനുള്ള കല്പന ഏതൊരു വസ്തുവിന്റെയും അന്ത്യ കാരണമാണ് മലക്കെന്ന് വ്യക്തമാക്കുന്നു. ഈ ശാസനയിൽനിന്നാണ് സകല ശാസ്ത്രങ്ങളും നിർഗമിച്ചിരിക്കുന്നത്. എന്തെന്നാൽ, ഏതൊരു കാര്യത്തിന്റെയും യാഥാർഥ്യം നിങ്ങൾ അന്വേഷിക്കാൻ തുടങ്ങിയാൽ അതിന്റെ സൂക്ഷ്മാൽ സൂക്ഷ്മങ്ങളായ കാരണങ്ങൾ പുറത്തു വരു ന്നതാണെന്ന് അല്ലാഹു ഇതിൽ പറഞ്ഞിരിക്കുന്നു. പദാർഥങ്ങളുടെ സമീപസ്ഥമായ ബാഹ്യ കാരണങ്ങളെ ലോകം മനസ്സിലാക്കിവരുന്ന സമയത്താണ് ഏതൊരു വസ്തുവിനും അതിനിഗൂഢങ്ങളായ കാരണ ങ്ങളുണ്ടെന്ന് ഇസ്‌ലാം ഉദ്ഘോഷിച്ചത്. പ്ലേഗിന്റെ മുഴ വെറുതെയങ്ങു ണ്ടാകുന്നതല്ലെന്ന് ഇപ്പോൾ സൂക്ഷ്മദർശിനികൾ വിളിച്ചു പറയുന്നു. കീടാണുക്കൾ കാരണമായാണ് അതുണ്ടാകുന്നത്. ഈ കീടങ്ങളുണ്ടാ കുന്നതിനും വേറെ കാരണങ്ങളുണ്ട്. ആ കാരണങ്ങൾക്കു വീണ്ടും കാ രണങ്ങളുണ്ട്. കാരണങ്ങളുടെ ശൃംഖല അങ്ങനെ തുടർന്നു പോകുന്നു. ഈ കാരണങ്ങളുടെ അവസാനത്തേതും ഏറ്റവും ഉയർന്നു നില്ക്കു ന്നതുമായ കാരണമാണ് മലക്കുകൾ. അവയ്ക്കു മീതെയാണു ദൈ വം. ആയതിനാൽ, മലക്കുകളിൽ വിശ്വസിക്കുന്നതുകൊണ്ട് കാര്യ കാരണങ്ങളുടെ അവസാന കണ്ണിയിലുള്ള വിശ്വാസം കരഗതമാകുന്നു. ഇതുമുഖേന ദൈവത്തിലുള്ള വിശ്വാസം കരസ്ഥമാകുന്നു. മലക്കു കളിൽ വിശ്വസിക്കുന്നതിനുള്ള കാരണം ഇതാണ്.

വിശുദ്ധ ഖുർആനിൽ ഈമാൻ മറ്റർഥങ്ങളിലും ഉപയുക്തമായിട്ടുണ്ട്. വിശ്വസിക്കുന്നതിനും ഈമാൻ എന്ന് പറയുന്നു. എന്നാൽ ഏതെങ്കിലും ഒരു അസ്തിത്വത്തിൽ വിശ്വസിക്കുന്നതു മാത്രമല്ല, അതിന്റെ പ്രേരണ കളിൽ വിശ്വസിക്കുന്നതും ഈമാൻ എന്ന് പറയപ്പെടുന്നു. അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു:

فَمَنْ يَّكْفُرْ بِالطَّاغُوْتِ وَيُؤْمِنْ بِاللّٰهِ فَقَدِ اسْتَمْسَكَ بِالْعُرْوَةِ الْوُثْقٰى ۗ لَا انْفِصَامَ لَهَا ۗ وَاللّٰهُ سَمِيْعٌ عَلِيْمٌ

അർഥം: പിശാചിനെ നിരാകരിക്കുകയും അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നവൻ ഒരിക്കലും മുറിഞ്ഞു പോവാത്ത കൈപ്പിടിയിലാണ് പിടിച്ചിരിക്കുന്നത്. അല്ലാഹു ഏറ്റവും നല്ലവണം കേൾക്കുന്നവനും അറിയുന്നവനുമാണ്.(2:257)

ശൈത്വാനെയാണ് താഗൂത്ത് എന്ന് പറയുന്നത്. ഇനി നിഷേധിക്കുക എന്നതുകൊണ്ട് ഒരു വസ്തുവിന്റെ അസ്തിത്വത്തെ നിഷേധിക്കലാണെന്ന് അർഥമെടുക്കുകയാണെങ്കിൽ ഈ ആയത്തിന്റെ അർത്ഥം 'ശൈത്വാന്റെ അസ്തിത്വത്തെ നിഷേധിക്കുകയും അല്ലാഹു വിന്റെ അസ്തിത്വത്തെ അംഗീകരിക്കുകയും ചെയ്യുന്നവനാണ് നാശത്തിൽനിന്ന് രക്ഷ പ്പെടുന്നവൻ' എന്നാത്തീരും. എന്നാൽ തികച്ചും തെറ്റായ അർഥമാണത്. എന്തെന്നാൽ, വിശുദ്ധ ഖുർആൻ വളരെ വ്യക്തമായി ദൈവത്തിന്റെയും പിശാചിന്റെയും അസ്തിത്വത്തെ അംഗീകരിക്കുന്നു. ഈ വിശ്വാസംകൊണ്ട് ഈ ആയത്ത് ഉദ്ദേശിക്കുന്നത് പിശാചിന്റെ കാര്യങ്ങളെ റദ്ദാക്കുകയും അല്ലാഹുവിന്റെ കാര്യങ്ങളെ അംഗീകരിക്കുകയും ചെയ്യുക എന്നാണ്. ഇതേ അർഥംതന്നെ മലക്കുകളിലുള്ള വിശ്വാസത്തിനും നല്കുകയാണെങ്കിൽ ആ വിശ്വാസംകൊണ്ടുള്ള ഉദ്ദേശ്യം അവരുടെ പ്രേരണകളെ അംഗീകരിക്കുക എന്നതായിരിക്കും. അതുപോലെത്തന്നെ ഗ്രന്ഥങ്ങളിലും ദൂതന്മാരിലും വിശ്വസിക്കുന്നതിന്റെ അർഥം, വേദഗ്രന്ഥങ്ങളിലുള്ള ദൈവകല്പനകളെ പാലിക്കുകയും ദൈവദൂതൻ നൽകുന്ന കല്പനകളെ അംഗീകരിക്കുകയും ചെയ്യുക എന്നായിരിക്കും. അന്ത്യനാളിൽ വിശ്വസിക്കുന്നതിലുള്ള അർഥം അതിനെക്കുറിച്ച് ചിന്തിച്ച് ചീത്ത കാര്യങ്ങളിൽനിന്ന് വിട്ടുനിൽക്കുക എന്നാണ്. അപ്പോൾ ദൈവം, മലക്കുകൾ. വേദഗ്രന്ഥങ്ങൾ, ദൂതന്മാർ തുടങ്ങിയവയിൽ വിശ്വസിക്കുന്നതിന്റെ ഉദ്ദേശ്യം അവരുടെ കല്പനകളെ അംഗീകരിക്കുകയാണ്. വിശ്വസിക്കുക എന്നതുകൊണ്ട് ഇതാണ് ഉദ്ദേശിക്കുന്നതെങ്കിൽ ഈ നാലു കാര്യങ്ങളിൽ വിശ്വസിക്കാൻ എന്തുകൊണ്ട് കല്പിക്കപ്പെട്ടു? ഇവരെ കൂടാതെ മുജദ്ദിദുമാരും പ്രവാചകന്മാരുടെ ഖലീഫമാരും ഉണ്ട്. അവരുടെ കല്പനകളും വിശ്വാസത്തിന്റെ ഭാഗമാകുകയും, ആ കല്പനകളെ നിഷേധിക്കുന്നത്

കുഫ്ർ ആയിത്തീരുകയും ചെയ്യേണ്ടതാണല്ലൊ. അപ്പോൾ ഇവരുടെ കല്പനകളെ നിഷേധിക്കുന്നത് കുഫ്ർ അല്ലെങ്കിൽ ബാക്കിയുള്ള വരുടെ കല്പനകളെ നിഷേധിക്കുന്നത് കുഫ്ർ ആയിത്തീരുന്നത് എങ്ങനെ എന്ന് ആരെങ്കിലും ചോദിച്ചേക്കാം.

ശരിയാണ്. ഖലീഫമാരും മുജദ്ദിദുമാരും നല്ല കാര്യങ്ങളാണു പറയാറ്. എന്നാൽ, അല്ലാഹുവും മലക്കുകളും വേദഗ്രന്ഥങ്ങളും പറയുന്ന കാര്യ ങ്ങളും ഇവരുടെ കാര്യങ്ങളും തമ്മിൽ വ്യത്യാസമുണ്ട്. വിശ്വാസകാര്യ ങ്ങളിലെ ചെറുതിൽ ചെറുതായ സംഗതിയെപ്പോലും എതിർക്കുന്നവൻ കാഫിർ ആയിത്തീരും. ഉദാഹരണമായി, വുളു ചെയ്യുന്ന നേരത്ത് കാലു കഴുകണമെന്നു റസൂൽ (സ) കല്പിച്ചതു ശരിയല്ലെന്ന് വല്ലവനും പറഞ്ഞാൽ അവൻ കാഫിർ ആയിത്തീരും. എന്നാൽ ഖലീഫയോട് വിശദാംശങ്ങളിൽ അഭിപ്രായഭിന്നത ആകാം. ഉദാഹരണമായി, ഒരു ആയത്തിനെ സംബന്ധിച്ച് ഖലീഫ മനസ്സിലാക്കുന്ന അർത്ഥം മറ്റൊ രാൾക്കു മനസ്സിലാകാതെ വരികയും അയാൾ അത് അംഗീകരിക്കാ തെയിരിക്കുകയും ചെയ്യുകയാണെങ്കിൽ അയാൾക്കത് അനുവദിനീ യമാണ്. എന്നാൽ ഇന്ന ആയത്തിന് നബി (സ) നൽകിയ അർഥം താൻ അംഗീകരിക്കുകയില്ലെന്ന് ആരെങ്കിലും പറഞ്ഞാൽ അയാൾ കാഫിർ ആയിത്തീരും. എന്തെന്നാൽ, നബി (സ)തിരുമേനിയടെ കല്പന കളിലെ ഏതെങ്കിലും ഒരു അംശത്തെപ്പോലും റദ്ദാക്കുക എന്നത് ആർക്കും അനുവദിനീയമല്ല. ഖലീഫമാരുടെ കല്പനകളെ അനുസ രിക്കുന്നത് നിർബന്ധമാണെങ്കിലും അവരുടെ അഭിപ്രായങ്ങളോടു യോജിക്കുക നിർബന്ധമല്ല. ഒരു കാര്യത്തെ സംബന്ധിച്ച് ഖലീഫ നല്കുന്ന അഭിപ്രായത്തോട് ആരെങ്കിലുമൊക്കെ വിയോജിച്ചെന്നു വരാം. സക്കാത്ത് നല്കാൻ കൂട്ടാക്കാത്തവരെ, അവർ മതപരിത്യാ ഗികളും നിഷേധികളുമായതിനാൽ അടിമകളാക്കുന്നത് അനുവദി നീയമാണെന്ന് ഹദ്റത്ത് അബൂബക്കർ(റ) പറഞ്ഞിരുന്നു. എന്നാൽ അതിനോടു താൻ യോജിക്കുന്നില്ല എന്നാണ് ഹദ്റത്ത് ഉമർ (റ) അവസാനം വരെ പറഞ്ഞത്. എന്നാൽ നബി (സ) തിരുമേനിയാണ് ഇതു പറഞ്ഞതെങ്കിൽ അതിനോടു വിയോജിക്കുന്നത് അനുവദിനീ യമായിരുന്നില്ല. നബിമാരുമായി വിശ്വാസപരമായബന്ധം ഉള്ളതിനാ ലാണ് അവരുമായുള്ള വിയോജിപ്പ് ഒരിക്കലും അനുവദിക്കാത്തത്. എന്നാൽ വ്യാഖ്യാനങ്ങളിൽ ഖലീഫമാരോടു വിയോജിപ്പ് ആകാവു ന്നതാണ്. ഇപ്പോഴും ചില വൈജ്ഞാനിക കാര്യങ്ങളിൽ വിയോജിപ്പ്

ഉണ്ടാകാറുണ്ട്. ചില സന്ദർഭങ്ങളിൽ ഖലീഫമാർക്ക് മറ്റുള്ളവരുടെ കാര്യങ്ങൾ അംഗീകരിക്കേണ്ടി വരികയും ചിലപ്പോൾ മറ്റുള്ളവർക്ക് ഖലീഫയുടെ കാര്യങ്ങൾ അംഗീകരിക്കേണ്ടതായി വരികയും ചെയ്ത സന്ദർഭങ്ങളുണ്ടായിട്ടുണ്ട്. ഒരാൾ ജനാബത്തുകാരനായിത്തീരുന്നത് ശുക്ലസ്ഖലനത്തോടുകൂടിയാണോ അതല്ല വെറും ലിംഗസംയോഗ ത്തോടെയാണോ എന്ന കാര്യത്തിൽ ഹദ്റത്ത് ഉമറും(റ) സഹാബാ ക്കളും തമ്മിൽ അഭിപ്രായ ഭിന്നത ഉണ്ടായിട്ടുണ്ട്.

ചുരുക്കത്തിൽ, ഇത്തരം കാര്യങ്ങളിൽ ഖലീഫയോടു വിയോജിക്കാ വുന്നതാണ്. എന്നാൽ പ്രവാചകന്മാരോട് അതു സാധ്യമല്ല. അത്ത ഹിയാത്തിൽ വിരലുയർത്തുന്ന കാര്യത്തിൽപോലും നബി(സ)യോടു വിയോജിക്കുന്നത് കാഫിറാക്കിത്തീർക്കും. പക്ഷേ, മുജദ്ദിദീങ്ങളും ഖലീഫമാരും അത്തരത്തിലുള്ളവരല്ല. വൈജ്ഞാനിക കാര്യങ്ങളിൽ അവരോടു വിയോജിക്കുന്നത് കുഫ്റല്ല. എന്നാൽ നബിമാരുടെ വളരെ ചെറിയ കാര്യങ്ങളോടുപോലും വിയോജിക്കുന്നത് കാഫിറാക്കി മാറ്റും. അവരുടെ കാര്യങ്ങൾ മനസ്സിലായാലും ഇല്ലെങ്കിലും നബി പറയുന്ന തുതന്നെയാണു സത്യം എന്ന് പറയൽ നിർബന്ധമാണ്.

ചുരുക്കത്തിൽ മലക്കുകൾ പറയുന്നതു ശരിയാണ് എന്നംഗീക രിക്കലാണ് മലക്കുകളിലുള്ള വിശ്വാസംകൊണ്ട് അർഥമാക്കുന്നത്. അതുകൊണ്ടാണ് മലക്കുകൾ പറയുന്നത് അംഗീകരിക്കാനും വിശ്വ സിക്കാനുമുള്ള കല്പന നല്കിയത്. മലക്കുകൾ പറയുന്നതാണു ശരി എന്ന് വിശുദ്ധ ഖുർആനിൽനിന്നു തെളിവു ലഭിക്കുന്നുണ്ട്. മല ക്കുകളെ അംഗീകരിക്കാതിരുന്നാലുള്ള ഫലം എന്തായിരിക്കുമെന്നും വിശുദ്ധ ഖുർആൻ ഉദാഹരണസഹിതം വിവരിച്ചിരിക്കുന്നു. അതിൽ അല്ലാഹു പറയുന്നു:

وَاِذْ قُلْنَا لِلْمَلٰٓئِكَةِ اسْجُدُوْا لِاٰدَمَ فَسَجَدُوْٓا اِلَّآ اِبْلِيْسَ ؕ اَبٰى وَاسْتَكْبَرَ ۫ وَكَانَ مِنَ الْكٰفِرِيْنَ

(2:35) അല്ലാഹു മലക്കുകളോട് ആദമിനു സുജൂദ് ചെയ്യുക എന്നു കല്പന നല്കിയപ്പോൾ അവർ സുജൂദ് ചെയ്തു. എന്നാൽ, അതു നിഷേധിച്ച ഇബ്ലീസ് കാഫിർ ആയിത്തീരുകയായിരുന്നു. ഇബ്ലീസ് മലക്കായിരുന്നില്ലെന്നാണു ഖുർആനിൽനിന്നു മനസ്സിലാകുന്നത്. നേരെ മറിച്ച്, ജിന്നായിരുന്നു; മലക്കല്ലാത്ത അസ്തിത്വമായിരുന്നു. കല്പന മലക്കുകളോടായതിനാൽ ആദമിന് സുജൂദ് ചെയ്യണമെന്നു മലക്ക

ല്ലാത്ത അസ്തിത്വത്തിന് എങ്ങനെ അറിവു ലഭിച്ചു? മലക്കുകൾ അവനെ സുജൂദ് ചെയ്യാൻ പ്രേരിപ്പിക്കുകയും എന്നാൽ അവൻ അതിനു കൂട്ടാക്കാതിരിക്കുകയും ചെയ്യുകയായിരുന്നു എന്നാണ് മനസ്സിലാകുന്നത്. അതിന്റെ ഫലമെന്തായി? അവൻ കാഫിറായിത്തീർന്നു. അതിനാൽ മലക്കുകളുടെ പ്രേരണയെ അംഗീകരിക്കലും നിർബന്ധമാക്കപ്പെട്ടിരിക്കുന്നു. എന്തെന്നാൽ, അത് നന്മയാണ്.

മലക്കുകൾ എന്താണ്? അവയുടെ പ്രവർത്തനങ്ങൾ എന്തൊക്കെ? അവരിൽ വിശ്വസിക്കേണ്ട അനിവാര്യത എന്ത്? അവയുടെ ആവശ്യകത എന്ത്? ഇക്കാര്യങ്ങളെല്ലാം ഞാൻ പറഞ്ഞുകഴിഞ്ഞു. ശേഷം അവരുടെ മേൽ ഉന്നയിക്കപ്പെടുന്ന ആക്ഷേപങ്ങൾക്കു മറുപടിയും നല്കി. ഇതൊക്കെയാണെങ്കിലും അവരെക്കുറിച്ച് വേറെയും ചോദ്യങ്ങൾ ഉണ്ടാകാറുണ്ട്. ഇനി ആ ചോദ്യങ്ങൾക്ക് മറുപടി നൽകാം.

## മലക്കുകളുടെ ബന്ധം എത്രവിധം

ഇനി ഞാൻ മലക്കുകളുടെ പ്രയോജനം എത്രവിധമാണെന്ന് പറയാം. മലക്കുകളുടെ പ്രയോജനങ്ങളോടൊപ്പം പിശാച് മനുഷ്യനുമായി ഏതുവിധത്തിലാണ് ബന്ധപ്പെ ട്ടിരിക്കുന്നത് എന്ന ചോദ്യവും ഉണ്ടാകും. കാരണം, ഈ രണ്ട് അസ്തിത്വങ്ങളും ആപേക്ഷികങ്ങളാണ്. അതുകൊണ്ട് അതിനെക്കുറിച്ചും ഇതോടൊപ്പം ഞാൻ പരാമർശിക്കുന്നതാണ്.

മലക്കുകളുടെയും പിശാചിന്റെയും സ്വാധീനങ്ങൾ മൂന്നു വിധത്തിലാണെന്ന് ഓർക്കണം. മനുഷ്യനുമായി മലക്കിനുള്ള ആദ്യത്തെ ബന്ധം *ലമ്മാ മലക്കിയ്യാ* എന്നാണ് പറയപ്പെടുന്നത്; അതായത്, മലക്കിന്റെ പ്രേരണ. ഇതിനെ നമുക്ക് ഇങ്ങനെ ഉദാഹരിക്കാം: വഴിലൂടെ നടന്നുപോകുന്ന ഒരാൾക്ക് വഴി മറന്നു പോകുന്നു അപ്പോൾ അത് റോഡല്ലെന്നും ഇതാണ് വഴിയെന്നും ഒരാൾ അയാളോടു വിളിച്ചു പറയുന്നു. ഇതപോലെയാണ് മലക്കുകളുടെ ഭാഗത്തുനിന്ന് പ്രേരണയുണ്ടാകുന്നത്. ഒരു അപരിചിതനോടെന്നപോലുള്ള ബന്ധമാണിത്. ബന്ധം ഇതിലുപരിയായി വർദ്ധിക്കുമ്പോൾ യാത്രയിൽ ഒരു സുഹൃത്തിന് മറ്റൊരു സുഹൃത്തിനോടുള്ള ബന്ധം പോലെയായിത്തീരുന്നു. വഴിയറിയുന്ന സുഹൃത്തു പോകുന്ന വഴിയെ തന്നെയായിരിക്കും അയാളുടെ കൂട്ടുകാരനും പോകുക. ഓരോ ചുവടിലും എങ്ങോട്ടാണു പോകുന്നതെന്നു ചോദിക്കില്ല. ഇതേപോലെ, ഈ ഘട്ടത്തിൽ മലക്ക് കൂടെയുണ്ടാകുമ്പോൾ മനുഷ്യനും മലക്കും ഒരേ ദിശയിലായിരിക്കും സഞ്ചരിക്കുക. ഇതിനെയാണ് പരിശുദ്ധാത്മാവിന്റെ പിന്തുണയെന്ന്

പറയുന്നത്. ഈ പിന്തുണ നുസൂൽ (ഇറക്കം) എന്ന പദവുമായി ബന്ധപ്പെട്ടിരിക്കുന്നു. 'പരിശുദ്ധാത്മാവിന്റെ ഇറക്കം' എന്ന സ്ഥാനം ഒരുവനു ലഭ്യമായാൽ ആ ബന്ധം ശാശ്വതമായിരിക്കും. എന്നാൽ ആദ്യത്തേത്, അതായത് മലക്കിന്റെ പ്രേരണ (ലമ്മാ മലക്കിയ്യ) താത്ക്കാലികമാണ്.

ഇതിലും അടുപ്പമുള്ള മൂന്നാമത്തെ ഘട്ടത്തിൽ മലക്കും മനുഷ്യനും തമ്മിൽ അടിമയുടെയും ഉടമയുടെയും ബന്ധമാണ് ഉണ്ടാകുന്നത്. അതായത്, മലക്ക് വെറും കൂട്ടുകാരൻ മാത്രമല്ല, അവന് അല്ലാഹുവിൽ നിന്ന് മനുഷ്യനെ അനുസരിക്കാനും സേവിക്കാനുമുള്ള കല്പനയും ലഭിക്കുന്നു. അവൻ സുഹൃത്തിനെപ്പോലെയല്ല, സേവകനെപ്പോലെ കൂടെയുണ്ടാകും. ഈ പദവി കാരണത്താലാണ് വാഗ്ദത്ത മസീഹ് (അ)ന് 'തീ നമ്മുടെ ദാസൻ, എന്നല്ല ദാസരുടെയും ദാസനാണ്' എന്ന ഇൽഹാം ഉണ്ടായത് (തദ്കിറ 4 ാം പതിപ്പ്, പേജ് 397). തീ ദാസനാണെന്നതുകൊണ്ടുള്ള ഉദ്ദേശ്യം തീയുടെ മലക്ക് അദ്ദേഹത്തിന്റെ ദാസനായിരുന്നു എന്നാണ്.

فَقَعُوْا لَهٗ سٰجِدِيْنَ

(15:30) എന്നതിന്റെ അർത്ഥവും ഇതുതന്നെയാണ്. മലക്കുകളോട് ആദ്യത്തെ ആദമിനെ അനുസരിക്കാനും അദ്ദേഹത്തിന്റെ ദാസനാ യിത്തീരാനും കല്പിക്കപ്പെട്ടെങ്കിൽ ആദ്യത്തെ ആദമിനെക്കാൾ മഹത്ത്വം നല്കപ്പെട്ട രണ്ടാമത്തെ ആദമിനുവേണ്ടി (വാഗ്ദത്ത മസീഹ് (അ)) 'തീ നമ്മുടെ ദാസൻ, എന്നല്ല ദാസരുടെയും ദാസനാണ്'എന്ന് എന്തുകൊണ്ടു പറഞ്ഞുകൂടാ?

ഈ പദവിയിൽ എത്തിച്ചേർന്ന മനുഷ്യന് മലക്ക് ഒരു ദാസനെപ്പോലെയായിരിക്കും. അവന് അദ്ദേഹത്തെ വേർപിരിയാനോ ഉപേക്ഷിക്കാനോ ഉള്ള അവകാശമില്ല. ഒരു വേലക്കാരന് വേല ഉപേക്ഷിച്ചു വേർപിരിയാമെങ്കിലും മലക്കിന് വേർപിരിയാനാകില്ല. ഇതു നബിമാരുടെ സ്ഥാനമാണ്.

ഇതേ പദവികൾക്കു സദൃശമായ ബന്ധങ്ങളാണ് പിശാചും മനുഷ്യനും തമ്മിലുള്ളത്. പിശാചുമായി ബന്ധപ്പെടുന്നവരുടെ ആദ്യഘട്ടം പൈശാചികത്വത്തിന്റേതാണ്. നേർവഴിയിലൂടെ പോകുന്ന ഒരാളോട് കുഴപ്പ

ക്കാരനായ വേറൊരാൾ "അങ്ങോട്ടു പോകണ്ട ഇങ്ങോട്ടു പൊയ്ക്കൊള്ളൂ'' എന്ന് കളിയായി പറയുന്നതുപോലെയാണിത്. ആരെങ്കിലും അയാൾ പറയുന്നതു വിശ്വസിച്ചാൽ അയാൾക്കു വഴിതെറ്റും. ഇതുപോലെയാണ് പിശാച് തുടക്കത്തിൽ വഞ്ചിക്കുന്നത്. അവന്റെ വഞ്ചനയിൽ വന്നുപെടുന്നവനെ അവൻ വഴിപിഴപ്പിക്കുന്നു. എന്നാൽ, അവനെ നേർമാർഗ്ഗത്തിലേക്കു നയിക്കാൻ ശ്രമിക്കുന്ന മലക്കുകൾ അവനോടൊപ്പം അപ്പോഴും ഉണ്ടാകും. ആ മലക്കുകൾ അവനെ നേർമാർഗത്തിൽ കൊണ്ടുവരാൻ ശ്രമിക്കുന്നു. എന്നാൽ, ഒരുവൻ പിശാചിന്റെ കാര്യങ്ങൾ വീണ്ടും വീണ്ടും അംഗീകരിക്കാൻ തുടങ്ങുമ്പോൾ കൂടുതൽ മോശമായ അവസ്ഥയിലേക്ക് അവൻ ചെന്നെത്തുകയും പിശാചിനെ കൂടെ കൂടെ കണ്ടുമുട്ടുന്നതിനാൽ അവർ തമ്മിൽ സുഹൃദ്ബന്ധം ഉടലെടുക്കുകയും ചെയ്യുന്നു. അതിനെ സംബന്ധിച്ചാണ് അല്ലാഹു പറയുന്നത്:

وَمَن يَكُنِ الشَّيْطَٰنُ لَهُۥ قَرِينًا فَسَآءَ قَرِينًا

അതായത്, പിശാച് അവരുടെ സുഹൃത്തായിത്തീരുന്നു. വളരെ മോശപ്പെട്ട സുഹൃത്താണവൻ. (4:39 ).

ഇതു രണ്ടാമത്തെ ഘട്ടമാണ്. അതുകഴിഞ്ഞു മൂന്നാമത്തെ ഘട്ടം തുടങ്ങുന്നു. അതായത്, പിശാച് ഉടമയും മനുഷ്യൻ അവന്റെ അടിമയും ആയിത്തീരുന്ന അവസ്ഥ. അത്തരം ആളുകളെ സംബന്ധിച്ചാണ് അവർ അബദത്താഗൂത്തി(പിശാചിന്റെ അടിമ) ആണ് എന്ന് അല്ലാഹു പറഞ്ഞിരിക്കുന്നത്. അതായത്, അവർ പിശാചിനെയാണ് ആരാധിക്കുന്നത്. അവന്റെ ദാസരാണവർ. ചുരുക്കത്തിൽ, നന്മയിലേക്കു ചായുന്നവനുമേൽ മലക്കും, തിന്മയിലേക്കു ചായുന്നവനുമേൽ പിശാചും ഒടുവിൽ ആധിപത്യം പുലർത്തുമെന്ന് സാരം.

മനുഷ്യരുമായി ബന്ധപ്പെട്ട നന്മതിന്മകളുടെ മൂന്നു ഘട്ടങ്ങളാണിവ. ഇനിയുള്ള ചോദ്യം, ഇവയിൽ ഏതെങ്കിലും ഒരു അവസ്ഥ എല്ലാ മനുഷ്യർക്കും ഉണ്ടാകുമ്പോൾ വെവ്വേറെ മലക്കുകൾ ഓരോ മനുഷ്യനോടൊപ്പം ഉണ്ടാകുമോ എന്നതാണ്. ഇതിനുള്ള മറുപടി ഇതാണ്: അതേ, ഓരോ മനുഷ്യനോടൊപ്പവും വെവ്വേറെ മലക്കുകളുണ്ട്. വാസ്തവത്തിൽ, നാം നേരത്തെ പറഞ്ഞതുപോലെ, മലക്കുകൾ രണ്ടു വിധ

ത്തിലുണ്ട്. ഒന്ന്, ഓരോ മനുഷ്യനോടൊപ്പം ഓരോന്നും ഈരണ്ടു മായി നിശ്ചയിക്കപ്പെട്ടിരിക്കുന്നത്. അല്ലാഹു പറയുന്നു:

إِنْ كُلُّ نَفْسٍ لَّمَّا عَلَيْهَا حَافِظٌ

'ഒരു മേൽനോട്ടക്കാരൻ നിശ്ചയിക്കപ്പെടാത്ത ഒരാത്മാവുമില്ല.'(86:5).

ഓരോമനുഷ്യനോടൊപ്പം ഒരു മലക്കിനെ നിശ്ചയിച്ചിരിക്കുന്നുവെന്ന് ഇതിൽനിന്നു മനസ്സിലാക്കാം. രണ്ടാമത്തെതരം മലക്കകളിലെ ഓരോ മലക്കും എല്ലാ മനുഷ്യനോടും ബന്ധം പുലർത്തുന്നു. ഓരോ മനുഷ്യ നോടും അവർക്ക് ഏതാണ്ട് ഒരേ സ്വാധീനം ഉണ്ടായിരിക്കും. ജിബ് രീൽ എല്ലാവരിലും സ്വാധീനം ചെലുത്തുന്നു. ഇത്തരം മലക്കുകൾക്കു സേവകരുണ്ട്. അവർ ഇവരുടെ പ്രഭാവങ്ങളെ മറ്റു വസ്തുക്കളിലേക്ക് എത്തിക്കുന്നു.

ഒരേ മലക്കാണ് എല്ലാ മനുഷ്യരുടെമേലും പ്രഭാവം ചെലുത്തുന്ന തെങ്കിൽ മലക്കുകൾ ഇറങ്ങുന്നതെങ്ങനെയാണെന്ന ചോദ്യം ഉയരാം. ഇവിടെ ഒരു കാര്യം ഓർക്കേണ്ടതുണ്ട്. മലക്കുകളുടെ ഇറക്കമെന്നത് വിശുദ്ധ ഖുർആന്റെ സാങ്കേതിക പ്രയോഗമാണ്. മലക്ക് നിർബന്ധ മായും വരുമെന്ന് ഇതിനർത്ഥമില്ല. മറിച്ച്, ശാശ്വതമായ നിലയിൽ പ്രഭാവം ചെലുത്തുകയാണു ചെയ്യുന്നത്. നോക്കൂ, 'ഇറക്കം' എന്ന പദം അല്ലാഹുവിനുവേണ്ടിയും പ്രയുക്തമായിട്ടുണ്ട്. ലൈലത്തുൽ ഖദ്റിന്റെ അവസാന ഭാഗത്ത് ദൈവം താഴോട്ടിറങ്ങി വരുമെന്നാണ് ഹദീസുകളിൽ വന്നിട്ടുള്ളത്. അന്നേരം അല്ലാഹു അധികമായി തന്റെ പ്രഭാവം ചെലുത്തുന്നു എന്നാണ് ഇതിന്റെ ഉദ്ദേശ്യം. ഇതുതന്നെയാണ് ജിബ്രീലിന്റെ 'ഇറക്കം' കൊണ്ടും അർത്ഥമാക്കുന്നത്. ജിബ്രീലും സ്വന്തമായ നിലയിൽ ഇറങ്ങുന്നില്ല. കാരണം, അതൊരു പ്രത്യേക സ്ഥാനത്താനുള്ളത്. അനങ്ങാതെ തന്റെ സ്ഥാനത്തിരുന്നുകൊണ്ടു തന്നെയാണ് പ്രഭാവം ചെലുത്തുന്നത്. നോക്കൂ, സൂര്യപ്രകാശം ദർ പ്പണത്തിൽ പതിയുമ്പോൾ അതിലേക്ക് അതിറങ്ങി വരുന്നില്ലല്ലോ. ഇതേപോലെ, ജിബ്രീൽ നബി (സ)തിരുമേനിയുടെ അടുത്തേക്കു വരാറുണ്ടായിരുന്നില്ല. മറിച്ച്, അതിന്റെ ഛായയാണ് വന്നിരുന്നത്. മനുഷ്യരൂപത്തിൽ നബി(സ)യുടെ പക്കൽ വന്നപ്പോൾ അതു നേരിട്ടു

വന്നതായിരുന്നില്ല. മറിച്ച്, തന്റെ പ്രഭാവത്താൽ സൃഷ്ടിച്ച മനുഷ്യരൂപമാണ് വന്നിരുന്നത്. അതെവിടെയാണോ അവിടെത്തന്നെയാണു നിലകൊള്ളുന്നത്.

ആയതിനാൽ, ഇറക്കം എന്നതിന്റെ അർത്ഥം ദർപ്പണത്തിൽ സൂര്യപ്രകാശത്തിന്റെ ഛായ പതിയുന്നതുപോലെ, ജിബ്‌രീൽ തന്റെ പ്രഭാവം സ്വീകരിക്കാൻ പ്രാപ്തമായ ഹൃദയത്തിൽ സ്വാധീനം ചെലുത്തുന്നു എന്നു മാത്രമാണ്. ഇതുതന്നെയാണ് അവന്റെ 'ഇറക്കവും'. ഈ ഇറക്കമുണ്ടാകുമ്പോൾ പരിശുദ്ധാത്മാവ് മനുഷ്യനോടൊപ്പം ആയിത്തീരുന്നു. അതുമുഖേനയാണ് അവൻ എല്ലാ കാര്യങ്ങളും ചെയ്യുന്നത്. ഈസാനബി (അ)യുടെ കാര്യത്തിലും ഇതാണു സംഭവിച്ചത്. പിശാച് അദ്ദേഹത്തെ പ്രലോഭിപ്പിച്ചിരുന്നുവെന്ന് ക്രിസ്ത്യാനികൾ പറയുന്നു. അല്ലാഹു പറയുന്നു: പിശാച് എങ്ങനെ അദ്ദേഹത്തെ പ്രലോഭിപ്പിക്കും? അദ്ദേഹത്തോടൊപ്പം ഉണ്ടായിരുന്നത് ജിബ്‌രീൽ ആയിരുന്നുവല്ലോ.

ഇവിടെ ഉയരാവുന്ന മറ്റൊരു ചോദ്യം, ജിബ്‌രീലിന്റെ ഇറക്കമെന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് അതിന്റെ ഛായയാണെങ്കിൽ ജിബ്‌രീലിന്റെ ഛായ പതിഞ്ഞ മനുഷ്യരിലെല്ലാം ഒരുപോലെയുള്ള ഛായയായിരിക്കണമല്ലൊ പതിയേണ്ടത് എന്നതാണ്. നബി (സ)തിരുമേനി, ഹദ്റത്ത് മൂസാ(അ), ഹദ്റത്ത് ഈസാ(അ) എന്നിവരുടെയെല്ലാം പദവി ഒന്നായിരിക്കണമല്ലൊ എന്ന് ചോദിച്ചേക്കാം. എന്നാൽ ഇതു ശരിയല്ല. എന്തെന്നാൽ പ്രതിബിംബങ്ങൾ പലതാണ്. ഇതിൽ പ്രതിബിംബം ആരുടേതാണ് എന്നു മാത്രമല്ല നോക്കുന്നത്. മറിച്ച്, ആരിലാണ് പ്രതിബിംബം പതിയുന്നതെന്നു നോക്കേണ്ടതും അനിവാര്യമാണ്. ഇരുമ്പുതകിടിൽ പതിയുന്ന സൂര്യന്റെ പ്രതിബിംബം ഒരു രീതിയിലും കണ്ണാടിൽ പതിയുന്ന പ്രതിബിംബം മറ്റൊരു രീതിയിലുമായിരിക്കുമല്ലൊ. ജിബ്‌രീലിനു മാറ്റമുണ്ടായിരുന്നില്ല. അതിന്റെ പ്രതിബിംബവും അതുതന്നെ. എന്നാൽ, ഹൃദയത്തിന്റെ പരിശുദ്ധിയനുസരിച്ച് അതിന്റെ രൂപം ഉന്നതമായ നിലയിൽ കാണപ്പെട്ടു. അതുകൊണ്ടാണ് ജിബ്‌രീൽ ഒന്നുതന്നെ ആയിരുന്നെങ്കിലും അതിന്റെ പ്രതിബിംബം പതിഞ്ഞവർ വെവ്വേറെ പദവിയുള്ളവരായിത്തീർന്നത്. മൂസാ(അ) മൂസാ(അ) തന്നെയായിരുന്നു; മുഹമ്മദ്(സ) മുഹമ്മദും. നബി(സ)തിരുമേനിക്ക് മറ്റ് നബിമാരേക്കാൾ ഉന്നതമായ സ്ഥാനമാനങ്ങൾ ലഭിക്കാൻ കാരണവും മറ്റൊന്നല്ല. ഒരാൾതന്നെയാണ് എല്ലാ നബിമാരിലും പ്രതിബിംബിച്ചത്. പ്രതിബിംബിച്ച അസ്തിത്വം വെവ്വേറെ ആയിരുന്നെങ്കിൽ

നബി(സ)തിരുമേനിക്കു പ്രതിബിംബം നല്കിയ അസ്തിത്വം ഉന്നത സ്ഥാനീയനായതിനാലാണ് നബി(സ)തിരുമേനിക്ക് ഉന്നത സ്ഥാനം ലഭിച്ചതെന്നും മറ്റു പ്രവാചകന്മാരുടെമേൽ പ്രതിബിംബിച്ച അസ്തിത്വം അത്തരത്തിലല്ലാതിരുന്നതിനാലാണ് അവർക്ക് തിരുമേനിയേക്കാൾ കുറഞ്ഞ സ്ഥാനം ലഭിച്ചത് എന്നും തിരുമേനിയുടെ മേൽ പതിഞ്ഞ പ്രതിബിംബമാണ് അവരുടെ മേലും പതിഞ്ഞിട്ടുണ്ടായിരുന്നതെങ്കിൽ തിരുമേനിയുടെ സ്ഥാനം തന്നെ അവർക്കും ലഭിച്ചേനേ എന്നും പറയുമായിരുന്നു. എന്നാൽ പ്രതിബിംബം അയച്ചത് ഒരാൾതന്നെയാകുന്നതിനാൽ അവരുടെ പദവികളിലുള്ള അന്തരം അവരുടെതന്നെ ഹൃദയ പരിശുദ്ധിയുമായിട്ടാണ് ബന്ധപ്പെട്ടു കിടക്കുന്നത്. എന്തെന്നാൽ, ഒരേ വസ്തു വ്യത്യസ്ത വസ്തുക്കളിൽ നിരന്തരം പ്രഭാവം ചെലുത്തുമ്പോൾ അവയുടെ സ്വഭാവമനുസരിച്ചായിരിക്കും അതിന്റെ ഉദ്ദിഷ്ട ഫലം ഉണ്ടാകുക. അതേസമയം, പ്രതിബിംബം പതിക്കപ്പെടുന്നവരുടെ ആന്തരിക ഭാഗത്ത് വ്യത്യാസമുണ്ടെങ്കിൽതന്നെ ഒരു വസ്തുവിന്റെ പ്രതിബിംബമാണ് പതിയുന്നതെങ്കിൽ പോലും ഫലത്തിൽ അതു വ്യത്യസ്തമായിരിക്കും. ഇതുതന്നെയാണ് മറ്റു പ്രവാചകരുടെ മേൽ നബി(സ)തിരുമേനിക്കുള്ള ശ്രേഷ്ഠത. തിരുമേനി(സ)യുടെ ഹൃദയം എല്ലാവരെക്കാളും ഉന്നതവും പരിശുദ്ധവുമായിരുന്നു. അതിൽ പതിഞ്ഞ പ്രതിബിംബവും എല്ലാ റ്റിലും മഹത്തരമായിരുന്നു.

ഇതോടൊപ്പം ഒരു കാര്യംകൂടി ഓർക്കുക. ചിലപ്പോൾ അനുഗ്രഹം നേടുന്ന നിലവാരത്തിന്റെ അടിസ്ഥാനത്തിൽ വ്യത്യസ്ത നാമങ്ങൾ വെക്കപ്പെടാറുണ്ട്. അതു പരിശുദ്ധാത്മാവിന്റേതന്നെ അനുഗ്രഹമാണ്. എന്നാൽ, അനുഗ്രഹത്തിന്റെ നിലവാരം ഉണ്ടാകുന്നത് ഹൃദയപരിശുദ്ധിയുടെ അടിസ്ഥാനത്തിലായിരിക്കും. നോക്കൂ, സൂര്യന്റെ പ്രതിഛായ കിട്ടണമെങ്കിൽ അതിന് ഏറ്റവും നല്ലത് കണ്ണാടിയാണെന്നു നാം അറിയുമ്പോൾ അതിൽ തന്നെയായിരിക്കും സൂര്യന്റെ പ്രതിബിംബം നാം എടുക്കുക. അല്ലാതെ, ഇരുമ്പിൽ നാം അതിന്റെ പ്രതിബിംബം എടുക്കുകയില്ലല്ലോ. നബി(സ)തിരുമേനിയുടെ ഹൃദയം മഹത്ത്വമേറിയതായിരുന്നതിനാൽ ഏറ്റവും ഉന്നതവും ഉദാത്തവുമായ അനുഗ്രഹഛായയാണ് നബിതിരുമേനി(സ)യിൽ ഉണ്ടായത്. ആകയാൽ, അതായിരിക്കും ഖിയാമത്ത്നാൾവരെ നിലനില്ക്കുക. ഇങ്ങനെ അനുഗ്രഹത്തിന്റെ നിലവാരം മാറുകയാണുണ്ടായത്.

നോക്കുക, ഹദ്റത്ത് ഈസാനബി(അ)ക്ക് ജിബ്രീലിന്റെ അനുഗ്ര

ഹാശ്ശിസുകൾ പ്രാവിന്റെ രൂപത്തിലാണ് ദർശനത്തിൽ കാണിക്കപ്പെട്ടത്. എന്നാൽ, ഈ അനുഗ്രഹം നബി(സ)യുടെ അടുക്കൽ വന്നത് ഉന്നതവും പരിപൂർണ്ണവുമായ മനുഷ്യരൂപത്തിലാണ്. അനുഗ്രഹങ്ങളുടെ നിലവാരത്തിനും വ്യത്യാസമുണ്ട്. ഈ നിലവാരവ്യത്യാസം കാരണത്താലാണ് ജിബ്രീലിന് 'റൂഹുൽ ഖുദുസ്, റൂഹുൽ അമീൻ ' എന്നീ പല പേരുകളുള്ളത്. ജിബ്രീലിന് റൂഹുൽ ഖുദുസ് എന്ന് പേരുള്ളത് പരിശുദ്ധ വചനങ്ങൾ ഇറക്കുന്നതുകൊണ്ടാണ്. റൂഹുൽ അമീൻ എന്ന പേരിനു കാരണം പരിശുദ്ധ വചനങ്ങൾ ഇറക്കുന്നതിനാൽ അതിനെ എപ്പോഴും സംരക്ഷിക്കുകയും എല്ലാ വിധത്തിലുള്ള ന്യൂനതകളിൽനിന്നും സുരക്ഷിതമാക്കിവെക്കുകയും ചെയ്യേണ്ട ചുമതല ഉള്ളതുകൊണ്ടാണ്. നബി(സ)തിരുമേനിക്ക് ഈ അനുഗ്രഹം ലഭിച്ചതുകൊണ്ടാണ് ജിബ്രീലി(അ)ന് ഈ പേരു ലഭിച്ചത്. തിരുനബി(സ) കാരണം ഒരു വിശേഷ നാമംകൂടി ജിബ്രീലി(അ)ന് ലഭിച്ചതിനാൽ ജിബ്രീൽ തിരുമേനിയോടു കടപ്പെട്ടിരിക്കുന്നു എന്നുപറയാം.

ചുരുക്കത്തിൽ, ജിബ്രീലിന്റെ ഛായ മറ്റു നബിമാരുടെമേൽ പരിശുദ്ധാത്മാവിന്റെ രൂപത്തിലാണു പതിഞ്ഞതെങ്കിൽ നബി(സ)തിരുമേനിയുടെമേൽ റൂഹുൽ അമീന്റെ രൂപത്തിലാണു പതിഞ്ഞത്. പരിശുദ്ധി സംജാതമാക്കുക മാത്രമല്ല ജിബ്രീൽ ചെയ്യുന്നത്. മറിച്ച്, പരിശുദ്ധിയെ എന്നെന്നേക്കുമായി നിലനിർത്തുകയും ചെയ്യുന്നു. റൂഹുൽ അമീനിൽ പരിശുദ്ധിയോടൊപ്പം ശാശ്വതത്വവും കാണപ്പെടുന്നതിനാൽ പരിശുദ്ധാത്മാവിനെ(റൂഹുൽ ഖുദുസ്) അപേക്ഷിച്ച് ഈ നാമം ഉന്നതമാകുന്നു.

## മലക്കാണോ ശ്രേഷ്ഠൻ അതോ മനുഷ്യനോ?

മലക്കാണോ മനഷ്യനാണോ ശ്രേഷ്ഠൻ എന്ന ചോദ്യത്തിന് ഇനി ഞാൻ മറുപടി പറയാം. എന്തെന്നാൽ, ഈസാനബി(അ)യും മൂസാനബി(അ)യും നബി(സ)തിരുമേനിയും ജിബ്രീലിന്റെ പ്രതിബിംബം മുഖേനയാണ് ഈ പദവിയിൽ എത്തിയത് എന്ന കാര്യത്തിൽ ഞാൻ മുമ്പ് ഊന്നൽ നല്കിയപ്പോൾ പ്രതിബിംബം ഇടുന്നവനല്ലേ ശ്രേഷ്ഠനാവുക? അല്ലാതെ ആ പ്രതിബിംബം മുഖേന ഉന്നതപദവിയിൽ എത്തിയവരല്ലല്ലോ? എന്ന ചിന്ത ആരുടെയെങ്കിലും മനസ്സിൽ ഉയർന്നേക്കാം. ഹദ്റത്ത് ഈസാനബി(അ)യുടെയും ഹദ്റത്ത് മൂസാനബി (അ)യുടെയും നബി(സ)തിരുമേനിയുടെയുംമേൽ ജിബ്രീലിന്റെ പ്രതിബിംബം പതിഞ്ഞിട്ടുണ്ടെങ്കിലും അവരാണു ജിബ്രീലിനേക്കാൾ

ശ്രേഷ്ഠരെന്ന കാര്യം ഓർത്തിരിക്കോണ്ടതാണ്. അതിനു പല കാരണങ്ങളുണ്ട്.

1. ജിബ്‌രീൽ തീർച്ചയായും പ്രതിബിംബം ഇടുന്നുണ്ടെങ്കിലും അത് ഒരു മാധ്യമം എന്ന നിലയ്ക്കാണ്. വാസ്തവത്തിൽ ദൈവമാണ് പ്രതിബിംബം ഇടുന്നത്. അതിനെ ഇങ്ങനെ ഉദാഹരിക്കാം: സൂര്യന്റെ പ്രതിബിംബം ദർപ്പണത്തിൽ പതിയുന്നു. അതിൽനിന്നു മറ്റൊന്നിലേക്ക് അതു പതിയുന്നു. ജിബ്‌രീൽ ദൈവത്തിൽനിന്നു വെളിച്ചം ആർജിച്ചുകൊണ്ടാണ് പിന്നീടങ്ങോട്ട് സ്വാധീനം ചെലുത്തുന്നത്; അല്ലാതെ സ്വന്തം നിലയ്ക്കല്ല. മാധ്യമം ചിലപ്പോൾ ഉന്നതമായിരിക്കും. ചിലപ്പോൾ താഴ്ന്നതായിരിക്കും. ഉന്നതമായതിനുള്ള ഉദാഹരണം സൂര്യന്റെ പ്രതിരൂപം പതിയുന്ന കണ്ണാടിയുടേതാണ്. കണ്ണാടിമുഖേന ഏതൊന്നിലാണോ സൂര്യന്റെ പ്രതിരൂപം പതിയുന്നത് അതിനെക്കാൾ കണ്ണാടി ഉന്നതമായിരിക്കും. താഴ്ന്ന നിലയിലുള്ളതിനെ ഇങ്ങനെ ഉപമിക്കാം. രാജാവ് കത്തെഴുതി ഇന്ന മന്ത്രിക്കു കൊടുക്കാൻവേണ്ടി ദൂതനെ ഏൽപ്പിക്കുന്നു. കത്തിലെന്താണുള്ളത് എന്ന് അയാൾക്കറിവില്ല. അതെത്തിക്കുക എന്നതാണ് അയാളുടെ ജോലി. അല്ലെങ്കിൽ അയാൾമുഖേന വാക്കാലും സന്ദേശം എത്തിക്കുന്നു. അപ്പോഴും പൂർണ്ണമായ നിലയിൽ സംഗതി ഗ്രഹിക്കാൻ കഴിയുക ദൂതനെ അപേക്ഷിച്ച് മന്ത്രിക്കായിരിക്കും. ഈ ഉദാഹരണം പരിഗണിക്കുമ്പോൾ ദൈവത്തിന്റെ പ്രതിച്ഛായ ജിബ്‌രീൽ മുഖാന്തരം പതിഞ്ഞേക്കാമെന്നു പറയാമെങ്കിലും ജിബ്‌രീൽ അറിയുന്നില്ല സംഗതി എന്താണെന്ന്. ഈ സംഗതി ഒരു ഹദീസിൽനിന്ന് മനസ്സിലാക്കാവുന്നതാണ്. ഒരു ഘട്ടത്തിൽ ജിബ്‌രീൽ നബി(സ)യോട് പറഞ്ഞു: "ഇനി താങ്കൾ മുന്നോട്ടു പൊയ്ക്കൊള്ളുക, എനിക്കു വരാൻ കഴിയില്ല''. ജിബ്‌രീൽ മുഖാന്തരം എത്തിക്കപ്പെടുന്നതെല്ലാം ഒരാൾ മറ്റൊരാൾക്കു സന്ദേശം എത്തിക്കുന്നതുപോലെയാണ്. അതിൽ ചിലത് അയാൾക്കു മനസ്സിലാകുന്നതായിരിക്കും. ചിലത് സന്ദേശം അയക്കപ്പെടുന്ന ആൾക്കുമാത്രം മനസ്സിലാകുന്ന സൂചനകളായിരിക്കും. അല്ലെങ്കിൽ സന്ദേശം അയച്ച ആൾക്കു മനസ്സിലാകുന്നതായിരിക്കും. ഇതുപോലെ, ജിബ്‌രീലിനു നല്കപ്പെട്ടതെല്ലാം എത്തിക്കുന്നുണ്ടെങ്കിലും അതിൽ അല്ലാഹും റസൂലും മാത്രം അറിയുന്ന കാര്യങ്ങളുമുണ്ട്.

ജിബ്‌രീലിനു മനസ്സിലാക്കാൻ കഴിയാത്ത കാര്യങ്ങളാണ് ജിബ്‌രീൽ കൊണ്ടെത്തിച്ചത് എന്നതിനുള്ള ഉദാഹരണമാണിത്. അതേസമയം,

അതിൽ ജിബ്‌രീലിന് മനസ്സിലാക്കാൻ കഴിഞ്ഞിരുന്ന കാര്യങ്ങളിൽ കൂടുതലായി അതു മനസ്സിലാക്കിയത് നബി(സ) തിരുമേനിയായിരുന്നു. ഒരുദാഹരണത്തിലൂടെ ഇതു ഞാൻ വിവരിക്കാം. രണ്ട് പേർക്കു പനി ബാധിച്ചു. രണ്ടു പേർക്കും ജ്വരഹരി നല്കിയാൽ ചിലപ്പോൾ ഒരാൾ ഉടനെയും മറ്റെയാൾ കുറച്ചു വൈകിയുമായിരിക്കും സുഖപ്പെടുന്നത്. അങ്ങനെ സംഭവിക്കാൻ കാരണം വ്യക്തിപരമായ നിലയിൽ അവർ രണ്ടു പേരുടെയും ശാരീരിക ആരോഗ്യത്തിലുള്ള വ്യത്യാസമാണെന്നതു സ്പഷ്ടമാണ്. ജ്വരഹരിയെ അതിജയിക്കാൻ കെൽപ്പുള്ള അണുക്കളടങ്ങിയ ശരീരത്തിൽ അതു ചെറിയ രീതിയിൽ സ്വാധീനം ചെലുത്തുകയും അതു വൈകി സുഖംപ്രാപിക്കുകയും ചെയ്യുന്നു. എന്നാൽ വൃത്തിയുള്ള ശരീരത്തിൽ അതു പെട്ടെന്നു സ്വാധീനം ചെലുത്തുകയും താമസിയാതെ ഭേദമാകുകയും ചെയ്യുന്നു.

തിന്മ വർജ്ജിക്കാനുള്ള കഴിവുകൾ വിഭിന്നങ്ങളാണെന്നതിനുള്ള ഉദാഹരണങ്ങളാണിവ. നന്മ ആർജ്ജിക്കുന്നതിലും ഇതുതന്നെയാണ് സംഭവിക്കുന്നത്. ഒരേ ഭക്ഷണം കഴിക്കുന്ന രണ്ടു വ്യക്തികളിൽ ഒരാൾ തടിച്ചവനും ദൃഢവാനും ആയിത്തീരുന്നു. മറ്റെയാൾക്ക്, അയാൾ ചിലപ്പോൾ ആദ്യ വ്യക്തിയെക്കാൾ കൂടുതൽ ഭക്ഷണം കഴിച്ചാലും, അത്ര ഫലപ്രദമാകുന്നില്ല. ഇതുപോലെ, അവർ രണ്ടുപേരിലും അതായത് ജിബ്‌രീലിലും നബി(സ)തിരുമേനിയിലും വെച്ച് അധ്യാപനങ്ങൾ ഗ്രഹിക്കുന്നതിൽ നബി(സ)തിരുമേനിയായിരുന്നു ശ്രേഷ്ഠൻ. എന്തെന്നാൽ നബി(സ)തിരുമേനിയുടെ ആന്തരികശക്തി അനുസരിച്ചായിരുന്നു അതു പ്രഭാവം ചെലുത്തിയിരുന്നത്. ജിബ്‌രീലിന്റേത് ജിബ്‌രീലിന്റെ ശക്തി അനുസരിച്ചും.

ഈ സംഗതി മറ്റൊരു രീതിയിൽ എളുപ്പം മനസ്സിലാക്കാം. ഞാൻ ഇപ്പോൾ ഉറുദുവിൽ വിഷയം അവതരിപ്പിക്കുകയാണല്ലോ. എല്ലാവരും അതു മനസ്സിലാക്കുന്നുമുണ്ട്. പക്ഷേ, എല്ലാവരും ഒരുപോലെയല്ല അതു മനസ്സിലാക്കുന്നതും അവരുടെ മേൽ കാര്യങ്ങൾ സ്വാധീനിക്കപ്പെടുന്നതും. മാത്രമല്ല ഹൃദയാവസ്ഥയും പറയുന്ന കാര്യങ്ങളെ ബാധിക്കുന്നുണ്ട്. സൂറ: ഫാത്തിഹയുടെ കാര്യംതന്നെ നോക്കുക. ഒരാൾ അതോതുമ്പോൾ വിതുമ്പിപ്പോകുന്നു. എന്നാൽ വേറൊരാൾ അതോതുമ്പോൾ അയാളുടെ മുഖം പ്രസന്നമാകുന്നതു കാണാം. ഇതിനുകാരണം, കരയുന്ന പ്രകൃതം ഹൃദയത്തിലുള്ള വ്യക്തി ദുരിതഘട്ടങ്ങളിൽ ഇതോതുമ്പോൾ അല്ലാഹു മാത്രമാണ് തന്റെ ദുരിതങ്ങളെ

നീക്കുന്നവൻ എന്നു മനസ്സിലാക്കി വിതുമ്പിപ്പോകുന്നു. എന്നാൽ തന്റെ ചുറ്റും വിജയങ്ങളെ ദർശിക്കുന്ന മറ്റൊരാൾ, തന്നെ ദൈവം സംരക്ഷിക്കുമെന്നും ആർക്കും തന്നെ നശിപ്പിക്കാനാവില്ലെന്നും മന സ്സിലാക്കുമ്പോൾ അയാളുടെ മുഖത്ത് പ്രസന്നത നിഴലിക്കുന്നു. ആ നിലയ്ക്ക് ഹൃദയത്തിന്റെ അവസ്ഥകൾക്കനുസരിച്ച് ഒരേ സംഗതിയുടെ സ്വാധീനം വ്യത്യസ്തങ്ങളാണെന്നു പറയാം.

നബി(സ)തിരുമേനിയിൽ ഇറങ്ങിയ വചനങ്ങൾ തിരുമേനിയുടെ ഉള്ളിലുള്ള ശാരീരിക കഴിവുകളുമായിച്ചേർന്ന് ഒരു ഫലം സംജാ തമാകുകയും ജിബ്രീലിന്റെ ഉള്ളിൽ മറ്റു കഴിവുകളുള്ളതിനാൽ വേറൊരു ഫലം സംജാതമാകുകയുമാണ് ചെയ്യുന്നത്. വ്യത്യസ്ത വസ്തുക്കൾ ചേരുമ്പോൾ സംജാതമാകുന്ന ഫലങ്ങൾ വ്യത്യസ്ത മായിരിക്കുമെന്നാണ് ഇതിൽനിന്നും വ്യക്തമാകുന്നത്. ഉദാഹരണ മായി ചുണ്ണാമ്പ്. ചുണ്ണാമ്പിനുമേലെ കല്ലു വെച്ചാൽ അതിനൊന്നും സംഭവിക്കില്ല. എന്നാൽ അതിൽ വെള്ളമൊഴിച്ചാൽ തീ ഉണ്ടാകുന്നു. എന്തന്നാൽ, ചുണ്ണാമ്പും വെള്ളവും ചേർന്നാലുണ്ടാകുന്ന രാസഫല മാണത്. നബി(സ)തിരുമേനിയിൽ ജിബ്രീൽ മുഖേന ഇറങ്ങിയ കാര്യ ങ്ങളെക്കുറിച്ച് ജിബ്രീലിന് മനസ്സിലായിരുന്നുവെങ്കിലും നബി(സ) തിരുമേനിക്ക് ലഭ്യമായതുപ്പോലുള്ള കഴിവ് ജിബ്രീലിന് ഇല്ലായിരു ന്നതിനാൽ നബി(സ)തിരുമേനി കാര്യങ്ങൾ ഗ്രഹിച്ചിരുന്നതുപോലെ ഗ്രഹിക്കാൻ ജിബ്രീലിന് ആകുമായിരുന്നില്ല. ഇക്കാരണം കൊണ്ടു തന്നെ നബി(സ)തിരുമേനി ജിബ്രീലിനെക്കാൾ ശ്രേഷ്ഠനാണ്.

ഇവിടെ ഒരുകാര്യംകൂടി ഓർമ്മവെക്കേണ്ടതുണ്ട്. എല്ലാ മനുഷ്യരും മലക്കിനെക്കാൾ ശ്രേഷ്ഠരല്ല. പ്രത്യേകമനുഷ്യർ പ്രത്യേകമലക്കുക ളെക്കാൾ ശ്രേഷ്ഠരും സാധാരണ വിശ്വാസികൾ സാധാരണമലക്കുക ളെക്കാൾ ശ്രേഷ്ഠരുമാണ്. ഇതിനുകാരണം മലക്കുകളെ അപേക്ഷിച്ച് മനുഷ്യന്റെ ഉത്തരവാദിത്വങ്ങൾ വിശാലമാണ് എന്നതാണ്. മനുഷ്യനെ വേണമെങ്കിൽ നരകത്തിലുമിടാം. എന്നാൽ മലക്കുകൾ അങ്ങനെയല്ല. തിന്മ ചെയ്യാതിരിക്കാൻ നിർബന്ധിതരാണവർ. എന്നാൽ മനുഷ്യന് ഇരുഭാഗത്തേക്കും തിരിയാവുന്നതാണ്. നന്മയും തിന്മയും ചെയ്യാം. അതുകൊണ്ടാണ് നന്മ ചെയ്യുന്ന മനുഷ്യർ, സാധാരണ നിലയിലുള്ള വിശ്വാസികളാണെങ്കിലും ശരി, സാധാരണ മലക്കുകളെക്കാൾ ശ്രേഷ്ഠ രായിരിക്കുന്നത്.

## ബാക്കി പ്രഭാഷണം

*(ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ) 1921 ഡിസംബർ 29 ന് ഒമ്പതര മണിക്ക് മസ്ജിദ് നൂറിൽ വെച്ച് ചെയ്ത ചെയ്ത പ്രഭാഷണം)*
തശഹുദും തഅവ്വുദും സൂറ: ഫാത്തിഹയും പാരായണം ചെയ്തതിനുശേഷം ഹുസൂർ പറഞ്ഞു:

വസ്തുക്കളുടെ സ്വഭാവങ്ങൾ വസ്തുക്കളുമായി തന്നെയാണ് ബന്ധപ്പെട്ടിരിക്കുതെന്നും അവ മലക്കുകളുടെ സ്വാധീനത്തിനു കീഴിലല്ലെന്നും വിശ്വസിക്കുന്നതിൽ എന്താണ് അപാകതയെന്നും വസ്തുക്കളുടെ സ്വഭാവങ്ങൾ മലക്കുകളുടെ സ്വാധീനത്തിനു കീഴിലാണെന്ന് എന്തുകൊണ്ട് അംഗീകരിക്കണമെന്നും ഒരു സുഹൃത്ത് ചോദിച്ചിരിക്കുന്നു.

മലക്കുകളുണ്ടെന്ന് ഞാൻ തെളിവു സഹിതം സമർഥിച്ചല്ലോ. മലക്കുകളുടെ അസ്തിത്വം തെളിയുന്നതോടുകൂടിതന്നെ അവയുടെ ആവശ്യകതയും സ്വയമേവ തെളിയുന്നു. ഒരുകാര്യം പ്രമാണസഹിതം തെളിഞ്ഞു കഴിഞ്ഞാൽ, കാരണം മറ്റൊന്നാകാൻ സാധ്യതയുള്ളതുകൊണ്ട് അതിനു കാരണം ഇതല്ല അതാണെന്ന് എന്തുകൊണ്ടു പറഞ്ഞു കൂടാ എന്ന ചോദ്യം പിന്നെ അപ്രസക്തമാണ്. ഉദാഹരണമായി, കാറ്റിന് കടലാസിനെ പറപ്പിക്കാനും കടലാസ് അതുമുഖേന മേശപ്പുറത്തിരിക്കാനുമുള്ള സാധ്യതയുണ്ടല്ലോ. എന്നാൽ ഒരാൾ കടലാസ് മേശപ്പുറത്ത് വെയ്ക്കുന്നതു കണ്ടാൽ പിന്നെ കടലാസ് കാറ്റിൽ പറന്നാണു വന്നതെന്ന് എന്തുകൊണ്ടു വിശ്വസിച്ചു കൂടാ എന്നു ചോദിക്കാവതല്ല. അതിനാൽ, മലക്കുകളുടെ അസ്തിത്വം സ്ഥാപിതമായിക്കഴിഞ്ഞാൽ പിന്നെ പദാർഥങ്ങളുടെ സ്വഭാവം അവയുമായി മാത്രം ബന്ധപ്പെട്ടതാണ്, മലക്കുകൾക്ക് അവയു മായി ബന്ധമൊന്നുമില്ല എന്നൊക്കെ പറയുന്നത് വ്യർഥമാണ്.

ഒരു സംഗതിയുടെ സാധ്യതയും ആ സംഗതി പ്രമാണസഹിതം സ്ഥാ

പിതമാകുന്നതും രണ്ടും രണ്ടാണ്. ഉദാഹരണമായി, ആകാശത്തു പോകുന്നത് അസാധ്യമായതുകൊണ്ടല്ല ഈസാനബി(അ) ആകാശത്തു പോയിട്ടില്ലെന്നു പറയുന്നത്. അതിനെതിരിൽ തെളിവുള്ളതിനാൽ അനുമാനത്തെ ആധാരമാക്കാൻ പാടില്ലാത്തതുകൊണ്ടാണ്. നിഗമനങ്ങളെ അവലംബിക്കുന്നത് തെളിവുകളുടെ അഭാവത്താലാണ്.
മറ്റു സാഹചര്യങ്ങളുമുണ്ടാകാം എന്നതാണ് സാധ്യതയും അനുമാനവും കൊണ്ടർഥമാക്കുന്നത്. എന്നാൽ എല്ലാ സാധ്യതകളും ഒരു സംഗതിയിൽ കാണപ്പെടുമെന്ന് ഇതിനർഥമില്ല. പദാർത്ഥങ്ങളുടെ ഗുണങ്ങൾ ആ പദാർഥങ്ങളുടെതുതന്നെയാകാനുള്ള സാധ്യതയുമുണ്ടായിരുന്നു. പക്ഷേ, അതു വെറും സാധ്യതയാണ്. അങ്ങനെയല്ലെന്നാണ് മറ്റു സാക്ഷ്യങ്ങളിൽനിന്നു സ്ഥാപിതമാകുന്നത്. എന്നുവെച്ചാൽ, വസ്തുക്കളുടെ ഗുണങ്ങൾ മലക്കുകളുമായി ബന്ധപ്പെട്ടിരിക്കുന്നു.
പദാർഥങ്ങൾക്ക് ഗുണങ്ങളില്ലെന്നു ഞങ്ങൾ പറയുന്നില്ല. ഞങ്ങളുടെ വാദവും അതല്ല. പദാർഥങ്ങളുടെ പ്രത്യേകതകൾ പ്രകടമാകുന്ന പ്രാരംഭപ്രേരകങ്ങളാണ് മലക്കുകൾ എന്നതാണു ഞങ്ങളുടെ വാദം. മലക്കുകൾക്കു കല്പന ലഭിക്കുമ്പോൾ അവർ തങ്ങളുടെ അടുത്ത കാര്യത്തിനുമേൽ പ്രഭാവം ചെലുത്തുന്നു. അതു അതിന്റെ അടുത്തേതിനെയും അങ്ങനെ അതു തുടർന്നുകൊണ്ട് ബാഹ്യവസ്തുക്കളെ സ്വാധീനിക്കാൻ തുടങ്ങുന്നു.

ദൈവത്തിൽ വിശ്വസിക്കുകയും അവനാണ് പദാർഥങ്ങളെ സൃഷ്ടിച്ചതെന്ന് അംഗീകരിക്കുകയും ചെയ്യുന്നവർക്ക് പദാർഥങ്ങളിൽ ഗുണങ്ങൾ വെച്ചതു ദൈവമാണെന്ന് അംഗീകരിക്കാതെ നിർവ്വാഹമില്ല. അല്ലാത്തപക്ഷം പദാർഥം അസൃഷ്ടങ്ങളും സ്വയംഭൂവുമാണെന്നും ദൈവംതന്നെയില്ലെന്നും പറയേണ്ടിവരും. ഇങ്ങനെയൊരു ചിന്ത ആർക്കെങ്കിലുമുണ്ടെങ്കിൽ മലക്കുകളെ സംബന്ധിച്ച് അയാളോടു പറയുന്നതിനു മുൻപായി ദൈവാസ്തിത്വത്തെ ബോധ്യപ്പെടുത്തുകയാണ് വേണ്ടത്. ദൈവാസ്തിക്യം ബോധ്യപ്പെട്ടതിനുശേഷവും അയാൾ വസ്തുക്കളെ സംബന്ധിച്ച് അവ സ്വയം ഉണ്ടായതാണെന്നു പറയുകയാണെങ്കിൽ അയാളോട് മലക്കുകളെപ്പറ്റി പറയാം. എല്ലാ വസ്തു ക്കളും സൃഷ്ടിച്ചത് ദൈവമാണെന്ന് അംഗീകരിച്ചു കഴിഞ്ഞാൽ പിന്നെ മലക്കുകളുടെ അസ്തിത്വവും തെളിയിക്കപ്പെട്ടിരിക്കുന്നുവെന്ന കാര്യവും അയാളുടെ മുമ്പിൽ വെക്കാവുന്നതാണ്. ആയതിനാൽ, ദൈവമുണ്ടെന്നും അവനാണ് പരമാണുവിനെ സൃഷ്ടിച്ചതെന്നും ഒരുവൻ അംഗീകരി

ക്കുമ്പോഴേ ഈ ചോദ്യം ഉയരുകയുള്ളു. അതുകൊണ്ടാണ് നാസ്തികന്മാരോ പരമാണു അസൃഷ്ടമാണെന്ന് വിശ്വസിക്കുന്നവരോ ആയ സമൂഹങ്ങൾ മലക്കുകളിൽ വിശ്വസിക്കാത്തത്. ആദ്യം ഇക്കാര്യങ്ങളെക്കുറിച്ച് തീരുമാനമായതിനുശേഷമേ മലക്കുകളെ സംബന്ധിച്ച ചർച്ച സാധ്യമാവുകയുള്ളൂ. മലക്കുകളെ സംബന്ധിച്ച് ചർച്ച നടത്തുമ്പോൾ ദൈവം ഉള്ളതും പദാർഥം സൃഷ്ടിയും ആണെന്ന് അംഗീകരിച്ചുകൊണ്ടാവണം. ഇക്കാര്യങ്ങളൊക്കെ ഒരാൾ അംഗീകരിക്കുമ്പോൾ വസ്തുക്കളിൽ ഗുണങ്ങൾ വെച്ചത് ദൈവമാണെന്നും അവന് അംഗീകരിക്കേണ്ടി വരും. ദൈവം വസ്തുക്കൾക്ക് ഗുണങ്ങൾ നല്കിയത് നേരിട്ടല്ല, മലക്കുകൾ മുഖേനയാണെന്നാണ് ഇതു സംബന്ധിച്ചുള്ള ഞങ്ങളുടെ വാദം. എന്തെന്നാൽ, വസ്തുക്കൾ സ്ഥൂലമാണ്. ദൈവമാണെങ്കിൽ സൂക്ഷ്മാൽസൂക്ഷ്മനും. സ്ഥൂലവസ്തുക്കളിൽ പ്രഭാവം ചെലുത്തുന്നതിന് ദൈവം മാധ്യമങ്ങൾ നിശ്ചയിച്ചിട്ടുണ്ടെന്ന് പ്രകൃതിനിയമങ്ങളെ വീക്ഷിക്കുമ്പോൾ നമുക്കു പറയാതെ നിർവാഹമില്ല. സ്ഥൂലവസ്തുക്കളുമായി ബന്ധം സ്ഥാപിക്കുന്നതിന് സൂക്ഷ്മ വസ്തുക്കൾക്ക് മാധ്യമങ്ങളുള്ളതായി നമുക്കു കാണാം. സ്ഥൂലവസ്തുക്കൾക്ക് സൂക്ഷ്മവസ്തുക്കളുമായി സ്വയമേവ ബന്ധം സ്ഥാപിക്കാൻ സാധ്യമല്ല. മനുഷ്യന്റെ കാര്യംതന്നെ നോക്കുക. ഖൽബ് എന്നോ റൂഹെന്നോ മൈന്റ് എന്നോ എന്തുതന്നെ വിളിച്ചാലും അതു മുഖേനയാണല്ലോ മനുഷ്യൻ എല്ലാ കാര്യങ്ങളും ചെയ്യുന്നത്. അതില്ലെങ്കിൽ മനുഷ്യൻ നിർജ്ജീവനാകുന്നു. എന്നാൽ അവനിലുള്ളത് അവനോട് ഇത് ചെയ്യൂ, ഇത് ചെയ്യരുത് എന്നൊന്നും പറയുന്നില്ല. വളരെ സൂക്ഷ്മമായ നാഡികളിലാണ് അതു സ്വാധീനം ചെലുത്തുന്നത്. അവ പിന്നീട് അവയുടെ സൂക്ഷ്മശാഖകളെ സ്വാധീനിക്കുകയും തുടർന്നത് ഏതെങ്കിലും ശരീരഭാഗത്തെ ചലിപ്പിക്കുകയും ചെയ്യുന്നു. അങ്ങനെയാണ് അവൻ പ്രവൃത്തി ചെയ്യുന്നത്. ഉദാ: കണ്ണിനോട് ആത്മാവോ മനസ്സോ നേരിട്ടൊന്നും കല്പിക്കുന്നില്ല. വളരെ സൂക്ഷ്മമായ നാഡികളിൽ സ്വാധീനം ചെലുത്തി ഘട്ടംഘട്ടമായാണ് അതു തന്റെ ഇച്ഛ പ്രകടമാക്കുന്നത്. ചുരുക്കത്തിൽ, സൂക്ഷ്മവസ്തുക്കളെല്ലാംതന്നെ സ്ഥൂലവസ്തുക്കളോടു ബന്ധപ്പെട്ടിരിക്കുന്നത് മാധ്യമങ്ങൾ മുഖേനയാണ്.

അതുകൊണ്ട് ദൈവാസ്തിക്യം സ്ഥാപിക്കപ്പെടുകയും അവൻ എല്ലാ വസ്തുക്കളുടെയും സ്രഷ്ടാവാണെന്ന് അംഗീകരിക്കപ്പെടുകയും ചെയ്യുമ്പോൾ വസ്തുക്കളുമായുള്ള അവന്റെ ബന്ധം ഒരു മാധ്യമം മുഖാ

ന്തിരമാണെന്ന് അംഗീകരിക്കാതെ വയ്യ. ഈ മാധ്യമത്തെയാണ് നാം മലക്കുകൾ എന്നു വിളിക്കുന്നത്. എന്നാൽ, ദൈവമുണ്ടെന്നും അവൻ എല്ലാ വസ്തുക്കളുടെയും സ്രഷ്ടാവാണെന്നും വിശ്വസിക്കാത്തവരുടെ മുമ്പാകെ നാം മലക്കുകളുടെ വിഷയം അവതരിപ്പിക്കുകയില്ല. മറിച്ച്, ആദ്യം നാം അവരെ ദൈവാസ്തിക്യത്തെയും അവന്റെ സൃഷ്ടികർതൃത്വത്തെയും സംബന്ധിച്ച് ബോധ്യപ്പെടുത്തുന്നതായിരിക്കും. ഇത് അംഗീകരിച്ചാൽ പ്രകൃതിനിയമങ്ങളിൽ കണ്ണോടിക്കുന്ന അവർക്ക് അല്ലാഹുവിനും ബാഹ്യവസ്തുക്കൾക്കും ഇടയിയിൽ ഒരു മാധ്യമമായി വർത്തിക്കുന്ന സൂക്ഷ്മസൃഷ്ടികളുണ്ടെന്ന് അംഗീകരിക്കേണ്ടതായി വരും. ശാസ്ത്രീയമായി തെളിയിക്കപ്പെട്ട സംഗതിയാണിത്. എല്ലാ വസ്തുക്കളും കാര്യകാരണബന്ധിതമാണെന്ന് ശാസ്ത്രം പറയുന്നു. സൂക്ഷ്മകാരണങ്ങൾ അവയെക്കാൾ വലിയ കാരണങ്ങളെ സ്വാധീനിക്കുകയും ആ വലിയ കാരണങ്ങൾ പിന്നീട് അവയെക്കാൾ വലിയ കാരണങ്ങളെ സ്വാധീനിക്കുകയും അങ്ങനെ ആ ശൃംഖല മുന്നോട്ടു പോയിക്കൊണ്ടിരിക്കുകയുമാണ് ചെയ്യുന്നത്. ജ്വരഹരിക്ക് ഗുണങ്ങൾ കൈവന്നത് മറ്റു കാരണങ്ങളാലാണെന്ന് ഞങ്ങൾ അംഗീകരിക്കുന്നു. ജ്വരഹരിയും പല അംശങ്ങൾ ചേർന്നുണ്ടായതാണ്. ഒറ്റയായി ഒരു വസ്തുവും ഇല്ല. എല്ലാം സംയുക്തമാണ്. ജ്വരഹരിയിലുള്ള ഒരു പ്രത്യേക അംശം പനിയിൽ പ്രഭാവം ചെലുത്തുന്നു. എന്നാൽ ആ അംശത്തിന്റെ സ്വാധീനമുളവാക്കുന്നത് മറഞ്ഞിരിക്കുന്ന മറ്റു കാരണങ്ങളാണ്. അങ്ങനെ അതിലും രഹസ്യമായ കാരണങ്ങളിലേക്ക് അവ വഴിമാറുന്നു. ഒടുവിൽ അവസാന മാധ്യമമായ മലക്കുകളിൽ എത്തിച്ചേരുകയും അവർ നേരിട്ട് ദൈവത്തിൽനിന്ന് അനുഗ്രഹം കരസ്ഥമാക്കുകയും ചെയ്യുന്നു. കാരണം, അവനാണ് യഥാർഥ സ്രഷ്ടാവ്. ഇതു വിശ്വസിക്കാതെ, ഏതൊരു വസ്തുവിനും അതിന്റെ മാത്രമായ ഗുണങ്ങളുണ്ടെന്നു പറയുകയാണെങ്കിൽ ദൈവം വസ്തുക്കളുടെ സ്രഷ്ടാവല്ലെന്നു വിശ്വസിക്കേണ്ടി വരും. ദൈവം വസ്തുക്കളുടെ സ്രഷ്ടാവാണെന്ന് വിശ്വസിക്കുന്നതോടെ ഏതൊരു വസ്തുവിലുമുള്ള ഗുണങ്ങൾ ദൈവദത്തമാണെന്ന് വിശ്വസിക്കാതെ വയ്യ. വിവിധങ്ങളായ ഗുപ്തകാരണങ്ങളുടെ ഫലമാണ് വസ്തുക്കളുടെ ഗുണങ്ങളെന്നു കാണുമ്പോൾ ഈ ഗുപ്തകാരണങ്ങൾ മുഖേനയാണ് ദൈവകല്പനകൾ അവയിലേക്കെത്തുന്നതെന്നു വിശ്വസിക്കാതെ നിർവാഹമില്ല. ഈ ഗുപ്തകാരണങ്ങളുടെ അവസാന കണ്ണിയാണ് മലക്കുകൾ.

## മലക്കുകളുടെ പ്രേരണയിൽ അഭിവൃദ്ധി

മലക്കുകളുടെ പ്രേരണ വർദ്ധിക്കുകയും അതു വർദ്ധിച്ചു വർദ്ധിച്ച് ഒരു പ്രേരണയിൽനിന്ന് മറ്റൊന്ന് ഉണ്ടായിത്തീരുന്ന അവസ്ഥ വരെ എത്തിച്ചേരുകയും ചെയ്യുന്നുവെന്നാണ് ഇനി ഞാൻ പറയാൻ ആഗ്രഹിക്കുന്നത്. ഇനി ആർക്കെങ്കിലും മനസ്സിലായിട്ടില്ലെങ്കിൽ ഒരിക്കൽ കൂടി പറയാം. ഇതിന്റെ അർഥം പ്രേരണ എന്നാണ്. അതു വികസിക്കുന്നു എന്നതുകൊണ്ട് അർഥമാക്കുന്നത്, മലക്കുകൾ ചെലുത്തുന്ന സ്വാധീനം കൂടിക്കൊണ്ടിരിക്കുന്നു എന്നാണ്. ഒന്നിൽ നിന്ന് രണ്ട്, മൂന്ന്, നാല് അങ്ങനെ പലതായി തീരുന്നു. ഒരാൾ ഈ പ്രേരണ സ്വീകരിച്ചുകൊണ്ട് ദൈവദൃഷ്ടിയിൽ കൂടുതൽ പ്രചോദനങ്ങൾക്ക് അർഹനായിത്തീരുമ്പോൾ അയാൾക്ക് കൂടുതൽ ശക്തി നല്കപ്പെടുന്നു. ശേഷം രണ്ടു മലക്കുകൾ അയാളിൽ പ്രേരണയിടുന്നു. അയാൾക്ക് രണ്ടും മൂന്നും സംരക്ഷകർ ഉണ്ടായിത്തീരുന്നു. അങ്ങനെ അതു വർദ്ധിച്ചു കൊണ്ടേ പോകുന്നു. ഈ കാര്യം നമുക്ക് പ്രകൃതിനിയമത്തിലും ദർശിക്കാവുന്നതാണ്. ഒരാൾ ഒരുകാര്യം ശരിയായ നിലയിൽ ഉപയോഗിക്കുന്നതായാൽ അവന് ആ കാര്യത്തിൽ കഴിവു വർദ്ധിക്കുന്നു. ഉദാഹരണമായി, ജ്ഞാനം ആർജ്ജിന്നവർക്ക് നവവിജ്ഞാനങ്ങൾ തുറക്കപ്പെടുന്നു. ഇതിനെപ്പറ്റി അല്ലാഹുവും പറയുന്നു:

وَالَّذِيْنَ جَاهَدُوْا فِيْنَا لَنَهْدِيَنَّهُمْ سُبُلَنَا

അതായത്, നമ്മുടെ മാർഗ്ഗത്തിൽ ചരിക്കുന്നവർക്ക് നാം പല മാർഗ്ഗങ്ങളും പറഞ്ഞുകൊടുക്കുന്നതാണ്.(29:70)

ദൈവത്തിലേക്ക് എത്തുന്നവർ ഒരു മാർഗത്തിൽ ചരിക്കുമ്പോൾ ദൈവസാമീപ്യത്തിന്റെ മറ്റു മാർഗങ്ങൾ അവർക്കു പറഞ്ഞുകൊടുക്കുന്നു. അതായത്, അവർ ഒരു നന്മ ചെയ്യുമ്പോൾ നന്മകളുടെ നവംനവങ്ങളായ ജ്ഞാനം അവർക്ക് നല്കപ്പെടുകയും അവർ അവയെ പ്രവൃത്തിപഥത്തിൽ കൊണ്ടുവരികയും ചെയ്യുന്നു. ദൈവമാർഗത്തിൽ പ്രയത്നിക്കുന്നവർക്ക് അവരുടെ ചിന്തയിൽ പോലും മുൻപ് ഇല്ലാതിരുന്ന നന്മകളെ സംബന്ധിച്ച് അറിവു നല്കപ്പെടുന്നു. ഇതിനു തെളിവായി

ഖുർആൻ ഒരിടത്ത് പറയുന്നത് ഇങ്ങനെയാണ്:

إِنْ كُلُّ نَفْسٍ لَّمَّا عَلَيْهَا حَافِظٌ

അതായത്, ഓരോ മനുഷ്യനും ഒരു മലക്കിനെ നിശ്ചയിച്ചിട്ടുണ്ട്.(86:5) ആ മലക്ക് മനുഷ്യനെ പൈശാചികപ്രേരണകളിൽനിന്ന് സംരക്ഷിക്കുകയും നന്മയിലേക്ക് പ്രേരിപ്പിക്കുകയും ചെയ്യുന്നു. എന്നാൽ, മറ്റൊരായത്തിൽനിന്ന് മനസ്സിലാകുന്നത് മനുഷ്യൻ മലക്കുകളുടെ പ്രേരണകൾക്ക് വിധേയനായശേഷം ഇനി പിശാചിന്റെ സ്വാധീനം ഉണ്ടാകില്ലെന്ന് ദൈവം പറയുന്ന അവസ്ഥയിൽ അവൻ എത്തിച്ചേരുന്നു എന്നാണ്. അങ്ങനെ അവനെ പൂർണമായും സംരക്ഷിക്കുന്നു. മനുഷ്യഹൃദയം സ്വാധീനിക്കപ്പെടുന്നത് പല മാർഗേണയാണ്. ചിലപ്പോൾ കണ്ണുകളിലൂടെ, ചിലപ്പോൾ നാസാരന്ധ്രങ്ങളിലൂടെ, ചിലപ്പോൾ കാതുകളിലൂടെ, ചിലപ്പോൾ നാവിലൂടെയും ആവാം. ചുരുക്കത്തിൽ, പലവിധേനയാണ് സ്വാധീനിക്കപ്പെടുന്നത്. ദൈവം ഈ മാർഗങ്ങളിലെല്ലാം സംരക്ഷകരെ നിയമിക്കുന്നു. മനുഷ്യൻ സത്പ്രേരണകളെ അംഗീകരിക്കുന്നതിനനുസരിച്ച് അല്ലാഹു വീണ്ടും മലക്കുകളെ അവരുടെ സംരക്ഷകരായി നിയമിക്കുന്നു. മനുഷ്യഹൃദയങ്ങളെ സ്വാധീനിക്കാൻ പിശാച് പ്രവേശിക്കുന്ന കവാടങ്ങളിൽ അവർ ഇരിക്കുന്നു. ഏതെങ്കിലും കവാടത്തിലൂടെ പിശാച് പ്രവേശിക്കാതിരിക്കാൻവേണ്ടി റോന്തു ചുറ്റുന്ന ഒരു മലക്കായിരുന്നു മുമ്പുണ്ടായിരുന്നത്. എന്നാൽ പിന്നീട് ആ അവസ്ഥയ്ക്കു മാറ്റം വന്ന് എല്ലാ ദ്വാരങ്ങളിലും മലക്കുകൾ നിശ്ചയിക്കപ്പെടുന്ന നിലയിലെത്തുന്നു. അല്ലാഹു പറയുന്നു:

لَهٗ مُعَقِّبٰتٌ مِّنْۢ بَيْنِ يَدَيْهِ وَمِنْ خَلْفِهٖ يَحْفَظُوْنَهٗ مِنْ اَمْرِ اللّٰهِ

(13:12). ഈ ആയത്ത് എല്ലാ മനുഷ്യരെയും സംബന്ധിച്ചാണെന്നാണ് ജനങ്ങൾ അബദ്ധവശാൽ മനസ്സിലാക്കിയിരിക്കുന്നത് എന്നാൽ ഇവിടെ നബി(സ)തിരുമേനിയെ മാത്രമേ പരാമർശിച്ചിട്ടുള്ളു. لَهٗ എന്നതിലെ സംബോധന തിരുനബി(സ)യെയാണ് സൂചിപ്പിക്കുന്നത്. അല്ലാഹു പറയുന്നു: മുന്നിലും പിന്നിലും സംരക്ഷകർ നിശ്ചയിപ്പെട്ടിരിക്കുന്ന നമ്മുടെ ദാസനാണിദ്ദേഹം. ഒരു പൈശാചികപ്രേരണയ്ക്കും ഇദ്ദേഹത്തെ സമീപിക്കാനാവില്ല . എല്ലാ പൈശാചികപ്രേരണകളും അദ്ദേ

ഹത്തിന്റെ അടുക്കൽവന്ന് തടയപ്പെടും. അദ്ദേഹത്തിനടുത്തെത്താൻ അവയ്ക്കു സാധിക്കില്ല.

ഓരോ മനുഷ്യനും ഒരു മലക്ക് മാത്രമാണ് നിശ്ചയിക്കപ്പെട്ടിരിക്കുന്നതെന്ന് ഇതിൽനിന്നു മനസ്സിലാക്കാം. എന്നാൽ ദൈവവുമായി പ്രത്യേകം അടുത്തവർക്ക് ഒരുപാട് മലക്കുകളുണ്ട്. മറ്റിടങ്ങളിലും ഇതിനെ സംബന്ധിച്ച സൂക്ഷ്മമായ പരാമർശം കാണാം. വിശ്വാസി പുരോഗതി പ്രാപിച്ച് അവന്റെ ദ്വാരങ്ങളിലെല്ലാം മലക്കുകൾ വന്നിരിക്കുന്ന ഒരവസ്ഥയിൽ അവൻ എത്തിച്ചേരുന്നുവെന്നാണ് മനസ്സിലാവുന്നത്. അല്ലാഹു പറയുന്നു:

وَالْمَلٰٓئِكَةُ يَدْخُلُوْنَ عَلَيْهِمْ مِّنْ كُلِّ بَابٍ۔
سَلٰمٌ عَلَيْكُمْ بِمَا صَبَرْتُمْ فَنِعْمَ عُقْبَى الدَّارِ

മനുഷ്യൻ മരണാനന്തരം സ്വർഗത്തിൽ പ്രവേശിക്കുമ്പോൾ ഓരോ കവാടത്തിലൂടെയും മലക്കുകൾ വന്നുകൊണ്ട് അവർക്ക് സലാം പറയുകയും നിങ്ങളുടെ ക്ഷമയ്ക്ക് പ്രതിഫലമായി 'നിങ്ങളുടെ മേൽ സമാധാനമുണ്ടാകട്ടെ' എന്ന് പറയുകയും ചെയ്യുന്നതാണ്. (13:24,25).

ഒരുപാട് മലക്കുകൾ ഉള്ളതുകൊണ്ടാണ് വിവധ കവാടങ്ങളിൽ കൂടി മലക്കുകൾ വന്ന് സലാം പറയുന്നതെന്ന് ഈ ആയത്തിനർഥമില്ല. കാരണം, മലക്കുകൾ അനേകം ഉണ്ടെങ്കിൽതന്നെ അവർക്കും ഒരു കവാടത്തിലൂടെ വരാവുന്നതാണ്. ഒരു കവാടത്തിലൂടെ വരാൻ കഴിയാത്ത വിധം അധികമാണെന്ന് പറയുകയാണെങ്കിൽ അതു പ്രതിപാദിക്കേണ്ട ആവശ്യമെന്താണ്? അതിന്റെ പ്രയോജനമെന്താണ്? ഒരു കവാടത്തിലൂടെ വന്നാലും വിവിധ കവാടത്തിലൂടെ വന്നാലും കാര്യം ഒന്നു തന്നെയാണല്ലോ. വാസ്തവത്തിൽ ഇതിന്റെ അർഥം, ഖിയാമത്ത് നാളിൽ എല്ലാ കവാടങ്ങളിലെയും മലക്ക് വന്ന് ആശംസ നല്കുമെന്നാണ്. ഞാനും നിങ്ങളും പിശാചിനെ നേരിട്ടുകൊണ്ടിരുന്ന കാര്യത്തിൽ നിങ്ങൾ വിജയിച്ചിരിക്കുന്നുവെന്നവർ പറയും. അപ്പോൾ മലക്കും മനുഷ്യനും സന്തോഷിക്കുന്നതാണ്. അങ്ങനെ ഓരോ ദ്വാരത്തിലെയും മലക്ക് സമാധാനത്തിനായി പ്രാർഥിക്കുന്നതാണ്.

ഇനി 'പല കവാടങ്ങളുണ്ടോ? ഇല്ലയോ' എന്ന കാര്യമെടുക്കാം. അതെളുപ്പം മനസ്സിലാക്കാവുന്നതേയുള്ളൂ. ബാഹ്യവസ്തുക്കൾ സ്വാധീനിക്കപ്പെടുന്നത് വ്യത്യസ്ത മാർഗങ്ങളിലൂടെയാണെന്ന് എല്ലാവർക്കും അറിയാം. ചില സന്ദർഭങ്ങളിൽ പണം കാണുമ്പോൾ മനുഷ്യന്റെ ഹൃദയത്തിൽ അത്യാഗ്രഹം ഉടലെടുക്കുകയും മോഷ്ടിക്കാൻ പ്രേരിതനാവുകയും ചെയ്യുന്നു. അവന്റെ കണ്ണുകൾക്ക് കാഴ്ചയില്ലായിരുന്നെങ്കിൽ അവനിൽ ആ ചിന്ത ഉടലെടുക്കുമായിരുന്നില്ല. മറ്റു ചിലപ്പോൾ ഇന്നയാൾക്ക് സമ്പത്തുണ്ടെന്നു കേൾക്കുമ്പോൾ മോഷ്ടിക്കാനുള്ള ചിന്ത ജനിക്കുന്നു. അയാൾ കേൾക്കുമായിരുന്നില്ലെങ്കിൽ ആ ചിന്തയും അയാളിൽ ഉടലെടുക്കുമായിരുന്നില്ല. ഇതുപോലെ, ചില ചിന്തകൾ സ്പർശനത്തിലൂടെയും ചിലത് ശ്വസിക്കുന്നതിലൂടെയും ചിലത് രുചിക്കുന്നതിലൂടെയും ഉണ്ടാകുന്നു. ഈ മാർഗങ്ങളിലൂടെയാണ് തിന്മയുടെയോ നന്മയുടെയോ പ്രേരണകൾ ഉണ്ടാകുന്നത്. പിശാച് ഉള്ളിൽ പ്രവേശിക്കുന്നതും ഈ മാർഗങ്ങളിലൂടെതന്നെ. ഇവിടെയാണ് മലക്കുകൾ നിശ്ചയിക്കപ്പെടുന്നത്. ദുഷ്പ്രേരണകളെ കടത്തിവിടാതെ അവർ അവയെ സംരക്ഷിച്ചു നിർത്തുന്നു. സാധാരണ ജനങ്ങളുടെ രക്ഷകരായ മലക്കുകൾക്കും സവിശേഷ ജനങ്ങളുടെതിനും തമ്മിൽ ഒരു വ്യത്യാസമുണ്ട്. സാധാരണക്കാരുടെ രക്ഷകരായ മലക്കുകൾ ദുഷ്പ്രേരണകളെ അകത്തേക്കു കടത്തിവിടാതെ തടയുമ്പോൾ സവിശേഷ ജനങ്ങളുടെ രക്ഷകർ ദുഷ്പ്രേരണകളെ സത്പ്രേരണകളാക്കി അകത്തേക്കു കടത്തി വിടുന്നു. ഉദാഹരണമായി, ഇന്നയാൾ സമ്പന്നനാണെന്ന് ഒരാൾ കേൾക്കുമ്പോൾ അയാളെ കൊള്ളയടിച്ച് അയാളുടെ സ്വത്തു മുഴുവൻ കൈക്കലാക്കണമെന്ന പ്രേരണ ഉണ്ടാകുന്നതിനുപകരം ദൈവം അയാൾക്ക് ഇനിയും ധാരാളം സ്വത്തു നല്കി അയാളതിനെ സത്കാര്യങ്ങളിൽ ചെലവഴിക്കട്ടെ എന്ന പ്രചോദനമായിരിക്കും ഉണ്ടാവുക. ഇങ്ങനെ ഓരോ പ്രേരണയും നന്മയായിക്കൊണ്ടായിരിക്കും പ്രവേശിക്കുക. ഏതെങ്കിലും ദുഷ്പ്രേരണയെ തടയുകയും അതിനെ സത്പ്രേരണയാക്കി കടത്തിവിടുകയും ചെയ്യുക എന്ന രണ്ടു ധർമ്മങ്ങൾ മാത്രമല്ല ദൈവികപ്രവാചകന്മാരോടൊപ്പമുള്ള ഈ മലക്കുകൾക്കുള്ളത്. മറിച്ച്, അവരുടെ ഹൃദയത്തിൽ സംജാതമാകുന്ന പ്രേരണകൾക്കതീതമായും സത്പ്രേരണകൾ അവർ സൃഷ്ടിക്കുന്നു. ദൈവത്തിന്റെ പ്രവാചകൻ സംസാരിക്കുമ്പോഴും ആരെയെങ്കിലും നോക്കുമ്പോഴും സ്പർശിക്കുമ്പോഴും എന്നല്ല എല്ലാ അവസ്ഥയിലും

മലക്കുകൾ സത്പ്രേരണകൾ ചെലുത്തിക്കൊണ്ടിരിക്കുന്നു. ഒരാളുടെ സമ്പത്തു കണ്ട് അതു മോഷ്ടിക്കണമെന്ന ചിന്ത ആരുടെയെങ്കിലും ഹൃദയത്തിൽ ജനിക്കുമ്പോൾ അതയാളുടെ ഉള്ളിലാണ് ജനിക്കുന്നത്, പുറത്തല്ലല്ലോ? അപ്പോൾ മലക്കുകൾ എങ്ങനെയാണ് സംരക്ഷിക്കുക എന്നാരെങ്കിലും ചോദിച്ചേക്കാം. ഈ കാഴ്ചപ്പാടു ശരിയല്ല. കാരണം, മോഷ്ടിക്കണമെന്ന ചിന്ത പ്രേരണയാൽ തന്നെയാണ് ഉണ്ടാകുന്നത്. ആ പ്രേരണയാണെങ്കിൽ പുറത്തു നിന്നായിരിക്കും. എന്നാൽ, മറ്റുള്ളവരുടെ ദുഷ്ചിന്തകളും സ്വാധീനം ചെലുത്തുന്നുണ്ട്. ഒരാളുടെ ദുഷ്ചിന്തകൾ മറ്റൊരാളുടെ ഹൃദയത്തിൽ പ്രഭാവം ചെലുത്തുന്നു. ഈ സ്വാധീനങ്ങൾ സ്പർശനത്താലും സംസാരത്താലും സഹവാസത്താലുമാണ് ഉണ്ടാകുന്നത്. വൈജ്ഞാനികമായി തെളിയിക്കപ്പെട്ട കാര്യമാണിത്. മെസ്മെരിസം എന്നൊരു വിജ്ഞാനമുണ്ട്. അതിൽ ഒരാളോട് ‘നിങ്ങൾ ഉറങ്ങിയിരിക്കുന്നു, നിങ്ങൾ ഉറങ്ങിയിരിക്കുന്നു’ എന്നു പറയുമ്പോൾ അയാൾ തന്റെ മനസ്സിൽ താൻ ഉറങ്ങുകയാണെന്ന ചിന്ത കൊണ്ടുവരുന്നു. വളരെ ശക്തമായ നിലയിൽ ഈ ചിന്ത അയാളുടെ ഹൃദയത്തിൽ പതിയുമ്പോൾ ശരിക്കും അയാൾ ഉറങ്ങുന്നു. പിന്നീട് അയാളോടു മരത്തടിപോലെ അനങ്ങാതിരിക്കാൻ പറഞ്ഞാലുംഅയാൾ അതിനു വഴങ്ങുന്നു. നടു ഭാഗത്തിനുമീതെ താങ്ങില്ലാതെ അയാളെ കിടത്തി ഒരു ഭാരം കയറ്റിവെച്ചാലും അയാളുടെ നടു വളയുകയില്ല. അതുപോലെ, ‘നീ പൂച്ചയാണ്’ എന്ന് അയാളോടു പറഞ്ഞാൽ പൂച്ചയെപ്പോലെ കരയാൻ തുടങ്ങും. നായയാണെന്നു പറഞ്ഞാൽ നായയെപ്പോലെ കുരയ്ക്കാൻ തുടങ്ങും. ഒരു വ്യക്തിയുടെ ചിന്തകൾ മറ്റൊരാളെ സ്വാധീക്കുമെന്നാണ് ഇതു കാണിക്കുന്നത്. നാം ലോകത്ത് കാണുന്ന ജനങ്ങളുടെ ദുഃസ്വാധീനങ്ങൾ അവർ ജീവിക്കുന്ന രാജ്യങ്ങളെയും നിവസിക്കുന്ന പട്ടണങ്ങളെയും താമസിക്കുന്ന ഗ്രാമങ്ങളെയും ബാധിക്കുന്നു. ഒരാളുടെ ചിന്തകൾ മറ്റൊരാളെ സ്വാധീനിക്കുമെന്നത് ഓരോ മനുഷ്യനും അനുഭവിച്ചറിയാവുന്നതാണ്. കുട്ടികൾക്കുപോലും ഈ സ്വാധീനം അനുഭവച്ചറിയാം. ഒരു കുട്ടിയുടെ കണ്ണുപൊത്തിവെച്ച് ഏതെങ്കിലും വസ്തു ഒളിപ്പിച്ചു വെയ്ക്കുക. എന്നിട്ട് ആ വസ്തു വച്ചിടത്തേക്ക് കുട്ടി പോകണമെന്ന് എല്ലാവരും മനസ്സിൽ വിചാരിക്കാൻ തുടങ്ങിയാൽ ആ കുട്ടി അവിടെ ചെന്ന് ആ സാധനം എടുത്തു കൊണ്ടുവരുന്നതാണ്.

ഗവൺമെന്റ് കോളേജിലെ ഒരു സിക്കുകാരനായവിദ്യാർഥി വാഗ്ദത്ത

മസീഹി(അ)നോട് ആത്മാർഥമായ ബന്ധം പുലർത്തിയിരുന്നു. അദ്ദേഹം ഒരിക്കൽ ആളെ വിട്ട് ഇങ്ങനെ അറിയിച്ചു: "എനിക്ക് ആദ്യം ദൈവത്തിൽ ദൃഢവിശ്വാസം ഉണ്ടായിരുന്നു. എന്നാൽ, ഈയിടെ അതിനെ സംബന്ധിച്ച് സംശയങ്ങളുണ്ടാകാൻ തുടങ്ങിയിരിക്കുന്നു.'' കോളേജിൽ താൻ ഇരിക്കുന്ന സ്ഥലം മാറ്റുവാൻ വാഗ്ദത്ത മസീഹ്(അ) പറഞ്ഞയച്ചു. അങ്ങനെ അയാൾ സ്ഥലം മാറ്റുകയും അതിനുശേഷം സംശയമൊന്നും ഉണ്ടായിട്ടില്ലെന്ന് പറയുകയും ചെയ്തു. ഈ കാര്യം വാഗ്ദത്ത മസീഹി(അ)നെ അറിയിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: അയാളുടെ അടുത്തിരിക്കുന്ന ഒരു നിരീശ്വരവാദിയുടെ പ്രഭാവം അയാളെയും ബാധിക്കുകയായിരുന്നു. സ്ഥലം മാറിയ തോടെ പ്രഭാവം നിർത്തലാക്കപ്പെടുകയും സംശയം ഇല്ലാതായിത്തീരുകയുമാണുണ്ടായത്. അപ്പോൾ ചീത്ത മനുഷ്യന്റെ കൂടെയിരുന്നാൽ, അയാൾ ഒരക്ഷരം മിണ്ടിയില്ലെങ്കിലും സ്വാധീനം ചെലുത്തുന്നതാണ്. അതുപോലെ, നല്ല മനുഷ്യന്റെ കൂടെയിരുന്നാൽ, ഒരക്ഷരം ഉരുവിട്ടില്ലെങ്കിലും നല്ല സ്വാധീനം ചെലുത്തുന്നതാണ്. ആയതിനാൽ, ലോകത്ത് ചിന്തകൾ പരസ്പരം സ്വാധീനം ചെലുത്തിക്കൊണ്ടിരിക്കുന്നുണ്ടെങ്കിലും അതു മനസ്സിലാകുന്നില്ല. ഒരാൾ ഒരു സദസ്സിലേക്കു പോകുന്നു. അവിടെ ദുഷ്ചിന്തകളുള്ള ആളുകളുണ്ടെങ്കിൽ ആ ചിന്തകൾ അയാളറിയാതെ അയാളുടെ ഹൃദയത്തെ സ്വാധീനിക്കുന്നു. എന്നാൽ, മലക്കുകൾ അയാളുടെ കാത്, മൂക്ക്, വായ, കണ്ണുകൾ തുടങ്ങിയ കവാടങ്ങളിൽ കാവൽ നില്ക്കുകയാണെങ്കിൽ അത്തരം ആളുകളുടെ സദസ്സിൽ ചെന്നാൽപോലും അവർക്കൊരു ദുഃസ്വാധീനവും ഉണ്ടാവുകയില്ല. നല്ല സ്വാധീങ്ങളേ അവർക്കുണ്ടാവൂ. നബി (സ)തിരുമേനി സ്വയം തന്നെ പരിശുദ്ധനായിരുന്നു. എന്നാൽ, മറ്റുള്ളവരെ പഠിപ്പിക്കാൻ വേണ്ടി നബി(സ) സദസ്സിലിരിക്കുമ്പോൾ 70 പ്രാവശ്യം ഇസ്തിഗ്ഫാർ ചൊല്ലാറുണ്ടായിരുന്നു. മുസ്‌ലിംകളും അതുപോലെ ചെയ്യണമെന്ന് നബി(സ) പഠിപ്പിച്ചു.

ആയതിനാൽ ചിന്തകളുടെ സ്വാധീനം വിശ്വസനീയവും തെളിയിക്കപ്പെട്ടതുമാണ്. കൂടുതൽ ഭക്തരും പരിശുദ്ധരുമായ ആളുകൾക്ക് ചിന്തകളുടെ സ്വാധീനമുണ്ടാകുന്ന എല്ലാ കവാടങ്ങളിലും മലക്കുകൾ നിശ്ചയിക്കപ്പെട്ടിട്ടുണ്ട്. അവർ ദുഃസ്വാധീനങ്ങളിൽനിന്ന് സംരക്ഷിച്ചു നിർത്തുന്നു.

## എന്താണ് ശയ്ത്വാൻ(പിശാച്)?

ഇനി ഞാൻ ഒരു കാര്യം പറയാം. മനുഷ്യന്റെ വ്യക്തിപരമായ ദുഷ് ചിന്തകളും പൈശാചികമാണെന്നു ശരീഅത്ത് പറയുന്നു. ശയ്ത്വാന്റെ അസ്തിത്വമേയില്ല എന്നല്ല ഞാൻ ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. എന്തെന്നാൽ, മലക്കുകളെയും അവയുടെ സ്വാധീനങ്ങളെയും അംഗീകരിക്കെതന്നെ എല്ലാ നല്ല പ്രേരണകളും വാസ്തവത്തിൽ മനുഷ്യ ഹൃദയത്തിൽനിന്നാണ് സംജാതമാകുന്നത് എന്നതാണ് എന്റെ ഉറച്ച വിശ്വാസം. മനുഷ്യചിന്തകളും പൈശാചികമാണെന്ന് ശരീഅത്ത് പറയുന്നുണ്ട് എന്നാണ് ഞാൻ പറഞ്ഞു വരുന്നത്. കാരണം, മനുഷ്യമനസ്സിൽ ദുഷ്ചിന്തകൾ വരുമ്പോൾ അവയെ ശയ്ത്വാൻ തന്റെ തണലേകിക്കൊണ്ട് വർദ്ധിപ്പിക്കുന്നു.

നബി(സ)യുടെ ഒരു ഹദീസ് ഉണ്ട്. ഹുസൂർ(സ) പറയുന്നു: ഒരു ശയ്ത്വാൻ വുളുവിന്റേത് ആണ്. 'വലഹാൻ' എന്നാണ് അവന്റെ പേര്. കൂടുതലായി വെള്ളം പാഴാക്കുകയാണ് അവന്റെ ജോലി.

(ترمذی ابواب الطهارة كراهية الاسراف فی الوضوء)

വാസ്തവത്തിൽ, വുളുവിന് വല്ല ശയ്ത്വാനും ഉണ്ടെന്നല്ല നബി(സ) ഈ പറഞ്ഞതിന്റെ ഉദ്ദേശ്യം. മറിച്ച്, ഹുസൂർ(സ) മനസ്സിന്റെ അപകടത്തിന്റെ പേരാണ് ശയ്ത്വാൻ(പിശാച്) എന്ന് വെച്ചത്. ദൈവത്തിൽ നിന്ന് അകറ്റുക എന്നതാണ് ശയ്ത്വാന്റെ പ്രവൃത്തി. വെള്ളവുമായി അവനു ബന്ധമില്ല. 'വൽഹാൻ' എന്നതിന്റെ അർഥം ഒരൊറ്റ ചിന്തയല്ലാതെ മറ്റൊരു ചിന്തയും ഇല്ലാത്തവൻ എന്നാണ്. ഈ അവസ്ഥയുടെ പേരാണ് നബി(സ) 'വൽഹാൻ' എന്ന് വെച്ചിരിക്കുന്നത്. ഈ അവസ്ഥയുടെ ഫലമായി മനുഷ്യന് ബോധമേ ഉണ്ടാകില്ല. വുളു ചെയ്യുന്ന സമയത്ത് നമസ്കാരത്തിലേക്കു ശ്രദ്ധിക്കുന്നതിനുപകരം അവൻ തന്റെ ചിന്തകളിൽ മുഴുകിക്കൊണ്ട് വെള്ളം ഒഴുക്കി കൊണ്ടിരിക്കും. അല്ലാതെ, ശയ്ത്വാൻ വാസ്തവത്തിൽ അയാളോടു വെള്ളം പാഴാക്കാൻ പറയുന്നില്ല. വെള്ളം കൂടുതലോ കുറവോ ഒഴുക്കുന്നതുമായി ശയ്ത്വാനെന്തു ബന്ധം?

അതുപോലെ, നമസ്കാരത്തിനും ഒരു ശയ്ത്വാനുണ്ടെന്ന് തിരുനബി(സ) അരുളിയിട്ടുണ്ട്. അവൻ നമസ്കാരത്തിൽ ദുർമന്ത്രണം നടത്തുന്നു. താൻ നമസ്കാരത്തിനായി നില്ക്കുമ്പോൾ പല ചിന്തകളും

മനസ്സിൽ കടന്നു വരുന്നു വെന്ന് ഒരിക്കൽ ഒരാൾ നബി(സ)യോടു പറയുകയുണ്ടായി. നബി(സ) പറഞ്ഞു: "അത് ശയ്ത്വാൻ ആകുന്നു. അവന്റെ പേര് 'ഖൻസബ്' എന്നാണ്".

(مسلم كتاب السلام باب التعوذ من الشيطان الوسوسة فى الصلوٰة)

നമസ്കാരത്തിലെ ശയ്ത്വാന്റെ പേര് 'ഖൻസബ്' എന്നാണ് നബി(സ) പറഞ്ഞത്. 'ഖനാ' യും 'അസീബും' ചേർന്നതാണിത്. 'ഖനാ' എന്നതിന്റെ അർഥം നവായിബു ദ്ദഹർ(കാലഘട്ടത്തിലെ വിപത്തുകൾ) എന്നാണ്. 'ദാഹിയ' എന്നതാണ് അസീബിന്റെ അർഥം. അതായത് വിപത്തകളും കഷ്ടപ്പാടുകളും. ലോകത്തിലെ സംഭവങ്ങൾ മനുഷ്യനെ ആകർഷിക്കുന്നു എന്നാണ് നബി(സ) പറഞ്ഞത്. ലൗകികതയിൽനിന്ന് മനുഷ്യൻ സാധിക്കുന്നിടത്തോളം വിട്ടു നില്ക്കുകയാണെങ്കിൽ ഈ അവസ്ഥയിൽനിന്ന് മനുഷ്യന് രക്ഷപ്പെടാവുന്നതാണ്. ചുരുക്കത്തിൽ മനസ്സിലെ ദുഷ്ചിന്തകളെയാണ് ശയ്ത്വാൻ എന്ന് പേരു വെച്ചിരിക്കുന്നത്.

## മലക്കിന്റെയും ശയ്ത്വാനിന്റെയും പ്രേരണകൾ മനുഷ്യമനസ്സിന്റെ അവസ്ഥയുടെ ഫലമാണ്

ഇനി ഞാൻ ഒരു കാര്യം പറയാൻ ആഗ്രഹിക്കുകയാണ്. ആദ്യം മലക്കിന്റേയോ ശയ്ത്വാന്റെയോ പ്രേരണകളല്ല ഉണ്ടാകുന്നത്. ആദ്യത്തെ പ്രേരണ, അത് നല്ലതായാലും ചീത്തതായാലും,മനുഷ്യന്റെ സ്വന്തം ഹൃദയത്തിൽനിന്നാണ് ഉണ്ടാകുന്നത്. എന്തുകൊണ്ടെന്നാൽ, മനുഷ്യൻ സത്പ്രകൃതത്താലാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നതെന്ന് നബി(സ) പറയുന്നു. ഓരോ മനുഷ്യനും പരിശുദ്ധനായിട്ടാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നതെന്ന് ഇതിൽനിന്ന് മനസ്സിലാക്കാം. പിന്നീടുള്ള അവന്റെ അവസ്ഥകളും സഹവാസങ്ങളും കാരണമായാണ് അവന്റെ മനസ്സിൽ ചിന്തകൾ സംജാതമാകുന്നത്. ഇവയിൽ സത്ചിന്തകളെ മുന്നോട്ടു നയിക്കാൻ മലക്കുകളും ദുഷ്ചിന്തകളെ മുന്നോട്ടു നയിക്കാൻ പിശാചും വരുന്നു. നബി(സ) പറയുന്നു:

مَنْ كَانَ لَهٗ مِنْ قَلْبِهٖ وَاعِظٌ كَانَ عَلَيْهِ مِنَ اللّٰهِ حَافِظٌ

(احياء علوم الدين مؤلف امام غزالى جزء كتاب شرح عجائب القلب بيان مجامع اوصاف القلب و امثلته مطبوعه بيروت)

ഒരുവന്റെ മനസ്സിൽ സത്ചിന്തകൾ ഉടലെടുക്കുമ്പോൾ അല്ലാഹു അയാൾക്കുവേണ്ടി ഒരു മലക്കിനെ മേൽനോട്ടക്കാരനായി നിയമിക്കുന്നു. ഇതുതന്നെയാണ് ചീത്തപ്രേരണകളുടെയും അവസ്ഥ. ഏതൊരുവന്റെ

മനസ്സിലാണോ ദുഷ്ചിന്തകൾ ഉടലെടുക്കുന്നത് അവനുമേൽ ശയ്ത്വാൻ ആധിപത്യം സ്ഥാപിക്കുന്നു.

പ്രേരണകൾ ബാഹ്യമായ മാർഗ്ഗങ്ങളിലൂടെയാണെങ്കിലും നന്മതിന്മകൾ ആദ്യം ഉടലെടുക്കുന്നത് മനുഷ്യമനസ്സിലാണ്. അവ സത്പ്രേരണകളാണെങ്കിൽ അവയെ മലക്ക് മുന്നോട്ടു നയിക്കുന്നു. അഥവാ തിന്മയാണെങ്കിൽ ശയ്ത്വാൻ അവനെ അനുഗമിക്കുന്നു. അല്ലാതെ, പ്രേരണകൾ മുമ്പേതന്നെ പുറത്തു നിന്നുള്ളതും ഹൃദയത്തിന് അതുമായി ബന്ധമില്ലാതാവുകയും അതിനെകൊള്ളാനും തള്ളാനും അതിന് അവകാശമില്ലാതുവുകയുമാണെങ്കിൽ മനുഷ്യൻ നിർബന്ധം ചെലുത്തപ്പെടുന്നവനായേനെ. എന്നാൽ അങ്ങനെയല്ല. *കുനദ് ഹം ജിൻസ് ബാഹം ജിൻസ് പർവാസ്*(അതായത്, ഒരേ ഗുണങ്ങൾ ഉള്ളവർ തമ്മിൽ പരസ്പരം ആകർഷിക്കുന്നു.വിവ:) എന്ന പാർസി ചൊല്ലനുസരിച്ച് മനസ്സിൽ നന്മയുടെ പ്രേരണയുണ്ടാകുമ്പോൾ മലക്കുമായും തിന്മയുടെ പ്രേരണയാൽ ദുഷ്ടാത്മാക്കളുമായും ബന്ധം സ്ഥാപിക്കപ്പെടുന്നു. ആയതിനാൽ ഈ രണ്ടു പ്രേരണകളെ സംബന്ധിച്ചും ഈ കാര്യം മുന്നിൽ വെയ്ക്കേണ്ടതാണ്. ആത്മീയപുരോഗതി എങ്ങനെ കരസ്ഥമാക്കാം എന്ന് പല ആളുകളും എന്നോടു ചോദിക്കാറുണ്ട്. ആത്മീയോന്നതി പ്രാപിക്കാനുള്ള വഴി മനുഷ്യൻ തന്റെ ഹൃദയത്തെ പരിശോധിച്ചുകൊണ്ടിരിക്കലാണ്. മനുഷ്യൻ ഉന്നതമായ സ്ഥാനമാനങ്ങളെ അനുഭവിച്ചുകൊണ്ടിരിക്കുന്നതിനെയാണല്ലോ ആത്മീയപുരോഗതി എന്ന് പറയുന്നത്. അതിനുള്ള മാർഗം, തന്റെ മനസ്സിൽ ഏറ്റവും കൂടുതൽ സത്പ്രേരണകളാണോ ദുഷ്പ്രേരണകളാണോ ഉണ്ടാകുന്നതെന്ന് മനുഷ്യൻ പരിശോധിക്കുക എന്നതാണ്. സത്പ്രേരണകളാണ് അധികമെങ്കിൽ മലക്കുകൾ അയാളുടെ ചുവടുകളെ ദൈവത്തിലേക്ക് അടുപ്പിക്കുകയാണെന്നു മനസ്സിലാക്കുക. മനുഷ്യൻ തന്റെ നമസ്കാര നോമ്പ്ചന്ദാദികളിൽ എത്രമാത്രം മുന്നേറിയിട്ടുണ്ട് എന്നു നോക്കുന്നതിനുപകരം തന്റെ ഹൃദയത്തിൽ എന്തു പ്രേരണകളാണ് ഉടലെടുക്കുന്നതെന്ന് നോക്കട്ടെ. അവന്റെ ഹൃദയം കൂടുതൽ നമസ്കരിക്കാനും നോമ്പെടുക്കാനും സത്കർമ്മങ്ങളനുഷ്ഠിക്കാനും കല്പി ക്കുന്നുണ്ടോ? അങ്ങനെയൊരു കല്പന ഹൃദയം നല്കുന്നില്ലെങ്കിൽ അതു ദൈവിക പ്രവർത്തനമല്ലെന്നും ഈ നടക്കുന്നതെല്ലാം ഒരു പ്രാരംഭശ്രമമെന്ന നിലയ്ക്കോ ശീലമോ പ്രദർശനമോ ആണെന്നു മനസ്സിലാക്കുകയും ചെയ്യുക. അവൻ നമസ്കാരം അഞ്ചല്ല, പത്ത് നമസ്കരിച്ചാലും, അതാ

യത്, ഫർള് നമസ്കാരങ്ങൾകൂടാതെ അഞ്ചുനേരം നഫലുകൾ അനുഷ്ഠിച്ചാലും അവന്റെ ഹൃദയം നമസ്കാരത്തെ വെറുക്കുന്നതാ ണെകിൽ അവൻ മലക്കുകളുമായി ബന്ധം സ്ഥാപിക്കത്തക്കസ്ഥാനത്ത് ഇനിയും എത്തിയിട്ടില്ലെന്നു മനസ്സിലാക്കുക. എന്നല്ല, അവൻ പ്രാരംഭ പ്രയത്നത്തിന്റെ സ്ഥാനത്തുപോലും എത്തിയിട്ടില്ല. അവന്റെ നഫ്സ് ഒരു ആചാരമെന്നോണം, ശീലമെന്നൊണം, അല്ലെങ്കിൽ മറ്റുള്ളവർ കാണാൻവേണ്ടി അവനെക്കൊണ്ട് നമസ്ക്കരിപ്പിക്കുകയാണ്. ഇനി അവന് കർമ്മം ചെയ്യാനുള്ള ഭാഗ്യം സിദ്ധിച്ചിട്ടില്ലെങ്കിലും അവന്റെ ഹൃദയത്തിൽ സത്കർമ്മം ചെയ്യാനുള്ള പ്രേരണകൾ സംജാതമാകുന്നുവെങ്കിൽ മലക്കുകൾ അവനുമായി ബന്ധം സ്ഥാപിക്കുന്നു എന്ന് മനസ്സിലാക്കുക. അതുകൊണ്ട് നിങ്ങളുടെ നമസ്കാരം, നോമ്പ് തുടങ്ങിയവയിലുടെ നിങ്ങളുടെ അവസ്ഥകളെ അളക്കരുത്. മറിച്ച്, എന്താണോ നിങ്ങളുടെ ഹൃദയങ്ങളിലുള്ളത് അതിലേക്ക് നോക്കുക. ഹൃദയം മോശമായ ജനതകൾ, അവർ പ്രത്യക്ഷ്യത്തിൽ എത്ര തന്നെ ശക്തരാണെങ്കിലും, അധഃപതിക്കുന്നു. റഷ്യയെതന്നെ നോക്കുക അതെത്ര വലിയ ഭരണകൂടമായിരുന്നു . പക്ഷേ, വാഗ്ദത്ത മസീഹി(അ)ന്റെ പ്രവചനം ഉണ്ടായിരുന്നതിനാൽ അവരുടെ ഹൃദയം മോശമായിത്തീരുകയും അതുമുഖേന അവരുടെ ഭരണകൂടം മോശമായി ഭവിക്കുകയുമുണ്ടായി. ബാഹ്യമായ ശോഷണത്തിനുമുൻപേ ശക്തമായ ഭരണകൂടമെന്ന് അവർ കരുതപ്പെട്ടിരുന്നു. ആയതിനാൽ, ഒരു മനുഷ്യനും തന്റെ നമസ്കാരം, നോമ്പ്, സകാത്ത് ഇത്യാദികാര്യങ്ങൾമുഖേന താൻ നന്മയിലും ഭയഭക്തിയിലും എത്രമാത്രം പുരോഗതി പ്രാപിച്ചിരിക്കുന്നുവെന്ന് തീരുമാനിക്കരുത്. മറിച്ച്, തന്റെ ഹൃദയാന്തരാളത്തിലുള്ളതിനെ കൊണ്ട് തന്റെ നന്മയെയും ഭക്തിയെയും പരിശോധിക്കുക. സത്പ്രേരണകളാണ് അവന്റെ മനസ്സിൽ മുന്നേറുന്നതെങ്കിൽ ചില പാപങ്ങൾ അവനിൽനിന്ന് ഇനിയും വിട്ടകന്നില്ലെങ്കിൽകൂടി അവനിൽ പതിയുന്ന മലക്കുകളുടെ ഛായ വർദ്ധിച്ചു വരുന്നുണ്ടെന്നു മനസ്സിലാക്കുക. ഇനി തിന്മ ചെയ്യാനുള്ള പ്രേരണകളാണ് അവന്റെ ഹൃദയത്തിൽ ഉയർന്നുകൊണ്ടിരിക്കുന്നതെങ്കിൽ നല്ല പ്രവൃത്തികാളാണ് അവൻ ചെയ്യുന്നതെങ്കിലും ശയ്ത്വാനുമായുള്ള അവന്റെ ബന്ധം വർദ്ധിക്കുന്നുവെന്നു മനസ്സിലാക്കുക.

ആയതിനാൽ, കൂടുതൽ നമസ്കരിക്കുന്നതോ നോമ്പെടുക്കുന്നതോ അല്ല വിശ്വാസത്തിന്റെ ലക്ഷണം. നിങ്ങൾ നിങ്ങളുടെ ഹൃദയങ്ങളി

ലേക്കു നോക്കുകയും അവയെ പരിശോധിക്കുകയുമാണു വേണ്ടത്. നിങ്ങളുടെ പ്രവർത്തനങ്ങളെ പരിശോധിക്കുക എന്നതാണ് ജനങ്ങളുടെ പ്രവൃത്തി. എന്നാൽ നിങ്ങളുടെ ധർമമോ? സ്വന്തം ഹൃദയങ്ങളെ പരിശോധിക്കുക എന്നതാണ്.

## മലക്കിന്റെയും ശയ്ത്വാന്റെയും പ്രേരണകളെ വേർതിരിച്ചറിയാനുള്ള മാർഗം

നിങ്ങൾക്കുണ്ടാകുന്ന ശയ്ത്വാന്റെയും മലക്കിന്റെയും പ്രേരണകളിൽ കൂടുതൽ ഏതാണെന്ന് എങ്ങനെ മനസ്സിലാക്കാം എന്നതിനെ സംബന്ധിച്ച് ഇനി ഞാൻ വ്യക്തമാക്കാം.

യഥാർഥ പ്രേരണകൾ, അതു നല്ലതോ ചീത്തയോ ആകട്ടെ, മലക്കിന്റെയോ ശയ്ത്വാന്റെയോ അല്ല നിങ്ങളുടെതുതന്നെ എന്ന് ഞാൻ പറഞ്ഞുകഴിഞ്ഞു. അതുകൊണ്ട് നിങ്ങൾ സ്വന്തം ഹൃദയങ്ങളിലേക്കു നോക്കുകയും നിങ്ങളുടെ ബന്ധം കൂടുതൽ ആരുമായിട്ടാണ് എന്നു മനസ്സിലാക്കുകയും ചെയ്യേണ്ടതാണ്.

1)മനസ്സിൽ ആദ്യം സദ്വിചാരങ്ങളും പിന്നീട് ദുർവിചാരങ്ങളുമാണ് ഉടലെടുക്കുന്നതെന്നു നിങ്ങൾ കണ്ടാൽ ശയ്ത്വാനെ അപേക്ഷിച്ച് മലക്കുമായിട്ടാണ് നിങ്ങൾക്കു കൂടുതൽ ബന്ധമെന്ന് മനസ്സിലാക്കാം. മലക്കുകൾ തങ്ങളുടെ ബന്ധം വർദ്ധിപ്പിക്കാൻ ശ്രമിക്കുന്നു. പക്ഷേ, ശയ്ത്വാൻ അതിൽ തടസ്സം സൃഷ്ടിക്കുന്നു. ദുർവിചാരങ്ങൾ ഉടലെടുക്കുമ്പോഴെല്ലാം സദ്വിചാരങ്ങൾ മുൻപ് ഉണ്ടായിരുന്നുവോ എന്ന് എപ്പോഴും നോക്കേണ്ടതാണ്. ഇനി ഉണ്ടായിരുന്നുവെങ്കിൽ ശയ്ത്വാനെക്കാൾ മലക്കുമായിട്ടാണ് നിങ്ങൾ കുടുതൽ ബന്ധപ്പെട്ടു നില്ക്കുന്നത്. ഉദാ: നിങ്ങൾ നമസ്കരിക്കാൻ വരുമ്പോൾ നിങ്ങളുടെ മനസ്സിൽ പല ദുർബോധനങ്ങളും വരുന്നുണ്ടെങ്കിൽ മലക്കുകൾ നിങ്ങളോടു ബന്ധപ്പെട്ടിരിക്കുന്നുവെന്ന് മനസ്സിലാക്കാം. നിങ്ങൾ സത്കർമം ചെയ്യാൻ ഒരുങ്ങുമ്പോൾ ശയ്ത്വാൻ അതിനെ കളങ്കപ്പെടുത്താൻ മുതിരുകയാണ് ചെയ്യുന്നത്.

2)ദുഷ്ചിന്തകൾ മനസ്സിൽ ഉടലെടുക്കുന്നതോടൊപ്പംതന്നെ നല്ല ചിന്തകളും ഉണ്ടാകുന്നുണ്ടോ എന്നു നോക്കുക. ഉദാ: താനും നമസ്കരിക്കുന്നവനാണെന്ന് ജനങ്ങൾ കാണട്ടെ എന്നു കരുതി പള്ളിയിൽ പോകാനുള്ള ചിന്ത വന്നതിനു തൊട്ടുപിറകെ, നമസ്കരിക്കുന്നെങ്കിൽ അത് അല്ലാഹുവിനു വേണ്ടിയായിരിക്കണം എന്ന ചിന്ത വന്നാൽ ആ സാഹചര്യത്തിൽ നിങ്ങളുടെ മലക്കുകളുമായുള്ള ബന്ധം അധികമ

ല്ലെങ്കിലും മലക്കുകൾ നിങ്ങളെ തീർത്തും കൈവിട്ടില്ലെന്നു കരുതാം. തക്കം കിട്ടിയെന്നു കണ്ടാൽ ആ നിമിഷം സന്മാർഗത്തിലേക്കു കൊണ്ടു വരാൻ മലക്കുകൾ തയ്യാറാവുന്നു.

ഈ നിലവരെ മനുഷ്യൻ സുരക്ഷിതനാണ്. എന്തെന്നാൽ, മലക്കു കൾ അവനുമായുള്ള സ്നേഹബന്ധം ഉപേക്ഷിക്കുന്നില്ല. ആദ്യഘ ട്ടത്തിൽ മലക്കുകൾ അവനെ ഉയർത്തുമ്പോൾ ശയ്ത്വാൻ അവനെ താഴേക്കു പിടിച്ചു വലിക്കുന്നു. രണ്ടാമത്തെ ഘട്ടത്തിൽ അവൻ മുങ്ങി ത്താഴാൻ പോകുമ്പോൾ മലക്കുകൾ അവനെ രക്ഷിക്കുന്നു. മനു ഷ്യൻ ഈ അവസ്ഥയിൽ ആണെങ്കിൽ അവന് അഭിവൃദ്ധിപ്പെടാവുന്ന അവസ്ഥയിലാണെന്ന് കരുതാം. അവൻ നിരാശയുടെ വക്കിലെത്തി യിട്ടില്ലെന്നു പറയാം.

3. മൂന്നാമത്തെ ഘട്ടം വളരെ സങ്കീർണ്ണമാണ്. തിന്മ ചെയ്യാനുള്ള പ്രേരണ മനസ്സിൽ തോന്നുമെങ്കിലും അതിനോടൊപ്പം നന്മ ചെയ്യാ നുള്ള പ്രേരണ ഉണ്ടാവുന്നില്ല. മണിക്കൂറുകളും ദിവസങ്ങളും കഴിഞ്ഞു കടന്നാലും മനസ്സിൽ ഈ പ്രചോദനത്തിനു വിരുദ്ധമായ വികാരം സംജാതമാകാതെ വരുന്നു. ഇതാണ് അവസ്ഥയെങ്കിൽ നിങ്ങൾ മന സ്സിലാക്കുക, മലക്കുകൾ നിങ്ങളെ പൂർണ്ണമായും കൈവിട്ടിരിക്കുന്നു. നിങ്ങൾ മുഴുവനായും ശയ്ത്വാന്റെ കെണിയിലകപ്പെട്ടിരിക്കുകയാണ്. നന്മയ്ക്കു തുല്യമോ അല്ലെങ്കിൽ അതിലധികമോ ഉണ്ടാകുന്ന ചീത്ത പ്രേരണകളുടെ മൂന്നവസ്ഥകളാണിവ. ഇവയിൽ ഏതെങ്കിലുമൊരുഘട്ട ത്തിൽ നിലകൊള്ളുന്ന വ്യക്തി വളരെ ജാഗരൂകനായിരിക്കേണ്ടതാണ്. ഇവയ്ക്ക് ഉപരിയായി മലക്കിന്റെയും ശയ്ത്വാന്റെയും പ്രേരണകളി ലൂടെ മനുഷ്യന് കടന്നുപോകേണ്ട രണ്ടു ഘട്ടങ്ങൾ വേറെയുമുണ്ട്. എന്നാൽ അതിൽ മലക്കിന്റെ പ്രേരണകളായിരിക്കും മേൽക്കൈ നേടുക. അവ ഇവയാണ്:

1)ആദ്യം സദ്വിചാരവും അതിനുശേഷം ദുർവിചാരവും ഉണ്ടാവുക. ഈ അവസ്ഥയാണെങ്കിൽ മലക്കുകൾ പൂർണ്ണമായ നിലയിൽ അവനു ചുറ്റുമില്ലെങ്കിലും ശരിക്കും അവൻ ബന്ധപ്പെട്ടിരിക്കുന്നത് മലക്കുകളു മായിട്ടാണെന്ന് അവൻ മനസ്സിലാക്കേണ്ടതാണ്. പുരോഗതി തടയാൻ ശയ്ത്വാൻ ശക്തി ചെലുത്തുക മാത്രമാണ് ചെയ്യുന്നത്.

2) രണ്ടാമത്തെ അവസ്ഥയിൽ സദ്വിചാരങ്ങൾ ആദ്യവും ശേഷം ദുർവിചാരങ്ങളും ഉടലെക്കുന്നുവെങ്കിലും ശേഷമുണ്ടാകുന്ന ദുർവി ചാരങ്ങൾ തുലോം കുറവായിരിക്കും. അല്ലെങ്കിൽ വിവിധങ്ങളായ

സത്പ്രേരണകളിൽ ചിലതിനെ സംബന്ധിച്ചായിരിക്കും ഹൃദയത്തിൽ ചിന്തകളുണ്ടാവുക; ചിലതിനെപ്പറ്റി ഉണ്ടാവുകയില്ല. ആ അവസ്ഥയിൽ ശയ്ത്വാന്റെ സ്വാധീനം കുറഞ്ഞ് മലക്കുകളുടെ ബന്ധം ശക്തമാകുന്നുവെന്നും അവന് ഒരു വഴി തുറക്കപ്പെട്ടിരിക്കുന്നു എന്നും വേണം മനസ്സിലാക്കാൻ. ഇതിലും ഉപരിയായി മനുഷ്യൻ അഭിവൃദ്ധി പ്രാപിക്കുമ്പോൾ ശയ്ത്വാന്റെ ആക്രമണത്തിൽനിന്ന് അവൻ തീർത്തും സുരക്ഷിതനായി തീരുന്നു.

മനുഷ്യൻ നന്മയിലാണോ തിന്മയിലാണൊ പുരോഗതി പ്രാപിക്കുന്നതെന്ന് ഈ അഞ്ചു മാർഗങ്ങളിലൂടെ മനസ്സിലാക്കാവുന്നതാണ്. മനുഷ്യന്റെയുള്ളിൽ മലക്കിന്റെയും ശയ്ത്വാന്റെയും പ്രേരണകളിൽ ഏതാണ് കൂടുതൽ മികച്ചു നില്ക്കുന്നത്? മനുഷ്യനുവേണ്ടി കൂടുതൽ തുറന്നിരിക്കുന്ന മാർഗമേതാണ്? പൈശാചികമാർഗമോ മലക്കിന്റെ മാർഗമോ? എന്ന ചോദ്യങ്ങൾ ഉയരാറുണ്ട്. ദൈവം മനുഷ്യപുരോഗതിയുടെ മാർഗമാണോ കൂടുതൽ വെച്ചിട്ടുള്ളത്, അതല്ല അവന്റെ വഴികേടിന്റെ മാർഗമോ? എന്ന ചോദ്യവും ഉയരാറുണ്ട്. സൂഫികൾക്ക് ഒരു പിഴവ് സംഭവിച്ചിരിക്കുന്നു. എന്നല്ല, ഒരു സാങ്കേതിക പിഴവ് എന്നു വേണം പറയാൻ. ശരിയായ നിലയിലുള്ള പിഴവല്ല. ഒരു സംഗതി മനസ്സിലാക്കുന്നതിൽ അബദ്ധം സംഭവിച്ചതാണ്. മലക്കുകൾക്ക് ഒരു വഴിയേയുള്ളു എന്നാൽ ശയ്ത്വാനു മനുഷ്യനിൽ പ്രവേശിക്കാൻ ഒരുപാടു വഴികളുണ്ടെന്നാണ് പൊതുവെ എല്ലാരും എഴുതുന്നത്. എന്നാൽ, ഇതു ശരിയല്ല. ഒന്നാമതായി, പ്രകൃതിനിയമപ്രകാരം അതു തെറ്റാണെന്ന് സ്ഥാപിതമാകുന്നു. തന്നെയുമല്ല, വിശുദ്ധ ഖുർആനനുസരിച്ചും തെറ്റാണ്. മനുഷ്യന്റെയുള്ളിൽ ചിന്തകൾ ഉടലെടുക്കുന്നത് ബാഹ്യസ്വാധീനത്താലാണെന്ന് പ്രകൃതിനിയമത്തിൽനിന്നും മനസ്സിലാകുന്നു. ഉദാഹരണമായി ഒരാളുടെ മനസ്സിൽ മോഷ്ടിക്കണമെന്ന് ചിന്തയുണ്ടാകുന്നത് അയാൾ പുറത്ത് ഒരു സാധനം കാണുമ്പോഴാണ്. മറ്റു സംഗതികളും ഇതുപോലെ തന്നെയാണ്. ദുഷ്ചിന്തകൾ മനുഷ്യനിൽ പ്രേരിതമാകുന്ന മാർഗങ്ങളിലൂടെ തന്നെയാണ് സദ്വിചാരങ്ങളും പ്രേരിപ്പിക്കപ്പെടുന്നതെന്ന് ഇതോടൊപ്പം മനസ്സിലാകുന്നു. ഇന്ന സാധനം കണ്ടാൽ അതു മോഷ്ടിക്കണം എന്ന് ചിന്തിക്കുന്നിടത്തുതന്നെയാണ് ഇന്നയാൾ ദരിദ്രനാണെന്നു കണ്ടാൽ അയാളെ സഹായിക്കണമെന്ന ചിന്ത ഉടലെടുക്കുന്നതും. ഇതേപോലെ, കാതുകളിലൂടെ കേട്ടുകൊണ്ട് ദുർവിചാരങ്ങൾ ഉണ്ടാകുന്നിടത്താണ് അതേ കാതുകളിൽതന്നെ സദ്വി

ചാരങ്ങളും സംജാതമാകുന്നത്. ഇതുതന്നെയാണു സ്പർശനത്തിന്റെയും ദർശനത്തിന്റെയും രുചിയുടെയും സ്ഥിതി. ഓരോ സംഗതിയെയും നല്ല രീതിയിലും ചീത്ത രീതിയിലും ഉപയോഗിക്കാമെന്ന് ഇതിൽനിന്നു ഗ്രഹിക്കാം. കാരണം, ശയ്ത്വാൻ പ്രവേശിക്കുന്ന മാർഗങ്ങളിലൂടെതന്നെയാണ് മലക്കുകൾ സത്കർമങ്ങളെ പ്രേരിപ്പിക്കാൻ പ്രവേശിക്കുന്നതും.

പിശാചിന് വഴിപിഴപ്പിക്കാൻ ഒരുപാടു മാർഗങ്ങളുണ്ട്, എന്നാൽ മലക്കുകൾക്ക് ഒരേയൊരു മാർഗമേയുള്ളു എന്ന സംഗതി വിശുദ്ധ ഖുർആനിൽനിന്നും തെറ്റാണെന്നു സ്ഥാപിതമാകുന്നുണ്ട്. അവർ തെറ്റിദ്ധരിച്ച വചനം ഇതാണ്:

وَاَنَّ هٰذَا صِرَاطِىْ مُسْتَقِيْمًا فَاتَّبِعُوْهُ ۚ وَلَا تَتَّبِعُوا السُّبُلَ فَتَفَرَّقَ بِكُمْ عَنْ سَبِيْلِهٖ

അല്ലാഹു പറയുന്നു: ഇതെന്റെ നേരായ മാർഗമാണ്. ഇതിനെ അനുഗമിക്കുക. മറ്റു മാർഗങ്ങളെ അനുഗമിക്കരുത്. അവ നിങ്ങളെ എവിടെയൊക്കെയോ കൊണ്ടെത്തിക്കുന്നതാണ്(6:154).

ദൈവമാർഗം ഒന്നു മാത്രമാണെന്നും എന്നാൽ സാത്താനിക മാർഗങ്ങൾ പലതാണെന്നും ഇതിൽനിന്നു മനസ്സിലാകുന്നു എന്നവർ പറയുന്നു. എന്നാൽ ഈ ആയത്തിന്റെ സാരം മനസ്സിലാക്കുന്നതിൽ അവർക്ക് അബദ്ധം പിണഞ്ഞിരിക്കുകയാണ്.

ഒന്നാമതായി, വിശുദ്ധ ഖുർആനിൽ തന്നെ അല്ലാഹു പറയുന്നു:

وَالَّذِيْنَ جَاهَدُوْا فِيْنَا لَنَهْدِيَنَّهُمْ سُبُلَنَا

അതായത്, നമ്മുടെ മാർഗത്തിൽ പ്രയത്നിക്കുന്നവർക്ക് നാം പല മാർഗങ്ങൾ കാണിച്ചു കൊടുക്കുന്നു (29:70).

നന്മയുടെ മാർഗങ്ങളും പലവിധങ്ങളുമുണ്ടെന്നാണ് ഇതിൽനിന്നു ഗ്രാഹ്യമാകുന്നത്.

രണ്ടാമതായി, ഒരു വഴിയെന്നും പല വഴികളെന്നും ഈ വചനത്തിൽ പറഞ്ഞിട്ടുള്ളതിന്റെ വിവക്ഷ ദൈവത്തിലേക്ക് എത്തിച്ചേരാൻ പല മതങ്ങളും സ്വീകരിക്കേണ്ടതായിട്ടില്ല എന്നത്രേ. മനുഷ്യനെ ദൈവത്തി

ലേക്ക് എത്തിക്കുന്ന ഏകമതം ഇസ്‌ലാം മാത്രമാണ്. അതേസമയം, ആത്മീയോത്ക്കർഷത്തിന്റെ എണ്ണമറ്റ മാർഗങ്ങൾ ഇസ്‌ലാം നിർദേശിക്കുന്നുണ്ട് എന്നതും ശരിയാണ്. ശയ്ത്വാൻ മനുഷ്യനെ വഴിപിഴപ്പിക്കാൻ പല മാർഗങ്ങളും വെച്ചിരിക്കുന്നതുപോലെ, ചിലപ്പോൾ ക്രിസ്ത്യാനിയാവാൻ ചിലപ്പോൾ ആര്യമതക്കാരനാവാൻ ചിലപ്പോൾ മറ്റുവല്ല വ്യാജമതവും സ്വീകരിക്കാൻ പ്രേരിപ്പിക്കുന്നതുപോലെ, ദൈവം ചെയ്തിട്ടില്ലെന്ന് നിഷേധിച്ചു പറയുകയാണ് ആ വചനം ചെയ്തിരിക്കുന്നത്. ദൈവം ഒരു മതമാണു വെച്ചിരിക്കുന്നത്. ആ മതമാകട്ടെ അനേകം മാർഗങ്ങൾ ഉൾക്കൊള്ളുന്നതുമാണ്.

ഈ സംഗതി മനസ്സിലാക്കാത്തതിനാലാണ് സൂഫികൾക്ക് അബദ്ധം പിണഞ്ഞത്. വാസ്തവത്തിൽ ശയ്ത്വാന്റെ പിഴച്ച മാർഗങ്ങളെക്കാളും എത്രയോ വിശാലമാണ് ദൈവത്തിന്റെ കാരുണ്യം. അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു:

وَرَحْمَتِي وَسِعَتْ كُلَّ شَيْءٍ

എന്റെ കാരുണ്യം എല്ലാറ്റിനെയും ആവരണം ചെയ്തിരിക്കുന്നു (7:157).

നന്മയിലേക്കു പ്രചോദിപ്പിക്കുന്ന മാർഗങ്ങളാണ് കൂടുതലുള്ളതെങ്കിൽ ലോകത്ത് പൈശാചികരായ മനുഷ്യർ കൂടുതലും മറ്റുള്ളവർ കുറവും കാണപ്പെടുന്നത് എന്തുകൊണ്ടാണ്? ഇതിൽനിന്നും പൈശാചിക സ്വാധീനം മലക്കുകളുടെ സ്വാധീനങ്ങളെ അപേക്ഷിച്ച് കൂടുതലാണെന്നല്ലേ തെളിയുന്നത് എന്ന ചോദ്യത്തിലേക്ക് ഇനി ഞാൻ വരാം. ഇതു സംബന്ധമായി ഓർത്തിരിക്കേണ്ട കാര്യം, ശയ്ത്വാന്റെയും മലക്കുകളുടെയും പ്രചോദനങ്ങളെ ദുർവൃത്തരാണോ സദ്വൃത്തരാണോ കൂടുതലെന്ന് നോക്കിയല്ല തരംതിരിക്കേണ്ടത്. മറിച്ച്, ഓരോ വ്യക്തിയിലും കൂടുതലുണ്ടാകുന്നത് നന്മ ചെയ്യാനുള്ള പ്രേരണയാണോ തിന്മ ചെയ്യാനുള്ള പ്രേരണയാണോ എന്ന് നോക്കിയാണ്. ഈ സംഗതി പരിശോധിച്ചാൽ ജനങ്ങളുടെ അധികപ്രവൃത്തികളും തിന്മയെ അപേക്ഷിച്ച് നന്മയിലധിഷ്ഠിതമാണെന്ന് കാണാം. തിന്മ വെറുക്കപ്പെട്ട സംഗതിയായതിനാൽ പ്രകടമായി കാണപ്പെടുന്നതുകൊണ്ടു മാത്രമാണ് അത് വർദ്ധിച്ചിരിക്കുന്നതായി തോന്നുന്നത്. അക്കാരണംകൊണ്ടാണ് ഒരിക്കൽ എല്ലാവരും നരകത്തിൽനിന്ന് പുറത്ത് വരുന്നതാണെന്ന്

നബി(സ) പറഞ്ഞത്.

(مسند احمد بن حنبل جلد۲صفحه۱۰۲حاشیه)

മോഷ്ടിക്കുന്നവനെമഹാദുർവൃത്തനെന്നുംമോശപ്പെട്ടമനുഷ്യനെന്നും വിളിക്കുമെങ്കിലും പല ന്യൂനതകളും അയാളിൽ ഇല്ലാത്തതുമുണ്ടാകാം. അയാളിൽ പല നല്ലകാര്യങ്ങളും കണ്ടെന്നു വരാം. പല നന്മകളുള്ള അയാളിലെ ഒരു തിന്മയായിരിക്കും വാസ്തവത്തിൽ മോഷണം. തിന്മ കൾ കൂടുതലും നന്മകൾ താരതമ്യേന കുറഞ്ഞിരിക്കുകയും ചെയ്യുന്ന ആൾ ഉണ്ടാവില്ല. അതുകൊണ്ടുതന്നെ, നന്മ ലോകത്ത് കൂടതലും തിന്മ കുറവുമാണ്. തിന്മകളിൽ എല്ലാവരുടെയും ശ്രദ്ധ പതിയുന്ന തുകൊണ്ടാണ് അതു പ്രകടമായി കാണപ്പെടുന്നത്. ഇതിനെ നമുക്ക് മൂക്കു മാത്രം മുറിഞ്ഞു പോയ വ്യക്തിയുമായി ഉദാഹരിക്കാം. അയാ ളുടെ മറ്റു ശരീരഭാഗങ്ങൾക്ക് കുഴപ്പമൊന്നുമില്ലെങ്കിലും അയാളുടെ മൂക്കിലേക്കു തന്നെയായിരിക്കും ശ്രദ്ധ പതിയുക. ശരീരത്തിലെ മറ്റു ഭാഗങ്ങളുടെ സൗന്ദര്യം ആരും കാണുകയില്ല. അപ്പോൾ നന്മകളാണ് കൂടുതലായിട്ടുള്ളത്. പക്ഷേ, ജനങ്ങളുടെ ശ്രദ്ധ പതിയുന്നത് തിന്മ കളിലേക്കായതിനാൽ അതു കൂടുതലുള്ളതായി കരുതപ്പെടുന്നു.

ഇനി ഞാൻ, മലക്ക് എങ്ങനെയാണ് പ്രേരണ നല്കുന്നത്? അതു പ്രേരണ നല്കുന്ന മാർഗങ്ങൾ ഏതൊക്കെയാണ്? എന്നതിനെക്കുറിച്ചു പറയാം. എന്റെ സ്വന്തം അനുഭവത്തിൽനിന്നും ദൈവസാമീപ്യം സിദ്ധിച്ച് ഇതിനെക്കുറിച്ച് അറിവു നല്കപ്പെട്ട ആളുകളുടെ അനുഭവങ്ങളിൽ നിന്നും ഇതിന്റെ പ്രേരണകളെക്കുറിച്ച് മനസ്സിലാകുന്നത്, മനുഷ്യൻ വല്ല സത്പ്രവൃത്തിയും ചെയ്യുമ്പോൾ മലക്ക് അവന്റെ മനസ്സിൽ ആ പ്രവൃത്തിയോടുള്ള സ്നേഹം സംജാതമാക്കുന്നു എന്നാണ്. താൻ നന്മയുടെ എല്ലാ മാർഗങ്ങളിലൂടെയും ചരിക്കുന്നതാണെന്ന് മനു ഷ്യൻ ദൃഢനിശ്ചയം ചെയ്യുമ്പോൾ 'ഇതാ അവസരം വന്നിരിക്കുന്നു അതിനെ പ്രയോജനപ്പെടുത്തുക' എന്ന് ഓരോ സന്ദർഭത്തിലും മലക്ക് അവനെ അറിയിച്ചു കൊണ്ടിരിക്കുന്നതാണ്. മലക്ക് അവനെ നിർബ ന്ധിച്ച് ചെയ്യിക്കുന്നുവെന്നല്ല ഇതിനർഥം. മറിച്ച് അവനെ അറിയിച്ചു കൊണ്ടിരിക്കുന്നുവെന്നാണ്.

മലക്കുകൾ പ്രേരണ നല്കുന്ന രണ്ടാമത്തെ മാർഗം അധികമായ അറിവ് നൽകികൊണ്ടിരിക്കുക എന്നതാണ്. ഇതുമുഖേന മനുഷ്യന് ഇന്നത് നന്മയായതിനാൽ ഇത് ചെയ്യാം, ഇതും നന്മയാണല്ലോ ഇതെ

നിക്ക് ചെയ്യാമല്ലോ എന്നൊക്കെ പ്രചോദനം ലഭിച്ചു കൊണ്ടിരിക്കുന്നു. ഇതൊക്കെയാണെങ്കിലും നന്മയുടെ ഉറവിടം ഹൃദയം തന്നെയാണ്. മലക്കാണ് അതിൽ പ്രകാശവും പ്രതിബിംബവും ഇടുന്നത്. ആ പ്രേരണകളിൽ നടത്തുക എന്നതാണ് അതിന്റെ പ്രവൃത്തി. അതായത്, മലക്കുകൾ മനുഷ്യനെക്കൊണ്ട് നന്മ ചെയ്യിപ്പിക്കുന്നില്ല. മറിച്ച് നന്മ ചെയ്യാനുള്ള എളുപ്പവഴികൾ സൃഷ്ടിച്ചു കൊണ്ടേയിരിക്കുകയാണ് ചെയ്യുന്നത്. ഉദാഹരണമായി ഒരു ജനക്കൂട്ടത്തിലൂടെ കടന്നു പോകുന്ന ആദരണീയനായ ഒരു വ്യക്തിക്ക് ജനങ്ങൾ വഴി കൊടുത്തു കൊണ്ടേ പോകുമ്പോൾ ജനങ്ങൾ ആണ് അദ്ദേഹത്തെ നടത്തിക്കുന്നത് എന്നതിന് അർഥമില്ല. അദ്ദേഹം തന്നെയാണ് നടക്കുന്നത്. ജനങ്ങൾ അദ്ദേഹത്തിനു നടക്കാൻ എളുപ്പം ഉണ്ടാക്കുന്നു എന്നു മാത്രം. മനുഷ്യനു വേണ്ടി മലക്കുകളും അവർ എളുപ്പത്തിൽ നന്മ ചെയ്യുന്നതിനുവേണ്ടി മാർഗങ്ങൾ സംജാതമാക്കുകയാണ് ചെയ്യുന്നത്.

അതുപോലെത്തന്നെ ശയ്ത്വാൻ ആരെയും ബലാത്കാരമായി തിന്മ ചെയ്യിക്കുന്നില്ല. മറിച്ച്, ഒരു വ്യക്തി തിന്മ ചെയ്യുമ്പോൾ ശയ്ത്വാൻ മറ്റൊന്ന് അയാളുടെ മുൻപിൽ വെയ്ക്കുകയും അതു ചെയ്താൽ മൂന്നാമതൊന്നും കൂടി വെയ്ക്കുകയുമാണ് ചെയ്യുന്നത്. അതങ്ങനെ തുടർന്നു കൊണ്ടേ പോകുന്നു. ഉദാഹരണത്തിന്, നടന്നു പോകുന്ന ഒരാൾക്ക് മോഷ്ടിക്കണമെന്നു തോന്നി. ഈ ചിന്ത വന്നയുടൻ ഇന്നയാൾ സമ്പന്നനാണെന്ന കാര്യത്തിലേക്ക് ശയ്ത്വാൻ ശ്രദ്ധ തിരിക്കുന്നു. അതായത്, ശയ്ത്വാൻ അഭിപ്രായം നല്കുക മാത്രമാണ് ചെയ്യുന്നത്. ഹൃദയത്തിൽ ആധിപത്യം ചെലുത്തുന്നില്ല. അതുകൊണ്ട് മനുഷ്യൻ ചെയ്യുന്ന നന്മതിന്മകൾ അവന്റെ തന്നെ സ്വന്തം പ്രവൃത്തികളാകുന്നു. മലക്കും പിശാചും പ്രേരിപ്പിക്കുകമാത്രമാണ് ചെയ്യുന്നത്.

നന്മയിലേക്കു പ്രേരിക്കപ്പെടുന്ന സ്ഥലത്തേക്ക് മലക്ക് മനുഷ്യനെ കൊണ്ടുപോകുന്നു എന്നതാണ് മൂന്നാമത്തെ മാർഗം. ശേഷം ആ പ്രേരണയെ സ്വായത്തമാക്കേണ്ടത് മനുഷ്യമനസ്സാണ്.

ഇനി ഒരു ചോദ്യം കൂടി ഉണ്ടാവാറുണ്ട്. മലക്കുകളിൽനിന്ന് അല്ലെങ്കിൽ ശയ്ത്വാനിൽ നിന്ന് മനുഷ്യന് സഹായം വരുന്നെങ്കിൽ, നന്മകൾ മലക്കും തിന്മകൾ ശയ്ത്വാനുമാണ് പറഞ്ഞുകൊടുക്കുന്നതെങ്കിൽ തിന്മ ചെയ്യുന്നതിൽ പിന്നെ മനുഷ്യന്റേതായ തെറ്റ് എന്താണ്? മനുഷ്യൻ തിന്മ ചെയ്തു എന്നത് ശരി തന്നെ. എന്നാൽ അതിൽ ശയ്ത്വാന്റെ സഹായവും ഉണ്ടല്ലോ.

ശയ്ത്വാന്റെ പ്രേരണകൊണ്ട് മനുഷ്യൻ പാപിയാകുകയല്ല, മറിച്ച്, ആ പ്രേരണയെ അമർത്തുകയും അതനുസരിച്ച് പ്രവർത്തിക്കാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ അവന് പ്രതിഫലം ലഭിക്കുകയാണ് ചെയ്യുന്നത് എന്ന കാര്യം ഇത്തരുണത്തിൽ ഓർത്തിരിക്കേണ്ടതാണ്. ആ പ്രേരണകളനുസരിച്ച് പ്രവർത്തിച്ചാൽപിന്നെ അതു പാപമായി തീരുന്നു. ഒരിക്കൽ നബി(സ)യുടെ അടുക്കൽ ഒരാൾ വന്നു പറഞ്ഞു: 'എന്റെ നാവ് മുറിഞ്ഞു പോകുംവിധമുള്ള മോശം ചിന്തകളാണ് എന്റെ മനസ്സിൽ വന്നു കൊണ്ടിരിക്കുന്നത്. അതു വിവരിക്കാൻ എന്റെ മനസ്സ് അനുവദിക്കുന്നില്ല.' നബി(സ) പറഞ്ഞു: 'ഇതു തന്നെയാണ് വിശ്വാസത്തിന്റെ വെളിച്ചം.'

അപ്പോൾ, പൈശാചികപ്രേരണകൾ സ്വയം പാപമാകുന്നില്ല. മനുഷ്യമനസ്സിൽ വല്ല ദുർബോധനം ഉണ്ടാവുകയും അവൻ അത് ഉപേക്ഷിക്കുകയുമാണെങ്കിൽ അവൻ പാപിയായിരിക്കുന്നതല്ല. വിശുദ്ധ ഖുർആനിൽനിന്നും ഈ സംഗതി വ്യക്തമാകുന്നുണ്ട്. അല്ലാഹു പറയുന്നു:

وَإِنْ تُبْدُوا مَا فِيٓ أَنْفُسِكُمْ أَوْ تُخْفُوهُ يُحَاسِبْكُمْ بِهِ اللّٰهُ

നിങ്ങളുടെ ഹൃദയത്തിലുള്ളതിനെ നിങ്ങൾ മറച്ചു വെച്ചാലും വെളിപ്പെടുത്തിയാലും അല്ലാഹു നിങ്ങളോടു കണക്കു ചോദിക്കുന്നതാണ്. (2:285).

വല്ല ചിന്തയും ഉണ്ടായാൽ ശിക്ഷിക്കുമെന്നല്ല ഇതിൽ പറഞ്ഞിരിക്കുന്നത്. നിങ്ങൾ അതിനെ മനസ്സിൽ കുടിയിരുത്തുകയോ അതിനെ പ്രചരിപ്പിക്കുകയോ ചെയ്താലാണ് നിങ്ങളോടു കണക്കു ചോദിക്കുക എന്നാണ്. ആയതിനാൽ പൈശാചികപ്രേരണകൾക്ക് ശിക്ഷയില്ലാത്തതിനാൽ അവയെ അതിക്രമം എന്ന് പറയാനാവില്ല. അത്തരം പ്രചോദനങ്ങൾ ആയിരക്കണക്കിനുണ്ടായാലും മനുഷ്യനതിനു വഴങ്ങുന്നില്ലെങ്കിൽ അവൻ പാപിയാകുകയില്ല. മറിച്ച്, അവനു പുണ്യം ലഭിച്ചു കൊണ്ടിരിക്കുന്നതാണ്.

ഇനിയുള്ള ചോദ്യങ്ങൾ, പൈശാചികപ്രേരണകൾ ഉണ്ടാകുന്നതെങ്ങനെ? ശയ്ത്വാൻ പ്രലോഭിപ്പിക്കുന്നത് ഏതു വിധേനയാണ്? എന്ന

താണ്. അതുകൊണ്ട് ഓർമ്മിച്ചു കൊള്ളുക, സദ്വൃത്തനായ മനുഷ്യൻ, അയാൾ ശയ്ത്വാനു വിധേയനാവാത്തവനും മലക്കുകളുമായി ബന്ധമുള്ളവനുമാണെങ്കിൽ അയാളെ ശയ്ത്വാൻ സത്പ്രേരണകളിലൂടെയാണ് വ്യതിചലിപ്പിക്കാൻ ശ്രമിക്കുക. ആ വ്യക്തി ശയ്ത്വാന്റെ പിടിയിലകപ്പെട്ടാൽ ദുഷ്പ്രേരണകളിലൂടെ വഴിതെറ്റിക്കുന്നു എന്നത് ശരിതന്നെ. ഇതിന്റെ വിശദീകരണം ഞാൻ പിന്നീട് നല്കുന്നതാണ്. ഇപ്പോൾ ഞാൻ പറയുന്നത് ഇത്രമാത്രമാണ്. ശയ്ത്വാന്റെ പ്രേരണകൾക്ക് രണ്ടു ശാഖകളുണ്ട്. ഒന്ന്, നന്മയുടെത്. മറ്റൊന്ന് തിന്മയുടെത്. ഇതു സംബന്ധമായി ഉയരാറുള്ള ചോദ്യം, ശയ്ത്വാൻപോലും നന്മയിലേക്കു പ്രേരണ നല്കുമ്പോൾ പിന്നെങ്ങനെയാണു മനുഷ്യന് അവന്റെ പ്രേരണകളിൽനിന്ന് രക്ഷപ്പെടാനാവുക എന്നതാണ്. മനുഷ്യൻ ചെയ്യുന്ന സത്പ്രവൃത്തി അതു ശയ്ത്വാൻ ചെയ്യിക്കുന്നതാണെങ്കിലോ? ദുഷ്പ്രവൃത്തിയാണെങ്കിൽ അതു പൈശാചികമാണെന്ന് മനസ്സിലാക്കാം. എന്നാൽ സത്പ്രവൃത്തിയും ശയ്ത്വാന്റെ പ്രേരണയ്ക്ക് വിധേയമായിട്ടാണെന്ന് മനസ്സിലാകുന്നതെങ്ങനെ? ഇതിന് മലക്കിന്റെയും ശയ്ത്വാന്റെയും പ്രചോദനങ്ങളിൽ എന്തെല്ലാം വ്യത്യാസങ്ങളാണുള്ളതെന്ന് ഞാൻ താരതമ്യം ചെയ്ത് പറയാം.

ആദ്യമായി ഓർക്കുക, സത്ഫലങ്ങൾ ഉളവാക്കുന്ന പ്രേരണകളേ മലക്കിന്റെ ഭാഗത്തുനിന്ന് ഉണ്ടാവുകയുള്ളു. പ്രത്യക്ഷ്യത്തിൽ ചിലപ്പോൾ ഒരു പ്രേരണ നല്ലതായി തോന്നാം. എന്നാൽ, അതിന്റെ ഫലം മോശമായിരിക്കും. ചിലപ്പോൾ പ്രേരണയും അതിന്റെ ഫലവും നല്ലതായിരിക്കും. ആയതിനാൽ ഏതെങ്കിലും പ്രേരണയാൽ കർമ്മം ചെയ്യാൻ ഒരുങ്ങുമ്പോൾ അതിന്റെ ഫലം ദുഷിച്ചതാണോ എന്നു ചിന്തിക്കുക. ഉദാ: നമസ്ക്കരിക്കാത്ത ഇന്നയാളെ ഒന്ന് ഉപദേശിക്കാം എന്ന സത്പ്രേരണ ഉണ്ടായി എന്നു വയ്ക്കുക. എന്നാൽ, ഉപദേശിക്കാൻ ഒരുങ്ങുമ്പോൾ ഒരുപാട് ആളുകൾ ഇരിക്കെ 'നീ നമസ്കരിക്കാത്തതിനാൽ കപടനാണ്. ഈ കപടത ഒഴിവാക്കൂ' എന്ന് അയാൾ പറഞ്ഞു എന്ന് വെയ്ക്കുക. അയാളുടെ പ്രേരണ നല്ലതായിരുന്നുവെങ്കിലും ഇത്രയും ആളുകളുടെ മുൻപാകെ ഇങ്ങനെ പറയുമ്പോൾ അതിന്റെ ഫലമായി അയാൾ നമസ്കാരത്തെ തന്നെ നിഷേധിക്കുന്നതായിത്തീരും. തനിക്ക് വഹാബിയായ ഒരു മരുമകനുണ്ടായിരുന്നുവെന്ന് ഹദ്റത്ത് ഖലീഫ അവ്വൽ പറയാറുണ്ടായിരുന്നു. അദ്ദേഹത്തിന്റെ അടുക്കൽ ഒരു പ്രമാണി വന്നു. ഞെരിയാണിക്ക് താഴെയായിരുന്നു അയാളുടെ വസ്ത്രം. അദ്ദേഹം

അയാളുടെ ഞെരിയാണിയിലേക്ക് മിസ്‌വാക് എറിഞ്ഞുകൊണ്ട് പറഞ്ഞു: "ഇങ്ങനെ വസ്ത്രം ധരിക്കുന്ന നീ നരകത്തിൽ പോകുന്ന താണ്.'' അപ്പോൾ ആ പ്രമാണി ചീത്ത വിളിച്ചു കൊണ്ട് പറഞ്ഞു: അല്ലാഹുവും റസൂലും എന്താണെന്നു പോലും ഞാൻ വിശ്വസിക്കു ന്നില്ല. ഹദ്റത്ത് ഖലീഫ അവ്വൽ(റ) തന്റെ മരുമകനോട് പറഞ്ഞു: അയാളെ കാഫിറാക്കിയ നിന്റെ ഉപദേശം ഉഗ്രനായിരുന്നു!

ചുരുക്കത്തിൽ, പ്രത്യക്ഷ്യത്തിൽ നല്ലതാണെന്ന് തോന്നുന്ന ഒരു പ്രേര ണയുടെ ഫലം ദുഷിച്ചതാവാറുണ്ട്. അത്തരം പ്രേരണ മലക്കിന്റെ ഭാഗത്തുനിന്ന് ആയിരിക്കുകയില്ല. സത്ഫലമുളവാക്കുന്ന പ്രേരണകൾ മാത്രമാണ് മലക്കുകൾ നല്കുന്നത്. ദൈവപ്രേരണയ്ക്ക് കീഴിലായതി നാൽ മലക്കിന്റെ പ്രേരണയ്ക്ക് ദോഷഫലങ്ങൾ ഉണ്ടാക്കാ നാവില്ല. ആയതിനാൽ വല്ല പ്രചോദനവും ഉണ്ടാകുമ്പോൾ അതു നല്ലതാ ണോ എന്ന് നോക്കുന്നതോടൊപ്പം അതിന്റെ ഫലവും നല്ലതാണോ എന്നു കൂടി നോക്കേണ്ടതാണ്. ഫലം ദുഷിച്ചതാണെങ്കിൽ അതു മലക്കിൽ നിന്നുള്ളതല്ല, ശയ്ത്വാനിൽ നിന്നുള്ളതാണെന്ന് മനസ്സി ലാക്കിക്കൊള്ളുക. ഇനി ഫലം നല്ലതാണെങ്കിൽ അതു മലക്കിൽ നിന്നുള്ളതായിരിക്കും.

മലക്കിന്റെയും ശയ്ത്വാന്റെയും പ്രചോദനങ്ങളെ താരതമ്യം ചെയ്യാ നുള്ള രണ്ടാമത്തെ മാർഗം, മലക്കിന്റെ പ്രേരണകളിൽ നന്മതിന്മകളെ അളക്കാനാകുമെങ്കിലും ശയ്ത്വാന്റെതിൽ അപ്രകാരം ചെയ്യാൻ സാധിക്കില്ല എന്നതാണ്. ശയ്ത്വാൻ നന്മ ചെയ്യിക്കുമ്പോൾ അതു മുഖേന വലിയ നന്മകളെ അകറ്റാനാണ് അവൻ ഉദ്ദേശിക്കുന്നത്. ഉദാഹരണമായി, ജമാഅത്തായ നമസ്കാരം നടന്നു കൊണ്ടിരിക്കു മ്പോൾ നഫൽ നമസ്കരിക്കണമെന്ന ചിന്തയുണ്ടാകുന്നു. ജമാഅത്ത് വിട്ടുപോകുമെന്ന കാര്യം ഗൗനിക്കാതെ നഫൽ നമസ്കരിക്കുകയാ ണെങ്കിൽ അതു പൈശാചികപ്രേരണയായിരിക്കും. എന്തെന്നാൽ, ചെറിയ നന്മക്കുവേണ്ടി വലിയ നന്മയെയാണ് ഉപേക്ഷിച്ചത്. താങ്കൾ എന്തുകൊണ്ടാണ് നമസ്കരിക്കാത്തത് എന്ന ചോദ്യത്തിന് സർ സയ്യിദ് അഹ്മദ് ഖാൻ സാഹിബ് മറുപടി പറഞ്ഞത് താൻ ചെയ്തു കൊണ്ടിരിക്കുന്നതും ദീനീപ്രവർത്തനങ്ങൾതന്നെയാണ് എന്നാണ്. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ കണ്ടാൽ അതിൽ അദ്ദേഹം വിലയം പ്രാപിച്ചതായി തോന്നും. അതുകൊണ്ടുതന്നെ അദ്ദേഹം തന്റെ പ്രവർ ത്തനങ്ങളെ ദുഷ്പ്രവൃത്തികളെന്നു മനസ്സിലാക്കിയാണ് ചെയ്തു

കൊണ്ടിരുന്നതെന്ന് പറയാനാവില്ല. നന്മായാണെന്നു കരുതി തന്നെ യായിരുന്നു പ്രവർത്തിച്ചിരുന്നത്. എന്നാൽ, ചെറിയ നന്മയ്ക്കുവേണ്ടി വലുതിനെ ത്യജിക്കുകയാണുണ്ടായത്. അതുകൊണ്ട് അദ്ദേഹത്തിന്റെ ഈ പ്രവൃത്തി മലക്കിന്റെ പ്രേരണയാലാണെന്നു പറയാൻ കഴിയില്ല. ചുരുക്കത്തിൽ, പൈശാചികപ്രേരണകളും ചിലപ്പോൾ നന്മയാകുന്നു. എന്നാൽ, അതു വലിയ നന്മയെ അകറ്റിക്കൊണ്ട് ചെറിയ നന്മ ചെയ്യി ക്കുകയാണ് ചെയ്യുന്നത്. ശാഹ് വലിയുല്ലാഹ് സാഹിബ് തന്റെ കുടും ബത്തിലെ ഒരു സംഭവം വിവരിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ കുടും ബത്തിലെ ഒരു സ്ത്രീ ധാരാളമായി അല്ലാഹുവിനെ ദിക്ർ ചെയ്യാ റുണ്ടായിരുന്നു. എന്നാൽ അവരുടെ സഹോദരൻ അതു തടയുമായി രുന്നു. കൂടുതലായി നമസ്കരിക്കാനായിരുന്നു അയാൾ പറഞ്ഞുകൊ ണ്ടിരുന്നത്. തനിക്ക് ഇതിൽ വലിയ അനുഭൂതി ലഭിക്കുന്നു എന്നായി രുന്നു ആ സ്ത്രീയുടെ മറുപടി. അപ്പോൾ അയാൾ പറഞ്ഞു: “ഇത് ശയ്ത്വാന്റെ ദുർബോധനമാണ്. സുന്നത്തുകളും ഫർളും ഒടുവിൽ ശയ്ത്വാൻ അകറ്റിക്കളയുന്നതാണ്.’’

കുറച്ചുകാലം കഴിഞ്ഞ് സഹോദരി സഹോദരനോടു പറഞ്ഞു: “വാസ്ത വത്തിൽ സുന്നത്തുകളിലും ആനന്ദം നഷ്ടപ്പെട്ടു കൊണ്ടിരിക്കുന്നു. പരിഹാരം നിർദേശിച്ചാലും.’’ അദ്ദേഹം *ലാ ഹൗൽ* ചൊല്ലാൻ നിർ ദേശിച്ചു. ഒടുവിൽ അവർ സ്വപ്നത്തിൽ ഒരു കുരങ്ങനെ കണ്ടു. ആ കുരങ്ങ് പറഞ്ഞു: “ഞാൻ ശയ്ത്വാൻ ആണ്. *നീ ലാ ഹൗൽ* ചൊല്ലാ തിരുന്നെങ്കിൽ, നിന്റെ സഹോദരൻ നിന്നെ ഉപദേശിച്ചിട്ടില്ലായിരുന്നെ ങ്കിൽ നിന്നിൽനിന്ന് ഞാൻ ഫർള് നമസ്കാരവും അകറ്റിയേനെ.’’

പൈശാചികപ്രേരണകൾ ചിലപ്പോൾ നന്മകളുടെ രൂപത്തിലും അവ തരിപ്പിക്കപ്പെടും എന്നു ചുരുക്കം. എന്നാൽ, അതിൽ സ്ഥാനപരിഗ ണനയുണ്ടാവില്ല. അല്ലാഹുവിന്റെ എല്ലാ നിയമത്തിലും താരതമ്യം ഉണ്ടാകാറുണ്ട്. എല്ലാ വലിയ സംഗതികൾക്കുംവേണ്ടി ചെറുതിനെ ബലിയർപ്പിക്കുന്നു. എന്നാൽ ചെറുതിനുവേണ്ടി വലുതിനെ ബലിയർ പ്പിക്കുന്നിടത്ത് അതു പൈശാചികപ്രേരണയാണെന്ന് മനസ്സിലാക്കുക. ദുർബോധനത്തിന്റെ പൊതുവായ രീതിയാണിത്. ചിലരുടെ ചോദ്യം ഇങ്ങനെപോവുന്നു: വിദ്യാഭ്യാസമില്ലാതെ അഭിവൃദ്ധിയുണ്ടാവില്ല. അതുകൊണ്ട് ആദ്യം വിദ്യാഭ്യാസമാണ് വേണ്ടത്. അതുകഴിഞ്ഞാണ് തബ്ലീഗ് തുടങ്ങേണ്ടത്. ആയതിനാൽ, എത്ര പണം സ്വരുക്കൂട്ടാൻ സാധിക്കുമോ അത് പഠനകാര്യങ്ങളിലാണ് ചെലവഴിക്കേണ്ടത്.

ഈ ചോദ്യത്തിന് മറുപടി പറയുന്ന ആൾ വിദ്യാഭ്യാസം നല്ലതല്ലെന്നോ അതുകൊണ്ട് അതിനുള്ള ഏർപ്പാടു ചെയ്യേണ്ടന്നോ പറയില്ല. പൊതുവേ ഈ ചോദ്യം അയാളെ സ്വാധീനിക്കുകയാണ് ചെയ്യുന്നത്. എന്നാൽ, ഞാൻ പറഞ്ഞതുപോലെ, അത് ഒരു ദുർബോധനമാണ്. എന്തെന്നാൽ, വിദ്യാഭ്യാസം ഒരു അലങ്കാരമെന്നോണം ദീനിൽ പതിവിൽകൂടുതലുള്ള സംഗതിയാണ്. തീർച്ചയായും അത് ശ്രദ്ധിക്കേണ്ടതുതന്നെയാണ്. എന്നാൽ, എല്ലാം അതിനായിമാത്രം ചെലവഴിക്കുക എന്നത് പത്ത് ആളുകളുടെ ജീവൻ നിലനിർത്താൻ ആവശ്യമായ ആഹാരസാധങ്ങൾ കൊണ്ട് വെറും ഒരാൾക്കു വേണ്ട ബിരിയാണി തയ്യാറാക്കി ബാക്കി പേരെ പട്ടിണിക്കിട്ട് കൊല്ലുന്നതുപോലെയാണ്. ഒരാൾക്ക് ആർഭാടമായി ഭക്ഷണം നല്കുന്നതിനെക്കാൾ അതുമൂലം പത്തു പേരുടെ ജീവൻ നിലനിർത്തുന്നതാണ് ഉത്തമം. അതിനാൽ പഠനകാര്യങ്ങളിൽ എല്ലാ പണവും അദ്ധ്വാനവും ചെലവഴിക്കുന്നതിനെക്കാൾ കൂടുതൽ അനിവാര്യമായത് ജനങ്ങൾക്ക് ആത്മീയജീവിതം കരഗതമാകുന്നതിനായി ശ്രമിക്കുകയാണ്. ചെറിയ കാര്യത്തിനുവേണ്ടി ഈ മഹത്തായ കാര്യത്തെ ഉപേക്ഷിക്കരുത്. അങ്ങനെയായാൽ, ഉയർന്നതും നിസ്സാരവുമായ പ്രവൃത്തികളിൽ വേർതിരിവ് ഉണ്ടാവുകയില്ല. വേർതിരിച്ചറിയുന്നതിനെപ്പറ്റി നബി(സ) വളരെ സൂക്ഷമമായ നിലയിൽ സൂചിപ്പിച്ചിട്ടുണ്ട്. ഹറാമും ഹലാലും എങ്ങനെ മനസ്സിലാക്കാം എന്ന് നബിയോടു ചോദിച്ചപ്പോൾ

اَلْاِثْمُ مَاحَاكَ فِيْ صَدْرِكَ

(مسند احمد بن حنبل جلد۴ صفحه ۲۲۷)

എന്നു പറഞ്ഞു. സ്വന്തം ഹൃദയത്തോടാണ് ചോദിക്കേണ്ടത്. ഇന്ന കാര്യം അനുവദനീയമല്ലെന്ന് ലോകത്തെ മുഴുവൻ മൗലവിമാർ പറഞ്ഞാലും അനുവദനീയമാണെന്ന് മനസ്സുപറയുന്നെങ്കിൽ അത് അനുവദനീയമായിരിക്കും. ശരീഅത്ത് അനുവദിക്കുകയും വിലക്കുകയും ചെയ്തിട്ടുള്ള സംഗതികൾക്ക് ഇതു ബാധകമല്ല. ചിലതിന്റെ അടിസ്ഥാനത്തിൽ നന്മയെന്നും ചിലതിന്റെ അടിസ്ഥാനത്തിൽ തിന്മയെന്നും തോന്നുന്ന കാര്യങ്ങളെക്കുറിച്ചാണിത്. അത്തരം സംഗതികൾ ചെയ്യാൻ മനസ്സ് അനുവദിക്കുന്നില്ലെങ്കിൽ ചെയ്യാതിരിക്കുക. ഉദാഹരണമായി, ദിക്റുകൾ. ഇതിനെപ്പറ്റി മൗലവിയോടു ചോദിച്ചാൽ

പറയും നല്ലതാണെന്ന്. എന്നാൽ നഫൽ നമസ്കാരങ്ങൾ അതിനു വേണ്ടി ഉപേക്ഷിക്കണോ എന്ന കാര്യത്തിൽ അവന്റെ മനസ്സു പറയുന്നതെന്താണോ അതാണ് ശരി. അതു തീരുമാനിക്കാൻ അവന്റെ മനസ്സിനേ കഴിയൂ.

ഇനി ആരെയെങ്കിലും സത്കരിക്കുകയോ ആർക്കെങ്കിലും ഉപഹാരം നല്കുകയോ ചെയ്യുന്നതിനെപ്പറ്റി ഒരു പണ്ഡിതനോടു ചോദിച്ചാൽ നല്ലതാണെന്നേ പറയൂ. എന്നാൽ ആ ഉപഹാരംകൊണ്ട് അയാൾ തന്റെ മനസ്സിൽ ആർക്കെങ്കിലും കൈക്കൂലിയോ പ്രീണനമോ ആണ് ഉദ്ദേശിക്കുന്നതെങ്കിൽ അനുവദനീയമാണെന്ന് വിധി നല്കപെട്ടാലും വിധി സ്വീകരിക്കുമ്പോഴുള്ള അയാളുടെ ഉദ്ദേശ്യം അറിയുന്നത് മനസ്സാണല്ലോ. ആ സമയം ഇത് അനുവദനീയമല്ലെന്ന് അവന്റെ മനസ്സു പറയുന്ന വിധിയാണ് സ്വീകരിക്കേണ്ടത്.

ആയതിനാൽ, നബി(സ) പറയുന്നു: ഇന്നത് ചെയ്യണമെന്ന് ആര് ഫത്‌വ നല്കിയാലും നിങ്ങളുടെ മനസ്സിൽ ആ സംഗതിയുടെ മോശവശങ്ങൾ സംജാതമാകുന്നെങ്കിൽ അതു ചെയ്യാതിരിക്കുകയും ഉപേക്ഷിക്കുകയുമാണ് വേണ്ടത്.

മലക്കിന്റെയും ശയ്ത്വാന്റെയും പ്രേരണകളിലെ മൂന്നാമത്തെ വ്യത്യാസം, മലക്കിന്റെ പ്രേരണകൾ അനുക്രമമായിരിക്കുമെന്നതാണ്. പടിപടിയായിട്ടാണ് അത് അഭിവൃദ്ധി നല്കുന്നത്. മതാവ് തന്റെ കുഞ്ഞിനെ എടുത്ത് നടക്കുന്നതുമായി നമുക്കതിനെ ഉപമിക്കാം. ആദ്യം അതിനെ എടുക്കുന്നു, പിന്നെ നടത്തുന്നു. ശേഷം മെല്ലെ മെല്ലെകുട്ടി നടക്കാൻ തുടങ്ങുന്നു. അതേസമയം, പൈശാചികപ്രലോഭനങ്ങളെ കുഞ്ഞിനെ എടുത്തെറിയുന്ന ശത്രുവിനോട് ഉപമിക്കാം. അതുമല്ലെങ്കിൽ മലക്കിന്റെയും ശയ്ത്വാന്റെയും പ്രേരണകളെ ഉപമിക്കാവുന്നത് അക്ഷരമാലയിലെ ആദ്യാക്ഷരങ്ങൾതൊട്ടു തുടങ്ങി മെല്ലെ മെല്ലെ പുരോഗതിയിലേക്കുയർത്തുന്ന ഗുണകാംക്ഷിയായ അധ്യാപകനോടാണ്. അധ്യാപകൻ ശത്രുവാണെങ്കിൽ ആദ്യം തന്നെ പ്രയാസകരമായ പാഠമായിരിക്കും പഠിപ്പിക്കുക. കുട്ടി അതു മടുത്ത് ഓടിപ്പോവുകയും ചെയ്യും. ഞാൻ പറഞ്ഞു വന്നത്, മലക്കിന്റെ പ്രേരണ അനുക്രമമായിട്ടായിരിക്കും ഉണ്ടാകുന്നതെന്നാണ്. ഏതെങ്കിലും സംഗതിയുടെ ഭാരം പെട്ടെന്ന് മനുഷ്യനുമേൽ വന്നുവീഴുകയോ ഏതെങ്കിലും കാര്യത്തിൽ ധൃതി കാണിപ്പിക്കുകയോ ഇല്ല. എന്നാൽ അങ്ങനെയല്ലെങ്കിൽ, ഉടനടി ഒരു ഭാരം വന്നു പതിക്കുകയും ധൃതിയിൽ ചെയ്യാൻ പ്രേരിപ്പിക്കുകയു

മാണെങ്കിൽ ഇതു മലക്കിന്റെ പ്രേരണയല്ല ശയ്ത്വാന്റെ പ്രേരണയാണെന്ന് മനസ്സിലാക്കേണ്ടതാണ് . ഉദാഹരണത്തിന് ശയ്ത്വാൻ പ്രേരിപ്പിക്കുന്നത് ഇങ്ങനെയായിരിക്കും:'ഇന്ന് തന്നെ വലി ആയിക്കോ. അതിനായി ദിവസം മുഴുവനും നിസ്ക്കരിക്കുക. വർഷം മുഴുവനും നോമ്പെടുക്കുക'. എന്നാൽ ഇതനുസരിച്ച് പ്രവർത്തിച്ചാൽ അതിന്റെ ഫലമായി അവൻ മടുപ്പും വെറുപ്പും കൊണ്ട് നമസ്കാരവും നോമ്പും തീർത്തും ഉപേക്ഷിക്കുന്നതാണ്. അതുകൊണ്ടാണ് ചിലയാളുകൾ രാത്രി മുഴുവനും തഹജ്ജുദ് നമസ്കരിച്ചുകൊണ്ടിരിക്കുകയും പകൽ നോമ്പെടുക്കുകയും ചെയ്യുന്നുണ്ടെന്ന് നബി(സ) അറിഞ്ഞപ്പോൾ അതിഷ്ടപ്പെടാത്തത്. ഇങ്ങനെ മറ്റുള്ളവർക്ക് നിങ്ങളുടെ മേലുള്ള അവകാശങ്ങളെ അടിച്ചമാർത്തുന്നതല്ല നന്മ എന്ന് അവിടുന്ന് അരുളി.

(بخاری کتاب التهجد باب ما يكره من ترك قيام الليل لمن كان يقومه)

ക്രമാനുഗതമായി മനുഷ്യൻ ചെയ്യുന്നതാണ് നന്മ. ആദ്യം ഒരു ചുവടു വെയ്ക്കുന്നു. പിന്നെ രണ്ട് ,മൂന്ന്, ഇതാണ് മലക്കിൽ നിന്നുണ്ടാകുന്ന പ്രേരണയുടെ ലക്ഷണം. പൈശാചികപ്രലോഭനങ്ങൾ ആഗ്രഹിക്കുന്നത് ഉടനടി ചെയ്യണം എന്നാണ്. ഉദാഹരണമായി, മുൻപൊന്നും ചന്ദ നല്കാറില്ലാത്ത ആൾ അടുത്ത മാസം തന്റെ സമ്പത്തു മുഴുവനും ചന്ദയായി നല്കാൻ പ്രേരിതനാവുമ്പോൾ അതവന്റെ ശരിയായ നിലയിലുള്ള ആഗ്രഹമല്ലാത്തതിനാൽ കൊടുത്തുകഴിയുന്നതോടെ അവനു മനോവിഷമം അനുഭവപ്പെടും. മനോവിഷമം ഉണ്ടായാൽ പിന്നെ അവൻ ശയ്ത്വാന്റെ അധീനതയിൽ ആയിക്കൊണ്ട് പൂർണ്ണമായും വ്യതിചലിക്കുന്നതാണ്.

ആയതിനാൽ പൈശാചികപ്രലോഭനങ്ങളുണ്ടാകുന്ന സാഹചര്യത്തിൽ അതു തിടുക്കത്തിലേക്ക് നയിക്കുകയും ഒരുപാടു ഭാരം ഉടനടി വെയ്ക്കുകയും ചെയ്യുന്നതായിരിക്കും. 'ഇന്നു തന്നെ നീ അല്ലാഹുവുമായി കൂടിക്കാഴ്ച നടത്തുക' എന്നായിരിക്കും ആദ്യം പ്രേരിപ്പിക്കുക. ആ സംഗതി ലഭ്യമാകാതാകുമ്പോൾ മനുഷ്യമനസ്സിൽ നിരാശയുണ്ടാകുന്നു. ആഴ്ചകൾതോറും നമസ്കരിച്ചിട്ടും തങ്ങൾക്ക് ദൈവത്തെ ലഭിച്ചില്ല എന്നു പറയുന്ന ഒരുപാടു പേരുണ്ട്. കുറച്ചു ദിവസം മാത്രം നമസ്കരിച്ച് നബി(സ) തിരുമേനിയെ ദർശിക്കാൻ ആഗ്രഹിക്കുന്നവരാണ് പലരും. ഇവയെല്ലാം പൈശാചികദുർബോധങ്ങളാണ്. മനുഷ്യൻ അല്ലാഹുവിനെയും നബി(സ) തിരുമേനിയെയും ദർശിക്കാൻ പ്രാപ്തനാകുമ്പോഴാണ് അതിനു സാധിക്കുക. വെറുതെയങ്ങ് ദർശി

ക്കാവുന്നതെങ്ങനെ? ഇത്തരത്തിലുള്ള ധൃതികൾ പിശാചിൽനിന്നാണ് ഉണ്ടാകുന്നത്. താൻ പ്രതീക്ഷിച്ചത് ലഭിക്കാത്തതിന്റെ ഫലമായി മനുഷ്യൻ നിരാശനാകുകയും പിന്നെ എല്ലാം ഉപേക്ഷിച്ച് അകന്നുപോകുകയും ചെയ്യുന്നു.

നാലാമത്തെ വ്യത്യാസം, സംശയാസ്പദമായ കാര്യങ്ങൾ അതായത്, ഒരുപക്ഷേ നല്ലതാകാം ചിലപ്പോൾ ചീത്തയാണെങ്കിലോ എന്നൊക്കെ തോന്നുന്ന സംഗതികളെക്കുറിച്ച് മലക്കിന്റെ ഭാഗത്തുനിന്ന് പ്രേരണയുണ്ടാകുമ്പോൾ സംശയാസ്പദമായ സംഗതികൾ ഉപേക്ഷിക്കാനും അതനുസരിച്ച് പ്രവർത്തിക്കരുതെന്നുമുള്ള പ്രേരണയായിരിക്കും ഉണ്ടാകുക. എന്നാൽ പൈശാചികപ്രലോഭനങ്ങളാണെങ്കിൽ 'അവ ചെയ്താൽ എന്തു പ്രശ്നമുണ്ടാകാനാണ്? ചെയ്തോളൂ' എന്ന രീതിയിലായിരിക്കും ഉണ്ടാവുക. ഇങ്ങനെയാണ് സാത്താൻ ചെയ്യിക്കുന്നത്. അവ ചെയ്യിച്ചു കഴിഞ്ഞാൽ അതിന് ഒരു സ്ഥാനം നിശ്ചയിക്കുകയും അതിനപ്പുറത്തുള്ള സംഗതികൾക്ക് അതിരു വെയ്ക്കുകയും ചെയ്യുന്നു. പിന്നെ അതിനപ്പുറത്തേക്ക് കടന്നു പോകുകയും അതിരുവരെ അവനെ ചെയ്യിച്ചുകൊണ്ട് അതിന് ഒരു സ്ഥാനം കല്പിക്കുകയും ചെയ്യുന്നു. അങ്ങനെ മുന്നോട്ട് പോയിക്കൊണ്ട് മഹാപാപങ്ങൾ ചെയ്യിക്കുന്നു.

മറ്റൊരു വ്യത്യാസം കൂടിയുണ്ട്. മലക്കിന്റെ പ്രേരണയിൽ മനുഷ്യൻ ആമഗ്നനാകുമ്പോൾ അവന് അഭിവൃദ്ധി നല്കപ്പെടുന്നു. ഉദാഹരണത്തിന് നമസ്കാരത്തിൽ നാം മുഴുകിയിരിക്കുമ്പോൾ കൂടുതൽ നന്നായി നിർവ്വഹിക്കാനുള്ള പ്രേരണയുണ്ടാകുന്നു. എന്നാൽ മനുഷ്യൻ മുഴുകിയിരിക്കുന്നതിൽനിന്ന് അകറ്റിക്കൊണ്ട് മറ്റു കർമ്മങ്ങൾ ചെയ്യിച്ചുകൊണ്ടായിരിക്കും ശയ്ത്വാൻ പ്രലോഭിപ്പിക്കുക. മനുഷ്യൻ ചെയ്യുന്ന സത്കർമ്മങ്ങളെ അവനിൽനിന്ന് അകറ്റാനാണ് ശയ്ത്വാൻ ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഇതിനെ ഉപേക്ഷിച്ച് മറ്റുള്ളവയെ അവലംബിക്കുമ്പോൾ പിന്നെ അവയായിരിക്കും ശയ്ത്വാന്റെ ലക്ഷ്യം.

ആറാമത്തെ വ്യത്യാസം, മനുഷ്യന് മറ്റുള്ളവരുടെ ദൂഷ്യങ്ങളും ന്യൂനതകളും വെളിപ്പെടുത്തിക്കൊടുക്കുംവിധം ശയ്ത്വാൻ പ്രലോഭിപ്പിക്കുന്നെങ്കിൽ മലക്ക് മുഖേന പ്രചോദിതനാവുന്ന ആൾ മറ്റുള്ളവരെക്കുറിച്ച് നല്ല ചിന്തകൾ തന്നെയായിരിക്കും വെച്ച് പുലർത്തുക എന്നതാണ്. എന്തെന്നാൽ, മലക്കുകൾ സദ്ഭാവനകൾ മാത്രമേ പ്രചോദിപ്പിക്കാറുള്ളൂ. എന്നാൽ പൈശാചികപ്രലോഭനങ്ങളിൽ ജനങ്ങളുടെ ന്യൂനതകൾ പ്രകടമാക്കപ്പെടുന്നു. അങ്ങനെ ഇന്നയാളിൽ

ഈ ന്യൂനതയുണ്ട് ഇന്നയാളിൽ ഈ ന്യൂനതയുണ്ട്  എന്നാൽ താൻ വലിയ 'വലി' ആണെന്ന ചിന്ത സംജാതമാക്കുന്നു. ക്രിസ്ത്യാനികളെ പോലെ, ഇബ്രാഹിം(അ), മൂസാ(അ) , ദാവൂദ്(അ) മുതലായ എല്ലാ പ്രവാചകന്മാരും പാപികളായിരുന്നതിനാൽ അവരെല്ലാവരെക്കാളും ഉയർന്ന സ്ഥാനമായിരുന്നു  യേശുമസീഹിന്റേത് എന്നവർ പറയുന്നു. എന്നാൽ, പരേതരായ ഇന്ന ഇന്ന വ്യകതികളെ അപേക്ഷിച്ച് താൻ കൂടുതൽ ശക്തനാണെന്ന് ഒരുവൻ പറയുന്നതു പോലെയാണിത്. ശയ്ത്വാൻ ഇങ്ങനെയുള്ള ചിന്തകളാണ് ഉണ്ടാക്കുന്നത്. മനുഷ്യദൃഷ്ടിയിൽ ജനങ്ങളെ  നിന്ദാദൃഷ്ടിയോടെ ഇകഴ്ത്തിക്കൊണ്ട് താൻ വലിയവനാണെന്ന ചിന്ത ഉണ്ടാക്കിയെടുക്കുകയും അങ്ങനെ പ്രകടനാത്മകതയും അഹങ്കാരവും ഉണ്ടാക്കിക്കൊണ്ട് അയാളെ നശിപ്പിക്കുകയും ചെയ്യുന്നു.

വേർതിരിക്കാനാവാത്ത സ്ഥിതിവിശേഷങ്ങളും ചിലപ്പോൾ നന്മകൾ ഉണ്ടാകാറുണ്ട്. അതായത്, ചെറിയ നന്മകൾക്കുവേണ്ടി വലിയ നന്മകളെയാണ് ചിലപ്പോൾ ത്യജിക്കുന്നത്. പക്ഷേ, ചിലപ്പോൾ നന്മകളെല്ലാം ഒരുപോലെയായിരിക്കുമെങ്കിലും ഒന്നിലേക്കു മാത്രമായിരിക്കും ശ്രദ്ധ. അങ്ങനെ മറ്റു നന്മകളെ പൂർണ്ണമായും അകറ്റുന്നു. ഉദാഹരണത്തിന് തബ്ലീഗ് ചെയ്യുന്ന വ്യക്തിയെ ശയ്ത്വാൻ പ്രലോഭിപ്പിക്കുന്നത് ഇങ്ങനെയാണ്: "നിങ്ങൾക്ക് ചന്ദ നല്കേണ്ട ആവശ്യമെന്ത്? ഒരു പ്രവർത്തനം നിങ്ങൾ ചെയ്യുന്നുണ്ടല്ലോ.'' അല്ലെങ്കിൽ ചന്ദ നല്കുന്നവനോട് പറയും: "തബ്ലീഗ് ചെയ്യേണ്ട ആവശ്യമില്ല. ചന്ദ നല്കുന്നുണ്ടല്ലോ.'' എന്നാൽ തബ്ലീഗ് ചെയ്യുന്നതും നന്മയാണ് അതും ചെയ്യണം, ചന്ദ നല്കുന്നതു നന്മയാണ് അതും ചെയ്യേണ്ടതാണെന്നേ മലക്കു പറയുള്ളു.

എട്ടാമത്തെ കാര്യം വളരെ അപകടമേറിയതാണ്. മനുഷ്യൻ വല്ല നന്മയും ചെയ്യാനൊരുങ്ങുമ്പോൾ അയാൾ ഉന്നത പദവിയിലെത്താത്ത, താഴ്ന്ന പദവിയിലുള്ള ആളാണെങ്കിൽ ശയ്ത്വാൻ അയാളുടെ മനസ്സിലിടുന്ന ചിന്ത ഇങ്ങനെയായിരിക്കും: " മറ്റുള്ളവർ കാണാൻ വേണ്ടിയാണ് ചെയ്യുന്നതെന്ന് ജനങ്ങൾ പറയും അതുകൊണ്ട് ചെയ്യുകയേ വേണ്ട.'' ഉദാഹരണമായി, അങ്ങനെയുള്ള വ്യക്തി നമസ്ക്കരിക്കുന്നതിനായി പള്ളിയിൽ പോകാനൊരുങ്ങിയാൽ ശയ്ത്വാൻ അയാളുടെ മനസ്സിൽ ഇങ്ങനെ ഇട്ടു കൊടുക്കും:"ജനങ്ങൾ നിന്നെ കാണുകയും നമസ്കാരക്കാരനെന്ന് പറയുകയും ചെയ്യുന്നതാണ്. അങ്ങനെ അത് പ്രകട

നാത്മകതയായിത്തീരും. അതുകൊണ്ട് പള്ളിയിൽ പോവുകയേ വേണ്ട.'' ഇങ്ങനെ ജമാഅത്തായിട്ടുള്ള നമസ്കാരത്തിൽനിന്ന് ശയ്ത്വാൻ തടയുന്നു. എന്നാൽ, ശരീഅത്തിന്റെ മര്യാദകളെ മാനിച്ചുകൊണ്ടുള്ള പ്രേരണകളാണ് മലക്കുകളുടെ ഭാഗത്തുനിന്നുണ്ടാകുന്നത്. ഇത്തരം പൈശാചികപ്രലോഭനങ്ങളുണ്ടാകുമ്പോൾ ജനങ്ങൾ എന്തു തന്നെ പറഞ്ഞാലും ശരീഅത്തിന്റെ കല്പന താൻ നിർവ്വഹിക്കുകതന്നെ ചെയ്യുമെന്നുവേണം വിശ്വാസി തന്റെ ആത്മാവിനോടു പറയാൻ. ഇങ്ങനെയുള്ള സംഗതികളെ ഗൗനിക്കാതെ അല്ലാഹുവിന്റെ കല്പനയെന്താണോ അതു നിറവേറ്റുക.

ഇത്തരം സാഹചര്യങ്ങളിൽ ഒരു കാര്യം നന്നായി ഓർക്കുക. ഏതൊരു നന്മയെക്കുറിച്ചാണോ തനിക്കു ശ്രദ്ധയില്ലെന്നു കാണുന്നത് അതിനു കാരണം പൈശാചികപ്രലോഭനമാണെന്ന് മനസ്സിലാക്കിക്കൊണ്ട് അങ്ങനെയുള്ള എല്ലാ സാഹചര്യങ്ങളിലും ഒരു മുൻകരുതൽ എടുക്കുകയും അത്തരം സംഗതികളിൽ കൂടുതലായി ഊന്നൽ നല്കുകയും ചെയ്യുക. ഉദാഹരണത്തിന്, ചിലർ ചന്ദ നല്കുന്നു. പക്ഷേ, തബ്ലീഗ് (പ്രബോധനം) ചെയ്യുന്നില്ല. തബ്ലീഗ് ചെയ്യേണ്ടത് നിർബന്ധമല്ല എന്ന ചിന്ത വരുമ്പോൾ തബ്ലീഗിൽ കൂടുതൽ ഊന്നൽ നല്കുക. പ്രയാസമേറിയ വിഷയങ്ങളിൽ കുട്ടികൾ കൂടുതൽ ഊന്നൽ നല്കുന്നതുപോലെ നിങ്ങൾക്കു പ്രയാസം തോന്നുന്ന നന്മകളിൽ കൂടുതൽ ഊന്നൽ നല്കികൊണ്ട് അതിലെ കുറവു നികത്താൻ ശ്രമിക്കുക.

ഇനി ഞാൻ പൈശാചികപ്രേരണകളിൽനിന്നു രക്ഷപ്പെടാനുള്ള മാർഗങ്ങൾ എന്തൊ ക്കെയാണെന്നു പറയാം. ശയ്ത്വാൻ നന്മ ചെയ്യാൻ പ്രേരിപ്പിക്കുകയും വലിയ നന്മയിൽനിന്ന് അകറ്റി തിന്മ ചെയ്യിക്കാൻ ഉദ്ദേശിക്കുകയും ചെയ്യുമ്പോൾ അത്തരം സാഹചര്യങ്ങളിൽ ആ നന്മതിന്മകളെ താരതമ്യം ചെയ്യുകയാണു വേണ്ടത്. ശയ്ത്വാൻ പിന്തിരിപ്പിക്കാൻ ആഗ്രഹിക്കുന്ന നന്മയും അവൻ ചെയ്യിക്കുന്ന നന്മയും ചെയ്യുക. ഉദാഹരണമായി, ദിക്ർ ചെയ്യുന്നതിൽ മനുഷ്യൻ ദുർബലനാണ്. അതിനെ സംബന്ധിച്ച് ശയ്ത്വാൻ പ്രേരിപ്പിക്കുന്നെങ്കിൽ ദിക്ർ ചെയ്യുന്നതോടൊപ്പം ഫർളായ കാര്യങ്ങളിൽ കുറവു വരുത്താതെ നോക്കുകയും ചെയ്യേണ്ടതാണ്. അങ്ങനെ സാത്താൻ നിരാശനായിത്തീരും. പിന്നീട് അങ്ങനെയുള്ള പ്രേരണകളിടാൻ ധൈര്യപ്പെടുകയില്ല.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയാറുണ്ട്. ഒരിക്കൽ ഹദ്റത്ത്

മുആവിയ(റ)ക്ക് സുബ്ഹിക്ക് ഉണരാൻ സാധിച്ചില്ല. അദ്ദേഹം ഉണർന്നപ്പോഴേക്കും നമസ്ക്കാരസമയം കഴിഞ്ഞിരുന്നു. അതാലോചിച്ച് അദ്ദേഹം ദിവസം മുഴുവൻ കരഞ്ഞുകൊണ്ടിരുന്നു. അടുത്ത ദിവസം അദ്ദേഹം ഒരാളെ സ്വപ്നത്തിൽ കാണുന്നു. അയാൾ നമസ്കാരത്തിനായി ഉണർത്തുകയാണ്. അദ്ദേഹം ചോദിച്ചു: 'നീ ആരാണ്?' അയാൾ പറഞ്ഞു: 'ഞാൻ ശയ്ത്വാൻ ആണ്. നമസ്ക്കരിക്കാൻവേണ്ടി ഉണർത്താൻ വന്നതാണ്. 'അദ്ദേഹം ചോദിച്ചു: 'നമസ്കാരത്തിന് ഉണർത്തുന്നതുമായി നിനക്ക് എന്താണു ബന്ധം? കാര്യമെന്താണ്?' ശയ്ത്വാൻ പറഞ്ഞു: 'ഇന്നലെ ഞാൻ നിങ്ങളെ ഉറങ്ങാൻവേണ്ടി പ്രലോഭിപ്പിച്ചപ്പോൾ നിങ്ങൾ ഉറങ്ങി. നിങ്ങൾക്ക് നമസ്കാരത്തിന് എഴുന്നേൽക്കാൻ സാധിച്ചില്ല. അതിൽ നിങ്ങൾ ദിവസം മുഴുവൻ കരഞ്ഞുകൊണ്ടിരുന്നു. നിങ്ങൾക്ക് ജമാഅത്തായ നമസ്കാരത്തിനെക്കാൾ അധികം പ്രതിഫലം നല്കാനാണ് ദൈവം പറഞ്ഞിരിക്കുന്നത്. നമസ്കാരത്തിൽനിന്ന് അകറ്റിയതിന് കൂടുതൽ പ്രതിഫലം ലഭിച്ചതിൽ ഞാൻ വിഷമിച്ചു. ഇന്നും നിനക്ക് കൂടുതൽ പ്രതിഫലം ലഭിക്കുമോ എന്നു ഭയന്നാണ് ഞാൻ നിങ്ങളെ ഉണർത്താൻ വന്നിരിക്കുന്നത്.'

ശയ്ത്വാന്റെ പ്രലോഭനങ്ങളെ ധ്വംസിച്ചുകൊണ്ടിരിക്കുമ്പോൾ അവൻ നിരാശനായി പിന്മാറുകയും വിട്ടകന്ന് പോകുകയും ചെയ്യുന്നതാണ്. ശയ്ത്വാൻ നിരാശനാകുമെന്ന കാര്യം ഇസ്ലാമിൽനിന്ന് സ്ഥാപിതമാണ്[1.] പൈശാചികപ്രലോഭനങ്ങളെ നന്മയുടെ രൂപത്തിൽ ഉപയോഗപ്പെടുത്താവുന്നതാണ്. അത് നന്മയായി പരിവർത്തിക്കപ്പെടുന്നതാണ്. ശയ്ത്വാന്റെ സ്വാധീനം രണ്ടു വിധത്തിലാണെന്ന് ഓർക്കുക. ഒന്ന്, പൊതുവായ സ്വാധീ ങ്ങളാകുന്നു. ഉദാഹരണമായി, മറ്റുള്ളവരെ സ്വാധീനിക്കുമാറ് ദുഷ്ചിന്തകൾ സംജാതമാക്കുക. അത്തരം ചിന്തകൾ നബി(സ)തിരുമേനിയടക്കം നാം എല്ലാവരെയും സ്വാധീനിക്കുന്നതാണ്. അതിനുശേഷം വല്ലവനും അതുതള്ളുകയോ കൊള്ളുകയോ ചെയ്യുന്നത് വേറെ കാര്യം. എങ്കിലും സ്വാധീനം തീർച്ചയായും ചെലുത്തുന്നതാണ്. രണ്ടാമത്തെ വിധത്തിലുള്ളവ പ്രത്യേകതരം സ്വാധീനങ്ങ

**1.**മലക്കുകൾ ദൈവത്തിൽനിന്ന് അനുഗ്രഹം കരസ്ഥമാക്കി മനുഷ്യരിൽ എത്തിക്കുന്നെങ്കിൽ ശയ്ത്വാൻ ആരിൽനിന്ന് അനുഗ്രഹം തേടിയാണ് ജനങ്ങളിൽ പ്രഭാവം ചെലുത്തുന്നതെന്ന സംശയം ആരുടെയെങ്കിലും മനസ്സിൽ ഉയരാം. അതിനുള്ള ഉത്തരം ഇതാണ്: മറ്റുള്ളവർക്ക് നല്കുന്നവനേ നിധികുംഭങ്ങളുടെ ആവശ്യമുള്ളൂ. അപഹരിക്കുന്നവന് ഒരു നിധിയുടെയും ആവശ്യമില്ല. ശ്വയ്ത്വാന്റെ പ്രവൃത്തി അപഹരിക്കലാണ്; നൽകലല്ല. അതിനാൽ അവന് നിധികുംഭങ്ങളുടെ ആവശ്യമില്ല. അവൻ ആരിൽനിന്നും അനുഗ്രഹം കരസ്ഥമാക്കുന്നുമില്ല-ഗ്രന്ഥകർത്താ.

ളാകുന്നു. സാത്താനിൽനിന്ന് സുരക്ഷിതരല്ലാത്തവരിലോ അവനു കീഴ്പെട്ടവരിലോ ചെലുത്തപ്പെടുന്നവയാണവ.

ഈ രണ്ടു വിധത്തിലുള്ള സ്വാധീനങ്ങളെയും സ്വീകരിക്കുന്നവർ സുരക്ഷിതരല്ല. സ്വീകരിക്കാത്തവർ അതിൽനിന്ന് പ്രയോജനമെടുക്കുന്നതുമാണ്. ശയ്ത്വാൻ ദുഃസ്വാധീനം ചെലുത്തുമ്പോൾ അയാൾ അതിനെ നന്മയാക്കിമാറ്റുന്നു. ശയ്ത്വാനിൽനിന്ന് ദുർവൃത്തിയുടെ പാഠം എടുക്കുന്നതിനുപകരം അയാൾ അതിനെ സത്കർമ്മത്തിനായി ഉപയുക്തമാക്കുന്നു. അതിനുള്ള മാർഗം ഇതാണ്: സാത്താൻ ആക്രമണം നടത്തുന്നത് വികാരങ്ങളിലൂടെയാണല്ലോ അവൻ അവയെ ഉത്തേജിപ്പിക്കുമ്പോൾ  അവർ തിന്മയിൽ അകപ്പെടുകയാണ് ചെയ്യുന്നത്. എന്നാൽ, മനുഷ്യൻ ഇച്ഛാശക്തി വർദ്ധിപ്പിക്കുന്നപക്ഷം അതു വർദ്ധിക്കുന്നതനുസരിച്ച് അവൻ നന്മയിലും മുന്നോട്ടു പോകും. ഇച്ഛാശക്തി കുറയുമ്പോഴാണ് മനുഷ്യനുമേൽ പൈശാചിക പ്രലോഭനങ്ങളുണ്ടാകുന്നത്. ഉദാഹരണമായി,  അനുവദനീയമല്ലാത്ത നിലയിലുള്ള ഭോഗാസക്തിയോ സമ്പത്തിനോടുള്ള സ്നേഹമോ ഉണ്ടാകുന്നു. ഇച്ഛാശക്തി കുറയുന്നതോടെ ഈ വികാരങ്ങളെ മനുഷ്യൻ തെറ്റായ നിലയിൽ പ്രയോഗിക്കും. എന്നാൽ ഇച്ഛാശക്തി കൂടുതലാണെങ്കിൽ അവയെ സമയത്തിനും സന്ദർഭത്തിനു മനുസരിച്ച് നല്ല രീതിയിൽ ഉപയുക്തമാക്കുന്നു. അപ്പോൾ നിശ്ചയദാർഢ്യം വർദ്ധിപ്പിക്കുന്നതിലൂടെ മനുഷ്യന് പൈശാചികദുഷ്പ്രേരണകളെ പ്രയോജനപ്പെടുത്താനാവുന്നതാണ്. താൻ അങ്ങനെതന്നെയാണ് ചെയ്യാറ് എന്നാണ് നബി(സ) തിരുമേനി പറയുന്നത്.

ഒരിക്കൽ നബി(സ) തിരുമേനി തന്റെ സഹാബാക്കളോടു പറഞ്ഞു: 'നിങ്ങളിൽ ഓരോരു ത്തർക്കും ശയ്ത്വാനെ നിശ്ചയിച്ചിരിക്കുന്നു'. സഹാബാക്കാൾ ആരാഞ്ഞു: 'അങ്ങയിലും? അങ്ങു സുരക്ഷിതനായിരിക്കുമോ?' പറഞ്ഞു: 'എന്റെ കാര്യവും വ്യത്യസ്തമല്ല. പക്ഷേ, ദൈവം എനിക്കു ശക്തി നല്കിയിരിക്കുന്നു. ഞാൻ ശയ്ത്വാനെ അതിജയിച്ചിരിക്കുകയാണ്. അവൻ എന്നെ നന്മയിലേക്കു മാത്രമാണ് പ്രേരിപ്പിക്കുന്നത്. തിന്മ ചെയ്യാൻ പ്രേരിപ്പിക്കുന്നില്ല.'

(مسلم۔کتاب صفة القيامة والجنة والنارباب تحريش الشيطان وبعثهٗ سرایاہ لفتنة الناس وان مع كل انسان قرينًا)

ഓരോ മനുഷ്യനും വെവ്വേറെ ശയ്ത്വാൻ ഉണ്ടെന്നോ നബി(സ) തിരുമേനിയുടെ ശയ്ത്വാൻ നന്മ പ്രേരിപ്പിക്കുന്നുവെന്നോ  ഈ ഹദീസ് അർഥമാക്കുന്നില്ല. അതു വേറെ അസ്തിത്വമായിരുന്നെങ്കിൽ, അവൻ

ദുഷ്പ്രേരണ ഉപേക്ഷിച്ച് സത്പ്രേരണ നല്കാൻ തുടങ്ങിയിരുന്നു വെങ്കിൽ പിന്നെ അവൻ എങ്ങനെ ശയ്ത്വാൻ ആകും? അവൻ മലക്കാവുകയല്ലേ ചെയ്യുക? അവൻ മുൻപ് ശയ്ത്വാനായിരുന്നെങ്കിലും സത്പ്രേരണകൾ ചെയ്യാൻ തുടങ്ങിയതോടെ അവൻ മലക്കായിത്തീർന്നുവെന്നു പറയുന്നതും ശരിയല്ല. കാരണം, അവന്റെ സത്പ്രേരണ നല്കുന്നതിനെക്കുറിച്ച് പറയുമ്പോൾപോലും അതിനെ 'ശയ്ത്വാൻ' എന്നുതന്നെയാണ് വിളിച്ചത്. ശയ്ത്വാന്റെ ആദ്യത്തെ അവസ്ഥ കാരണമായാണ് നബി(സ) അവനെ അങ്ങനെ വിളിച്ചത് എന്നു പറയുകയാണെങ്കിൽ അതിനുള്ള മറുപടി ഇതാണ്: അവൻ പൈശാചികത ഉപേക്ഷിച്ചത് നബി(സ) തിരുമേനിയുടെ മഹത്തായ പ്രഭാവം കൊണ്ടാണല്ലോ. അവിടുന്ന് സ്വയം പറഞ്ഞിരിക്കുന്നത് *സല്ലത്വനീ* എന്നാണ്. അതായത്, എനിക്ക് അല്ലാഹു അവനുമേൽ ആധിപത്യം നല്കിയിരിക്കുന്നു. അവൻ മുസ്‌ലിമായത് നബി(സ) തിരുമേനി കാരണമാണ്. നബി(സ) തിരുമേനിയുടെ മനസ്സിൽ സത്പ്രേരണയിടാൻ മാത്രം സ്ഥാനം അവന് എവിടുന്നു കിട്ടി? അവൻ തനിക്ക് സൽപ്രേരണകൾ നല്കുന്നു എന്നാണല്ലോ നബി(സ)തിരുമേനി പറഞ്ഞിരിക്കുന്നത്.

ഈ അർഥം തികച്ചും തെറ്റാണ്. ഇതിന്റെ അർഥം മറ്റൊന്നാണ്. എല്ലാ മനുഷ്യരിലും പൊതുവായി ചെലുത്തുന്നതും ആർക്കും രക്ഷപ്പെടാനാവാത്തതുമായ സ്വാധീനങ്ങളെ സംബന്ധിച്ചാണ്, സാത്താന്റെ സ്വാധീനം തന്നെ പിടികൂടുമ്പോൾ അതു നന്മയായി ഭവിക്കുന്നുവെന്ന് നബി(സ) തിരുമേനി പറഞ്ഞിരിക്കുന്നത്. മലിനജലം ഫിൽറ്ററിലൂടെ കടന്നു പോകുമ്പോൾ ശുദ്ധമായിത്തീരുന്നതുപോലെ നബി(സ)തിരുമേനിയെ ബാധിക്കുന്ന ദുഃസ്വാധീനങ്ങൾ നന്മയായി ഭവിക്കുന്നു. അല്ലെങ്കിൽ അതിനെ കരിമ്പുനീർ എടുക്കുന്ന യന്ത്രവുമായി ഉപമിക്കാം. അതിൽ കരിമ്പ് വെക്കുമ്പോൾ നീര് ഒരുഭാഗത്തും അതിന്റെ തോല് മറുഭാഗത്തും ആയിത്തീരുന്നു. ഇതുപോലെ, നബി(സ)യുടെമേൽ വല്ല അശുദ്ധമായ സംഗതിയും വന്നു ഭവിക്കുമ്പോൾ അതിന്റെ അശുദ്ധി അതിനെ വിട്ടകലുകയും പരിശുദ്ധി മാത്രം ശേഷിക്കുകയും ചെയ്യുന്നു. ഇതിനെയാണ് നബി(സ) തിരുമേനി എന്റെ സാത്താൻ മുസ്‌ലിമായി എന്നു പറഞ്ഞത്. ചുരുക്കത്തിൽ, പൈശാചികപ്രേരണകളെയും നന്മയായി ഉപയോഗിക്കാവുന്നതാണ്.

ഇനി ഞാൻ അവസാനത്തെ കാര്യം പറയാം. മലക്കുകളുടെ പ്രേരണകളെ എങ്ങനെ വർദ്ധിപ്പിക്കാം എന്നുള്ളതാണത്. ഓരോ വസ്തു

വിനെയും മെച്ചപ്പെടുത്താൻ പ്രകൃതിനിയമത്തിൽ എന്തു നിയമമാണുള്ളത് എന്നാണ് ഇക്കാര്യത്തിൽ നാം പരിശോധിക്കേണ്ടത്. നല്ല രീതിയിൽ അതിനെ ഉപയോഗിക്കലാണ് ആ നിയമമെന്ന് ചെറുതായി ഒന്നു ചിന്തിച്ചാൽ മനസ്സിലാകും. നോക്കുക, തുടക്കത്തിൽ ചെറിയ തോതിൽ വിഷം കഴിച്ചു തുടങ്ങുന്നവർ വലിയ അളവിൽ കഴിച്ചാൽ പോലും ദഹിക്കുന്നു. മറ്റാരെങ്കിലും ആ വിഷം ചെറിയതോതിൽ കഴിച്ചാൽപോലും അയാൾ മരിച്ചു വീഴുന്നു. എന്നാൽ മെല്ലെ മെല്ലെ അളവുകൂട്ടി അതു ശീലമാക്കുന്നവർക്ക് പ്രശ്നമുണ്ടാകാറില്ല. ശരീരബലവും ഇതുപോലെയാണ്. കൈകൾകൊണ്ട് കഠിനജോലി ചെയ്യുന്നവരുടെ കൈകൾ തടിച്ചതും ഉറപ്പുള്ളതുമായിത്തീരുന്നു. കൂടുതൽ ഭക്ഷണം കഴിച്ചു ശീലമുള്ളവർ നാലോ അഞ്ചോ പേരുടെ ഭക്ഷണം ഒറ്റയ്ക്ക് കഴിക്കുന്നു. ഒരു കാര്യം അധികം ഉപയോഗിക്കുന്നതിലൂടെ വർദ്ധിക്കുകയാണു ചെയ്യുക. മലക്കുകളുടെ പ്രേരണയും ഇതുപോലെയാണ്. മനുഷ്യൻ അവന്റെ പ്രേരണകൾ സ്വീകരിക്കുന്നതിനനുസരിച്ച്, ഉപയോഗിക്കുന്നതിനനുസരിച്ച് മലക്കുകളുടെ പ്രേരണകൾ മനുഷ്യന് സ്വാംശീകരിക്കാവുന്നതാണ്.

ഇവിടെ ഒരു ചോദ്യം ഉന്നയിക്കപ്പെടാം. ഭൗതികസാഹചര്യങ്ങളിൽ ഒരാൾ ഭക്ഷണം കഴിക്കുകയാണെങ്കിൽതന്നെ നാലോ അഞ്ചോ പേരുടെ അല്ലെങ്കിൽ കൂടിയാൽ എട്ടു പേരുടെ ഭക്ഷണം കഴിച്ചെന്നു വരാം. നൂറോ ആയിരമോ പേരുടെ ഭക്ഷണം കഴിക്കില്ലല്ലോ. ഇതേപോലെ, മലക്കുകളുടെ പ്രേരണകൾക്കും ഒരു പരിധിയിലധികം സ്വീകരിക്കാനാവാത്തവിധം അതിരു നിശ്ചയിക്കപ്പെട്ടിട്ടുണ്ടോ?

ഈ താരതമ്യം ശരിയല്ലെന്ന് ഓർക്കേണ്ടതാണ്. എന്തെന്നാൽ, മനുഷ്യശരീരം അൽപകാലത്തേക്കുള്ളതാണ്. ശരീരവും ആത്മാവും തമ്മിൽ താരതമ്യം ചെയ്യുന്നത് പ്രഥമപ്രമാണം എന്ന നിലക്കാണ്; പൂർണ്ണമായ നിലയിലല്ല. ശരീരം താത്കാലികമായതിനാൽ അതിന്റെ കഴിവുകളും പരമിതമത്രേ. ആത്മാവ് പക്ഷേ ശാശ്വതമാണ്. അതുകൊണ്ട് തന്നെ അതിന്റെ കഴിവുകളും അപരമിതമാകുന്നു. അനന്തമായി അഭിവൃദ്ധിപ്പെടാൻ കഴിയും വിധമാണ് ദൈവം ആത്മാവിനെ സൃഷ്ടിച്ചിരിക്കുന്നത്. മനുഷ്യന് അവൻ ആഗ്രഹിക്കുന്നത്ര അഭിവൃദ്ധി നേടാനാകുന്നതാണ്.

ആത്മീയ കഴിവുകൾ എപ്പോഴും പ്രയോജനപ്രദമാകുന്നതിനു വേണ്ടിയാണ് അതിന്റെ അഭിവൃദ്ധിക്കായി ദൈവം അപരമിതമായ

മാർഗങ്ങൾ വെച്ചിരിക്കുന്നത്. ശരീരത്തോടൊപ്പം തന്നെ ശാരീരിക കഴിവുകളും അവസാനിക്കുന്നതിനാലാണ് അതിന്റെ വളർച്ചയ്ക്കായി പരമിത മാർഗങ്ങൾ വെച്ചിരിക്കുന്നത്.

ദൈവത്തിന്റെ സൃഷ്ടികർമത്തിൽനിന്നു തന്നെ നമുക്ക് ഇതിനുള്ള തെളിവു നല്കാവുന്നതാണ്. ശാരീരിക കഴിവുകളെല്ലാം പരമിതങ്ങളാണെന്ന കാര്യം സുവിദിതമാണല്ലോ. ഒരളവോളം മാത്രമേ അവയ്ക്ക് അഭിവൃദ്ധിപ്പെടാനാവൂ. അതിനപ്പുറം സാധ്യമല്ല. ഉദാഹരണമായി ആമാശയം. നിശ്ചിത പരിധിവരെയാണ് അതു വളരുന്നത്. അതിനപ്പുറം അതു വളരില്ല. അതുപോലെ, നെഞ്ചും ഒരു പരിധിവരെയാണ് വളരുന്നത്. ശിരസ്സിനും വളരാൻ ഒരു പരിധിയുണ്ട്. അതു വളർന്നു വളർന്ന് ഒരു മൺപാത്രം പോലെയൊന്നും ആയിത്തീരില്ല. ഉയരത്തിന്റെ സ്ഥിതിയും ഇതുതന്നെ. ആറോ ഏഴോ ഫീറ്റ്. കൂടിയാൽ 9. അല്ലാതെ ഇരുപത് ഇരുപത്തഞ്ച് ഫീറ്റ് വരെയോന്നും അവന്റെ ഉയരം എത്തില്ല. എല്ലാ ഭൗതികവസ്തുക്കൾക്കും പരിധി നിശ്ചയിക്കപ്പെട്ടിട്ടുണ്ട് എന്നർഥം. അതേസമയം, ആത്മീയതയുമായി ബന്ധപ്പെട്ട കഴിവുകൾ ഒരിക്കലും അവസാനിക്കുകയില്ല. ഉദാഹരണത്തിന്, തലച്ചോറിൽ കാര്യങ്ങൾ സൂക്ഷിച്ചു വെയ്ക്കുന്ന കോശങ്ങളുണ്ട്. അവയെ വർദ്ധിപ്പിക്കുന്തോറും അവ വർദ്ധിച്ചു കൊണ്ടേ പോകും. ഒരാൾ എത്ര വലിയ പണ്ഡിതനാണെങ്കിലും ഈ കോശങ്ങൾ അവസാനിക്കുകയില്ല. ആ കഴിവ് വർദ്ധിച്ചുകൊണ്ടിരിക്കും. കാരണം, ആത്മീയതയുമായിട്ടാണ് അതു ബന്ധപ്പെട്ടിരിക്കുന്നത്. മസ്തിഷ്ക്കം തന്നെയാണ് ശരീരത്തിന്റെയും ആത്മാവിന്റെയും മധ്യവർത്തി. എന്നാൽ, ആമാശയത്തിന്റെയും മറ്റും സ്ഥിതി ഇതല്ല. ചുരുക്കത്തിൽ, മലക്കുകളുടെ പ്രേരണകളെ മനുഷ്യൻ പ്രയോജനപ്പെടുത്തുന്നതനുസരിച്ച് അവന്റെ കഴിവ് വർദ്ധിക്കുന്നതാണ്.

വിശുദ്ധ ഖുർആനിൽനിന്ന് മനസ്സിലാകുന്ന രണ്ടാമത്തെ കാര്യം ഒരു പൊതുനിയമമാണ്. എല്ലാവർക്കും അത് മനസ്സിലാക്കാവുന്നതാണ്. *കുനദ് ഹം ജിൻസ് ബാഹം ജിൻസ് പർവാസ്* അതായത്, ഒരേ ഗുണങ്ങൾ ഉള്ളവർ തമ്മിൽ പരസ്പരം ആകർഷിക്കുന്നു. ഈ തത്ത്വമനുസരിച്ച് മലക്കുകളെപോലെ ആയിത്തീരുന്നവർക്ക് മലക്കുകളുടെ അനുഗ്ര ഹങ്ങളും വർദ്ധിക്കുന്നു. മലക്കുകളുടെ ഗുണമായി അല്ലാഹു ഇപ്രകാരം പറഞ്ഞിരിക്കുന്നു:

لَّا يَعْصُوْنَ اللّٰهَ مَآ اَمَرَهُمْ وَيَفْعَلُوْنَ مَا يُؤْمَرُوْنَ

അവർ ദൈവകല്പനകളെ ധിക്കരിക്കുകയില്ല. അവരോടു കല്പിക്കപ്പെടുന്നത് അവർ ചെയ്യുന്നു.(66:7).

ഒരാൾ ഈ ഗുണം തന്റെയുള്ളിൽ പ്രകാശിപ്പിക്കുന്നതോടെ അയാൾക്കു മലക്കുകളുമായി ബന്ധം ഉണ്ടാകുന്നു. വലിയ ആളുകളുടെ കാര്യമാണിതെന്നും ചെറിയവർ എന്തു ചെയ്യുമെന്നും ആരെങ്കിലും ചോദിച്ചേക്കാം. എന്നാൽ, ഇത്തരം ആളുകൾക്കും മാർഗങ്ങളുണ്ട്. അവയിൽ വാഗ്ദത്ത മസീഹ്(അ) പറഞ്ഞവ ഞാൻ ആദ്യം വിവരിക്കാം.

വാഗ്ദത്ത മസീഹ്(അ) പറഞ്ഞ ഒന്നാമത്തെ കാര്യം ഇതാണ്: ഏതൊരാളിലാണോ ജിബ്രീൽ ഇറങ്ങുന്നത് അയാളോടൊപ്പം ഇരുന്നാൽ ഇത് കരസ്ഥമാക്കാം. എന്തെന്നാൽ, അയാളുടെ കണ്ണുകളിൽ നിന്നും, കൈകളിൽ നിന്നും,മൂക്കിൽ നിന്നും വായിൽ നിന്നും ശരീരത്തിലെ ഓരോ അണുവിൽ നിന്നും പുറപ്പെടുന്ന ആത്മീയ കിരണങ്ങൾ ഹൃദയങ്ങളെ പ്രഭാവിതമാക്കുന്നു. ഇങ്ങനെ മലക്ക് മാധ്യമം മുഖേന മനുഷ്യനിൽ ഇറങ്ങിക്കൊണ്ടിരിക്കും. ഇതിനുള്ള പ്രമാണം വിശുദ്ധ ഖുർആനിൽനിന്ന് ലഭിക്കുന്നത് ഇങ്ങനെയാണ്: അല്ലാഹു പറയുന്നു:

كُوْنُوْا مَعَ الصّٰدِقِيْنَ

അതായത്, സത്യവാന്മാരോടൊപ്പം സഹവസിക്കുക(9:119). സദ്വൃത്തർക്ക് ലഭിക്കുന്ന ജിബിരീലിന്റെ പ്രഭാവം തങ്ങൾക്കും താങ്ങാകുംവിധം അവരോടൊപ്പം ബന്ധം സ്ഥാപിക്കുക എന്നാണ് ഇതുകൊണ്ടുള്ള ഉദ്ദേശ്യം. വീണുപോയ ആൾ എഴുന്നേൽക്കുന്നത് മറ്റൊരാളുടെ സഹായത്താലാണല്ലോ. അതുപോലെ, ജിബ്രീൽ ഏതൊരാളിലാണോ ഇറങ്ങുന്നത് അദ്ദേഹത്തിന്റെ സഹായത്താൽ അത്തരം ആളുകൾ എഴുന്നേൽക്കുന്നു.

രണ്ടാമത്തെ മാർഗം, നബി(സ)തിരുമേനിയുടെ മേൽ സ്വലാത്ത് ചൊല്ലുക എന്നതാണ്. വിശുദ്ധ ഖുർആനിൽനിന്ന് ഇതു മനസ്സിലാകുന്നുമുണ്ട്. അല്ലാഹു പറയുന്നു:

اِنَّ اللّٰهَ وَمَلٰٓئِكَتَهٗ يُصَلُّوْنَ عَلَى النَّبِيِّ ؕ يٰٓاَيُّهَا الَّذِيْنَ اٰمَنُوْا صَلُّوْا عَلَيْهِ وَسَلِّمُوْا تَسْلِيْمًا

അല്ലാഹുവും അവന്റെ മലക്കുകളും ഈ നബിയുടെമേൽ സദാ അനുഗ്രഹങ്ങൾ വർഷിച്ചുകൊണ്ടിരിക്കുന്നു. അല്ലയോ വിശ്വാസികളേ, നിങ്ങളും അദ്ദേഹത്തിനുമേൽ അനുഗ്രഹം വർഷിക്കുക(33:57).

ഇതിനെ സംബന്ധിച്ച് ഒരു ചോദ്യം ഉയരാം. ഈ ആയത്തിൽ നബി(സ)തിരുമേനിയിൽ സ്വലാത്ത് ചൊല്ലാനുള്ള കല്പനയുണ്ടെന്ന് സമ്മതിച്ചാൽതന്നെ അതിന്റെ ഫലമായി മലക്കുകളുമായി ബന്ധം സ്ഥാപിക്കാമെന്നു തെളിയുന്നതെങ്ങനെ?
ഇതിനുള്ള തെളിവ് ഖുർആനിൽ നിന്നുതന്നെ ലഭ്യമാണ്. അല്ലാഹു പറയുന്നു:
يَآيُّهَا الَّذِيْنَ اٰمَنُوا اذْكُرُوا اللّٰهَ ذِكْرًا كَثِيْرًا ـ وَّسَبِّحُوْهُ بُكْرَةً وَّاَصِيْلًا ـ هُوَ الَّذِيْ يُصَلِّيْ عَلَيْكُمْ
وَمَلٰٓئِكَتُهٗ لِيُخْرِجَكُمْ مِّنَ الظُّلُمٰتِ اِلَى النُّوْرِ

അല്ലായോ വിശ്വാസികളേ, അല്ലാഹുവിനെ അധികമായി സ്മരിച്ചുകൊണ്ടിരിക്കുക. പ്രഭാതത്തിലും പ്രദോഷത്തിലും അവന്റെ പരിശുദ്ധിയെ വാഴ്ത്തുക. നിങ്ങളുടെമേൽ അനുഗ്രഹാശിസ്സുകളർപ്പിക്കുന്നത് അവനത്രേ. അവന്റെ മലക്കുകളും അപ്രകാരം ചെയ്യുന്നു; അന്ധകാരങ്ങളിൽനിന്നും നിങ്ങളെ പുറത്തു കൊണ്ടുവന്ന് പ്രകാശത്തിലേക്ക് നയിക്കുന്നതിനു വേണ്ടി(33:42,43,44).

ഒരിടത്ത് അത് കല്പിക്കുന്നത് അല്ലാഹുവും അവന്റെ മലക്കുകളും ഈ നബിയിൽ അനുഗ്രഹങ്ങളർപ്പിക്കുന്നതു കൊണ്ട് നിങ്ങളും അദ്ദേഹത്തിനു അനുഗ്രഹം ലഭിക്കാൻ പ്രാർഥിക്കുക എന്നാണ്. മറ്റൊരിടത്ത് പറയുന്നത് അല്ലാഹുവും അവന്റെ മലക്കുകളും നിങ്ങളുടെമേൽ അനുഗ്രഹാശ്ശിസുകളർപ്പിക്കുന്നു എന്നാണ്. ആദ്യത്തെ ആയത്തനുസരിച്ച് ഇവിടെ വേണ്ടിയിരുന്നത് അല്ലാഹുവും മലക്കുകളും നിങ്ങളുടെമേൽ അനുഗ്രഹാശിസുകളർപ്പിക്കുന്നതുകൊണ്ട് നിങ്ങൾ പരസ്പരം അനുഗ്രഹങ്ങളർപ്പിക്കുക എന്നാണ്. എന്നാൽ അങ്ങനെയല്ല പറഞ്ഞിരിക്കുന്നത്. ആദ്യത്തെ സംഗതി സ്ഥിരമായ കല്പനയാണെന്നാണ് ഇതിൽനിന്ന് മനസ്സിലാകുന്നത്. അതായത്, അല്ലാഹുവും അവന്റെ മലക്കുകളും ഈ ദൂതനിൽ അനുഗ്രഹാശ്ശിസകളർപ്പിക്കുന്നതുകൊണ്ട്

നിങ്ങളും സ്വലാത്ത് ചെയ്യുക. രണ്ടാമത്തെ ആയത്തിൽ ഈ കർമ ത്തിന്റെ പ്രതിഫലമാണ് പ്രതിപാദിച്ചിരിക്കുന്നത്. അതായത്, നിങ്ങൾ ഈ കല്പനയനുസരിച്ച് പ്രവർത്തിച്ചതിനാൽ അതിനുള്ള പ്രതിഫല മെന്നോണം അല്ലാഹുവും റസൂലും അവരിൽ അനുഗ്രഹാശിസ്സുകളർ പ്പിക്കാൻ തുടങ്ങിയിരിക്കുന്നു. വാസ്തവത്തിൽ അവിടെ നബി(സ) തിരുമേനിയുടെ മഹോന്നതസ്ഥാനം കാരണമായാണ് സ്വലാത്ത് ചൊല്ലാൻ പറഞ്ഞിരുന്നതെങ്കിൽ ഇവിടെ അതിനുള്ള പ്രതിഫലമാണ് വിവരിച്ചിരിക്കുന്നത്. പ്രതിഫലത്തിനുപകരമായി വീണ്ടുമൊരു കല്പന നല്കാറില്ല. അതുകൊണ്ടാണ് നിങ്ങൾ മറ്റു ദാസരുടെമേൽ അനുഗ്ര ഹങ്ങളർപ്പിക്കുക എന്നു പറയാത്തത്. ഉദാഹരണമായി, നാം പണം കൊടുത്ത് വസ്ത്രം വാങ്ങുമ്പോൾ വസ്ത്രം തന്നതിനുപകരമായി തനി ക്കൊന്നും നല്കിയില്ലല്ലോ എന്ന് വസ്ത്രവില്പനക്കാരൻ പറയില്ലല്ലോ. ആയതിനാൽ, അല്ലാഹുവും മലക്കുകളും ഈ ദൂതനിൽ സ്വലാത്ത് ചൊല്ലുന്നതിനാൽ നിങ്ങളും സ്വലാത്ത് ചെല്ലുക എന്ന് ആദ്യവചന ത്തിൽ പറയുന്നു. എന്നാൽ, വിശ്വാസികളെ സംബന്ധിച്ച് പറഞ്ഞിരി ക്കുന്നത് ഞാനും മലക്കുകളും അവരുടെമേൽ അനുഗ്രഹാശിസ്സുക ളർപ്പിക്കുന്നു എന്നു മാത്രമാണ്. നിങ്ങൾ സ്വന്തം സഹോദരന്മാർക്കു വേണ്ടി സ്വലാത്ത് ചൊല്ലുക എന്ന് അതോടൊപ്പം പറഞ്ഞിട്ടില്ല.

ചുരുക്കത്തിൽ, നബി(സ)തിരുമേനിയുടെമേൽ സ്വലാത്ത് ചൊല്ലു ന്നതിലൂടെ മലക്കുകളുമായി ബന്ധം സ്ഥാപിക്കാമെന്ന് ഈ ആയ ത്തിലൂടെ തെളിയുന്നു. നബി(സ)തിരുമേനിയുടെമേൽ സ്വലാത്ത് ചൊല്ലുന്നവർക്ക് മലക്കുകളുമായി അടുത്തബന്ധം ഉണ്ടായിത്തീരു കയും അങ്ങനെ അവർ ബന്ധം സ്ഥാപിക്കുകയും ചെയ്യും. സച്ചരിത രായ മഹത്തുക്കൾ നബി(സ)തിരുമേനിയുടെമേൽ സ്വലാത്ത് ചൊല്ലു ന്നത് ശ്രേഷ്ഠകർമ്മമാണെന്ന് പറഞ്ഞത് ഇക്കാരണം കൊണ്ടാണ്. നബി(സ)തിരുമേനി അരുളി: 'ദൈവസ്തോത്രവും സ്വലത്തുമില്ലാത്ത പ്രാർഥന സ്വീകരിക്കപ്പെടുകയില്ല.'(സുനൻ അബീ ദാവൂദ് കിതാബുസ്സ്വ ലാത്ത്). ദൈവസ്തോത്രവും നബി(സ)തിരുമേനിയുടെമേൽ സ്വലാത്തും ഉള്ള പ്രാർഥന കൂടുതൽ സ്വീകാര്യമായിരിക്കുമെന്നാണ് ഇതുകൊ ണ്ടുള്ള ഉദ്ദേശ്യം.

ഇവിടെ ഒരു കാര്യം ഓർമ്മിക്കേണ്ടതാണ്. ലോകത്തിലെ ഒരേതരം വസ്തുക്കൾ തമ്മിൽ പരസ്പരം നല്ല ബന്ധമായിരിക്കും. അല്ലാഹു പറയുന്നു:

قُلْ لَّوْ كَانَ فِى الْاَرْضِ مَلٰٓئِكَةٌ يَّمْشُوْنَ مُطْمَئِنِّيْنَ لَنَزَّلْنَا عَلَيْهِمْ مِّنَ السَّمَآءِ مَلَكًا رَّسُوْلاً

(17:96)ഭൂമിയിൽ മലക്കുകളായിരുന്നെങ്കിൽ ദൂതന്മാരായി മലക്കുകളെ അയച്ചേനെ. എന്നുവെ ച്ചാൽ, മനുഷ്യൻ ആത്മീയമായി ഉയർന്ന് മലക്കായിരുന്നെങ്കിൽ നാം അവരിൽ മലക്കു കളെതന്നെ അയക്കുമായിരുന്നു. അതായത്, മലക്കുകളെപോലെ ആയിത്തീരുന്നവരിൽ മലക്കുകൾ ഇറങ്ങുന്നതാണ്.

മനുഷ്യന് മലക്കിനെപ്പോലെ എങ്ങനെയാകാം എന്ന് ഇനി നമുക്ക് നോക്കാം. മലക്കുകളു മായി സാദൃശ്യം പുലർത്താനുള്ള ഒന്നാമത്തെ മാർഗം അല്ലാഹുവിന്റെ നബിമാരുടെ സന്ദേശം ലോകത്ത് എത്തിക്കുകയാണ്. അല്ലാഹു മലക്കുകളോടു പറയുന്നു:

فَاِذَا سَوَّيْتُهٗ وَنَفَخْتُ فِيْهِ مِنْ رُّوْحِىْ فَقَعُوْا لَهٗ سٰجِدِيْنَ

അതായത്, അല്ലയോ മലക്കുകളേ, ഞാൻ മനുഷ്യനെ സൃഷ്ടിച്ചു രൂപപ്പെടുത്തി എന്റെ വചനം ഞാൻ അവനിൽ ഇറക്കുമ്പോൾ നിങ്ങൾ പൂർണ്ണമായും അവനെ അനുസരിക്കുക(15:30).

ചുരുക്കത്തിൽ, നബിയോടൊപ്പം ചേർന്ന് അദ്ദേഹത്തിന്റെ ദൗത്യം പ്രചരിപ്പിക്കുക എന്നതാണ് മലക്കുകളുടെ ചുമതല. നബിയോടൊപ്പം ചേർന്ന് തബ്ലീഗ് ചെയ്യുന്ന വ്യക്തി മലക്കുകളെപോലെ പ്രവർത്തിക്കുന്നതിനാൽ അവൻ അവരെപ്പോലെ ആയിത്തീരും. അങ്ങനെ മലക്കുകൾ അവനെ സ്നേഹിക്കാനും അവനുമായി ബന്ധം സ്ഥാപിക്കാനും ശ്രമിക്കുന്നതാണ്.

ഏകദൈവാരാധനയെ പ്രചരിപ്പിക്കുക എന്നതാണ് മലക്കുകളുമായി താദാത്മ്യം പുലർത്താനുള്ള രണ്ടാമത്തെ മർഗം. കാരണം, മലക്കുകളെപ്പറ്റി അല്ലാഹു പറയുന്നത് ഇപ്രകാരമാണ്:

شَهِدَ اللّٰهُ اَنَّهٗ لَآ اِلٰهَ اِلَّا هُوَ ۙ وَالْمَلٰٓئِكَةُ وَاُولُوا الْعِلْمِ قَآئِمًا بِالْقِسْطِ ۗ لَآ اِلٰهَ اِلَّا هُوَ الْعَزِيْزُ الْحَكِيْمُ.

(3:19)അല്ലാഹു ഏകനാണെന്നതിന് അല്ലാഹുവും മലക്കുകളും സാക്ഷ്യം വഹിക്കുന്നു. ദൈവത്തിന്റെ ഏകത്വം പ്രചരിപ്പിക്കുക എന്നതും മലക്കുകളുടെ ധർമമാണെന്ന് ഇതിൽ നിന്നു മനസ്സിലാക്കാം. ഈ പ്രവൃത്തി

ചെയ്യുന്നവർ അവരിൽനിന്ന് അനുഗ്രഹം തേടുന്നതാണ്. ദൈവത്തിന്റെ ഏകത്വം വ്യാജമായ നിലയിൽ പ്രചരിപ്പിക്കുന്നവർപോലും പ്രയോജനം സ്വായത്തമാക്കുന്നതായി നാം കാണുന്നു. ഇന്ത്യയിൽ രാം മോഹൻ റോയിടെയും പണ്ഡിറ്റ് ദയാനന്ദന്റെയും സമുദായങ്ങൾക്കുണ്ടായത്ര പുരോഗതി മറ്റു ഹിന്ദുക്കൾക്ക് ഉണ്ടായിട്ടില്ല. മറ്റുള്ളവരെ അപേക്ഷിച്ച് അവർ ഏകദൈവത്തെ അംഗീകരിക്കുകയും അതിനെ പ്രചരിപ്പിക്കുകയും ചെയ്യുന്നു എന്നതാണ് അതിനു കാരണം. ചുരുക്കത്തിൽ, ദൈവിക ഏകത്വത്തെക്കുറിച്ച് അഭിമാനബോധമുള്ള മനുഷ്യൻ മലക്കുകളിൽനിന്ന് വലിയ അനുഗ്രഹം കരസ്ഥമാക്കുന്നു.

ദുർഭാവനയെ ഉപേക്ഷിച്ചുകൊണ്ട് പൊറുക്കലിനെയും വിട്ടുവീഴ്ച്ചയെയും മനുഷ്യഹൃദയത്തിൽ പ്രചോദിപ്പിക്കുക എന്നതാണ് മലക്കുകളുമായി സാദൃശ്യപ്പെടാനുള്ള മൂന്നാമത്തെ മാർഗം. ഈ ശീലം വർദ്ധിക്കുന്തോറും മലക്കുകളുടെ പ്രേരണയും വർദ്ധിക്കുന്നതാണ്. മറ്റുള്ളവരുടെ തെറ്റുകുറ്റങ്ങൾ പൊറുത്തുകൊടുത്ത് വിട്ടുവീഴ്ചയോടെ പ്രവർത്തിക്കുന്നതിലൂടെ മലക്കുകളെ തന്നിലേക്ക് ആകർഷിപ്പിക്കാനാവും. അതിനുകാരണം എന്താണെന്നു വെച്ചാൽ. അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു:

وَيَسْتَغْفِرُونَ لِلَّذِينَ آمَنُوا

വിശ്വാസികളുടെ പാപം പൊറുക്കപ്പെടാൻ മലക്കുകൾ പ്രാർഥിക്കുന്നു(40:8).

തന്റെയുള്ളിൽ ഈ ഗുണം ധാരാളമായി പകർത്തുന്നവൻ മലക്കുകളുമായി ബന്ധം സ്ഥാപിക്കുന്നതാണ്. നബി(സ) തിരുമേനിയും ഈ കാര്യം സാക്ഷ്യപ്പെടുത്തുന്നുണ്ട്. ആരാണോ തന്റെ സഹോദരനുവേണ്ടി പ്രാർഥിക്കുന്നത് അവനുവേണ്ടി മലക്കുകൾ പ്രാർഥിക്കുന്നതാണെന്ന് നബി(സ) അരുളിയിട്ടുണ്ട്.

(مسلم-كتاب الذكر والدعاء والتوبة والاستغفار باب فضل الدعاء بظهر الغيب)

ക്രോധത്തിന്റെ മൂർത്തീമദ്ഭാവമാകാതെ ജനങ്ങളുടെ തെറ്റുകുറ്റങ്ങൾ പൊറുത്തുകൊടുക്കുക. ഇതു മലക്കുകളുമായി ബന്ധപ്പെടാനുള്ള ഒരു മാർഗമാണ്.

മലക്കുകളുമായി സാദൃശ്യം പുലർത്താനുള്ള നാലാമത്തെ മാർഗം

മനുഷ്യൻ ദൈവ സ്തോത്രങ്ങൾ ഉരുവിടുക എന്നതാണ്. അല്ലാഹു മലക്കുകളോടു പറഞ്ഞിരിക്കുന്നത്

وَتَرَى الْمَلَٰٓئِكَةَ حَآفِّيْنَ مِنْ حَوْلِ الْعَرْشِ يُسَبِّحُوْنَ بِحَمْدِ رَبِّهِمْ

(39:76) എന്നാണ്. അതായത്, അവർ അല്ലാഹുവിനെ പ്രകീർത്തനം ചെയ്യുന്നു. അതുകൊണ്ട് പ്രകീർത്തനം ചെയ്യുന്നവരും മലക്കുകളുമായി ബന്ധം സ്ഥാപിക്കുന്നതാണ്. തിരുനബി(സ)യുടെ വചനങ്ങളിൽനിന്നും ഇതു തെളിയുന്നുണ്ട്. ദൈവത്തെ സ്മരിക്കുന്നിടത്ത് മലക്കുകളിറങ്ങുന്നുവെന്ന് അവിടുന്ന് അരുളിയിരിക്കുന്നു.
ഇതു സംബന്ധിച്ച് ഒരു കാര്യം കൂടി ഓർക്കേണ്ടതാണ്. വിശുദ്ധ ഖുർആനിൽനിന്നാണ് ഞാൻ പൊതുവേ തെളിവുദ്ധരിക്കാറ്. അതേകാര്യം ഹദീസിലും ലഭിക്കാറുണ്ട്. നബി(സ) വിശുദ്ധ ഖുർആനിൽനിന്നും മനസ്സിലാക്കിയ കാര്യങ്ങളാണ് പറയാറുള്ളത് എന്ന് ഇതിൽ നിന്നു തെളിയുന്നു. നബി(സ)യുടെ ജ്ഞാനം വിശാലവും അങ്ങേയറ്റം പരിപൂർണ്ണവും ആയിരുന്നതിനാൽ ഉന്നതമായ നിലയിൽതന്നെ അവിടുന്ന് കാര്യങ്ങളെ മനസ്സിലാക്കിയിരുന്നു.

يُسَبِّحُوْنَ بِحَمْدِ رَبِّهِمْ എന്നതുകൊണ്ട് പ്രകീർത്തനം ചെയ്യൽ മലക്കുകളുടെ പ്രവൃത്തിയാണെന്ന് ഞാൻ പറഞ്ഞിരുന്നു. ഈ പ്രവൃത്തി ചെയ്യുന്നവർ മലക്കുകളുമായി സദൃശീകരിക്കപ്പെട്ട് അവരുമായി ബന്ധം സ്ഥാപിതമാക്കുമെന്ന് ഹദീസിൽ നിന്ന് മനസ്സിലാവുകയും ചെയ്തു. കാരണം, ദൈവസ്മരണ നടക്കുന്നിടത്ത് മലക്കുകൾ ഇറങ്ങുമെന്നാണ് അവിടുന്ന് അരുളിയിട്ടുള്ളത്.

(مسلم-كتاب الذكر والدعاء والتوبة والاستغفار باب فضل مجالس الذكر)

അതായത്, അവിടെ അവർ അനുഗ്രഹങ്ങളിറക്കുന്നു. ഏതാനും വർഷങ്ങൾക്കുമുൻപ് ഞാൻ 'ദിക്റെ ഇലാഹി' യെ സംബന്ധിച്ച് പ്രഭാഷണം നടത്തിയിരുന്നു. ഇതുവരെ അഹ്മദിയായിട്ടില്ലാത്ത ഒരു സുഹൃത്ത് അതിനെപ്പറ്റി പറഞ്ഞു: "മലക്കുകളുടെ അനുഗ്രഹങ്ങളുടെ ജീവൽ സാക്ഷ്യമാണ് ഞാൻ. ഈ ദിനങ്ങളിൽ എന്റെ കണ്ണിന് തീരെ സുഖമില്ലായിരുന്നു. അന്നു ഞാൻ മറ്റുള്ളവരുടെ സഹായത്തോടെ വളരെ പ്രയാസപ്പെട്ടാണ് സമ്മേളനനഗരിയിലെത്തിയത്. എന്നാൽ, പ്രഭാഷണം കേട്ടു കഴിഞ്ഞപ്പോൾ എന്റെ കണ്ണ് സുഖപ്പെടുകയും ഞാൻ സ്വയം

തിരിച്ചു വരികയും ചെയ്തു".

ഒന്ന്, മനുഷ്യൻ ഏകാകിയായി ദൈവത്തെ പ്രകീർത്തിക്കുന്ന രഹസ്യമായ ദിക്ർ ആണ്. മറ്റൊന്ന്, ഉച്ചത്തിലുള്ളതാണ്. ജനങ്ങൾക്ക് പറഞ്ഞു കൊടുത്ത് തബ്‌ലീഗ് ചെയ്യുക എന്നതാണത്. ഈ രണ്ടു മാർഗങ്ങൾ അവലംബിച്ചു കൊണ്ടും മനുഷ്യന് മലക്കുകളുമായി ബന്ധം സ്ഥാപിക്കാവുന്നതാണ്.

വിശുദ്ധ ഖുർആൻ പാരായണമാണ് അഞ്ചാമത്തെ മാർഗം. ഇതുമുഖേനയും മലക്കുകളുമായി ബന്ധമുണ്ടാകുന്നു. ഖുർആൻ പാരായണം ചെയ്യപ്പെടുന്നിടത്ത് മലക്കുകളിറങ്ങു മെന്ന് നബി(സ)തിരുമേനി അരുളിയിരിക്കുന്നു.

(بخاری کتاب فضائل القرآن باب نزول السکینة والملائکة عند قرأة القرآن)

ഒരു കാര്യം ഓർമവെയ്ക്കുക, മലക്ക് ചെയ്യുന്ന ഓരോ പ്രവൃത്തിയും മനുഷ്യൻ ചെയ്യുന്നതായാൽ അവന് മലക്കുകളുമായി ബന്ധം ഉണ്ടായിത്തീരുന്നതാണ്.

ആറാമതായി, ഏതൊരു വ്യക്തിയിലാണോ മലക്കുകൾ ഇറങ്ങിയിട്ടുള്ളത് അയാളുടെ ഗ്രന്ഥങ്ങൾ പാരായണം ചെയ്യുന്നതിലൂടെയും മലക്കുകളുടെ ഇറക്കം ഉണ്ടാകുന്നു. വാഗ്ദത്ത മസീഹ്(അ)ന്റെ ഗ്രന്ഥങ്ങൾ പാരായാണം ചെയ്യുന്നവരുടെമേലും മലക്കുകൾ ഇറങ്ങുന്നതാണ്. വാഗ്ദത്ത മസീഹി(അ)ന്റെ ഗ്രന്ഥങ്ങൾ പാരായണം ചെയ്യുന്നതിലൂടെ ജ്ഞാനോദയം ഉണ്ടാകുന്നു എന്നത് ഒരു സവിശേഷകാര്യമാണ്. എപ്പോൾ വായിച്ചാലും പ്രത്യേകജ്ഞാനവും അനുഗ്രഹങ്ങളും ഇറങ്ങുന്നു. ദൈവത്തിന്റെ സവിശേഷ അനുഗ്രഹങ്ങളാൽ എഴുതപ്പെട്ട ഗ്രന്ഥമാണ് ബറാഹീനെ അഹ്മദിയ്യ. ഇതു സംബന്ധമായി എനിക്ക് കാണാൻ സാധിച്ചത്, ഞാനത് എടുത്ത് വായിക്കാനിരുന്നപ്പോഴൊക്കെ പത്തു പേജിൽ കൂടുതൽ എനിക്കു വായിക്കാൻ സാധിച്ചിട്ടില്ല എന്നതാണ്. എന്റെ ചിന്ത അതിൽ തന്നെ മുഴുകിപ്പോകുമാറ് പുതിയ കാര്യങ്ങളും ദിവ്യജ്ഞാനത്തിന്റെ നവവശങ്ങളും വെളിപ്പെടാൻ തുടങ്ങുന്നു. അതുകൊണ്ട് വാഗ്ദത്ത മസീഹി(അ)ന്റെ ഗ്രന്ഥങ്ങളും സവിശേഷ അനുഗ്രഹങ്ങൾ ഉൾക്കൊള്ളുന്നവയാണ്. അവയെ പാരായണം ചെയ്യുക എന്നത് മലക്കുകളുടെ അനു ഗ്രഹം ലഭിക്കാനുള്ള മാർഗമാണ്. അവയിലൂടെ ജ്ഞാനോദയം ഉണ്ടാവുകുന്നു. മറ്റു ഗ്രന്ഥങ്ങൾ വായിക്കുന്നതിലൂടെ അവയിലെ വാക്കുകൾ വിവരിക്കുന്ന വിഷയം മാത്രമേ നമുക്ക് ഗ്രഹിക്കാനാവൂ. എന്നാൽ, വാഗ്ദത്ത മസീഹ്(അ)ന്റെ ഗ്രന്ഥ

ങ്ങൾ വായിക്കുന്നതിലൂടെ ഒരുപാടു ജ്ഞാനങ്ങൾ തുറക്കപ്പെടുന്നു; പ്രത്യേക നിബന്ധനകളോടെ വായിക്കണമെന്ന് മാത്രം. വിശുദ്ധ ഖുർആൻ പാരായണം ചെയ്യുന്നതിലൂടെ ഇതിലും ഉപരിയായി ജ്ഞാനോദയം ഉണ്ടാകുന്നതാണ്. വാഗ്ദത്ത മസീഹി(അ)ന്റെ ഗ്രന്ഥങ്ങൾ പാരായണം ചെയ്യാനുള്ള നിബന്ധനകൾ ഏതൊക്കെയെന്നത് ഞാൻ പ്രതിപാദിക്കുന്ന വിഷയവുമായി ബന്ധപ്പെട്ടതെല്ലെങ്കിലും ഒരു നിബന്ധനയെക്കുറിച്ച് പരാമർശിക്കാം.

ആദ്യത്തെ കാര്യം നീക്കം ചെയ്താലേ രണ്ടാമത്തെ കാര്യത്തിൽ പ്രവേശിക്കാനാവൂ. ഉദാഹരണമായി, ഒരു സ്ഥലത്ത് ഇരിക്കുന്ന ആളുകൾ പുറത്തു പോകാതെ മറ്റാളുകൾക്ക് വരാനാവില്ലല്ലോ. ആയതിനാൽ, വാഗ്ത്ത മസീഹി(അ)ന്റെ ഗ്രന്ഥങ്ങൾ പാരായണം ചെയ്യുന്നതിനുമുൻപ് തന്റെ ഉള്ളിൽനിന്ന് എല്ലാ ചിന്തകളെയും നീക്കം ചെയ്ത് തുറന്ന മനസ്സോടെ വായിക്കേണ്ടതാണ്. ഈ രീതിയിൽ ഗ്രന്ഥങ്ങൾ പാരായണം ചെയ്യുന്നവന് യഥാർഥ ജ്ഞാനങ്ങൾ ഒരുപാട് കരഗതമാകുന്നതാണ്. എന്നാൽ തന്റേതായ വല്ല വിശ്വാസത്തിന്റെയും അടിസ്ഥാനത്തിൽ വായിക്കുകയാണെങ്കിൽ ഈ ഫലം ലഭിക്കില്ല.

ആയതിനാൽ ഒഴിഞ്ഞ മനസ്സോടെയായിരിക്കണം വാഗ്ദത്ത മസീഹിന്റെ ഗ്രന്ഥങ്ങൾ പാരായണം ചെയ്യേണ്ടത്. ഇങ്ങനെ ഒരുവൻ ചെയ്താൽ ഒരുപാട് അനുഗ്രഹങ്ങൾ അയാൾക്ക് ദൃശ്യമാകുന്നതാണ്.

മലക്കുകളിൽ നിന്ന് അനുഗ്രഹം കരസ്ഥമാക്കാനുള്ള ഏഴാമത്തെ മാർഗം മലക്കുകൾ ഇറങ്ങിയടത്ത് മനുഷ്യൻ പോവുക എന്നതാണ്. ഏതൊരു മനുഷ്യനിലാണോ ജിബ്രീലും മലക്കുകളും ഇറങ്ങിയത് അദ്ദേഹത്തോടൊപ്പം ഇരുന്നാൽ അനുഗ്രഹം നേടാമെന്ന് ഞാൻ മുൻപ് പറഞ്ഞിരുന്നല്ലോ. ഇനി ഞാൻ പറയുന്നത്, മലക്കുകൾ പ്രത്യേകമായി ഇറങ്ങിയടത്ത് ചെന്നാൽ അവിടെയും മലക്കുകൾ പ്രത്യേകമായി ഇറങ്ങുന്നതാണ്. ഈ തത്ത്വമനുസരിച്ച് ജുമുഅ നമസ്കാരത്തിന് പോകുന്നത് ഗുണം ചെയ്യുന്നതാണ്. നബി(സ)തിരുമേനി അരുളി: ഖുതുബ ആരംഭിക്കുന്നതിനുമുൻപ് പള്ളിയിൽ എത്തുന്നവരുടെ പേരുകൾ മലക്കുകൾ എഴുതി വെയ്ക്കുന്നു. ഖുതുബ തുടങ്ങിക്കഴിഞ്ഞാൽ പിന്നെ എഴുതുകയില്ല. ജുമുഅ നമസ്കാരത്തിനായി സ്ഥിരം പോകുന്നവർക്ക് മലക്കുകളുമായി ഒരു സ്നേഹബന്ധം സംജാതമാകുകയും അവരിൽ നിന്ന് അനുഗ്രഹം നേടാനാവുകയും ചെയ്യുന്നതാണ്.

ഖലീഫയുമായി ബന്ധം സ്ഥാപിക്കുക എന്നതാണ് മലക്കുകളിൽ

നിന്ന് ഗുണം നേടാനുള്ള എട്ടാമത്തെ മാർഗം. ഇതും ഖുർആനിൽ നിന്ന് സ്ഥാപിതമാണ്. അല്ലാഹു പറയുന്നു:

وَقَالَ لَهُمْ نَبِيُّهُمْ اِنَّ اٰيَةَ مُلْكِهٖٓ اَنْ يَّاْتِيَكُمُ التَّابُوْتُ فِيْهِ سَكِيْنَةٌ مِّنْ رَّبِّكُمْ وَبَقِيَّةٌ مِّمَّا تَرَكَ اٰلُ مُوْسٰى وَاٰلُ هٰرُوْنَ تَحْمِلُهُ الْمَلٰٓئِكَةُ

(2:249)അതായത്,ഒരു കാലത്ത് ഒരു നബിയോട് ജനങ്ങൾ പറഞ്ഞു: ഭൗതിക കാര്യങ്ങളിൽ സഹായമായി ഞങ്ങൾക്കൊരു പിൻഗാമിയെ നിശ്ചയിച്ചു തന്നാലും. പക്ഷേ, അവർക്കൊരു പിൻഗാമിയെ നിശ്ചയിച്ചപ്പോൾ പൈഗാമികൾ(ലാഹോരി വിഭാഗം അഹ്മദികൾ) പറയുന്നതു പോലെ അവരും പറഞ്ഞു: ഞങ്ങൾക്കില്ലാത്ത എന്തു പ്രത്യേകതയാണ് ഇയാൾക്കുള്ളത്? നബി പറഞ്ഞു: വരൂ, നിങ്ങളിലില്ലാത്ത എന്തു പ്രത്യേകതയാണ് ഇതിലുള്ളതെന്ന് ഞാൻ പറഞ്ഞു തരാം. ഇതുമായി ബന്ധം സ്ഥാപിക്കുന്നവർക്ക് മലക്കുകൾ മന:ശാന്തി നല്കുന്നു. ഖിലാഫത്തുമായുള്ള ബന്ധവും മലക്കുകളുമായി ബന്ധിപ്പിക്കുന്നു. കാരണം അവരുടെ ഹൃദയം വഹിക്കുന്നത് മലക്കുകളാണെന്നാണ് പറഞ്ഞിരിക്കുന്നത്. 'താബൂത്ത്' എന്നതിന്റെ അർഥം മനസ്സ്, മാറിടം എന്നൊക്കെയാണ്. ഖിലാഫത്തുമായി ബന്ധം സ്ഥാപിക്കുന്നവരുടെ അടയാളമായി അവർക്ക് മന:സംതൃപ്തി കൈ വരുമെന്നും കഴിഞ്ഞു പോയ സച്ചരിതരുടെയും പ്രവാചകന്മാരുടെയും ജ്ഞാനം മലക്കുകൾ ഇറക്കിക്കൊടുക്കുമെന്നുമാണ് പറഞ്ഞിരിക്കുന്നത്. അപ്പോൾ ഖിലാഫത്തുമായി ബന്ധം സ്ഥാപിക്കുന്നതിലൂടെയും മലക്കുകളുടെ ഇറക്കമുണ്ടാകുന്നതാണ്.

ജിബ്രീൽ സദാ ദൂതനോടൊപ്പം ഉണ്ടാകുമ്പോൾ ദൂതന് അബദ്ധം പിണയുന്നതെങ്ങനെ എന്ന ചോദ്യവും ഉയർന്നിരിക്കുകയാണ്. ഇതിനു മറുപടിയായി വാഗ്ദത്ത മസീഹ്(അ) പറഞ്ഞിരിക്കുന്നത് ചിലപ്പോൾ നബിയുടെ കണ്ണ് അറിഞ്ഞുകൊണ്ട് തന്നെ അടച്ചു വെയ്ക്കപ്പെടുന്നുവെന്നാണ്. ഇതിൽ മഹത്തായ യുക്തി അടങ്ങിയിട്ടുണ്ട്.

മലക്കുകളുമായി ബന്ധം വർദ്ധിപ്പിക്കാനുള്ള മാർഗങ്ങളാണിവ. ചീ ആ ബന്ധം കുറയാൻ കാരണമാകുന്ന മാർഗങ്ങളുമുണ്ട്. മുകളിൽ വിവരിച്ച കാര്യങ്ങൾക്ക് വിരുദ്ധമായ കാര്യങ്ങളാണവ. ഇവിടെ ഒരു കാര്യം കൂടി സ്മരണീയമാണ്. മലക്കുകളുമായി ബന്ധം സ്ഥാപിക്കാൻ ബാഹ്യപരിശുദ്ധിക്കും അഭേദ്യമായ ബന്ധമുണ്ട്. നബി(സ) പറഞ്ഞു:

അശുദ്ധിയുള്ള അവസ്ഥയിൽ ഒരാൾ ഉറങ്ങുകയും ശയ്ത്വാൻ അയാളെ ഉപദ്രവിക്കുകയും ചെയ്യുമ്പോൾ അയാൾ സ്വയം പഴിക്കട്ടെ. വീണ്ടും പറഞ്ഞു: ഏതൊക്കെ കാര്യങ്ങൾ മനുഷ്യൻ വെറുക്കുന്നുവോ അവയെ മലക്കുകളും വെറുക്കുന്നു. പറയുന്നു: നായകളുമായി കളിക്കുന്നതും മലക്കുകളുടെ വരവ് തടയാ നിടയാക്കുന്നു.

(سنن ابی داؤد کتاب الطہارۃ باب الجنب یؤخر الغسل)

ചിത്രങ്ങളെക്കുറിച്ച് പറയുന്നു: ആരാണോ തങ്ങളുടെ വീടുകളിൽ ചിത്രങ്ങൾ വെയ്ക്കുന്നത് അവരുടെ വീട്ടിൽ മലക്ക് പ്രവേശിക്കുകയില്ല.

(مؤطا امام مالك صفحه٢٦٧)

കൂടാതെ, ദുർഗന്ധം വമിക്കുന്ന വസ്തുക്കൾ ഉദാഹരണത്തിന് ഉള്ളിയും മറ്റും കഴിക്കുക അല്ലെങ്കിൽ അതു കഴിച്ചശേഷം വായ വൃത്തിയാക്കാതിരിക്കുക, ഭക്ഷണത്തിന്റെ ബാക്കി ഭാഗം വായിൽ കിടന്ന് ചീഞ്ഞു പോവുക തുടങ്ങിയ വൃത്തികേടുകളിൽ അകപ്പെടുന്നവരുമായി മലക്കുകൾ ബന്ധം സ്ഥാപിക്കുകയില്ല. ഹുക്ക വലിക്കുന്നവരും ഈ ഗണത്തിൽ പെടും. ഹുക്ക വലിക്കുന്നവർക്കും ശരിയായ ഇൽഹാം ലഭിക്കുക സാധ്യമല്ല.

അവസാനം ഞാൻ ദുആ ചെയ്യുകയാണ്: അല്ലാഹു നാം ഏവരെയും മലക്കുകൾ മുഖേന സാഹായിക്കുമാറാകട്ടെ. നമ്മുടെ ഉദ്ദേശ്യലക്ഷ്യങ്ങളെ വിജയിപ്പിക്കുമാറാകട്ടെ. അവനിൽനിന്ന് ലഭിച്ച അധ്യാപനത്തെ നമ്മിൽ സ്വയം സ്ഥാപിച്ചുകൊണ്ട് മറ്റുള്ളവരിലേക്കെത്തിക്കാനുള്ള സൗഭാഗ്യം ലഭിക്കുമാറാകട്ടെ. നമ്മുടെ എല്ലാ തെറ്റു കുറ്റങ്ങളും ന്യൂനതകളും മാപ്പാക്കട്ടെ. നമ്മെ നന്മയുടെയും ഭക്തിയുടെയും മാർഗത്തിൽ ചരിപ്പിക്കുമാറാകട്ടെ. എല്ലാ മേഖലകളിലും നമുക്ക് വിജയം നല്കുമാറാകട്ടെ. എല്ലായിടത്തും എല്ലാനേരത്തും അവന്റെ പിന്തുണ ഉണ്ടാകുമാറാകട്ടെ. എല്ലാ സാഹചര്യങ്ങളിലും ശത്രുക്കളെ നിന്ദ്യരും പരാജിതരുമാക്കിത്തീർക്കുകയും ആത്മീയവും ഭൗതികവുമായ വിപത്തുകളിൽനിന്ന് നമ്മെ രക്ഷിക്കുകയും ചെയ്യുമാറാകട്ടെ. ആമീൻ!

❁❁❁